
The Book-a-month Club

es 4 - No. 2. February







LR
M 92

പ്രതിമാസഗ്രന്ഥക്കുബ്ബ്

Series IV No. 2.

1956

(FEBRUARY)

Presented to the Scholasticate
By Rev. Fr. Jannarius. T.O.C.R.

ആധുനികനേതാക്കന്മാർ 1

(Dr. Thomas Neill)

LR
M92

(ഒന്നാം ഭാഗം)

DHARMARAM COLLEGE LIBRARY
3923
BANGALORE

വിവർത്തകൻ:—
റവ. ഡോക്ടർ തോമസ് മൂത്തേടൻ

All Rights Reserved, Book - A - Month Club
Ernakulam

Selections from

THEY LIVED THE FAITH

by

Dr. Thomas P. Neill

With kind Permission of the author
Dr. Thomas P. Neill
and
The Bruce Publishing Company, Wiscosin
(Publishers)

ആധുനികനേതാക്കന്മാർ

ഒന്നാം ഭാഗം

---

1. ഒക്കോണൽ
2. പൊളിൻ ഷെറിക്കോ
3. ജോസഫ് ഡമയിസ്റ്റർ

രണ്ടാം ഭാഗം — അടുത്ത ലക്കം

---

1. ഫെഡറിക്ക് ഓസ്സാനാം
2. ഡൊണോസോ കോർട്ടെസ്സ്
3. ചാർലസ്സ് മൊണ്ടാലബർ

(തുടരും)

Cum Permissu Superiorum

പ്രതിമാസഗ്രന്ഥക്ലബ്ബ്

എറണാകുളം

നാലാം വയസ്സിലേക്കു പ്രവേശിച്ചിരിക്കുന്നു

നിങ്ങളും ഇനിയും മെമ്പറാണോ

ഇതുപോലൊരു ഗ്രന്ഥം എല്ലാ
മാസവും നിങ്ങളുടെ മുമ്പിൽ

വാർഷിക വരിസംഖ്യ 18 രൂപ

ആയുഷ്ക്കാല വരിസംഖ്യ 200 രൂപ മാത്രം

18 രൂപയോ 10 രൂപയോ മണിയോഡർ അയച്ചു
ആവശ്യപ്പെടുക.

സെക്രട്ടറി
പ്രതിമാസഗ്രന്ഥക്ലബ്ബ്
എറണാകുളം.

പ്രതിമാസഗ്രന്ഥക്ലബ്ബ്

നാലാം വയസ്സിലേക്കു പ്രവേശിക്കുന്നു

പ്രഥമവർഷം

1. ആത്മാർപ്പണം
2. അമൂല്യനിമിഷങ്ങൾ
3. വള്ളത്തോൾ കണ്ട റഷ്യ
4. ഏഴുകളുടെ തോഴർ (മൂന്നാം പതിപ്പ്)
5. സൗന്ദര്യപൂജ
6. മിൻസന്തി
7. അണ്ടർ ഗ്രൗണ്ട്
8. സ്വാതന്ത്ര്യത്തിന്റെ ചേരിയിൽ (ഒന്നാം ഭാഗം)
9. സ്വാതന്ത്ര്യത്തിന്റെ ചേരിയിൽ (രണ്ടാം ഭാഗം)

ദ്വിതീയവർഷം

10. വില്ലാർവട്ടം
11. വിപ്ലവച്ചുഴിയിൽ
12. റൂസ് വെൽറ്റ്
13. ഇതാണ് എന്റെ കഥ
14. സുകൃതിയായ വികൃതി
15. എന്റെ ത്രിവിധ ജീവിതം I
16. എന്റെ ത്രിവിധ ജീവിതം II
17. ബാലനഗരം
18. പതിമൂന്നു ചെറുകഥകൾ
19. ഐസനോവർ
20. കുരിശും കൊടുങ്കാറ്റും

തൃതീയവർഷം

21. അത്ഭുതങ്ങളുടെ മദ്ധ്യേ
22. അന്തർദേശീയ കമ്മ്യൂണിസം
23. ലോകയാത്രാസ്മരണകൾ I
24. ലോകയാത്രാസ്മരണകൾ II
25. രജതചഷകം I
26. രജതചഷകം II
27. സോവ്യറ്റു ജയിലറകളിൽ
28. രജതചഷകം III
29. രജതചഷകം IV
30. രക്തചീന
31. ഭാരത് സേവക്
32. ബ്രഹ്മചര്യവും യുവാക്കളും

ടിസറാങ് ഗ്രന്ഥാവലി

1.	ഏഴുകളുടെ തോഴർ	0—8—0
2.	തൊഴിലാളികളുടെ മണിക്ക്രൂർ	0—4—0
3.	മോസ്ക്കോ കത്തുകൾ	0—4—0

ആധുനികനേതാക്കന്മാർ

ഒന്നാം ഭാഗം

രണ്ടാം ഭാഗം അടുത്തലക്കത്തിൽ

പ്രസ്താവന

സെൻറ് ലൂയി യൂനിവേഴ്സിറ്റിയിലെ ഫാദർ തോമസ് നെയിൽ എഴുതിയ "They Lived the Faith" എന്ന ഗ്രന്ഥത്തിൻെറ സ്വതന്ത്രപരിഭാഷയാണ് ഈ ഗ്രന്ഥം. 1815 മുതൽ 1914 വരെയുള്ള ഒരു ശതാബ്ദത്തിലെ ചരിത്രം വായിച്ചാൽ നെപ്പോളിയാനിക്കു സമരം കഴിഞ്ഞു പ്രഥമലോകമഹായുദ്ധംവരെയുള്ള വ്യവസായ വിപ്ലവചരിത്രവും ചില പ്രധാനചരിത്രപുരുഷന്മാരുടെ നേട്ടങ്ങളും നമ്മൾക്കു മനസ്സിലാക്കുവാൻ കഴിഞ്ഞെന്നു വരാം; എന്നാൽ പ്രസിദ്ധരായ ചില കത്തോലിക്കാ അൽമേയർ തിരുസ്സഭയുടെ മഹത്വത്തിനും വിജയത്തിനുമായി ചെയ്തിട്ടുള്ള അമൂല്യസേവനങ്ങൾ അജ്ഞാതമായി അന്തർധാനംചെയ്യും.

ഫാദർ നെയിൽ ദീർഘമായ പരിശ്രമങ്ങൾക്കു ശേഷം പതിമൂന്നു അൽമായ നേതാക്കന്മാരുടെ സേവനചരിത്രം നമ്മുടെ മുമ്പിൽ ചിത്രിച്ചു വച്ചിരിക്കുന്നു. ഇവയിൽ ഒക്കോണൽ, പൗളീൻ മേരി ജാരിക്കോ, ജോസഫ് ഡമയിസ്സർ എന്നു മൂന്നു നേതാക്കന്മാരുടെ ചരിത്രമാണ് ഈ ഒന്നാം ഭാഗത്തിൻെറ ഉള്ളടക്കം. ബാക്കി അനന്തരഭാഗങ്ങളിൽ ഉൾക്കൊള്ളിക്കുന്നതാണ്. ആരെങ്കിലും ഇതു പാരായണംചെയ്തു സേവനതൽപരരായിത്തീരുവാൻ സന്ദർഭം വരുന്നെങ്കിൽ പ്രതിമാസഗ്രന്ഥക്ലബ്ബും ഇതിൻെറ പരിഭാഷകനും കൃതാർത്ഥരാകും.

എന്ന്

ഫാദർ തോമസ് മൂത്തേടൻ

നിർമ്മലാകോളേജ്
മൂവാറ്റുപുഴ
1955 സെപ്റ്റംബർ 8.

ഉപോദ്ഘാതം

ക്രിസ്തുനാഥന്റെ വാഗ്ദാനങ്ങളിൽ വിശ്വസിക്കാത്തവർ 1800-ൽ വിചാരിച്ചുകാണണം തിരുസ്സഭ താമസിയാതെ നശിച്ചുപോകുമെന്ന്. തിരുസ്സഭ അക്കാലത്തു് എത്ര ക്ഷീണിതവും ദുർബ്ബലവുമായിരുന്നുവെന്ന് ഇരുപതാം ശതാബ്ദത്തിൽ ജീവിക്കുന്ന നമ്മൾക്കു മനസ്സിലാകയില്ല. തിരുസ്സഭ ആസന്നമരണയാണെന്നു തോന്നിപലർക്കും. ലൗകായതികന്മാർ അതിന്റെ നിർയ്യാണത്തിനും സംസ്കാരത്തിനുമായി കാത്തുനിന്നു. ലൗകികമനസ്ഥിതിയോടെ വീക്ഷിക്കുന്നവക്ക് അങ്ങനെ ചിന്തിക്കുവാൻ ധാരാളം അവകാശമുണ്ടായിരുന്നു. പതിനാറാം ശതാബ്ദത്തിന്റെ അവസാനഘട്ടത്തിലും പതിനേഴാം ശതാബ്ദത്തിന്റെ പ്രാരംഭത്തിലും നടന്ന മതനവീകരണവിരുദ്ധപ്രസ്ഥാനത്തെ ഒഴിച്ചാൽ കാണാം, മദ്ധ്യശതകങ്ങളിൽ മുതൽ തിരുസ്സഭ അടിക്കടി അധഃപതിച്ചുകൊണ്ടാണിരുന്നതെന്ന്. ഈ അധഃപതനം എത്രയും ഭയാനകമായെന്നു പറയണം പതിനെട്ടാംശതാബ്ദത്തിന്റെ അവസാനത്തിൽ.

പതിനാറാം ശതാബ്ദത്തിലെ മതവിപ്ലവത്തിനു മുമ്പു തിരുസ്സഭയിൽ ചില ഭരണക്രമപ്പിഴകളും ധാർമ്മിക അധഃപതനങ്ങളും തജ്ജന്യമായ പോരായ്മകളും ഉണ്ടായിരുന്നു. റോമാസിംഹാസനത്തിന് ഇവയെല്ലാം തടയുവാൻ കഴിഞ്ഞില്ല. തിരുസ്സഭ ഭേദഗതികരം വരുത്തിയപ്പോഴേക്കും യൂറോപ്പു മതകാര്യങ്ങളിൽ രണ്ടായി വിഭജിക്കപ്പെട്ടുകഴിഞ്ഞിരുന്നു.

ഇവയുടെയെല്ലാം ഫലം സകല മതങ്ങൾക്കും ഹാനികരമായിരുന്നു. ഭ്രഷ്ടതിയുടെ ഇംഗിതത്തിനു വഴങ്ങിക്കൊടുത്തിരുന്ന മതവിഭാഗങ്ങളെ അദ്ദേഹം താലോലിക്കുവാൻ തുടങ്ങി; അങ്ങനെ മതാധികാരികളുടെ അവകാശങ്ങൾ രാജാക്കന്മാരുടെ കരങ്ങളിൽ വന്നുചേർന്നു. തന്നിമിത്തം 1789-ലെ ഫ്രഞ്ചുവിപ്ലവംവരെ കത്തോലിക്കാ സഭയെന്നുവേണ്ട പ്രോട്ടസ്റ്റൻറു വിഭാഗങ്ങളും ക്രൂരി പ്രാചീന ഭരണസമ്പ്രദായത്തിൽ അമർന്നുകിടക്കുന്നുവെന്നായിരുന്നു എവിടേയും ആരോപണം. മെത്രാന്മാരെ തിരഞ്ഞെടുത്തിരുന്നതു പ്രായേണ അതതു രാജ്യങ്ങളിലെ രാജാക്കന്മാർതന്നെയാണ്. അവരുടെ ഇഷ്ടം പോലെ സഭാനിയമങ്ങൾ നടപ്പിലാക്കുകയോ നടപ്പിലാക്കാതിരിക്കുകയോ ചെയ്തിരുന്നു. രാജാക്കന്മാരുടെ അനുമതിക്കുടാതെ പോപ്പൽ തിരുവെഴുത്തുകൾക്രൂരി പള്ളികളിൽ വായിച്ചുകൂടെന്നായിരുന്ന ചില സ്ഥലങ്ങളിലെ നിയമം.

തത്വപരമായിട്ട വീക്ഷിക്കുമ്പോൾ തിരുസ്സഭയും രാഷ്ട്രവും ഇങ്ങനെ യോജിച്ചുപോകുന്നതിൽ തെറ്റൊന്നുമില്ലെങ്കിലും പതിനെട്ടാം ശതാബ്ദത്തിൽ തിരുസ്സഭയ്ക്ക് ഈ ക്രൂട്ടിക്കുഴയ്ക്കൽകൊണ്ട വളരെ ഉപദ്രവമുണ്ടായിട്ടുണ്ട്. രാജാക്കന്മാർ തങ്ങളുടെ പ്രജകളുടെ ആദ്ധ്യാത്മികസുസ്ഥിതിയിൽ അത്ര താല്പര്യമൊന്നും പ്രകാശിപ്പിച്ചിരുന്നില്ല. സഭയെ രാഷ്ട്രത്തിലെ ഒരു ഡിപ്പാർട്ടുമെൻറായും മതത്തെ പ്രജകളെ തൃപ്തിപ്പെടുത്തിക്കൊണ്ടുപോകുവാനുള്ള ഒരുപാധിയായുമാണ് വീക്ഷിച്ചുത്. പതിനെട്ടാം ശതാബ്ദത്തിൻെറ ഉത്തരാർദ്ധത്തിൽ ഉദിച്ചുവന്ന വിപ്ലവചിന്തകന്മാർ പഴയ ഭരണക്രമങ്ങളെ വിമർശിക്കുവാൻ തുടങ്ങിയപ്പോൾ തിരുസ്സഭയേയും അവർ ആ ഭരണക്രമങ്ങളോടു കൂടെച്ചേർത്തു അവരുടെ യുക്തിവാദപീരങ്കികൾ അവക്കെല്ലാം എ

തിരായി നിരത്തിവച്ചു. വിപ്ലവചിന്തകരും സാധാരണമായി മതവിരുദ്ധമായും പുരോഹിതവിരുദ്ധമായും പ്രത്യക്ഷപ്പെടാതിരിക്കയില്ല.

പതിനെട്ടാം ശതാബ്ദത്തിലെ ചിന്താഗതി സ്വതന്ത്രാലൗകായതികം തന്നെയായിരുന്നു. നവചിന്തകർ ആദ്യം ഈശ്വരവിശ്വാസികളും അനന്തരം അജ്ഞേയവാദികളും പിന്നീട് തനി നിരീശ്വരരുമായി കാണപ്പെട്ടു. ദൈവത്തെ അവർ ലോകത്തിൽനിന്ന് തള്ളി നീക്കി സ്വർഗ്ഗത്തിന്റെ ഒരു മൂലയിൽ മനുഷ്യകാര്യങ്ങളിൽ ഇടപെടാൻ കഴിയാത്തവിധം ഒതുക്കിനിറുത്തി. അവിടുത്തെ പ്രതിനിധിയായ തിരുസ്സഭയെ ക്രൂരാശകരം നൽകുവാനും തനി ആദ്ധ്യാത്മിക വിഷയങ്ങളെപ്പറ്റി പ്രസംഗിക്കുവാനുമായി സങ്കീർത്തിയിലിട്ടപൂട്ടി. മറ്റു സമസ്ത സംഗതികളും സീസറിന്റേയോ "രാജാധികാരമുള്ള ജനപ്രതിനിധികളുടേയോ" ആണെന്ന് അവർ ശഠിച്ചു. തന്മൂലം പതിനെട്ടാം ശതാബ്ദത്തിന്റെ അന്ത്യത്തിൽ സംജാതമായ വിപ്ലവചിന്തകരും മതത്തിനു പ്രതിക്രൂലമായിത്തീർന്നു. പ്രധാന ചിന്തകരെല്ലാം വൈദിക വിദ്വേഷികളായിരുന്നു. അവരുടെ യുക്തികരംക്കു ഉത്തരം പറയത്തക്ക ആളുകരും അന്ന് ഇല്ലാതായിപ്പോയി. സമർത്ഥന്മാരെല്ലാം ശ്രുപതകരും ഭരിക്കുകയോ തങ്ങളുടെ രാഷ്ട്രങ്ങളിൽ നയതന്ത്രവാദികളോ ധനകാര്യമന്ത്രികളോ ആയി ജോലിചെയ്യുകയോ ആയിരുന്നു. തൻമൂലം അന്നത്തെ "ഉന്നതചിന്തകരായി" ആവിർഭവിച്ചവരിൽനിന്ന് അവർണ്ണരായ ഉപദ്രവമാണ തിരുസ്സഭയ്ക്കുണ്ടായത്. ഒരു ശതാബ്ദം മുന്നോട്ടുപോന്നതിനുശേഷം നമുക്ക് ഇന്നു കാണാവുന്നതാണ പ്രാചീന രേണക്രൂടങ്ങളോടുകൂടെ തിരുസ്സഭയും നശിക്കുന്നതുകണ്ട് ആഹ്ലാദിക്കുന്നവരുണ്ടായിരുന്നുവെന്ന് എന്നാൽ ഒരു പ്രത്യാസമുണ്ട്. തിരുസ്സഭ ബാഹ്യദൃഷ്ടിയിൽ അധ:പതിക്കുന്നു

പോലെ തോന്നിയേക്കാമെങ്കിലും രാഷ്ട്രീയത്തെപ്പോലെ അത്ര അന്തരിക്കുകയില്ല.

1789-ലെ ഫ്രഞ്ചുവിപ്ലവം ഫ്രാൻസിലും ഇതര യൂറോപ്യൻ രാജ്യങ്ങളിലും അതുവരെ ദർശിച്ചിട്ടില്ലാത്ത ശക്തിയോടും ഭയങ്കരതയോടുംകൂടെ ആവിർഭവിച്ചു. പതിനാറാം ലൂയിയുടെ ഭരണത്തിന്റെമേലും ഫ്രാൻസിലെ കത്തോലിക്കാ സഭയുടെമേലും വിപ്ലവത്തിന്റെ ലാത്തി ശക്തിയുക്തം ആഞ്ഞടിച്ചു. റോമാ സിംഹാസനത്തോട് വിധേയമായി വർത്തിച്ചിരുന്ന വൈദികർ ഗ്രാമവസതികളിൽ ഒളിക്കുകയോ അമേരിക്കൻ രാജ്യങ്ങളിലേക്കു സ്ഥലം മാറുകയോ ചെയ്യുവാൻ നിർബന്ധിതരായി. ഫ്രഞ്ചുഗവർമ്മെൻറിനു കീഴ്പ്പെട്ട നില്ക്കുന്ന ഒരു സ്റ്റേയിറ്റ് ഡിപ്പാർട്ടുമെൻറാക്കിത്തീർക്കണം തിരുസ്സഭയെ എന്നായിരുന്നു വിപ്ലവകാരികളുടെ മോഹം. ഫ്രഞ്ചുപൗരന്മാർ നല്ല കത്തോലിക്കരായി വർത്തിച്ചാൽ പീഡനങ്ങളും, പേപ്പൽ അധികാരത്തെ ചെറുത്താൽ സാമ്പത്തികവും രാഷ്ട്രീയവുമായ ഉന്മൂലനവുമായിത്തീർന്നു അവരുടെ ഭാഗധേയം.

ഇങ്ങനെ ഫ്രാൻസു രണ്ടായിപിരിഞ്ഞു. പതിനാലാംശതാബ്ദം മുഴുവനും ഫ്രാൻസിന്റെ സ്ഥിതി അതായിരുന്നു. ചെറുകർഷകരും ഗ്രാമീണരും തിരുസ്സഭയോട് വിശ്വസ്തതാപൂർവ്വം വർത്തിച്ചു; നഗരവാസികളും വിപ്ലവത്തിനു കൂട്ടുനിന്നു. 1799 നവമ്പറിൽ നെപ്പോളിയൻ ഭരണസാരഥ്യം വഹിക്കുവാൻ തുടങ്ങി. അദ്ദേഹത്തിനു ബോദ്ധ്യമായി ഫ്രാൻസിലെ ഈ പിളർപ്പ് അവസാനിപ്പിക്കണമെന്ന്. ഏഴാംപീയൂസ് മാർപ്പാപ്പായോട് ആലോചിച്ചു തിരുസ്സഭയുടെ ഒളിവിൽനിന്നു വെളിയിൽവരുവാൻ നെപ്പോളിയൻ അനുമതി നൽകി. എന്നുവരുകിലും ഒരു സ്വതന്ത്ര സംഘടനയായിട്ടല്ല പ്രത്യുത ഒരു ഗവർമ്മെൻറ് ഡിപ്പാർട്ടുമെൻറാ

യിട്ടാണു തിരുസ്സഭയെ ഫ്റാൻസിൽ പുനരുദ്ധരിച്ചതു്. അന്നു കൃതജ്ഞതാഗാനങ്ങളും ദൈവാലയങ്ങളിൽ ധാരാളമായി മുഴങ്ങിയെങ്കിലും ഫ്റാൻസിൽ തിരുസ്സഭയുടെ സ്ഥിതി എത്രയും ശോചനീയമായിരുന്നു. യുക്തിവാദികളായ വോൾട്ടയർ പ്രഭൃതികളുടെ ആക്രമണങ്ങളെ നിരോധിക്കുവാനോ ഫ്രഞ്ചുവിപ്ലവം വരുത്തിക്കൂട്ടിയ ലൗകായതികതപ്രവാഹത്തെ തടഞ്ഞുനിറുത്തുവാനോ തിരുസ്സഭയിലെ നേതാക്കൾക്കു കഴിഞ്ഞില്ല. തിരുസ്സഭ അന്നു നെപ്പോളിയന്റെ കരങ്ങളിൽ ഇരുന്ന പിടയുന്ന ഒരു ശിശുവിനെപ്പോലെയായിരുന്നു. ആ കരങ്ങൾ ആ ശിശുവിനെ താലോലിക്കുന്ന ഭാവം കാണിച്ചെങ്കിലും ഞെക്കിക്കൊല്ലുന്നതുപോലെയുള്ള ഫലങ്ങളാണുളവായതു്. റോമിലെ ഫ്റഞ്ചുപ്രതിനിധി 1799-ൽ തന്റെ ഗവർമ്മെന്ററിനെ ഇപ്രകാരം അറിയിച്ചു. "മാർപ്പാപ്പ മരിച്ചു; അദ്ദേഹം തന്നെയായിരിക്കും ഒട്ടവിലത്തെ മാർപ്പാപ്പാ." കർദ്ദിനാളന്മാർ വെനിസ്സിൽ കൂടി പുതിയ മാർപ്പാപ്പായെ തിരഞ്ഞെടുത്തുവെങ്കിലും ലൗകായതികർ കരുതുമായിരുന്നതു് അതു് അന്ത്യശ്വാസം നീട്ടിക്കൊണ്ടുപോകുവാനുള്ള കർദ്ദിനാളന്മാരുടെ ഒരു പരിശ്രമം മാത്രമായിരുന്നുവെന്നു്. ഈ അഭിപ്രായങ്ങളൊന്നും മാറേണ്ട കാലമായില്ല, തിരുസ്സഭയെ നെപ്പോളിയൻ ഫ്റാൻസിൽ സമുദ്ധരിച്ചെങ്കിലും.

നെപ്പോളിയന്റെ സാമ്രാജ്യം നശിച്ചു; ബൂർബൺ രാജകുടുംബം പാരീസിലേക്കു താമസിയാതെ തിരിച്ചുവന്നു. കത്തോലിക്കാ സഭയ്ക്കാണു ഫ്റാൻസിലെ ഔദ്യോഗിക വിശ്വാസമെന്ന പ്രഖ്യാപനമുണ്ടായെങ്കിലും ഇതു തിരുസ്സഭയ്ക്കു നവമായ ഓജസ്സോ പ്രാഭവമോ നൽകിയില്ല. ഒരുവിധത്തിൽ ദ്രോഹമാണു തിരുസ്സഭയ്ക്കുണ്ടായതു്. ഫ്റാൻസിനെ നശിപ്പിച്ച ബൂർബൺ രാജകുടുംബത്തെ തുരത്തുവാൻ നടത്തിയ ഫ്റഞ്ചുവിപ്ലവ

ത്തിന്റെ പരാജയമായി വീക്ഷിച്ചു രാജാധിപത്യ പുനരുദ്ധാരണം. തന്മൂലം രാജാധിപത്യത്തോട് ഫ്രഞ്ചു വിപ്ലവകാരികളിലുണ്ടായ അമർഷം തിരുസ്സഭയുടെനേക്കും ഉയർന്നവന്നു. മെത്രാന്മാർ കരുതി സമാധാനം സമുദ്ധൃതമായെന്ന്. ഈ മനോഭാവം രാജാധിപത്യ വിരോധികളുടെ വൈരാഗ്യത്തിനു മൂർച്ചകൂട്ടി. വിപ്ലവകാരികളും ലിബറൽ വാദികളും (1) വോൾട്ടയറിന്റെ മുദ്രാവാക്യം വീണ്ടും മുഴക്കി: "ഇതാ നമ്മുടെ ശത്രു, തിരുസ്സഭ". തിരുസ്സഭയുടെ പുനരുദ്ധാരണം രാഷ്ട്രീയ ശാന്തിക്കും സാമുദായിക സമാധാനത്തിനും വഴിതെളിക്കുമെന്നു വിചാരിച്ചു ഗവർമ്മെൻറ് തിരുസ്സഭയെ പ്രീണിപ്പിക്കുന്ന ഭാവം പ്രകടിപ്പിച്ചുകൊണ്ടിരുന്നതു തിരുസ്സഭാശത്രുക്കളുടെ സംഖ്യയെ വർദ്ധിപ്പിക്കുകയാണു ചെയ്തതു. 1815-ലെ ഫ്രാൻസിൽ കത്തോലിക്കാസഭ പ

---

(1) ലിബറൽവാദികളെപ്പറ്റി ഈ ഗ്രന്ഥത്തിൽ പലസ്ഥലങ്ങളിലും പ്രതിപാദിക്കുവാനുള്ളതുകൊണ്ട് അവരെപ്പറ്റി ഒരു വാക്കുപറയാം. ഉൽകൃഷ്ടാശയന്മാരെന്നോ വിശാലമനസ്കരെന്നോ, ഉൽപതിഷ്ണുക്കളെന്നോ ലിബറൽ വാദികളെ വിളിക്കുവാൻ വഹിയാത്തതുകൊണ്ടാണ് ഇംഗ്ലീഷുപദം അതേപടിതന്നെ ഈ പരിഭാഷയിൽ പ്രയോഗിച്ചിരിക്കുന്നതു്. ഫ്രാൻസിൽ ഗിസട്ടും ഇറാലിയിൽ മസീനിയുമാണ് ലിബറലിസത്തിന്റെ തലതൊട്ടപ്പന്മാരായി നിന്നതു്. മനുഷ്യനെ മതത്തിൽനിന്നും അതിസ്വാഭാവിക നിയമങ്ങളിൽനിന്നും മോചിക്കുവാനായിരുന്നു അവരുടെ പരിശ്രമം. ചിന്തയിലും ആരാധനയിലും അന്തഃകരണതിരുമാനങ്ങളിലും, പ്രസംഗങ്ങളിലും ലേഖനങ്ങളിലും പ്രവർത്തനങ്ങളിലും മനുഷ്യനു സർവ്വസ്വാതന്ത്ര്യമുണ്ടെന്നും ഈശ്വരാധികാരത്തിനു മനുഷ്യൻ കീഴ്പ്പെടേണ്ടതില്ലെന്നുമാണ ലിബറലിസത്തിന്റെ തത്വം. ഈശ്വരനിയമങ്ങൾക്കുടി അവഗണിച്ച് അവനവനു് ഇഷ്ടമുള്ളതു ചെയ്യുവാനുള്ള പൂർണ്ണസ്വാതന്ത്ര്യം, "Laissez faire" ലിബറൽ വാദികൾ അവകാശപ്പെട്ടു.

രിപൂഷ്ടിപ്പെട്ടവാൻ പോകുന്നില്ലെന്ന നിഗമനമല്ലാതെ മറെറാരു നിഗമനത്തിനു സ്ഥാനം ആരും കണ്ടില്ല.

റൈൻനദിയുടെ അപ്പുറത്തും കാര്യങ്ങൾ ഭേദമായിരുന്നില്ല. വിപ്ലവകാലത്തു ഫ്റാൻസിൽ തിരുസ്സഭയ്ക്കുണ്ടായിരുന്ന സ്വത്തു വിപ്ലവഗവർമ്മെൻറു് സ്വന്തമാക്കിയതുപോലെ, 1803-ൽ ജർമ്മൻ വിഭാഗങ്ങളിലും തിരുസ്സഭയുടെ സ്വത്തു നെപ്പോളിയൻ കണ്ടുകെട്ടി. ഇങ്ങനെ ജർമ്മനിയിലും തിരുസ്സഭ ബലഹീനമായിത്തീർന്നു. ധാർമ്മികസേവനങ്ങളിലും വിദ്യാഭ്യാസത്തിലും തിരുസ്സഭയ്ക്കുണ്ടായിരുന്ന പ്രാധാന്യം നഷ്ടപ്പെട്ടുപോയി; തദ്ഫലമായി ജർമ്മൻ പൗരരുടെ ജീവിതത്തിൽ കത്തോലിക്കാസഭയ്ക്കു ഒരു തരത്തിലുള്ള പ്രേരണാശക്തിയും ഇല്ലാതായി. മാത്രമല്ല മാനസികവും വിദ്യാഭ്യാസസംബന്ധവുമായ പ്രവർത്തനങ്ങൾ കത്തോലിക്കാ പൈതൃകമുള്ള ദക്ഷിണ ജർമ്മനിയിൽനിന്നു കത്തോലിക്കാ സഭാവിരോധികളുടെ കേന്ദ്രമായ ഉത്തരജർമ്മനിയിലേക്കു മാറി.

നെപ്പോളിയൻ ചെയ്ത ഈ കടുംകൈകളേക്കാൾ ഭയങ്കരമായിരുന്ന 18-ാം ശതാബ്ദത്തിൽ തിരുസ്സഭയ്ക്കു കിട്ടിയ കേടുകൾ. 1648-ലെ വെസ്റ്റ്ഫാലിയാ സന്ധി തന്നെയായിരുന്ന ഏറ്റവും അന്ധമാർഗ്ഗദർശനം. അതായതു്, ആരു ഭരിക്കുന്നുവോ അദ്ദേഹത്തിൻെറ മതം. Cujus Regio Ejus Religio. ഭൂപതിമാരെല്ലാം അവരവരുടെ നാടുകളിൽ മതത്തെക്കൂടി നിയന്ത്രിച്ചുകൊണ്ടിരുന്നു. മതം മനുഷ്യൻെറ മനസ്സിനെ മയക്കുന്ന കറുപ്പാണെന്നു് അനന്തരകാലങ്ങളിൽ കാൾമാർക്സ് ജല്പിക്കുവാൻ ഇടയായതു രാജാക്കന്മാരുടെ മതാദ്ധ്യക്ഷപദത്തിനുള്ള കൊതിയാണെന്നുകൂടി പറയാം. രാജാക്കന്മാരുടെ ഈ മനോഭാവത്തിനു ജോസേഫിസമെന്നാണു പറയാറുള്ളതു്; കാരണം ആസ്ത്രിയായിലെ ജോസ

ഫ് ദ്വിതീയനാണ് ഈ വാദം ശക്തിയായി മുഴക്കിയത്.

രാജാക്കന്മാരുടെ ഈ വാദം മെത്രാന്മാർ ചെറുത്തിരുന്നില്ല; കാരണം അവരെല്ലാം ഗവർമ്മെൻറിന്റെ പിണിയാളുകളായിരുന്നു. ലൗകികോന്നമനത്തെ കാംക്ഷിച്ചിരുന്നതുപോലെ ഇടയന്റെ ജോലികളും നിർവ്വഹിക്കുന്നതിൽ അവർ താൽപര്യം പ്രദർശിപ്പിച്ചിരുന്നില്ല. എല്ലാ മെത്രാന്മാർക്കും മാപ്പാപ്പായോട് തുല്യമായ അധികാരമുണ്ടെന്ന് അവകാശപ്പെട്ടിരുന്ന ഫെബ്രോണിയനിസത്തിന്റെ കലർപ്പും ജർമ്മനിയിലുണ്ടായിരുന്നു. കാലാന്തരത്തിൽ റോമാ സിംഹാസനത്തിനു വന്നുചേർന്ന അധികാരപ്രമുഖത വെട്ടിക്കുറക്കണമെന്നായിരുന്ന ഫെബ്രോണിയൻ മനഃസ്ഥിതിക്കാരായ ആ മെത്രാന്മാരുടെ ഭാവം. സനാതന തത്വങ്ങൾ മറുകൊപ്പിടിച്ചിരുന്ന ചുരുക്കം ചില മെത്രാന്മാരുടേയും ജോസഫ് ഗോറെസ്സിനെപ്പോലെയുള്ള ചില അൽമായ വീരന്മാരുടേയും പരിശ്രമഫലമാണ് തിരുസ്സഭയുടെ അനന്തര പുരോഗമനത്തിനു നിദാനമായത്.

ജോസേഫിസത്തേക്കാളും ഫെബ്രോണിയനിസത്തേക്കാളും ക്രൂരതൽ ദോഷം ചെയ്തിട്ടുണ്ട് ഓഫ് ക്ലാരുങ്ങ് (Aufklarung) എന്നു പറയുന്ന പ്രസ്ഥാനം. അതിസ്വാഭാവികമതത്തിനു പകരം സ്വാഭാവികമതത്തെ പ്രതിഷ്ഠിക്കുവാനായിരുന്നു അതിന്റെ പരിശ്രമം. തത്വശാസ്ത്രവും ദൈവശാസ്ത്രവും മാറ്റി തൽസ്ഥാനത്തു പ്രകൃതിശാസ്ത്രത്തെ പ്രതിഷ്ഠിക്കുവാനാണ് അതുദ്ദേശിച്ചത്. രോഗപ്പെട്ടുകിടന്നിരുന്ന ജർമ്മൻ സഭയിൽ ഈ വാസനയെ ചെറുക്കുവാൻ ആളുണ്ടായിരുന്നില്ല. മാപ്പാപ്പയുടെ സെക്രട്ടറി ഓഫ് സ്റ്റെയിറ്റ് കർദ്ദിനാൾ പക്ക അക്കാലത്തു ജർമ്മനി സന്ദർശിക്കുകയുണ്ടായി. അവിടെനിന്നു തിരിച്ചുവന്നപ്പോൾ പറഞ്ഞത് "ഒരു

ത്തുതംകൊണ്ടേ ജർമ്മനിയിൽ തിരുസ്സഭയെ സംരക്ഷിക്കുവാൻ കഴിയൂ" എന്നാണ്.

കത്തോലിക്കാ ലോകമെന്നു പറയുന്നതു ജർമ്മനിയും ഫ്രാൻസുമല്ലെങ്കിൽ 1800-ൽ അവ രണ്ടുമായിരുന്ന തിരുസ്സഭയുടെ ഹൃദയമെന്നു പറയാം. അവിടങ്ങളിൽ തിരുസ്സഭ അന്തരിക്കുകയാണെങ്കിൽ അതു് ഒരിടത്തും അവശേഷിക്കുകയില്ലെന്ന് അന്നു തോന്നിപ്പോകുമായിരുന്നു. അമേരിക്ക അന്നു പ്രോട്ടസ്റ്റൻറുമയമായിരുന്നതിനാൽ യൂറോപ്യൻ മിഷനറിമാർ വേണ്ടിയിരുന്ന അമേരിക്കൻ കത്തോലിക്കാസഭയ്ക്കു്. അയർലൻറിൽ തിരുസ്സഭയ്ക്കു് ഓജസ്സുണ്ടായിരുന്നു; എന്നാൽ അയർലൻറ് ഇംഗ്ലീഷു പ്രോട്ടസ്റ്റൻറിസത്തിൻെറ അധികാരപ്രമത്തതയിൽ അമർന്ന് എരിപിരികൊള്ളുകയായിരുന്നു. ഗ്രെയിറ്റ് ബ്രിട്ടനിൽ കത്തോലിക്കർക്കു രാഷ്ട്രീയജീവിതത്തിന് അനുമതി നിഷേധിച്ചിരുന്ന കാലമാണതു്. യൂറോപ്യൻ ചരിത്രത്തെ നിയന്ത്രിച്ചുകൊണ്ടിരുന്ന ഉത്തര യൂറോപ്യൻ രാജ്യങ്ങളിൽ കത്തോലിക്കാസഭ ഇല്ലായിരുന്നുവെന്നതന്നെ പറയാം. സ്പെയിനും പോർത്തുഗലും അധഃപതിച്ചുകൊണ്ടിരിക്കയായിരുന്നു. അവക്കു പതിനാറാം ശതാബ്ദത്തിൽ പ്രാഭവവും മഹത്വവുമുണ്ടായിരുന്നുവെങ്കിലും പത്തൊമ്പതാം ശതാബ്ദത്തിൽ അവക്കു യൂറോപ്പിൽ ഒരു സ്ഥാനവുമുണ്ടായിരുന്നില്ല. അവരുടെ കീഴിലായിരുന്ന ദക്ഷിണ അമേരിക്കൻ രാജ്യങ്ങളുടെ സ്ഥിതിയും തഥൈവ. 1815-ൽ ഇറാലിയെന്നൊരു പേരുണ്ടായിരുന്നുവെന്നു പറയാം; പല ഭാഗങ്ങളും സ്വതന്ത്രമായിരുന്നു. ചില ഭാഗങ്ങൾ ആസ്ത്രിയൻ രാജാവിൻെറ ഭരണത്തിൻകീഴ് അമർന്നുകിടക്കയായിരുന്നു. പോപ്പൽ സംസ്ഥാനങ്ങൾ മാർപ്പാപ്പയുടെ കീഴിലായിരുന്നതിനാൽ തിരുമേനിയെ ഇറാലിയൻകാർ ഒരു ആദ്ധ്യാത്മികാദ്ധ്യക്ഷൻ എന്നാ

തിനെക്കാൾ കൂടുതൽ ഒരു രാഷ്ട്രീയപ്രമുഖനെന്നു നിലയിലാണു വീക്ഷിച്ചിരുന്നതു്.

ഭാവി ഇരുണ്ടതായിരുന്നു. പത്തൊമ്പതാം ശതാബ്ദം കഴിഞ്ഞു തിരുസ്സഭ നിലനിൽക്കുമെന്നു ചിന്തിക്കുവാൻ ഒരതിമാനുഷ്യവിശ്വാസംതന്നെ ആവശ്യമായിരുന്നു. അടുത്തകാലത്തു തിരുസ്സഭ പ്രശസ്തിയിൽ ഉയരുമെന്നു നല്ല വിശ്വാസതീക്ഷ്ണതയും ശുഭപ്രതീക്ഷയുമുള്ളവരേ കരുതുമായിരുന്നുള്ളൂ.

സ്ഥിതിഗതികളും ഇതുയും മോശമായിരുന്നുവെങ്കിലും പത്തൊമ്പതാം ശതാബ്ദത്തിൽ തിരുസ്സഭയ്ക്കുണ്ടായ പുരോഗമനം അത്ഭുതാവഹമാണു്. പ്രോട്ടസ്റ്റൻറു വിപ്ലവത്തിനിടയ്ക്കു തിരുസ്സഭയ്ക്കുണ്ടായ പുരോഗമനത്തേയും അതിശയിച്ചു, പത്തൊൻപതാം ശതാബ്ദത്തിലെ പുരോഗമനം. പാപംതന്നെ നിഷേധിച്ചിരുന്ന ആ ശതാബ്ദത്തിൻെറ മദ്ധ്യമായപ്പോഴേക്ക് ഒമ്പതാം പീയൂസ് മാർപ്പാപ്പ ദൈവജനനിയുടെ അമലോത്ഭവം ആത്യവസാനം ചെയ്തതും അനന്തരം സിലബസ് എന്നറിയപ്പെട്ടന്ന അബദ്ധങ്ങളുടെ പട്ടിക പ്രസിദ്ധീകരിച്ചതും തിരുസ്സഭയുടെ പുരോഗമനത്തിൻേറയും ഓജസ്സിൻേറയും ലക്ഷ്യമായി കരുതാവുന്നതാണു്. സിലബസ് പ്രസിദ്ധീകരിച്ചിട്ടു നാലഞ്ചു കൊല്ലം തികയുന്നതിനുമുമ്പുതന്നെ ലോകമാസകലമുള്ള മെത്രന്മാർ സൂനഹദോസു ചേർന്നു റോമാ മാർപ്പാപ്പാമാരുടെ അപ്രമാദിത്വത്തിനു സാക്ഷ്യംവഹിക്കുകയും, അതു് ഒരു വിശ്വാസസത്യമായി അംഗീകരിക്കുകയും ചെയ്തു. ഭൗതികവാദത്തിനെതിരായി അത്യുദീരമായ ഒരു നിലപാടു സ്വീകരിക്കുവാൻ ഒമ്പതാം പീയൂസ് മാർപ്പാപ്പായ്ക്കു സാധിച്ചതും പതിമൂന്നാം ലെയോൻ മാർപ്പാപ്പായ്ക്കു ഭൗതികകായ്ക്കളിൽക്കൂടി മധുരമായി ഇടപെടുവാൻ കഴിഞ്ഞതും തിരുസ്സഭയുടെ പുരോഗമനത്തിനു ലക്ഷ്യംതന്നെ.

തിരുസ്സഭയ്ക്ക് ആന്തരികമായ ശത്രുക്കളെ യേപ്പെടാൻ ഇല്ലാതായി. അകത്തോലിക്കർക്കുടി തിരുസ്സഭയെ സമാദരിക്കുവാൻ തുടങ്ങി. അവഗണിക്കുവാൻ വഹിയാത്ത ഒരു ശക്തിയാണു തിരുസ്സഭയെന്നു പണ്ഡിതന്മാരും സമ്മതിച്ചു. വൃദ്ധയെങ്കിലും നവമായ യുവതേജസ്സ് അവളുടെ മുഖത്തു പ്രത്യക്ഷപ്പെട്ടു.

ശേഷം ലോകം നാശത്തിലേക്കു പാഞ്ഞുപോയിക്കൊണ്ടിരുന്നപ്പോഴാണു തിരുസ്സഭ ഇപ്രകാരം മുന്നേറിയതെന്ന സംഗതി എത്രയും വിസ്മയാവഹമാണ്. വർദ്ധിച്ചു വശായിരുന്ന നിർമ്മതതപത്തിനേറയും അജ്ഞേയവാദത്തിനേറയും മദ്ധ്യേയാണു തിരുസ്സഭ ശക്തിയിലും പുഷ്ടിയിലും ഇങ്ങനെ അഭിവൃദ്ധിപ്പെട്ടതു്. പത്തൊൻപതാം ശതാബ്ദത്തിലെ അതിന്റെ ചരിത്രം എത്രയും ഭാസുരമാണ്. സംഘടനയിലും വിശ്വാസസത്യങ്ങളിലും ഇതരമതങ്ങൾ അധഃപതിക്കുകയും വിഭാഗങ്ങളുടെ എണ്ണം വർദ്ധിക്കുകയും അവരുടെ ദൈവാലയങ്ങൾ ഒഴിവായിക്കിടക്കുകയും വിശ്വാസസത്യങ്ങൾ ഓരോന്നായി തിരസ്കൃതമാകുകയും ഓരോരുത്തനും അവനവന്റെ ഇഷ്ടംപോലെ വിശ്വാസസത്യങ്ങൾ സ്വീകരിക്കുകയും ചെയ്തുകൊണ്ടിരുന്ന കാലത്താണ് കത്തോലിക്കാസഭയിൽ ഈദൃശമായ പുരോഗമനമുണ്ടായതു്. ജനങ്ങൾ സന്മാർഗ്ഗനിഷ്ഠപാലിച്ചിരുന്നെങ്കിൽ അയൽക്കാരുടെ മാതൃക കണ്ടിട്ടോ വ്യാപാരാഭിവൃദ്ധിയെ ലാക്കാക്കിയിട്ടോ ആണ്.

പത്തൊമ്പതാം ശതാബ്ദം മുഴുവനും പൊന്തിനിന്നിരുന്ന നവചിന്തകൾ മതവിരുദ്ധമായിരുന്നു. എല്ലാതരത്തിലുള്ള ഈശ്വരാധികാരത്തിനും ലിബറലിസം എതിരായിരുന്നുവെന്നു മാത്രമല്ല കത്തോലിക്കാസഭ ഒരു "പഴഞ്ചൻ" മതമാണെന്നും അതു പുരോഗമനത്തിന് എതിരാണെന്നും അവർ ശഠിച്ചു. പത്തൊമ്പതാം ശതാ

ബ്ബം ശാസ്ത്രത്തെ ആരാധിക്കുവാൻ തുടങ്ങുകയും തത്പ
ശാസ്ത്രത്തിന്റെയും ദൈവശാസ്ത്രത്തിന്റെയും രംഗങ്ങ
ളിൽക്കൂടി അതു വിഹരിക്കുവാൻ ഭാവിക്കുകയുംചെയ്തു.
പ്രകൃതിയെപ്പറ്റി കൂടുതൽ പഠിച്ച ചില മനുഷ്യർ ദൈ
വത്തെ അവഗണിക്കുവാൻ തുടങ്ങി. ലോകശക്തിക
ളെ നിയന്ത്രിക്കുവാൻ അഭ്യസിച്ചുതുടങ്ങിയപ്പോൾ മനു
ഷ്യൻ തന്നെത്തന്നെ നിയന്ത്രിക്കുവാൻ അശക്തനായി
ത്തീർന്നു. മനുഷ്യരുടെ ഈദൃശ ചിന്താഗതികളും രാ
ഷ്ട്രത്തിന്റെ അനാത്തെ നിലപാടും ഉരുത്തിരിഞ്ഞുവന്നതാണ് ഇന്നു ലൗകായതികതത്വമെന്ന് അറിയപ്പെടുന്നതു്. മതസംഘടനകളും നടത്തിയിരുന്ന വിദ്യാഭ്യാസം, ആതുരശുശ്രൂഷ, ദരിദ്രസംരക്ഷണം, അനാഥസേവനം മുതലായവയെല്ലാം രാഷ്ട്രം ഏറ്റെടുത്തു. ലോകം ദൈവത്തിൽനിന്നു കൂടുതൽ അകലുവാൻ തുടങ്ങി.

ലൗകായതികതത്വത്തിന്റെ സർവ്വവ്യാപകമായ ഈ പ്രവാഹത്തിനിടയിൽ തിരുസ്സഭ ഉയർന്നുവന്നതെങ്ങനെയെന്നു ചരിത്രകാരന്മാർക്കു വിശദീകരിക്കുവാൻ കഴിയുമോ? മാനുഷികശക്തികൾകൊണ്ടുമാത്രം സാധിച്ച ഒരു ഉന്നമനമല്ല അതു്. ലോകാവസാനംവരെ നിലനിൽക്കുവാൻ തിരുസ്സഭയെ കാത്തുസൂക്ഷിച്ചുകൊണ്ടിരിക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്തനം നാം സർവ്വഥാ അനുസ്മരിക്കണം. തന്മൂലം മനുഷ്യരെ ഉപകരണമാക്കി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളെ അവഗണിച്ചുകൊണ്ടു പതിനാറാം ശതാബ്ദത്തിലെ പുരോഗമനത്തെ വിവരിക്കുവാൻ ഒരു ചരിത്രകാരൻ ഒരുമ്പെടുകയാണെങ്കിൽ അതു ഭീമമായ അബദ്ധമായിരിക്കും. എന്നാൽ ചരിത്രകാരന്മാർക്കു സ്വാഭാവിക തലത്തിൽനിന്നുകൊണ്ടു ലോകസംഭവങ്ങളും വിവരിക്കുവാൻ സാധിക്കും. പ്രകൃതിശക്തികൾ പരാജയമടയുമ്പോഴേ അതിസ്വഭാവികശക്തികളേ

യോ പൈശാചിക ശക്തികളേയോ ഉന്നയിക്കുവാൻ അവക്കു പാടുള്ളൂ.

പത്തൊൻപതാം ശതാബ്ദത്തിലെ നവോത്ഥാനത്തിൽ അഥവാ തിരുസ്സഭയുടെ ഈ വസന്തത്തിൽ ഭാഗം വഹിച്ച ചില അൽമേയരുടെ ചരിത്രം വർണ്ണിക്കുവാൻ തുടങ്ങുമ്പോഴും ഈ പ്രാഥമികതത്വം നാം ധരിച്ചിരിക്കണം. ഈ നവോത്ഥാനത്തിൽ അൽമേയർ വഹിച്ച ഭാഗം ഇനിയും ശരിയായി അറിയപ്പെട്ടിട്ടില്ല. അതിനാലത്രെ ആ ഭാഗം വിവരിക്കുന്ന ഭാരം ഈ പുസ്തകത്തിൽ ഏറെറടുത്തിട്ടുള്ളതു്. ഈ അൽമേയരുടെ ചരിത്രം പഠനംചെയ്യുമ്പോൾ വൈദിക മേലദ്ധ്യക്ഷന്മാരുടെ പ്രവർത്തനങ്ങളും അനേകസഹസ്രം വൈദികർ ചെയ്തുകൊണ്ടിരുന്ന ശ്ലാഘിതവേലകളും കന്യാസ്ത്രീകളുടെ പ്രാർത്ഥനകളും മിശിഹായുടെ മൗതിക ശരീരമായ തിരുസ്സഭയുടെ ആരോഗ്യപുഷ്ടിക്കായി അനേകലക്ഷം സ്ത്രീപുരുഷന്മാർ നടത്തിയിരുന്ന പ്രാർത്ഥനകളും സേവനങ്ങളും നാം പരിചിന്തനംചെയ്യുവാൻ പോകുന്നില്ല. പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളും ഇവിടെ പരിഗണിക്കുന്നില്ല.

പത്തൊൻപതാം ശതാബ്ദത്തിലെ നവോത്ഥാനത്തെപ്പററിയുള്ള പൂർണ്ണമായ ഒരു വിവരണത്തിൽ ഒമ്പതാം പീയൂസ് മാർപ്പാപ്പായുടേയും പതിമൂന്നാം ലെയോൻ മാർപ്പാപ്പായുടേയും സേവനങ്ങൾ വിവരിച്ചേ മതിയാവൂ. അതുപോലെതന്നെ ഇംഗ്ലണ്ടിൽ കർദ്ദിനാളന്മാരായ വൈസ്മൻ, മാനിങ്ങ്, ന്യൂമൻ എന്നവരും, ജർമ്മനിയിൽ ഹെർഗെൻറോഥരും, അമേരിക്കയിൽ ഗിബൺസും ചെയ്ത പ്രവർത്തനങ്ങൾ പരിഗണിക്കേണ്ടതുണ്ടു്. ജർമ്മനിയിൽ മെത്രാന്മാരായ വോൺ കെററ്ലരും, ഡ്രോസ്റ്റെവിഷറിങ്ങും, ഫ്രാൻസിൽ ഡുപ്പാൻലൂപ്പും, അമേരിക്കയിൽ സ്പാൾഡിങ്ങും നിർവ്വഹിച്ച

സേവനങ്ങളും അവഗണിക്കാവുന്നതല്ല. പുണ്യവാന്മാരെന്നു നാമകരണംചെയ്യപ്പെട്ടിട്ടുള്ള ചെറുപുഷ്പത്തിന്റേയും, ജോൺ വിയാന്നിയുടേയും, ക്ലെമൻസ് മരിയ ഹോഫ്ബോവരുടേയും പ്രാർത്ഥനകളും സൽപ്രവൃത്തികളും രോഗപ്പെട്ട പത്തൊമ്പതാം ശതാബ്ദത്തിന് എത്രമാത്രം സഹായിച്ചിട്ടുണ്ടെന്ന് ആർക്കു വർണ്ണിക്കുവാൻ കഴിയും? ല്യൂർദ്ദിൽ ഭാഗ്യപ്പെട്ട മൈവജനനി പ്രത്യക്ഷപ്പെട്ട ചെയ്തിട്ടുള്ള അത്ഭുതങ്ങളും ഈദൃശ വിവരണത്തിൽ വിസ്മരിക്കുവാൻ ഒരുവിധത്തിലും പാടുള്ളതല്ല. എന്നാൽ നമ്മളം ഇതൊന്നും തൽക്കാലം വച്ച് ചെയ്യുന്നില്ല. സുപ്രധാനരായ ചില അൽമേനികരം ലോകമാസകലം തിരുസ്സഭയുടെ അഭിവൃദ്ധിക്കായി ചെയ്തിട്ടുള്ള സേവനങ്ങളും മാത്രമേ ഇവിടെ വിവരിക്കുന്നുള്ളൂ.

ഈ അൽമേയർ പെട്ടെന്നു ഉന്നതി പ്രാപിച്ചവരൊന്നുമല്ല. അവരുടെ ജീവിതം മുഴുവനും കത്തോലിക്കാ പ്രവർത്തനത്തിന് ഉഴിഞ്ഞുവച്ചതായിരുന്നുവെന്നുള്ളതു സ്മർത്തവ്യമാണ്. പ്രേഷിതവേലയായിരുന്നു അവരുടെ പ്രധാന ജോലി. തിരുസ്സഭയിലെ മെത്രാന്മാരോടു ചേർന്നുനിന്നു പ്രേഷിതവേലയിൽ അവരോടു സഹകരിച്ചും പല പ്രവർത്തനശാഖകളിൽ തിരുസ്സഭയ്ക്കുവേണ്ടി കുരിശുയുദ്ധംചെയ്തും ഔന്നത്യം പ്രാപിച്ചവരാണിവർ. വൈദികമേലദ്ധ്യക്ഷന്മാരുടെ പ്രേഷിതവേലയിലുള്ള ഭാഗഭാഗിത്വമെന്ന കത്തോലിക്കാ പ്രവർത്തനത്തെ പതിനൊന്നാം പീയൂസ് പാപ്പാ നിർവ്വചിക്കുന്നതിനു മുമ്പുതന്നെ കത്തോലിക്കാ പ്രവർത്തനം ജീവിതോദ്ദേശമായി അവർ സ്വീകരിച്ചു പ്രവർത്തിച്ചു. ഇവരിൽ ഒരാളായ ജോസഫ് ഡെമിയിസ്സർ എഴുതിയിരിക്കുന്നതു കണ്ടാലും: "നവോന്മേഷപ്രാപ്യയായ തിരുസ്സഭയാകുന്ന മഹാസൗധം നിർമ്മിക്കു

ന്നതിന് എല്ലാവരും ഓരോ കല്ല കൊണ്ടുവരണം.'' എത്രയും പരിശുദ്ധമായ ഇക്കാര്യത്തിനുവേണ്ടി മനുഷ്യരെല്ലാവരും യത്നിക്കണമെന്നു ഡെമിയിസ്സ്രോടൊപ്പം ബോദ്ധ്യപ്പെട്ടിരുന്ന ഇവർവഴി നമ്മൾ ജീവിക്കുന്ന ''ഈ നല്ല നാളെക്കുവേണ്ടി'' പരിശുദ്ധാത്മാവു പ്രവർത്തിച്ചു.

വൈദികമേലദ്ധ്യക്ഷന്മാർക്കും സാധാരണ വൈദികർക്കും ഇല്ലാതിരുന്ന ചില ഗുണങ്ങൾ ഇവർ പതിമൂന്നു പേർക്കുണ്ടായിരുന്നു. അൽമേയർക്കു സ്വച്ഛന്ദം ലോകത്തിൽ സഞ്ചരിക്കാം; എന്നാൽ വൈദികവിദ്വേഷസമ്പുഷ്ടമായ പതിനെട്ടാം ശതാബ്ദത്തിൽ വൈദികർ പ്രായേണ പള്ളിയിലും സങ്കീർത്തിയിലുമായിക്കഴിയുകയാണു ചെയ്തതു്. പ്രാചീനകാലങ്ങളിൽ അവർ സമുദായരംഗത്തു പ്രവർത്തിച്ചിരുന്നു. അതിന്റെ ഫലം നിർഭാഗ്യമായിപ്പോയി. അവർ സേവിച്ചിരുന്ന ഗവർമ്മെൻറിനോടും അവർ സംസ്കരിക്കുവാൻ ശ്രമിച്ചിരുന്ന സമുദായത്തോടും അവരെ കൂട്ടിക്കുടിപ്പിച്ചു. അവർ ഉന്നത ഗവർമ്മെൻറ് അധികാരികളായിരുന്നു; തന്മൂലം ഗവർമ്മെൻറുകൾ അധഃപതിച്ചപ്പോൾ അവരും അധഃപതിച്ചു. അവരായിരുന്ന പൊതുജനാഭിപ്രായത്തിന്റെ ജിഹ്വ; എന്നാൽ പ്രാചീനമൂല്യങ്ങളെല്ലാം തിരസ്കരിക്കുന്ന മാനസികവിപ്ലവം വന്നപ്പോൾ അവരുടെ അഭിപ്രായങ്ങൾക്കു വിലയില്ലാതായി. വൈദികരെന്ന നിലയിലല്ല, മനുഷ്യരെന്ന നിലയിലായിരുന്നു അവരുടെ പ്രാഭവം മുഴുവനും. അവരിൽ ചിലർ മൈവത്തിന്റെ പുരോഹിതരെപ്പോലെ വർത്തിച്ചിരുന്നുമില്ല. ലൗകായതികമായ പതിനെട്ടാം ശതാബ്ദം പുരോഹിതന്റെ സ്വരം മൈവാലയത്തിന്റെ പുറത്തെങ്ങും കേൾക്കുവാൻ അനുവദിച്ചില്ല. പ്രസംഗവേദിയിൽ നിന്നു തനി അദ്ധ്യാത്മികവിഷയങ്ങളെപ്പറ്റി മാത്രം

സംസാരിക്കണമെന്നായിരുന്ന ആ കാലസന്ധിയിലെ നിർബന്ധം. പുരോഹിതനു ലോകത്തിൽ സ്ഥാനമി ല്ലെന്നായിരുന്ന നിലപാട്. രാഷ്ട്രീമീമാംസ, സാമ്പ ത്തികപ്രശ്നം, സാമുദായികപ്രശ്നം, ജീവനക്കുലി, ശരിയായ വിദ്യാഭ്യാസം—ഇവയൊന്നും വൈദികന്റെ പരിധിയിൽ പെടുകയില്ലെന്നായിരുന്ന ഭാവം. ലോക വ്യവഹാരങ്ങളിൽനിന്നു വൈദികനെ വേർപെടുത്തുന്ന നിയമങ്ങൾതന്നെ ഫ്രാൻസിലും ജർമ്മനിയിലുമുണ്ടാ യി. വൈദികവസ്ത്രമണിഞ്ഞു പുറത്തുവരുവാനോ പഠി പ്പിക്കുവാനോ അവക്ക് അനുവാദമില്ലാതാക്കി. വൈ ദികൻ വിശ്വാസത്തിനുവേണ്ടി വാദിക്കുന്നതുപോലും ജനങ്ങൾ കേൾക്കുവാൻ വിമുഖരായിത്തുടങ്ങിയെന്നു ഡെമിയിസ്റ്റർ പറയുന്നതു് അന്നത്തെ അന്തരീക്ഷം ഏതുതരമായിരുന്നുവെന്നു സുതരാം സൂചിക്കുമാകുന്നുണ്ട്.

വൈദികക്കു് അങ്ങനെ ഒരു ആദ്ധ്യാത്മികമണ്ഡ ലം നീക്കിവച്ചു. തിരുസ്സഭയും സമുദായവും തമ്മിൽ ഒരു വലിയ പിളർപ്പുതന്നെ ഉണ്ടായിരുന്നു. പ്രസ്തുത പിളർപ്പു് നികത്തുവാൻ കത്തോലിക്കാ അൽമേയരെ ആയിരുന്നു ആവശ്യം. പിൻഭാഗത്തു ജീർണ്ണിച്ചുകിടക്കു ന്ന ഗോവണിപ്പടികളും കയറി മച്ചുകളിൽ കഴിഞ്ഞുകൂ ടിയിരുന്ന ദരിദ്രരോഗികളെ ഓസാനം സന്ദർശിച്ചു കൊണ്ടിരുന്നപ്പോൾ ഒക്കോണൽ, സെമൂൺ, മോണ്ടല മ്പെർ, വിന്തോഴ്സ്റ്റ് എന്നിവർ ജനപ്രതിനിധിസഭ യിൽനിന്നു തിരുസ്സഭയ്ക്കുവേണ്ടി വാദങ്ങൾ മുഴക്കി. ഒ രെസ്റ്റസ്സ് ബ്രൗൺസൺ തെരുവീഥികളുടെ മൂലകളിൽ നിന്നു കാണുന്നവരോടൊക്കെ വിശ്വാസസത്യങ്ങളെ പ്പറ്റി പ്രതിപാദിച്ചുകൊണ്ടിരുന്നു. ഫ്രാൻസിലേയും സ്പെയിനിലേയും പ്രധാനപ്പെട്ട മാസികകളിൽ ഡൊ ണോസോ കോർട്ടെസ്സിന്റെ തൂലിക തിരുസ്സഭയ്ക്കുവേണ്ടി

വാദം നടത്തി. പുരോഹിതർക്കുണ്ടായിരുന്ന പ്രതിബന്ധങ്ങളൊന്നുംക്രടാതെ അൽമേയക്ക് സമരം നടത്തുവാൻ കഴിഞ്ഞു.

അൽമേയനു വേറൊരു സൗകര്യവുംക്രടെയുണ്ടായിരുന്നു. അവനു് യഥേഷ്ടം സംസാരിക്കാം. ഉറന്നു വെട്ടിപ്പൊളിച്ചു് അവനു വേണ്ടതു പറയാം. ആവശ്യം വരുമ്പോൾ വലിയ സൂക്ഷ്മംക്രടാതെയുംക്രടി സംസാരിക്കാം. അങ്ങനെയാണു് വോയിലോ ചെയ്തിരുന്നതു്. മെത്രാന്മാരും വൈദികരും തിരുസ്സഭയുടെ പ്രതിനിധികളെപ്പോലെ സംസാരിക്കുവാൻ കടപ്പെട്ടിരിക്കുന്നതിനാൽ അൽമേയക്ക് പറയാവുന്നതു മുഴുവനും അവക്ക് പറയുവാൻ വഹിയാ. വൈദികൻ ഓരോ വാക്കിനും സാക്ഷ്യം വഹിക്കേണ്ടിവരും; എന്നാൽ അൽമേയക്ക് അതു വേണ്ടിവരുകയില്ല. അവക്ക് വരുന്ന തെറ്റുകൾ ബലഹീനരായ മനുഷ്യരുടെ തെറ്റുകളായി കടന്നുപോകും; എന്നാൽ വൈദികന്റെ തെറ്റുകൾ തിരുസ്സഭയുടെ ഔദ്യോഗികപഠനമായി കണ്ടമാനം വിമർശിക്കപ്പെട്ടും. ചിലപ്പോൾ അതിശയോക്തിയോടുക്രടി പറഞ്ഞാലെ സത്യം ഹൃദിസ്ഥമാകയുള്ളൂ; അൽമേയനു് അതും സാധിക്കും; എന്നാൽ വൈദികൻ അങ്ങനെ ചെയ്താൽ തെറ്റിദ്ധാരണകൾക്ക് ഇടംവരും.

മാത്രമല്ല തിരുസ്സഭയ്ക്കുവേണ്ടി വാദങ്ങൾ നടത്തേണ്ട ചുമതല വൈദികരുടെ മാത്രമല്ല. ലൌകായതികമായ പത്തൊൻപതാം ശതാബ്ദത്തിൽ ദൈവവിളി കുറവായിരുന്നതുകൊണ്ടു വൈദികരുടെ സംഖ്യയും തുച്ഛമായിരുന്നു. അവക്ക് വാദപ്രതിവാദങ്ങളിൽ പങ്കെടുക്കുവാൻ സാധിക്കാത്തവിധം അത്രമാത്രം ആത്മീയ ശുശ്രൂഷകൾ നടത്തുവാനുമുണ്ടായിരുന്നു. അതിനാൽ തിരു

സ്സഭയ്ക്കുവേണ്ടി വാദിക്കുവാനുള്ള ജോലി അൽമേയരുടെ ഭാഗധേയമായി. അതിനുമുമ്പൊന്നും അവർക്ക് സിദ്ധിച്ചിട്ടില്ലാത്തവണ്ണം ഈ ജോലി ചെയ്യുവാനുള്ള അവസരം ലഭിച്ചു. മെത്രാന്മാർക്കും വൈദികർക്കും ഇതു ശരിയായി ചെയ്യുവാൻ സൗകര്യമില്ലാതിരുന്ന ആ കാലസന്ധിയിൽ അവരുടെ സേവനം എത്രയും അഭിലഷണീയവുമായി. ബ്രൗൺസ്വന്റെ മരണത്തെ സംബന്ധിച്ചു 1876-ൽ അമേരിക്കൻ 'കപ്പാർട്ടെർലി റെവ്യൂവിൽ' എഴുതിയ വാക്കുകൾ അത്ഥവത്താണ്, "അഭ്യസ്തവിദ്യരായ അൽമേയർ തിരുസ്സഭയോട് സഹകരിച്ചു പ്രവർത്തിക്കാവുന്ന തുറകൾ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കയാണ്. അവരുടെ സഹകരണത്തിന്റെ പ്രാധാന്യവും കൂടിയിട്ടുണ്ട്." കത്തോലിക്കാ പ്രവർത്തനത്തിനുള്ള ഈ സൗകര്യം പല അൽമേയരും വിജയപൂർവ്വം ഉപയോഗിച്ചുകൊണ്ടിരിക്കുന്നു.

ലോകത്തിന്റെ ദൃഷ്ടിയിൽക്കൂടെ തിരുസ്സഭയുടെ ചരിത്രം വീക്ഷിക്കുമ്പോൾ രാഷ്ട്രീയവും സാമ്പത്തികവും സാമൂഹ്യികവും മാനസികവുമായ ഭേദഗതികൾക്കൊത്തവണ്ണം വ്യാപരിക്കുവാൻ തിരുസ്സഭ ചെയ്യുന്ന യത്നങ്ങളുടെ ഒരു ചരിത്രമാണ് ദൃശ്യമാകുന്നത്. പതിനാൻപതാം ശതാബ്ദത്തിൽ ഇതു് എത്രയും വാസ്തവമാണ്. ഫ്രഞ്ചു വിപ്ലവവും, വ്യവസായിക വിപ്ലവവും തജ്ജന്യമായ മാനസിക വിപ്ലവവുംവഴി നവമായ ഒരു ലോകമാണ് ഉയർന്നുവന്നതു്. പഴയ ക്രമങ്ങൾ അന്തരിച്ചു കഴിഞ്ഞു. പുതിയ ക്രമത്തിനൊത്തവണ്ണം തിരുസ്സഭ വ്യാപരിച്ചാലേ ഈശപ്രഭത്തമായ അതിന്റെ ചുമതല നിർവ്വഹിക്കുവാൻ കഴിയുകയുള്ളുവെന്നു നിലയായി. അതേസമയം അതിന്റെ സാരാംശത്തിന് വ്യത്യാസംവരാൻ പാടില്ലതാനും. പരിപാടികൾ മാറിക്കൊണ്ടിരിക്കണം; അതേസമയം സ്വഭാവത്തിനു മാ

റാം വരാനും പാടില്ല. കത്തോലിക്കാ അൽമായർ അന്നു രണ്ടുപക്ഷമായി തിരിഞ്ഞു അണിനിരന്നു. ഉൽപതിഷ്ണുക്കൾ മാറ്റത്തിനായി നിലകൊണ്ടു; യാഥാസ്ഥിതികർ പഴയ നിലപാടിൽനിന്നു മാറിക്കൊടുക്കുവാൻ വിമുഖരായും. ഓസാനവും മോണ്ടാലമ്പെർട്ടും ഗോരെസ്സും മാറ്റങ്ങൾ വരുത്തണമെന്നു അഭിപ്രായക്കാരായിരുന്നു; കാരണം അവർ പുതിയ പരിഷ്കാരത്തിൽ നല്ല വശങ്ങൾ കണ്ടു. ഡൊണോസോ കോർട്ടെസ്സ്, ഡെമായിസ്റ്റർ, വോയിലോ മുതലായവർ പത്തൊൻപതാം ശതാബ്ദത്തിന്റെ തിന്മയെ കൂടുതൽ ഗൌരവപൂർവ്വം വീക്ഷിച്ചു. തിരുസ്സഭ അതിനോട് ഒത്തുതീർപ്പിലെത്തരുതെന്നു നിർദ്ദേശിക്കുകയുംചെയ്തു. പക്ഷേ, മാനസാന്തരപ്പെട്ട കത്തോലിക്കാ സഭയിൽ പ്രവേശിച്ച ഒരു കർദ്ദിനാളായിരുന്ന ന്യൂമനാണു ആദ്യമായി തിരുസ്സഭയുടെ സ്വഭാവത്തിനു ഭേദംവരാതെ വേണ്ട മാറ്റങ്ങൾ വരുത്തുവാനുള്ള പഥം വെട്ടിത്തെളിച്ചതു്. ന്യൂമന്റെ ഈ സന്ദേശം സർവ്വർക്കും ഗ്രഹിക്കത്തക്കവിധം ലോകത്തിനു നൽകിയതു് വിൽഫ്രിഡ്വാർഡ് എന്നൊരു അൽമേയനാണു്.

അത്യാവശ്യമായിരുന്ന ഈ മാറ്റങ്ങൾ വരുത്തുവാൻ ശ്രമിക്കുന്നതിനു് വൈദികരെ അപേക്ഷിച്ചു് അൽമേയർക്കായിരുന്നു കൂടുതൽ സൗകര്യങ്ങൾ ഉണ്ടായിരുന്നതു്. ഒന്നാമതായി അവർ, പുതിയ രാഷ്ട്രീയ ഭരണഘടനകളിലെ മൗലികാവകാശങ്ങൾക്കുള്ളിൽ സഭക്കൊരു സ്വതന്ത്ര സ്ഥാപനമായി ജീവിക്കുന്നതിനനുയോജ്യമായി രാഷ്ട്രീയത്തിലും സഭയിലും മാറ്റം വരുത്തുവാൻ പരിശ്രമിച്ചു. മതപരമായ അവശതകൾ നീക്കി പൗരാവകാശ സ്ഥാപനമായിരുന്നു അവരുടെ പ്രധാനലക്ഷ്യം. ഇംഗ്ലീഷു കത്തോലിക്കർക്കും ഐറീഷു കത്തോലിക്കർക്കും വേണ്ടി ഈ സമരം നടത്തിയതു് ഒക്കോണലാണു്. ഫ്രാ

ൻസിൽ കത്തോലിക്കക്ക് വോട്ടചെയ്യുവാനും ജനപ്രതിനിധികളാകുവാനും വിദ്യാഭ്യാസം കുടുംബജീവിതം മുതലായ തുറകളിൽ സഭക്കുള്ള താൽപര്യങ്ങളെ ശത്രുക്കളുടെ ചിറമ്മനയംവഴി നഷ്ടപ്പെടാതിരിക്കുവാനുമായി മോണ്ടാലബർ പ്രഭ പരിശ്രമിച്ചു. സഭയുടെ പ്രവൃത്തിസ്വാതന്ത്ര്യത്തിനു അനുകൂലമായുള്ള വരോട്ടയോജിച്ചു ജനപ്രതിനിധിസഭയിൽ പ്രവൃത്തിക്കുന്നതിനു ഒരു കത്തോലിക്കാ രാഷ്ട്രീയകക്ഷി രൂപീകരിച്ചു വിജയപൂർവ്വം പ്രവൃത്തിക്കുന്നതിനു ജർമ്മനിയിൽ വിത്തോഴ്സിനു സാധിച്ചു.

രണ്ടാമതായി സാമുദായികരംഗത്താണു കത്തോലിക്കാ അൽമേയരുടെ ദൃഷ്ടി പതിഞ്ഞതു്. സാമുദായികവും ധാർമ്മികവുമായ ചുമതലകൾകൂടി പത്തൊൻപതാം ശതാബ്ദത്തിൽ രാഷ്ട്രം ഏറെറടുത്തു തുടങ്ങിയെന്നു പ്രസ്താവിച്ചിട്ടുള്ളതാണല്ലൊ. വിവാഹകാര്യങ്ങളും വിദ്യാഭ്യാസവും ആശുപത്രികളും അനാഥശാലകളും സാധുമന്ദിരങ്ങളും ഗവർമ്മെൻറ് അധീനത്തിൽ വന്നു. അൽമേയർ ലോകത്തിൽ ഇറങ്ങി സകലരുമായി ഇടപഴകി കഴിയുവാനിടയാകുന്നതിനാൽ ദരിദ്രരോടു പരിചയപ്പെടുവാൻ അവർക്ക് എളുപ്പമായിരുന്നു. പുരോഹിതരേക്കാൾ ഭേദമായി സാധുക്കളുടെയും അവശരുടെയും വിഷമങ്ങൾ അൽമായർക്ക് അറിയുവാൻ സൗകര്യവുമുണ്ട്. ധാർമ്മികപ്രവൃത്തികൾ രാഷ്ട്രം ഏറെറടുത്തു ഉപവിയെന്ന പുണ്യത്തെ ഇല്ലാതാക്കുവാൻ ഭാവിച്ച അക്കാലത്തു് അൽമായർ ഉപവിപ്രവൃത്തികൾ ചെയ്തു് ആ പുണ്യം പരിരക്ഷിപ്പിക്കുവാൻ പരിശ്രമിച്ചുകൊണ്ടിരുന്നു. സെൻറ് വിൻസെൻറ് ഡി പോൾ സൊസൈററി വഴി ഫ്രെഡറിക്ക് ഓസാനവും വേളപ്രഭാര സംഘം വഴി പൗളിൻഷാരിക്കോയും തൊഴിലാളി

ക്ലബ്ബുകളും സാമുദായിക നിയമനിർമ്മാണവും വഴി ആൽബെർട്ട ഡെമൂണും ഈ ജോലി നിർവ്വഹിച്ചു.

പത്തൊൻപതാം ശതാബ്ദത്തിലെ ശാസ്ത്രീയ വികസനത്തിനൊപ്പം കത്തോലിക്കാ ചിന്താഗതിയെ പൊരുത്തപ്പെടുത്തുകയായിരുന്ന അൽമായരുടെ മൂന്നാമത്തെ ചുമതല. ഭൗതികരഹസ്യങ്ങൾ മനസ്സിലാക്കുന്നതിലും പ്രകൃതിശക്തികൾ കണ്ടുപിടിച്ചു നിയന്ത്രിക്കുന്നതിലും അത്ഭുതാവഹമായ പുരോഗമനമാണു പത്തൊൻപതാം ശതാബ്ദത്തിലുണ്ടായത്. കത്തോലിക്കരുടെ ചിന്താശക്തിയെ ഈ കണ്ടുപിടുത്തങ്ങളോടു കൂട്ടിയിണക്കേണ്ടിയിരുന്നു. സമർത്ഥരായ ചില വൈദികർക്ക് ഇക്കാര്യങ്ങളിൽ പലതും ചെയ്യുവാൻ കഴിഞ്ഞു; എന്നാൽ വളരെ കുറച്ചുപേർക്കേ അതു സാധിച്ചിട്ടുള്ളൂ. ആശ്രമത്തിലെ ചെടികളുടെ ഇടയിൽ ഗവേഷണം നടത്തിയ ഫാദർ മെൻഡലും ഒരുതരം പെൻഡുലം കണ്ടുപിടിച്ച ഫാദർ ലോറൻസ് ഹെങ്ക്‌ലരും പ്രത്യേക പ്രശസ്തി സമാർജ്ജിച്ചവരാണ്. ഈ വിഷയത്തിലും അൽമായർക്കു വൈദികരേക്കാൾ കൂടുതൽ സൗകര്യങ്ങളാണുള്ളതു്. അവർക്കു വിവിധമതസ്ഥരായ ശാസ്ത്രജ്ഞന്മാരുടെ ഇടയിലും അവരുടെ ഗവേഷണശാലകളിലും താമസിച്ചു പഠനങ്ങൾ നടത്തുവാൻ കഴിഞ്ഞു. ഊർജ്ജതന്ത്രത്തിൽ ആമ്പിയർ എന്നപോലെയും ബയോക്കെമിസ്ട്രിയിൽ പാസ്റ്ററെപ്പോലെയും ജീവശാസ്ത്രത്തിൽ ജോർജ്ജു മിവാർട്ടിനെപ്പോലെയും ശതക്കണക്കിനു പ്രശസ്ത ശാസ്ത്രജ്ഞന്മാർ ഉണ്ടായിട്ടുണ്ട്. മതവും ശാസ്ത്രവും തമ്മിൽ യാതൊരു വൈരുദ്ധ്യവുമില്ലെന്ന് അവർ തെളിയിച്ചു.

അതു മാത്രമല്ല അവരുടെ നേട്ടം. ഭൗതികവിജയങ്ങളിൽ അന്ധമായി അഹങ്കരിച്ച ഒരു ശതാബ്ദ

മാണ പത്തൊൻപതാമത്തേത്. ബാബേലിലെ കോട്ടയുടെ ചരിത്രം സചലും വ്യത്യസ്തമായ രീതിയിൽ വീണ്ടും അഭിനയിക്കപ്പെട്ടു. പുരോഗമനപീഠത്തിൽ ഭൗതികാഭിവൃദ്ധിയാകുന്ന വിഗ്രഹത്തിന്റെ മുമ്പിൽ പത്തൊമ്പതാംശതാബ്ദം ആത്മീയാത്മികതയെ ബലികഴിച്ചു. രാഷ്ട്രമീമാംസ, സാമ്പത്തികശാസ്ത്രം, ജന്തുശാസ്ത്രം, പുരാതനവംശശാസ്ത്രം തുടങ്ങിയ സകല ശാസ്ത്രീയ തുറകളിലും തീക്ഷ്ണബുദ്ധികൾ യഥാർത്ഥ പുരോഗമനത്തിനു വിലങ്ങുതടിയായിട്ടാണു നിന്നത്. സാമ്പത്തിക വിഷയങ്ങളിൽ ശാസ്ത്രത്തിന്റെ അപ്രമാദിത്വത്തെ ഓട്ടക്കുടി ലിബറൽ സാമ്പത്തിക ശാസ്ത്രജ്ഞർ സംസാരിക്കുവാൻ തുടങ്ങി. മനുഷ്യവർഗ്ഗശാസ്ത്രജ്ഞന്മാരും ഭ്രൂണശാസ്ത്രജ്ഞന്മാരും അഗാധങ്ങളായ ദൈവശാസ്ത്രവിഷയങ്ങളാണു കൈകാര്യം ചെയ്തിരുന്നത്. രാഷ്ട്രമീമാംസകർ പ്രകൃതിദത്തമായ അവകാശങ്ങളെപ്പറ്റി അധികാരസമേതം സംസാരിച്ചുകൊണ്ടിരുന്നു.

ഈ നൂതനാശയ ധോരണിയിൽനിന്നു സത്യം വേർതിരിച്ചെടുക്കുകയെന്ന വിഷമപ്രശ്നമാണു കത്തോലിക്കാ അൽമായർ അഭിമുഖീകരിക്കേണ്ടിവന്നത്. നവമായ എല്ലാം നിഷേധിക്കുകയെന്നുവച്ചാൽ അബദ്ധങ്ങളുടെ ഇടയിൽ മറഞ്ഞുകിടക്കുന്ന സത്യം നഷ്ടപ്പെട്ടുപോകും. തന്നിമിത്തം സത്യംമാത്രം അറിഞ്ഞിരുന്നാൽപോരാ; അബദ്ധങ്ങളുടെ സ്വഭാവം ഗ്രഹിക്കുവാനുള്ള തന്റേടവും ഉണ്ടാകേണ്ടിയിരിക്കുന്നു. ഇക്കാര്യത്തിലും വൈദികരുടേതിനേക്കാൾ മെച്ചമാണ് അൽമായരുടെ നില. പാഷണ്ഡികളെ അടുത്തറിയുന്നതിനും നൂതന ചിന്താവീഥികളുടെ ഉള്ളുകള്ളികളും മനസ്സിലാക്കി സത്യം വല്ലതും ഒളിഞ്ഞുകിടപ്പുണ്ടെങ്കിൽ അതു പുറത്തു കൊണ്ടുവരുവാനും അവർക്കു കഴിയും. ലിബറൽവാദികളുടെ പക്ഷത്തു പല നല്ല കാര്യങ്ങളും കണ്ട

വരാണ് ഓസാനാമും ഗോരെസ്സും. മുതലാളിത്തത്തിന്റെ ദോഷവശങ്ങളും കാൾമാർക്സിന്റെ സ്വരത്തിൽതന്നെ ഡൊണോസോ കോർട്ടെസ്സും കുയിവോയിലോയും വിവരിച്ചിട്ടുണ്ട്. പ്രോട്ടസ്റ്റന്റുകാരുടെ ഗുണങ്ങളും ദോഷങ്ങളും ശരിയായി ഗ്രഹിച്ചിരുന്ന ഒരെസ്റ്റെസ്സു ബ്രൗൺസൺ അവയെല്ലാം ശരിയായി പ്രതിപാദിച്ചിരിക്കുന്നു.

പത്തൊൻപതാം ശതാബ്ദത്തിലെ പുരോഗമനത്തിനു പല അൽമേയരും കാര്യമായി പരിശ്രമിച്ചിട്ടുണ്ട്. അവരിൽ ചിലർ അവരവരുടെ നാട്ടിൽ മാത്രമേ അറിയപ്പെട്ടിരുന്നുള്ളൂ; മറ്റു ചിലർക്ക് ക്രിസ്തീയ ലോകം മുഴുവനും പ്രശസ്തി നേടുവാൻ സാധിച്ചതായി കാണാം. അവരുടെ നാമങ്ങൾമാത്രം ചരിത്രത്തിൽ രേഖപ്പെടുത്തുന്നു. ഇങ്ങനെയുള്ളവരിൽ ഓരോ വിഭാഗങ്ങളെ പ്രതിനിധാനംചെയ്യുന്ന ചിലരെയാണ് ഇവിടെ തിരിഞ്ഞെടുത്തിരിക്കുന്നത്. അവരുടെ ജീവചരിത്രപഠനംവഴി പത്തൊൻപതാം ശതാബ്ദത്തിൽ കത്തോലിക്കാ അൽമേയക്ക് എന്തുചെയ്യുവാൻ സാധിച്ചിട്ടുണ്ടെന്നു മനസ്സിലാകും. മോണ്ടാലബർ പ്രസ്താവിച്ചിട്ടുള്ളതുപോലെ ഇവരെല്ലാവരും കഴിഞ്ഞ ശതാബ്ദത്തിലെ കുരിശു യോദ്ധാക്കളാണ്. വിവിധ രംഗങ്ങളിൽ ദൈവത്തിനും തിരുസ്സഭയ്ക്കുംവേണ്ടി പ്രവർത്തിച്ചിരിക്കുന്നവരാണിവർ. പത്തൊൻപതാം ശതാബ്ദത്തിൽ തിരുസ്സഭയുടെ നവോത്ഥാനത്തിന് ഇവരെയാണു പരിശുദ്ധാത്മാവു കരുക്കളാക്കിയിരിക്കുന്നത്.

രാഷ്ട്രീയ സമീപനം

സഭയും രാഷ്ട്രവും തമ്മിലുള്ള ബന്ധം മനുഷ്യസമൂഹത്തോളംതന്നെ പഴക്കമുള്ളതാണ്. എന്നാലിതു ശാശ്വതമായി ഒരിക്കൽ പരിഹരിക്കാവുന്ന ഒരു പ്രശ്നമല്ല. കാരണം, രാഷ്ട്രത്തിന്റെ സ്വഭാവം മാറുന്നതോടൊപ്പം സഭയുമായുള്ള അതിന്റെ ബന്ധത്തിന് ഒരു പുതിയ രൂപം ഉണ്ടാകുന്നു. മദ്ധ്യയുഗങ്ങളിൽ താൽക്കാലികമെങ്കിലും തൃപ്തികരമായി നിന്നിരുന്ന ആ ബന്ധം പ്രോട്ടസ്റ്റന്റു വിപ്ലവത്തോടുകൂടെ നശിച്ചു. അതോടുകൂടി സമ്പൂർണാധിപത്യ രാഷ്ട്രം പ്രത്യക്ഷപ്പെട്ടു. പ്രോട്ടസ്റ്റന്റു വിപ്ലവം കാരണം യൂറോപ്പിന്റെ ഐക്യം ശിഥിലമായി. അതു വിജയംവരിച്ച രാജ്യങ്ങളിലെല്ലാം സഭയുടെ സ്വത്തുക്കൾ കണ്ടുകെട്ടപ്പെട്ടു. ഇതിലും പ്രധാനമായത് യൂറോപ്പിലെ സഭാവിഭാഗങ്ങളെല്ലാം (പ്രോട്ടസ്റ്റന്റു് കത്തോലിക്കയെന്ന ഭേദം ഇല്ലാതെ) രാജാക്കന്മാരുടെ ഇരുമ്പുകരങ്ങളുടെ കീഴിലായി. എതിർവിഭാഗങ്ങളിൽനിന്നുണ്ടായേക്കാവുന്ന വിപത്തുകളിൽനിന്നു രക്ഷനേടുവാനും അങ്ങനെ ആരാധനാസ്വാതന്ത്ര്യം സുരക്ഷിതമാക്കുവാനുമാണ് ഇങ്ങനെ ഓരോ വിഭാഗവും രാജ്യത്തിലെ രാജാവിനെ അഭയംതേടിയത്.

പ്രോട്ടസ്റ്റന്റു വിപ്ലവത്തിന്റെ ഒരു പ്രധാനഫലം ക്രിസ്തീയ സഭാവിഭാഗങ്ങളും രാഷ്ട്രത്തിന്റെ നിയന്ത്രണത്തിൻ കീഴായതുതന്നെയാണ്. കത്തോലിക്കാ രാജ്യങ്ങളിലും പ്രോട്ടസ്റ്റന്റു രാജ്യങ്ങളിലും സഭ ഗവർമ്മെന്റു ഡിപ്പാർട്ടുമെന്റുകളായിത്തീർന്നു. 1555-നുശേഷം മെത്രാന്മാർ അഭിഷിക്തരായ ഗവർമ്മെന്റു് ഉദ്യോഗസ്ഥന്മാരെപ്പോലെ ആയിരുന്നു. പല രാജ്യങ്ങളിലും

കത്തോലിക്കാസഭയും അതതു രാജ്യത്തിലെ രാജാക്കന്മാരുടെ നിയന്ത്രണത്തിലായി. പകരം രാജാക്കന്മാർ തിരുസ്സഭയ്ക്ക് അവരുടെ സഹായഹസ്തം വാഗ്ദാനംചെയ്തു. ഫിലിപ്പു ദ്വിതീയന്റെ കാലത്തു സ്പെയിനിലും ജോസഫ് ദ്വിതീയന്റെ കാലത്ത് ആസ്ട്രിയായിലും തിരുസ്സഭ പൂർണ്ണമായി രാജാക്കന്മാരുടെ നിയന്ത്രണത്തിലായിരുന്നു; എന്നാൽ വിശ്വാസവും സന്മാർഗ്ഗവും സംബന്ധിക്കുന്ന പ്രധാന സംഗതികളിൽ മെത്രാന്മാർക്ക് സാധാരണമായി സ്വാതന്ത്ര്യം അനുവദിച്ചിരുന്നു. എങ്കിലും കാലക്രമത്തിൽ രാജാക്കന്മാരുടെ നിയന്ത്രണാധികാരം വർദ്ധിച്ചുവന്നു. മെത്രാന്മാരെ നിശ്ചയിക്കുവാൻ രാജാക്കന്മാർക്കുണ്ടായിരുന്ന അവകാശവും പതിനെട്ടാം ശതാബ്ദത്തിലെ ലൗകായതികപ്രഗതിയുമാണ് ഇതിനുള്ള പ്രധാന കാരണം.

യൂറോപ്പു മുഴുവനും, കത്തോലിക്കാ രാജ്യങ്ങളിലും പ്രോട്ടസ്റ്റന്റു രാജ്യങ്ങളിലും, പതിനെട്ടാംശതാബ്ദത്തിൽ അതതു രാജ്യങ്ങളിലെ അംഗീകൃതമതവും രാഷ്ട്രവും വകതിരിവില്ലാത്തവിധം ക്രൂടികഴഞ്ഞുകിടന്നിരുന്നു. മതാധികാരികൾക്കായിരുന്ന വിദ്യാഭ്യാസകാര്യങ്ങളിൽ നിയന്ത്രണാധികാരം. സഭാകാര്യങ്ങളിൽ ഭ്രഷ്ടത്തു ധാരാളമുണ്ടായിരുന്നു; അവയെല്ലാം സാധാരണമായി മതകാര്യങ്ങൾക്കും ധർമ്മവിഷയങ്ങൾക്കും വിദ്യാഭ്യാസത്തിനുമായി ചെലവഴിച്ചുപോന്നു. ജനനവും മരണവും രേഖപ്പെടുത്തിയിരുന്നതുകൂടി പല രാജ്യങ്ങളിലും അവിടത്തെ സഭാധികാരികളാണ്. അവരാണു രാജ്യത്തിന്റെ പ്രധാന പ്രമാണങ്ങൾ സൂക്ഷിച്ചിരുന്നത്. അക്കാലത്തു വൈദികരും വക്കീലന്മാരുമാണു രാഷ്ട്രത്തിൽ എത്രയും കൂടുതൽ വിദ്യാഭ്യാസമുണ്ടായിരുന്നവർ. അതിനാൽ ഇവർ ആത്മീകവും ലൗകികവുമായ എല്ലാ സംഗതികളിലും അദ്ധ്യാപികനേതൃത്വം വഹിക്കേണ്ടി

വന്നു. മാത്രമല്ല, കൃഷി, തൊഴിൽ ഇവയിലും കൂട്ടികളുടെ തൊഴിൽ തിരഞ്ഞെടുക്കുക, വിവാഹകാര്യങ്ങൾ നിശ്ചയിക്കുക, രോഗചികിത്സ നിർണ്ണയിക്കുക, ഇങ്ങനെ ജനങ്ങളുടെ ദൈനംദിന ജീവിതത്തിലെ എല്ലാ രംഗങ്ങളിലും പ്രവൃത്തിക്കേണ്ടവർ വൈദികരായിരുന്നു. അവരുടെ ചിലവും സമുദായംവഹിച്ചു. അന്നു വൈദികർ ജീവിച്ചിരുന്നതു ജനങ്ങളുടെ ഔദാര്യദാനം കൊണ്ടല്ല; രാഷ്ട്രം അവരുടെ ചിലവിനായി ഒരു നികുതി പിരിച്ചവക്കുകൊടുത്തുകൊണ്ടായിരുന്നു. ഈ നികുതിയാണു, തൈത്ത് (Tithe) പതവാരം, എന്നൊക്കെ, അറിയപ്പെട്ടിരുന്നതു്.

പലപ്പോഴും സഭയിലെ ഉന്നതാധികാരികൾതന്നെയായിരുന്നു, രാഷ്ട്രത്തിലേയും ഉന്നതോദ്യോഗങ്ങൾ വഹിച്ചിരുന്നതു്. അവരായിരുന്നു പലപ്പോഴും പ്രധാനമന്ത്രിമാരും, രാജ്യപ്രതിനിധികളും. പ്രോട്ടസ്റ്റൻറ്, കത്തോലിക്കാ എന്ന വ്യത്യാസംക്രടാതെ എല്ലാ യൂറോപ്യൻ രാജ്യങ്ങളിലെയും അവസ്ഥ ഇതുതന്നെയായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ സഭ എല്ലാ രാജ്യങ്ങളിലും ഒരു രാഷ്ട്രസ്ഥാപനം മാത്രമായിരുന്നു. തന്മൂലം രാഷ്ട്രത്തിനും ഗവർമ്മെണ്ടിനുമെതിരായ ഏതു സംരംഭവും ഈ അംഗീകൃതമതത്തിനും എതിരായി വന്നുഭവിച്ചു.

ഈദൃശ നടപടിക്രമത്തിൽ പ്രത്യക്ഷമായിരുന്ന പലേ ന്യൂനതകളും കാരണത്താൽ പതിനെട്ടാം ശതാബ്ദത്തിന്റെ മാനസിക വിപ്ലവത്തിന്റെ ശക്തിമത്തായ ആക്രമണത്തിനു എല്ലാ മതവിഭാഗങ്ങളും ഒരുപോലെ വിധേയമായി. ഫ്രാൻസിലാണു പാരമ്പരഗതമായ ഈ ബന്ധത്തിനു ആഭ്യമായി അന്ത്യംവരുത്തിയതു്. അവിടെ അന്നത്തെ വൈദികാഴിമതികൾക്കെതിരായി

സ്വീകരിച്ച നടപടികളും ഒടുവിൽ വിശ്വാസത്തിനും മതത്തിനുംതന്നെ എതിരായി തിരിഞ്ഞു.

പഴയ ഭരണവും, സഭയും ഗാഢമായി ബന്ധപ്പെട്ട കിടന്നിരുന്നതിനാൽ പഴയ സർക്കാരിനെ തുരത്തിയതോടുകൂടി സഭയും ബഹിഷ്കൃതമായി. വിപ്ലവം കഴിഞ്ഞു ബൂർബർ രാജകുടുംബം തിരിച്ചുവന്നതോടുകൂടി, ഫ്രാൻസിൽ മാത്രമല്ലാ, യൂറോപ്പിൽ ആകമാനം, പഴയപോലെ സഭയെ ഒരു രാഷ്ട്രാധീന സംഘടനയാക്കുവാനുള്ള ചിന്താഗതി വീണ്ടും പ്രത്യക്ഷപ്പെട്ടു.

മെത്രാന്മാരിൽ അധികംപേരും പഴയ പ്രഭുജാതരായ കത്തോലിക്ക നേതാക്കളും ഈ ചിന്താഗതിക്കാരായിരുന്നു. അവർ പണ്ടത്തെപോലെ സഭ ഒരു രാഷ്ട്ര ഡിപ്പാർട്ടുമെൻറുപോലെ പ്രവർത്തിക്കുന്നതിലാണു സുരക്ഷിതത്വം കണ്ടതു്. പക്ഷേ വിപ്ലവത്തിൽകൂടി കടന്നുകൂടിയ ചെറുപ്പക്കാർ ഒരു പുതിയ വിധാനത്തെയാണു് വിഭാവനം ചെയ്തതു്. പഴയ സമുദായവും ആ വ്യവസ്ഥിതിയും ചത്തുപോയി. അതിനി പുനരുദ്ധരിക്കപ്പെടുകയില്ലാ. അതുകൊണ്ടു സഭ പുതിയ സമുദായ വ്യവസ്ഥയെ സ്വീകരിച്ചു, അതിനോടിണങ്ങി ജീവിക്കുവാൻ പഠിക്കണമെന്നായിരുന്നു അവരുടെ അഭിപ്രായം. അതിനൊരു പുതിയ നിലപാടു കണ്ടുപിടിക്കണം. പുതിയതിൽ കണ്ട നല്ലവയെല്ലാം സ്വീകരിക്കുകയും, ചീത്തയായി കാണുന്നവയെ ശുദ്ധമാക്കുന്നതിനു ശ്രമിക്കുകയും വേണ്ടതാണെന്നവർ വാദിച്ചു. ചിലർ കുറച്ചുകൂടി തീവ്രവാദികളായിരുന്നു. പഴയതു മുഴുവനും ചീത്തയായിരുന്നുവെന്നും ആ ഭരണക്രമത്തിൽ സഭ ദൈവത്തേയല്ലാ, സീസറിനെയാണു സേവിച്ചിരുന്നതെന്നും അവർ വിശ്വസിച്ചു. പഴയ സമുദായ വ്യവസ്ഥ നശിച്ചു മരിച്ചു കിടക്കുന്നതു കണ്ടവർ ആഹ്ലാദി

ക്കുകയാണ് ചെയ്തത്. ആവേശപൂർവ്വം, പുതിയ വ്യവസ്ഥയെയും പുതിയ സ്വാതന്ത്ര്യത്തെയും അവർ ആശ്ലേഷിച്ചു. മൂന്നാമതൊരു ക്രൂട്ടരുണ്ടായിരുന്നു. അവർ പഴയതിലും പുതിയതിലും ദൃഷ്യം മാത്രംകണ്ടു. രണ്ടിനോടും സഹകരിക്കരുതെന്നവർ ശഠിച്ചു. രാഷ്ട്രത്തിൽനിന്നു തീരെ വേർപെട്ട ഓരോ രാജ്യത്തുമുള്ള എല്ലാ സഭാവിഭാഗങ്ങളും യോജിച്ചു ഒരു മതസംഘടനയുണ്ടാക്കണമെന്നും എന്നാൽ ആ സംഘടനക്കുള്ളിൽ ഓരോ മതവിഭാഗത്തിനും അവരവരുടെ ഭരണക്രമത്തിൽ പൂർണ്ണസ്വാതന്ത്ര്യമുണ്ടായിരിക്കണമെന്നുള്ള അഭിപ്രായമായിരുന്നു അവർ ഉന്നയിച്ചതു്.

പക്ഷേ ഈ മൂന്നു ക്രൂട്ടരും ഒരു കാര്യത്തിൽ ഏകാഭിപ്രായക്കാരായിരുന്നു. സഭയും രാഷ്ട്രവുമായി ഇതുവരെ നിലനിന്നുവന്ന ബന്ധം തീരെ അനാശാസ്യമായിരുന്നെന്നും, ഒരു പുതിയ ബന്ധക്രമമാണു വേണ്ടതെന്നും, വൃദ്ധരായ മെത്രാന്മാരും, പഴയ പ്രഭുവംശജരും ആഗ്രഹിച്ചപോലെ പഴയതു ഒരിക്കലും പുനരുദ്ധരിക്കുവാൻ പാടില്ലെന്നും അവർ എല്ലാവരും ഒരുപോലെ ശഠിച്ചു.

ഇത്തരുണത്തിൽ, പത്തൊൻപതാം ശതാബ്ദത്തിൽ ഉദയംചെയ്ത പുതിയ സമുദായത്തിൽ സഭയ്ക്കു എന്തു സ്ഥാനംവഹിക്കാം? പൂർണ്ണമായി ലൗകീകാടിസ്ഥാനത്തിൽ കെട്ടിപടുത്തിയ രാഷ്ട്രത്തിൽ സഭയ്ക്കു സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനാവശ്യമായ രാഷ്ട്രരക്ഷാവ്യവസ്ഥകളും എന്തെല്ലാം? പള്ളികളും സ്കൂളുകളും സ്ഥാപിക്കുന്നതിനും സന്യാസാശ്രമങ്ങളും തുടരുന്നതിനും, സ്വതന്ത്രമായ മതപ്രവർത്തനത്തിനും സാദ്ധ്യമോ? പാരമ്പര്യഗതമായ രാഷ്ട്രീയ വിധേയത്വബന്ധം വിടത്തിയാൽ, അതതുകാലത്തെ ഭരണാധികാരികളുടെ ഔദാര്യമല്ലാതെ, സഭയ്ക്കു മറെറന്തവകാശങ്ങളും കരസ്ഥമാ

ക്കാം? ഇവയായിരുന്ന അന്ന സഭയെ അലട്ടിയിരുന്ന സുപ്രധാന പ്രശ്നങ്ങളം.

ഇതിന ചെറുപ്പക്കാരുടെ ഉത്തരം രാഷ്ട്രീയമായിരുന്ന. അതു വിപ്ലവാശയത്തിൽ അധിഷ്ഠിതവുമായിരുന്ന. ആ നൂറാണ്ടിലെ നവീന രാഷ്ട്രങ്ങളിലെല്ലാം, ഭരണഘടന ചട്ടങ്ങളം നിർമ്മിക്കുന്നണ്ടായിരുന്ന. ഈ എല്ലാ ഭരണഘടനകളും പൌരന്മാക്ക് ഏതായാലും ചില മൌലികാവകാശങ്ങളം നൽകിയിരുന്നതാനം. മനസ്സാക്ഷി സ്വാതന്ത്ര്യവും, മതാനുഷ്ഠാന സ്വാതന്ത്ര്യവും ഈ എല്ലാ ഭരണഘടനകളിലും ഉൾക്കൊള്ളിച്ചിരുന്ന പൊതു മൌലികാവകാശങ്ങളായിരുന്ന.

എന്തുകൊണ്ട് സഭയ്ക്ക അതിന്റെ അസ്ഥികതത്വത്തിനം പ്രവർത്തനസ്വാതന്ത്ര്യത്തിനും ഈ മൌലീകാവകാശങ്ങളിൽ സ്ഥാപിച്ചാശ്രയിച്ചുകൂടാ? ഇതിൽ കൂടുതലായി സഭയ്ക്ക ഒരു സ്വതന്ത്രരാഷ്ട്രത്തിൽ എന്താനം ക്രുത്യമാണ വേണ്ടത്? പഴഞ്ചനം പലപ്പോഴും ദോഷഭ്രുയിഷ്ടവുമായ പഴയ രാഷ്ട്രമേധാവിതത്തെക്കാളം എത്രയോ മെച്ചമായ ഒരു ഏർപ്പാടാണിത്; ഈ പുതിയ ഏർപ്പാടിൽ സഭയ്ക്ക രാഷ്ട്രത്തെ ആശ്രയിക്കാതെ, അതിന്റെ സ്വന്തം കാലുകളിൽ നില്ക്കുവാൻ സാധിക്കുമല്ലൊ? ഇങ്ങനെയായിരുന്ന ചെറുപ്പക്കാരുടെ അഭിപ്രായഗതി. ഈ അഭിപ്രായക്കാർ ഭരണഘടനയിലെ മൌലികാവകാശ പ്രഖ്യാപനത്തിൽ വിശ്വസിച്ചു. കത്തോലിക്കർ, രാജ്യത്തിലെ എല്ലാ പൌരന്മാക്കും ഉറപ്പു കിട്ടിയിട്ടുള്ള മൌലീകാവകാശങ്ങളം വാദിച്ചു വാങ്ങിക്കണം. കത്തോലിക്കർ ഇതിലേക്ക ഒരു കത്തോലിക്കാ രാഷ്ട്രീയ പാർട്ടിയെ സംഘടിപ്പിച്ചു അവരുടെ വോട്ടബലംകൊണ്ട മതസ്വാതന്ത്ര്യം പിടിച്ചെടുത്തു സംരക്ഷിക്കണം. ഇതായിരുന്ന ഇക്രുട്ടർ നിർദ്ദേശിച്ച മാർഗ്ഗം.

ഈ വാദഗതിയിൽ ദൃശ്യമായ ഗുണഫലങ്ങൾ വളരെയാണ്. ഈ വാദഗതിയിൽ അന്തർഭവിച്ച വസ്തുതകൾ ശരിയാണെങ്കിൽ, തീച്ചയായും രാഷ്ട്രത്തിനു പഴയപോലെ സഭയെ ഒരു കരുവാക്കി സ്വാർത്ഥലാഭത്തിനുപയോഗിക്കുവാൻ സാദ്ധ്യമാകയില്ലാ; ക്രമേണ സഭയ്ക്കു സ്വതന്ത്രവും സ്വശക്തിയും പുനഃലബ്ധമാകുകയും ചെയ്യും.

ആദ്ധ്യാത്മികവും ഭൗതികവുമായ ഭാരങ്ങൾ വഹിച്ചുകൊണ്ടിരിക്കുന്ന മെത്രാന്മാർ പ്രായേണ യാഥാസ്ഥിതികന്മാരായിരിക്കുമല്ലൊ. അതിനാൽ യുവാക്കളുടെ ഈ ന്യായം സ്വീകരിക്കുവാൻ അവർ വിമുഖരായിരുന്നു. പരിചയപ്പെട്ട സമ്പ്രദായം ഉപേക്ഷിച്ചു് അപരിചിത സമ്പ്രദായം സ്വീകരിക്കുന്നതു് ഇരുട്ടത്തുള്ള ചാട്ടം പോലെയാണു് അവക്കു് തോന്നിയതു്. ഇതുവരെ ആലംബമായി വത്തിച്ചിരുന്ന രാഷ്ട്രത്തിൽനിന്നു പിരിയുവാൻ അവർക്കു ധൈര്യം വന്നില്ല. മാത്രമല്ല, ഈ യുവകത്തോലിക്കരുടെ ക്രൂരകൃത്യം മെത്രാന്മാരുടെ ഹൃദയത്തിൽ സംശയം ജനിപ്പിച്ചിരുന്നു. തിരുസ്സഭയെ നശിപ്പിക്കുവാൻ ലാക്കാക്കി പ്രവർത്തിച്ചുകൊണ്ടിരുന്ന ലിബറൽവാദികളുടെ ഗണത്തിൽ അവർ അകപ്പെട്ടിരിക്കയാണെന്നു മെത്രാന്മാർക്കു തോന്നി. രാഷ്ട്രവും തിരുസ്സഭയും വേർപിരിഞ്ഞാൽ ലിബറൽവാദികളുടെ ആക്രമണത്തെ തടുത്തുനിൽക്കുവാൻ തിരുസ്സഭയ്ക്കു സാധിക്കാതെ താനെ നശിച്ചുപോകുമെന്നു കരുതിയാണു ലിബറൽവാദികൾ രാഷ്ട്രത്തേയും തിരുസ്സഭയേയും വേർതിരിക്കുവാൻ നിശ്ചയിച്ചതു്.

പതിനാൻപതാം ശതാബ്ദത്തിന്റെ ആരംഭത്തിൽ സഭയും രാഷ്ട്രവും തമ്മിലുണ്ടായിരിക്കേണ്ട ബന്ധത്തെപ്പറ്റി ഇങ്ങനെ അഭിപ്രായവ്യത്യാസമുണ്ടായ

തിൽ വിസ്മയത്തിനു വകയില്ല. പഴയ ആളുകൾക്കു പഴമതന്നെയായിരുന്നു ഇഷ്ടം. മോണ്ടാലബർപോലെയുള്ള യുവകത്തോലിക്കർക്കു് ഒരു പുതിയ സമ്പ്രദായം വേണമെന്നായിരുന്നു പക്ഷം. ഇതു വിശ്വാസവും സന്മാർഗ്ഗവും സംബന്ധിക്കുന്ന ഒരു കാര്യമല്ലാത്തതിനാൽ രണ്ടഭിപ്രായത്തിനും സ്ഥാനമുണ്ടായിരുന്നു. രണ്ടുകക്ഷിക്കാർക്കും ഉത്തമവിശ്വാസമുണ്ടാകാവുന്നതുമായിരുന്നു. ഒരു രാഷ്ട്രീയ പ്രശ്നത്തിനു് അപ്രമാദമായ ഒരു മറുപടി നൽകുക സാദ്ധ്യമല്ലല്ലോ.

സഭയും രാഷ്ട്രവും തമ്മിലുള്ള ബന്ധത്തിനു വ്യത്യാസം വരണമെന്നാഗ്രഹിച്ചതു വൈദികരല്ല അൽമായരായിരുന്നു. അൽമായന് ഇങ്ങനെ മുന്നോട്ടുപോകാമായിരുന്നു; കാരണം, കാലുപൊള്ളുകയാണെങ്കിൽ അവനു തിരികെ പോരാം. അഹങ്കാരം അവനെ നാശഗർത്തത്തിലേക്കു തള്ളിയിട്ടുന്നില്ലെങ്കിൽ അവനു വഴിമാറി നടക്കാവുന്നതാണല്ലോ. വൈദികർ തിരുസ്സഭയുടെ പ്രതിനിധികളാകയാൽ അവർ കൂടുതൽ സൂക്ഷിക്കേണ്ടിയിരിക്കുന്നു. മാത്രമല്ല, അന്നത്തെ ലൗകായതികതപത്തിനിടയ്ക്കു രാഷ്ട്രീയപ്രവർത്തനങ്ങളിൽ അൽമായരെപ്പോലെ വൈദികനു പങ്കെടുക്കുവാൻ സൗകര്യമില്ലായിരുന്നു. അവസാനം ഈദ്ദശവിഷയങ്ങളിൽ തീരുമാനം എടുക്കേണ്ടതു് തിരുസിംഹാസനമാണെങ്കിലും പ്രസംഗവേദിയിൽനിന്നു നിശ്ചയിക്കാവുന്ന ഒരു പ്രശ്നമായിരുന്നില്ല ഇതു്.

പുതിയ രാഷ്ട്രീയനിലവാരത്തിനൊപ്പം സമുദായത്തിൽ വേണ്ട ഭേദഗതികൾ വരുത്തേണ്ട ചുമതല കത്തോലിക്കാ അൽമേനികളുടെ തോളിൽത്തന്നെ ആയിരുന്നു. ഒരു രാഷ്ട്രീയ പരിഹാരമാണു് ആവശ്യമായിരുന്നതു്. കത്തോലിക്കാ വിശ്വാസമനുസരിച്ചു ജീവി

ക്കുവാനുള്ള സ്വാതന്ത്ര്യത്തിനു ഭരണഘടനയിൽ ഉറപ്പും അതിനാവശ്യമായ നല്ല നിയമങ്ങളും ഉണ്ടാകേണ്ടിയിരുന്നു. അതിന് ഒരു രാഷ്ട്രീയപാർട്ടി കത്തോലിക്കർക്കു വേണമെന്നായി. അങ്ങനെ കത്തോലിക്കാ രാഷ്ട്രീയതത്ത്വത്തിന്റെ ആവശ്യം ഉളവായി. ഈ സ്ഥിതി ഒന്നാം ലോകമഹായുദ്ധംവരെ തുടർന്നു. ഇരുപതാം ശതാബ്ദത്തിൽ വീണ്ടും ഒരു മാറ്റം ആവശ്യമായിരിക്കുന്നു. എന്നാൽ ഇന്ന് ഈ ദുശ്പ്രശ്നങ്ങൾക്കു പരിഹാരം നേടുവാൻ 1815-ലെന്നതിനേക്കാൾ കൂടുതൽ കെൽപ്പു തിരുസ്സഭയ്ക്കുണ്ട്.

ഏതായാലും പതിനെട്ടാം ശതാബ്ദത്തിൽ ഒരു മാറ്റം അത്യന്താപേക്ഷിതംതന്നെയായിരുന്നു. പുതിയതെല്ലാം എതിർക്കുകയാണെങ്കിൽ ആധുനിക സമുദായത്തിൽ കത്തോലിക്കർക്ക് ഒരു സ്ഥാനവും ഉണ്ടാകയില്ല. പതിനെട്ടാം ശതാബ്ദത്തിലെ നടപടിക്രമം വീണ്ടും സ്വീകരിക്കുക അസാദ്ധ്യവുമായിരുന്നു. രാഷ്ട്രീയരംഗത്തിറങ്ങി അദ്ധ്വാനിക്കാതെയും ബാലറ്റ് പെട്ടിയുടെ ശക്തി പ്രയോഗിക്കാതെയും ഒരു പരിഹാരമാർഗ്ഗമില്ലെന്നായി. പ്രശ്നം എത്രയും കുഴഞ്ഞതും വിഷമമേറിയതുമായിരുന്നു. അതിന്റെ വിവിധ വശങ്ങളും തിരുസ്സഭയ്ക്കുവേണ്ടി രാഷ്ട്രീയരംഗത്തു് അടരാടിയ മൂന്നു കത്തോലിക്കാ അൽമേനികളുടെ ജീവചരിത്രത്തിൽ കാണാവുന്നതാണ്. ജനപ്രതിനിധി സഭയിൽ കത്തോലിക്കർക്കു പ്രവേശനം ലഭിക്കുവാൻവേണ്ടി ഒക്കോണൽ പരിശ്രമിച്ചു. റോയലിസ്റ്റുകാരായി നിൽക്കാതെ കത്തോലിക്കരായി വോട്ടുചെയ്യുവാൻ സ്വസഹോദരരെ ഉൽബോധിപ്പിച്ചുകൊണ്ടിരുന്നു മോണ്ടാലബർ. ലൗകികരാഷ്ട്രത്തിന്റെ ആക്രമണങ്ങളെ ചെറുക്കുവാൻ എത്രയും വിവേകത്തോടെ ഒരു കത്തോലിക്കാ രാഷ്ട്രീയകക്ഷിയെ വിന്തോഴ്സ്റ്റ് രൂപവൽക

രിച്ചു. കത്തോലിക്കാ തത്വങ്ങളനുസരിച്ച് ഒരു മതേതരരാഷ്ട്രം ശ്രുപവൽകരിക്കുന്നതായാൽ ഏതു പരിഷ്കൃത ലിബറൽ ഗവർമ്മെൻറിനെയും വെല്ലുവാൻ കഴിയുന്ന ഒരു ഗവർമ്മെൻറുണ്ടാകുമെന്ന് എകുഡോറിലെ പ്രസിഡൻറ് ഗാർസിയ മൊറേനോയുടെ ജീവചരിത്രം വിശദമാക്കുന്നു.





ഡാനിയൽ ഒക്കോണൽ

ഡാനിയൽ ഒക്കോണൽ ഒരു മഹാൻ ആയിരുന്നുവെന്നതു് നിസ്സംശയമാണു്. അദ്ദേഹം നിർവ്വഹിച്ചിട്ടുള്ളതും ചെയ്യുവാൻ ആശിച്ചിരുന്നതുമായ മഹൽ കാര്യങ്ങളും പരിഗണിച്ചാൽ ഈ സ്ഥാനം അദ്ദേഹത്തിനു നൽകുവാൻ ആരും മടിക്കുകയില്ല. 1800-ാമാണ്ടു് ഐർലണ്ടു് ഗ്രേറ്റ് ബ്രിട്ടന്റെ കീഴിൽ പൂർണ്ണമായി ഒരടിമരാജ്യമെന്നപോലെ ആയിത്തീർന്നിരുന്നു. ആ ശതാബ്ദത്തിന്റെ പൂർവ്വാർദ്ധത്തിൽ ജീവിച്ചിരുന്ന ഒക്കോണൽ തന്റെ മാതൃരാജ്യത്തിനു സാമ്പത്തികമായും രാഷ്ട്രീയമായും പരിപൂർണ്ണസ്വാതന്ത്ര്യം നേടിക്കൊടുക്കുവാൻ യത്നമാരംഭിച്ചു. സുദീർഘവും നിസ്തന്ദ്രവുമായ ഒരു രാഷ്ട്രീയ ഗെറില്ലാസമരംതന്നെ നടത്തിയതിന്റെ ഫലമായി, ഗ്രേറ്റ്ബ്രിട്ടന്റെ രാഷ്ട്രീയ ജീവിതത്തിൽ പ

ങ്കുകൊള്ളുന്നതിനും പാർലിമെൻറിൽ സ്ഥാനം സ്വീകരിക്കുന്നതിനുംവേണ്ട അവകാശങ്ങൾ ഐർലണ്ടിലെ കത്തോലിക്കർക്കായി അദ്ദേഹം നേടിക്കൊടുത്തു. ഈ പ്രാരംഭവിജയമാണ്, ദീർഘതരമായ മറെറാരു സമരത്തിന് — ഐർലണ്ടിൻെറ പരിപൂർണ്ണസ്വാതന്ത്ര്യത്തിനു വഴിതുറന്നത്. 1829-നുശേഷം ഈ സമരത്തിലും ചില ചെറുനേട്ടങ്ങളെല്ലാം ഉണ്ടായിയെങ്കിലും പ്രതീക്ഷയനുസരിച്ചു പരിപൂർണ്ണ വിജയത്തിലെത്താൻ കഥാനായകനു സാധിച്ചില്ല. എങ്കിലും 1892-ൽ നടപ്പിലാക്കിയ "കത്തോലിക്ക സ്വാതന്ത്ര്യദാനനിയമ" (Catholic Emancipator Act) ത്തിനുവേണ്ടിയുള്ള യത്നങ്ങളിൽ നേതൃത്വം വഹിച്ചതു് അദ്ദേഹമാണ്.

എന്നാൽ ഒക്കോണലിൻെറ മഹത്വത്തിൻെറ പ്രധാന നിദാനം ഐർലണ്ടിൽ അദ്ദേഹം നിർവ്വഹിച്ച അമൂല്യസേവനങ്ങളെക്കാൾ, യൂറോപ്പു മുഴുവൻ പത്തൊൻപതാം നൂറാണ്ടിലെ കത്തോലിക്കാ പുനരുദ്ധാനയത്നങ്ങൾക്കു അദ്ദേഹത്തിൻെറ നാമധേയം നൽകിയ ഉത്തേജനമാണ്. ജീവിതകാലത്തുതന്നെ അദ്ദേഹം ഒരു ഐതിഹ്യപുരുഷനെപോലെ മറുനാട്ടിലെ കത്തോലിക്കാ നേതാക്കൾക്കു ഒരാദർശവും ബലവും, ഉത്തേജന ശക്തിയും മാതൃകയുമായി ഭവിച്ചു. ചരിത്രപുരുഷനേക്കാൾ ഈ ഐതിഹ്യപുരുഷനാണു യൂറോപ്പിലും, വേണ്ട, ലോകമാകമാനമുള്ള എല്ലാ കത്തോലിക്കാ നേതാക്കളെയും പ്രചോദിപ്പിച്ചിട്ടുള്ളതു്. അങ്ങനെ, ഫ്രാൻസിൽ മോണ്ടാലബർ, ഫ്റാൻസിലെ ഒക്കോണലാകുവാൻ ആഗ്രഹിച്ചു. ഗൊറിസ്സിൻെറ സൂതിപാഠകർ, അദ്ദേഹത്തെ, റൈയിൻ നാട്ടിലെ, ഒക്കോണൽ എന്നു പ്രകീർത്തിച്ചു. ഒക്കോണലിൻെറ ജീവിതകാലത്തു ഡൊണോസ്സോ കേട്ടസ്സ് ഒക്കോണലിനെ വർണ്ണിച്ചതിപ്രകാരമാണ്. "ഒക്കോണൽ ഐർലണ്ടിനു ദൈവദൂത

നും ഇംഗ്ലണ്ടിനു പിശാചനുമാകുന്നു. അദ്ദേഹം ഡെമോസ്തനീസിനെപ്പോലെ ഉൽകൃഷ്ടനും മിറാബോ (Mirabeau) യെപ്പോലെ ധിക്കാരിയും ഷട്ടോബ്രയാനെ (Chateaubriand) പ്പോലെ വിഷാദഭരിതനും പെട്രാർക്കിനെ (Petrarch) പ്പോലെ മൃദുലനും ഒരു സേവകനെപ്പോലെ അസംസ്കൃതനും ഒരു കിരാതനപ്പോലെ മൃഗീയനും, ഗ്രീക്കുപാളയത്തിലെ യുലീസസ്സിനെ (Ulysses) പ്പോലെ പാർലിമെൻറിൽ വിവേകിയും, മധ്യാഹ്നത്തിൽ മരിക്കുവാൻവേണ്ടി ആകാശത്തുനിന്നു പ്രകാശമിറങ്ങണമെന്നു ശാഠ്യം പിടിച്ച അജാക്സിനെ (Ajax) പ്പോലെ നിർഭയനും സാഹസികനുമാണ്. ഗുണസമൃദ്ധമായ അദ്ദേഹത്തിൻെറ പ്രകൃതിയിൽ ഒരു ക്യാപ്റ്റൻേറയും പട്ടാളക്കാരൻെറയും ഒരു രാജാവിൻേറയും ഒരു കൃഷീവലൻേറയും സ്വഭാവങ്ങൾ മേളിച്ചിട്ടുണ്ട്. ഒക്കോണൽ വളരെയേറെ കാട്ടാളനും വളരെയേറെ സംസ്കാരസമ്പന്നനുമത്രേ. ഒരേ സമയം അദ്ദേഹം ഒരു കുക്കനും ഒരു സിംഹവുമാണ്. ഗോയ്ഥേ (Goethe) യുടെ മെഫിസ്റ്റോഫെലിസിനെ (Mephistopheles) പ്പോലെ പ്രോഹബ്ധിയും മമ്മദോയും, അതേ സമയം, ഒരു ശിശുവിനെപ്പോലെ നിഷ്കളങ്കനും സരളഹൃദയനുമാണദ്ദേഹം. ഒരു രാഷ്ട്രത്തെ കെട്ടിപ്പടുക്കുന്നതിൽ ഒക്കോണൽ സകലതുമാകുന്നു: ആ സകലതും ചേർന്നാലേ രാഷ്ട്രം രാഷ്ട്രമാവുകയുള്ളുതാനും.

മാഡ്രിഡിൽ ഡൊണോസോ കോർട്ടസ് ശ്രുപവൽകരിച്ചതിൽനിന്ന് ഒരു പടിക്കുടെ ഉയർന്ന അഭിപ്രായമാണ്, ഫ്രാൻസിൽ, യുവാവായ ചാൾസ് മോണ്ടാലംബറിനുണ്ടായിരുന്നതു്. ആ ധീരനേതാവിൻെറ പാദാന്തികത്തിലിരുന്ന രാഷ്ട്രീയ വിജ്ഞാനം

സമ്പാദിക്കുവാൻ — ഫ്റാൻസിൽ ഒരു കാതലിക് പാർട്ടി രൂപം കൊള്ളിക്കേണ്ടതെങ്ങനെയെന്നു ഗ്രഹിക്കുവാൻ — മോണ്ടാലംബർ, ഐർലണ്ടു സന്ദർശിച്ചു. എന്നാൽ, അടുത്തറിഞ്ഞപ്പോൾ അദ്ദേഹത്തിനു മനസ്സിലായി, തന്റെ ഹൃദയത്തിൽ പ്രതിഷ്ഠിച്ചിരുന്ന ആ പൂജ്യവിഗ്രഹത്തിനു് അസ്ഥിയും മാംസവും ഞരമ്പുകളുമുണ്ടെന്നും ചെളിപുരണ്ട ചെരുപ്പുകളാണു് അദ്ദേഹം ധരിച്ചിരിക്കുന്നതെന്നും. ഒക്കോണലിന്റെ ന്യൂനതകൾ പലതും മോണ്ടാലംബർ ദർശിച്ചു. ആ നേതാവു് ഒരു പരുഷസ്വഭാവനായി കാണപ്പെട്ടു. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ ഒട്ടുംതന്നെ ആകർഷങ്ങളായി തോന്നിയുമില്ല. ഫ്റാൻസിലെ യുവജനങ്ങളുടെയോ അവിടത്തെ കത്തോലിക്കാ സഭയുടെയോ കാര്യത്തിൽ ഒക്കോണലിനു ഒട്ടുംതന്നെ താൽപര്യമില്ലെന്നു് ആ ഫ്റഞ്ചു സന്ദർശകനു തോന്നിപ്പോയി. അദ്ദേഹത്തോടു് ഒക്കോണൽ പറഞ്ഞതു്, പോയി ചെരുപ്പുക്കാരുമൊന്നിച്ചു ദ്ധത്തംചെയ്യുവാനാണു്. ആദർശകൃതുകിയും ഭാവനാപ്രേമിയുമായിരുന്ന പ്രസൂത യുവാവു് നൈരാശ്യജനകമായ ഈ യാഥാർത്ഥ്യങ്ങൾ ഗ്രഹിച്ചുകൊണ്ടതേ ഫ്റാൻസിലേക്കു മടങ്ങിയതു്. എന്നാൽ, ഒക്കോണലിൽ നിന്നകലുംതോറും തന്റെ ആദർശമായ ആ ഐറിഷ് നേതാവിന്റെ രൂപം അദ്ദേഹത്തിന്റെ മനസ്സിൽ കൂടുതൽ കൂടുതൽ തെളിഞ്ഞു തുടങ്ങി. തന്റെ സന്ദർശനത്തെക്കുറിച്ചു് അദ്ദേഹം ഇങ്ങനെ എഴുതി: "ഞാൻ വഞ്ചിക്കപ്പെട്ടുപോയിരുന്നു. ഈ മനുഷ്യനല്ല ഐർലണ്ടിലേ ഏറ്റവും ശ്രേയനായ വ്യക്തി. അദ്ദേഹത്തെ കണ്ടാൽ ഒരു കൃഷിക്കാരനാണെന്നേ തോന്നൂ". എങ്കിലും, ഇരുപതു സംവത്സരങ്ങൾക്കുശേഷം ഒക്കോണലിനെ റോമിൽവച്ചു കണ്ടപ്പോൾ ആ ഫ്റഞ്ചുപ്രഭുവിനു് ഇപ്രകാരം ഹൃദയംഗമമായി പറയുവാൻ സാധിച്ചു:

"ഞങ്ങളെല്ലാവരും അങ്ങയുടെ ശിഷ്യന്മാരാണ്. അങ്ങ് ഞങ്ങളുടെ ഗുരുവും മാതൃകയും മഹനീയനായ ഉപദേഷ്ടാവുമാകുന്നു. അങ്ങയുടെ മഹത്വം ഐർലണ്ടുകാരുടേതുമാത്രമല്ല; ലോകം മുഴുവൻറേതുമത്രേ. എവിടെയെല്ലാം കത്തോലിക്കർ പൗരധർമ്മം അനുഷ്ഠിക്കുവാനും രാഷ്ട്രീയാവകാശങ്ങൾ കരസ്ഥമാക്കുവാനും ഉദ്യമങ്ങൾ നടത്തുന്നുവോ അവിടെയെല്ലാം അങ്ങയുടെ ജോലിയത്രേ നിർവ്വഹിക്കപ്പെടുന്നത്."

ഏതാനും ആഴ്ചകൾക്കുള്ളിൽ ചരമം പ്രാപിക്കുവാനിരുന്ന ആ വൃദ്ധനോട് മൊണ്ടാലംബെർ പറഞ്ഞ ഈ വാക്കുകൾ യഥാർത്ഥങ്ങൾതന്നെ ആയിരുന്നു. തൻറെ ധീരസേവനങ്ങൾമൂലം ഒരു ഇതിഹാസപുരുഷനായിക്കഴിഞ്ഞിരുന്ന ഒക്കോണലിനെക്കുറിച്ചാണ് — അദ്ദേഹം അപ്പോൾ സംസാരിച്ചത്. 19-ാംശതകത്തിൽ സകല കത്തോലിക്കരും കഥാപുരുഷനെ വീക്ഷിച്ചിരുന്നതും അങ്ങനെ തന്നെയാണ്. ജീവിതകാലത്തു മാത്രമല്ല, മരണാനന്തരവും ദീർഘകാലത്തേക്ക് സഭയ്ക്കുവേണ്ടി മഹനീയ കാര്യങ്ങൾ നിർവ്വഹിച്ച ഒരു ഐതിഹ്യപുരുഷനായിത്തീർന്ന ഒക്കോണലാണ് ഇവിടെ പ്രത്യക്ഷനാകുന്നത്. കത്തോലിക്കർക്ക് ബ്രിട്ടീഷ് പാർലിമെൻറിൽ സ്ഥാനം നേടിക്കൊടുക്കുവാൻ അക്ഷീണം പരിശ്രമിച്ചു വിജയം കൈവരിച്ച ഒക്കോണലിനേക്കാൾ പ്രാധാന്യമർഹിക്കുന്ന ഒരാളെയാണു നാമിവിടെ കാണുന്നത്. കത്തോലിക്കാ ലോകത്തിന് അന്നു ഈദൃശനായ ഒരു ആദർശപുരുഷനെ ആവശ്യമായിരുന്നു. ഐർലണ്ടിനുവേണ്ടി അദ്ദേഹം അനുഷ്ഠിച്ച ശ്രേഷ്ഠസേവനങ്ങൾ, പത്തൊമ്പതാം ശതകത്തിലെ മഹാനായ അൽമായ നേതാവ് എന്ന സമുന്നത സ്ഥാനത്തേക്ക് അദ്ദേഹത്തെ കയറ്റിവിട്ടു.

പ്രസ്തുത ശതാബ്ദത്തിൻറെ പ്രഥമ പാദത്തിൽ

ഐർലണ്ടിന്റെ ശോചനീയാവസ്ഥയെപ്പറ്റി ഒരു വിശദവിവരണം ഇവിടെ നല്കേണ്ടതില്ല. അതു പൊതുവേ അറിയപ്പെട്ടിട്ടുള്ളതാണ്. എന്നാൽ ഒക്കോണലിന്റെ ഉദ്യമങ്ങൾ എന്തെല്ലാം ആയിരുന്നുവെന്നും, അദ്ദേഹത്തിന് എതിരിടേണ്ടിവന്ന പ്രതിബന്ധങ്ങൾ എത്ര വലിയവ ആയിരുന്നുവെന്നും ഗ്രഹിക്കുവാൻ ഏതാനും ചില സുപ്രധാന സംഗതികൾ ഇവിടെ കുറിക്കുക ആവശ്യകംതന്നെ. 1800-ൽ യൂണിയൻ ആക്ട് (Act of Union) പാസ്സാക്കുകയും ഐർലണ്ടിനെ ഗ്രേറ്റ് ബ്രിട്ടന്റെ അംഗരാജ്യമായി പ്രഖ്യാപിക്കുകയും ചെയ്തപ്പോൾ ഐറിഷ് കത്തോലിക്കരുടെ നില, ഇരുപത്തിയഞ്ചു കൊല്ലംമുമ്പ് ഐർലണ്ടിനു സ്വാതന്ത്ര്യം നഷ്ടമായതിനേക്കാൾ മോശമായിരുന്നതിനോളം ശോചനീയമായിരുന്നു. പതിനെട്ടാം ശതകത്തിന്റെ മദ്ധ്യത്തിലാണ് ഐറിഷ് കത്തോലിക്കർക്ക് അവരുടെ അഭിമാനവും അവരുടെ ജീവൻതന്നെയുമായിരുന്ന സ്വാതന്ത്ര്യം പൊയ്പോയതു്. അതു ഐറിഷ് ജനതക്കു മുഴുവനും നേരിട്ട നഷ്ടമായി കരുതാവുന്നതാണ്. എന്തുകൊണ്ടെന്നാൽ, ഐർലണ്ടിൽ പത്തിൽ ഒമ്പതുപേരും കത്തോലിക്കരായിരുന്നു.

അന്ന് ഐർലണ്ടിന്റെ അവസ്ഥ ഒട്ടുംതന്നെ ശോഭനമായിരുന്നില്ല. എഡ്മണ്ട് ബർക്ക് (Edmund Burke) ഐറിഷ് കോഡി (Irish Code) നെപ്പറ്റി രേഖപ്പെടുത്തിയിരിക്കുന്നതു് ഇങ്ങനെയാണ്: "ഒരു ജനതയെ മർദ്ദിക്കുന്നതിനും ദാരിദ്ര്യത്തിലേക്കു തള്ളിവിടുന്നതിനും അധഃപതിപ്പിക്കുന്നതിനും അവരിലുള്ള മനുഷ്യപ്രകൃതിയെത്തന്നെ അകൃഷ്ടമാക്കുന്നതിനും മാത്രം ഉപകരിക്കുന്ന ഒരു കരുവായിരുന്നു ആ നിയമം. മനുഷ്യന്റെ ദുഷിച്ച നയതന്ത്രത്തിൽനിന്ന് ഇതിനേക്കാൾ ഉപദ്രവകരമായ ഒരു നിയമം ഉണ്ടാകുവാനില്ല." ഇം

ഗ്ലണ്ടിലെ കത്തോലിക്കർക്ക് കുറെയൊക്കെ ആത്മാഭിമാനത്തോടേ ജീവിക്കുവാനും സാമൂഹ്യികമായി കുറെയൊക്കെ ഉയരുവാനും ഉന്നതസ്ഥാനങ്ങളിൽ കയറിപ്പറ്റുവാനും സാധിച്ചപ്പോഴും, ഐർലണ്ടിലേ കത്തോലിക്കർ— ഐറിഷ് ജനതയുടെ പത്തിൽ ഒമ്പതുഭാഗവും— പ്രോട്ടസ്റ്റൻറ് ഗവർമ്മെൻറിൻെറ മർദ്ദകനിയമങ്ങൾക്കു വിധേയരായി ക്ലേശിക്കുകയായിരുന്നു. അവരുടെ ഉള്ളിൽ നീറിക്കത്തുവാൻ തുടങ്ങിയ വിപ്ലവാഗ്നിയെ കെടുത്തുന്നതിന് ഈ മർദ്ദനപരിപാടികൾ ആവശ്യകമെന്നു ഭരണാധികാരികൾക്കു തോന്നിയിരിക്കണം. ഐർലണ്ടിൽ കത്തോലിക്കർ ഉണ്ട് എന്നു വസ്തുതപോലും നിയമം അംഗീകരിക്കുന്നില്ല എന്നു 1760-ൽ ഒരു പ്രോട്ടസ്റ്റൻറ് ന്യായാധിപൻ പ്രസ്താവിച്ചതു് അനുചർത്ഥംതന്നെ ആയിരുന്നു. നിയമത്താൽ, കത്തോലിക്കർക്ക് ഡബ്ളിനിലേ ഭരണസമിതിയിലോ, രാഷ്ട്രീയവും സൈനികവുമായ ഉദ്യോഗങ്ങളിലോ സ്ഥാനം നിഷേധിക്കപ്പെട്ടിരുന്നു. വസ്തുക്കൾ പാട്ടത്തിനു പിടിക്കുവാനോ ഒരു വസ്തുവിൻെറ കാര്യസ്ഥത കൈയേല്ക്കുവാനോ ഇരുപത്തഞ്ചു ഡോളർ വിലവരുന്ന ഒരു കുതിരയെ സ്വന്തമായി സൂക്ഷിക്കുവാനോ നിയമം അവർക്ക് അനുമതി നൽകിയിരുന്നില്ല. വെടിയായുധങ്ങൾ കൈവശം വച്ചുകൊണ്ടിരിക്കുക, വോട്ടുചെയ്യുക, കുട്ടികളെ സ്വദേശത്തോ വിദേശത്തു പോലുമോ സ്കൂളിൽ അയയ്ക്കുക, പരസ്യമായി മതാരാധന നടത്തുക, കടമുള്ള ദിവസങ്ങൾ ആചരിക്കുക എന്നിവയും അവക്കു നിഷിദ്ധമായിരുന്നു.

ഒരു ഐതിഹ്യമുണ്ട്, ഈ കാലയളവിൽ ഐർലണ്ടിൻെറ മദ്ധ്യസ്ഥരായ വി. പാട്രിക്കും വി. ബ്രീജിഡും മറ്റും ദൈവത്തിൻെറ സിംഹാസനത്തിൻ മുമ്പാകെ ഐറിഷ് ജനതയ്ക്കുവേണ്ടി പ്രക്ഷോഭണമുണ്ടാക്കിയെന്ന്. വാസ്തവമെങ്ങനെ ആയാലും പതിനെട്ടാം ശ

തകത്തിന്റെ അവസാനഘട്ടത്തിൽ ഗവർമ്മെൻറു പാസ്സാക്കിയ ചില നിയമങ്ങൾ ഈ ഐതിഹ്യത്തെ പിന്താങ്ങുവാൻ പോരുന്നവയാണ്. 1793 ആയപ്പോഴേക്കു രാഷ്ട്രീയമായും സാമ്പത്തികമായും വസ്തുവുടമസംബന്ധിച്ചും ഐറിഷ് കത്തോലിക്കർക്കുണ്ടായിരുന്ന പല അവശതകളും നിർമ്മാർജ്ജനം ചെയ്യപ്പെട്ടു. തൽഫലമായി, കത്തോലിക്കർക്കു തങ്ങളുടെ കുട്ടികളെ സ്വന്തം സ്കൂളുകളിൽ അയയ്ക്കുവാനും സ്വന്തമായി വസ്തുക്കൾ സമ്പാദിക്കുവാനും അനുമതി ലഭിച്ചു. ഉദ്യോഗപ്രവേശനത്തിനുണ്ടായിരുന്ന മിക്ക നിരോധനങ്ങളും അപ്രത്യക്ഷമായി. എന്നാൽ, ഇവയെക്കാളൊക്കെ പ്രാധാന്യമർഹിച്ച ഒരനുകൂല്യം അനവധി കഷ്ടകർക്കു വോട്ടവകാശം ലഭിച്ചുവെന്നതാണ്. ഐറിഷ് യുവാക്കന്മാർക്ക്, മെയ്നൂത്തി (Maynooth) ലുള്ള സെമ്മിനാരിയിൽ പ്രവേശിച്ചു പൗരോഹിത്യം സ്വീകരിക്കുവാനും അനന്തരം, തങ്ങളുടെ ജനങ്ങളുടെ ആദ്ധ്യാത്മികോപദേഷ്ടാക്കളും രാഷ്ട്രീയ നേതാക്കന്മാരും ആകുവാനും അനുവദിക്കപ്പെട്ടതും നിസ്സാരമായ നേട്ടങ്ങളല്ല.

ഈ അനുകൂല്യങ്ങളെല്ലാം നൽകുവാൻ കാരണം, തങ്ങളുടെ മർദ്ദനപരിപാടികൾ എത്ര നിഷ്പ്രയോജനങ്ങളെന്നു സബ്ളിനിലേ പ്രോട്ടസ്റ്റൻറ് ഭരണസമിതി മനസ്സിലാക്കിയതാണ്. പ്രോട്ടസ്റ്റൻറുകാരായ പ്രഭുക്കന്മാർക്ക്, തങ്ങളുടെ സഹോദരരായ കത്തോലിക്കരുടെ നില ഉയർത്തണമെന്നുണ്ടായ ഹൃദയംഗമമായ അഭിലാഷവും അതിനു പ്രേരകമാകാതിരുന്നില്ല. എങ്കിലും ജോൺ കോഗ് (John Kog) വുൾഫ് ടോൺ (Wolfe Tone) മുതലായവർ ആരംഭിച്ച പ്രക്ഷോഭണമാണ്, പ്രസ്തുത പരിഷ്കാരങ്ങൾ ഇത്രവേഗം നടപ്പിലാക്കുവാൻ ഇടവരുത്തിയത്. എന്നാൽ, 1789-ൽ ഉണ്ടായ ഫ്രഞ്ചു വിപ്ലവത്തിന്റെ വിഷവായു ഐർലണ്ടിലും വീശിത്തുട

ങ്ങിയതോടേ, "സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം" എന്നീ മനംമയക്കുന്ന മുദ്രാവാക്യം, ഐർലണ്ടിലേ വിപ്ലവകക്ഷികളായ തീക്ഷ്ണമതികളെ സമരാവേശം കൊള്ളിച്ചു. മനുഷ്യവ്യക്തികളെന്ന നിലയിലും ഐറിഷ് പൗരരെന്ന നിലയിലും തങ്ങൾക്കുള്ള അവകാശങ്ങൾ എല്ലാം പൂർണ്ണമായി അനുവദിച്ചുകിട്ടണമെന്നായിരുന്നു അവരുടെ വാദം. ഇതു് ഉദ്ദേശിച്ചതിനു വിപരീതമായ ഫലമാണ് ഉളവാക്കിയതു്. ഇവരുടെ നിസ്സാരമായ അവകാശങ്ങൾപോലും അനുവദിച്ചുകൊടുക്കുക ആപൽക്കരമായിരിക്കും എന്ന ഭീതി ധനികവർഗ്ഗങ്ങളെ ക്രൂരതലായി ബാധിച്ചുതുടങ്ങി. തൽഫലമായി, പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിൽ വിണ്ടും ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ ഗവർമ്മെൻറു നിർബന്ധിതമായി. അങ്ങനെയാണ് ആയുധങ്ങൾവച്ചു സൂക്ഷിക്കുന്നതിനേയും (Arms Act) വിപ്ലവങ്ങൾ ഉണ്ടാക്കുന്നതിനേയും (Insurrection Act) വസ്തുനാശങ്ങൾ വരുത്തുന്നതിനേയും (Indemnity Act) സംബന്ധിച്ചുള്ള നിയമങ്ങൾ ക്രോഡീകൃതങ്ങളായതു്. ഈ നിയമങ്ങൾ 1798-ലേ വിപ്ലവത്തിനുകാരണമായി. വളരെയധികം രക്തച്ചൊരിച്ചിലിനു ഹേതുവായിത്തീർന്ന ഈ വിപ്ലവം ഗവർമ്മെണ്ടിന്റെ ആയുധശക്തിക്കു കീഴടങ്ങേണ്ടിവന്നു. ഫലമോ? ഐറിഷ് ജനത രാഷ്ട്രീയവും സാമ്പത്തികവുമായ സ്വാതന്ത്ര്യങ്ങൾക്കുവേണ്ടി നടത്തിയ പരിശ്രമങ്ങളെല്ലാം ഇരുപത്തഞ്ചുകൊല്ലങ്ങൾക്കു പിമ്പിലേക്കു പിടിച്ചു തള്ളപ്പെട്ടു.

വിപ്ലവം അവസാനിച്ചപ്പോഴേയ്ക്കും ഐർലണ്ടിലേ നേതാക്കന്മാർ ഭൂരിഭാഗവും മണ്ണിനടിയിലായിക്കഴിഞ്ഞു. ശേഷിച്ചവർ കാരാഗൃഹങ്ങളിലടയ്ക്കപ്പെട്ടുകയോ

നാട്ടുകടത്തപ്പെടുകയോ ഉണ്ടായി. മാത്രമല്ല, 1800-ൽ പ്രഖ്യാപിതമായ "യൂണിയൻ ആക്ട്" (Union Act) പാസ്സാക്കുവാൻ ബ്രിട്ടീഷ് ഗവണ്മെൻറിന് ആ വിപ്ലവം അവസരം നൽകുകയും ചെയ്തു. ഐറിഷ് പാർലിമെൻറംഗങ്ങൾക്കു വമ്പിച്ച കോഴകൾ നൽകപ്പെട്ടു, രാഷ്ട്രീയമായ വഞ്ചനകൾ പ്രവർത്തിക്കുവാൻ. പ്രമുഖസ്ഥാനങ്ങൾ, ആംഗ്ലിക്കൻ മെത്രാൻപദവി, സിവിൽ ഉദ്യോഗങ്ങൾ, സൈന്യത്തിൽ ഉന്നത സ്ഥാനങ്ങൾ എന്നിവയോരോന്നും, യൂണിയൻ ആക്ടിന് അനുകൂലമായി വോട്ടുചെയ്യുന്നതിനുള്ള കോഴകളായി നിരത്തിവയ്ക്കപ്പെട്ടു. അങ്ങനെ ഐറിഷ് ഭരണസമിതി അസ്തംഗതമായി. പകരം, ഐറിഷ് നിയോജകമണ്ഡലങ്ങളിൽനിന്നു തിരഞ്ഞെടുക്കപ്പെടുന്ന മെമ്പറന്മാർക്കായി ആറു സീറുകൾ സംവരണം ചെയ്യുവാൻ ബ്രിട്ടീഷ് ഗവൺമെൻറ് സമ്മതിച്ചു. ഇതെല്ലാംകണ്ട് ഐർലണ്ടിൻെറ ഹൃദയം നീറിക്കൊണ്ടേയിരുന്നു. അനേകവർഷങ്ങൾ ദീർഘിച്ചതും നിരുപയോഗമായി പരിണമിച്ചതുമായ ഒരു വിപ്ലവത്തിനുവേണ്ടി അവളുടെ ശക്തിമുഴുവൻ വ്യയംചെയ്യപ്പെട്ടിരിക്കുന്നു. അവളുടെ വീരതനയർ അനവധി ഫ്രാൻസ്, സ്പെയിൻ, ആസ്ട്രിയാ മുതലായ രാജ്യങ്ങളിൽ ഉദ്യോഗം തിരക്കിപ്പോയി. ഒട്ടേറെപ്പേർ, മനുഷ്യരെപ്പോലെ ജീവിക്കുകയെങ്കിലും ചെയ്യാമല്ലോ എന്നകരുതി വിദേശങ്ങളിൽ അഭയംതേടി. ഇംഗ്ലണ്ടിലേക്കുപോലും പോകുവാൻ ചിലർ മടിച്ചില്ല. ഐർലണ്ടിൽ ശേഷിച്ചവർ ഭഗ്നാശരായികഴിഞ്ഞുകൂടി. സുദീർഘമായ ആ സമരം പൊളിഞ്ഞുതകർന്നുവെന്നും എന്നേക്കുമായി തങ്ങൾ അടിമകളായിത്തീർന്നിരിക്കുന്നുവെന്നും അവർ വിചാരിച്ചു.

ഈ സന്ധിയിലാണ്, ഐർലണ്ടിലെ കത്തോലിക്കർക്കു സ്വാതന്ത്ര്യം വാങ്ങിക്കൊടുക്കുവാൻ, ഒരു

പ്രോട്ടസ്റ്റൻറുകാരനായ ഹെൻറി ഗ്രാറ്റൻ രംഗപ്രവേശനം ചെയ്തതു്. രോഗശയ്യയിൽനിന്നെഴുന്നേറ്റു് അദ്ദേഹം പാർലിമെൻറിലേക്കുപോയി, ഐറിഷ് പ്രശ്നത്തെക്കുറിച്ചുള്ള വാഗ്പ്രതിവാദങ്ങളിൽ പങ്കുകൊള്ളുകയിൽ അദ്ദേഹം പറഞ്ഞു: "ഐർലണ്ടിനെ ഞാൻ കൈവെടിയുകയില്ല. അവളിപ്പോൾ ഒരു മോഹാലസ്യത്തിൽ പെട്ടിരിക്കുകമാത്രമാണു്; നിർജ്ജീവമായിട്ടില്ല. നിശ്ചലയും നിസ്സഹായയുമായി ശവമഞ്ചത്തിൽ ശയിക്കുകയാണെങ്കിലും, ഇനിയും അവളുടെ അധരങ്ങളിൽ ജീവചൈതന്യം കാൺമാനുണ്ടു്. അവളുടെ കവിൾത്തടങ്ങളിൽനിന്നു സൗന്ദര്യവായ്പു നീങ്ങിയിട്ടുമില്ല." ശരിയാണു്, ഐർലണ്ടിൻെറ ഹൃദയത്തിൽ ഏതാനും ജീവസ്ഫുലിംഗങ്ങൾ അവശേഷിച്ചിട്ടുണ്ടായിരുന്നു. എന്നാൽ, ഗ്രാറ്റനെപ്പോലെ വളരെ ചുരുക്കംപേർക്കുമാത്രമേ അവ ദൃശ്യമായിരുന്നുള്ളൂ. അതുയ്ക്കു് ആഴത്തിലാണു് അവ മിന്നിത്തിളങ്ങിയിരുന്നതു്. ആ ചുരുക്കം ചിലരിൽ ഒരാളാണു് ഡാനിയൽ ഒക്കോണൽ. അദ്ദേഹം അഭിഭാഷകവൃത്തി അവലംബിച്ചിട്ടു് അപ്പോൾ രണ്ടു വർഷമേ ആയിരുന്നുള്ളൂ. എങ്കിലും മാതൃരാജ്യത്തിൻെറ രാഷ്ട്രീയജീവിതത്തിൽ പങ്കെടുക്കുവാൻ അദ്ദേഹം തയ്യാറായിക്കഴിഞ്ഞു. അണയാൻ പോകുന്ന ആ ജീവസ്ഫുലിംഗങ്ങളെ ഊതിക്കത്തിക്കുവാൻ — ഐറിഷ് കത്തോലിക്കർക്കു് ബ്രിട്ടീഷ് പാർലിമെൻറിൽ കയറിയിരുന്നു തങ്ങളുടെ അനിഷേധ്യാവകാശങ്ങൾ പിടിച്ചുപറ്റുന്നതിനുവേണ്ടുന്ന സൗകര്യങ്ങൾ സൃഷ്ടിക്കുവാൻ — അദ്ദേഹം ദൃഢനിശ്ചയംചെയ്തു. ഇതുമാത്രമായിരുന്നില്ല ഒക്കോണലിൻെറ ലക്ഷ്യം. 'യൂണിയൻ ആക്ടു്' റദ്ദുചെയ്യിച്ചു് ഐർലണ്ടിനുതനിച്ചു് ഒരു പാർലിമെൻറു് ഉണ്ടാക്കുവാനും, അങ്ങനെ, ഐറിഷ് ജനതയ്ക്കു സ്വന്തം നിയമങ്ങൾ സൃഷ്ടിച്ചു സ്വന്തം

കാര്യങ്ങൾ, അന്യരുടെ ഇടപെടൽ ക്ഷണിക്കാതെ, തീരുമാനിക്കുവാനും വേണ്ട കഴിവ് കൈവരുത്തണമെന്നും അദ്ദേഹം ആഗ്രഹിച്ചിരുന്നു.

സ്വാതന്ത്ര്യത്തിനുവേണ്ടി നടത്തേണ്ടിവന്ന ആ ദീർഘസമരത്തിൽ തന്റെ അനുയായികളെ നയിക്കുവാൻ തികച്ചും പര്യാപ്തനായ ഒരു നേതാവായിരുന്നു ഒക്കോണൽ. 1775-ലാണ് അദ്ദേഹത്തിന്റെ ജനനം. അയർലണ്ടിനെ ശ്വാസംമുട്ടിച്ചിരുന്ന ബ്രിട്ടീഷ് ഗവൺമെന്റിന്റെ ശിക്ഷാനടപടികളും ബാല്യകാലസ്മരണകളായി അദ്ദേഹത്തിന്റെ മനസ്സിൽ സ്ഥലം പിടിച്ചു. ഗവൺമെന്റിന്റെ ദൃഷ്ടിയിൽ നിയമവിരുദ്ധമായ ഒരു സ്കൂളിലാണ് അദ്ദേഹം അക്ഷരാഭ്യാസം നടത്തിയത്. മതപഠനം സ്വീകരിച്ചത്, ദിവ്യബലി അർപ്പിച്ചതിനു ശിക്ഷവാങ്ങിയ ഒരു വൈദികന്റെ പക്കൽനിന്നും. എങ്കിലും, വിളംബംവിനാ, അന്യായമായ നിയന്ത്രണങ്ങളെല്ലാം പിൻവലിക്കപ്പെടുകയാൽ, കത്തോലിക്കസ്കൂളിൽത്തന്നെ അദ്ധ്യയനം തുടരുവാൻ ഒക്കോണലിനു സൗകര്യം ലഭിച്ചു. നിയമപഠനത്തിനു വിദേശത്തേക്കു പോകേണ്ടിവന്നുവെങ്കിലും തന്റെ കത്തോലിക്കവിശ്വാസത്തെ പരസ്യമായി പ്രഖ്യാപിച്ചുകൊണ്ടുതന്നെ സ്വദേശത്തു് അഭിഭാഷകവൃത്തി ആരംഭിക്കുക അദ്ദേഹത്തിനു സാധ്യമായി. നിയമത്തെ അക്ഷരാർത്ഥത്തിൽ പാലിക്കുകയും അതേസമയം, അതിന്റെ ഉദ്ദേശ്യത്തെ വിഫലമാക്കുകയും ചെയ്യേണ്ടതെങ്ങനെയെന്ന് ഈ അഭിഭാഷകനു് അറിയാമായിരുന്നു. ഇതു്, ബ്രിട്ടീഷ് ഗവൺമെന്റിനെതിരായുള്ള സമരത്തിൽ ഐറിഷ് ജനതയെ നയിക്കുന്നതിനുവേണ്ട സാങ്കേതിക പരിശീലനമായി കരുതാവുന്നതാണ്. എന്തുകൊണ്ടെന്നാൽ, രാഷ്ട്രനീതി ആളുകളെ ജയിലിലടയ്ക്കുന്നതും പ്രസ്ഥാനങ്ങളെ നിരോധിക്കുന്നതുമൊക്കെ, നിയമത്തെ അതി

ന്റെ ആന്തരികോദ്ദേശ്യത്തിൽ പരാജയപ്പെടുത്തുന്നവരെ എന്നതിനെക്കാൾ, അക്ഷരാർത്ഥത്തിൽ ലംഘിക്കുന്നവരെയാണല്ലോ. നിയമത്തെ അനുസരിച്ചുകൊണ്ടുതന്നെ നിയമലംഘനംചെയ്യുക, ഒക്കോണലിന്റെ സ്വാതന്ത്ര്യസമരത്തിൽ അതിപ്രധാനമായ ഒരു നയമായിരുന്നു. 1875-ൽ ഒക്കോണലിന്റെ ജനനത്തിന്റെ ശതാബ്ദജൂബിലി ഘോഷിക്കുന്നതിൽ പങ്കെടുക്കുവാൻ ക്ഷണിക്കപ്പെട്ട ലൂയി വൂലോ ഈ നയത്തെക്കുറിച്ച് ഇപ്രകാരം പ്രസ്താവിച്ചു: "എപ്പോഴും അനുസരിക്കുകയും നിങ്ങൾ അനുസരിക്കുന്നവരോടുതന്നെ എപ്പോഴും സമരത്തിലായിരിക്കുകയും ചെയ്യുക, സദാ പ്രക്ഷോഭണംനടത്തുകയും എന്നാൽ, ഒരിക്കലും നിയമപരിധി വിട്ട പോകാതിരിക്കുകയും ചെയ്യുക. ഇതാണ് ഭ്രഗർഭാലയങ്ങളിലെ നിയമം; ഇതാണ മഹാനായ ഒക്കോണൽ നമുക്കായി വീണ്ടും നേടിത്തന്നിരിക്കുന്നതും."

ഡാനിയൽ ഒക്കോണലിന്റെ സ്വഭാവഗതി, അദ്ദേഹം നിവ്വഹിക്കേണ്ടിയിരുന്ന കർത്തവ്യത്തിനു സർവഥാ യോജിച്ചതായിരുന്നുവെന്നു പറയാം. സമരം നടത്തുക അദ്ദേഹത്തിന് എപ്പോഴും പ്രിയങ്കരമായിരുന്നു. വഴക്കിനും വക്കാണത്തിനുമുള്ള അവസരങ്ങളൊന്നും അദ്ദേഹം വെറുതെ വിട്ടിട്ടില്ല. കലഹം കൂട്ടുക, ഇടതടവില്ലാതെ സംസാരിക്കുക, വാഗ്വാദത്തിലേർപ്പെടുക, ഇതെല്ലാം അദ്ദേഹത്തിനു സ്വാഭാവികമായിരുന്നു. പില്ക്കാലത്ത് ഐറിഷ് ജനതയിൽനിന്നു ലഭിച്ച "സ്വാതന്ത്ര്യസമ്പാദകൻ" എന്ന പേരുപോലെ, അന്ന് ഇംഗ്ലീഷ്കാരുടെയിടയിൽ "പ്രക്ഷോഭകാരി" എന്ന പേരു ഒക്കോണലിനു സംസിദ്ധമാകുവാൻ ഈ സ്വഭാവഗതികാരണമായി. എന്നാൽ, അദ്ദേഹം വെറുമൊരു സ്വാതന്ത്ര്യസമ്പാദകനോ വെറുമൊരു പ്രക്ഷോഭകാരിയോ അല്ലായിരുന്നു. അദ്ദേഹം ബഹളമുണ്ടാക്കു

ന്ന ഒരു നേതാവുമാത്രവുമായിരുന്നില്ല. ഇംഗ്ലീഷ് കാരെ ഗതിമുട്ടിച്ചു സ്വാതന്ത്ര്യം പിടിച്ചുവാങ്ങിയ ഒരു നേതാവാണദ്ദേഹം. ഒക്കോണലിന്റെ ഏറ്റവും വലിയ പ്രശസ്തി, തന്റെ പ്രക്ഷോഭണത്തെ, നിയമത്തിന്റെ പരിധിക്കുള്ളിൽ ഒതുക്കിനിറുത്തി, പ്രശാന്തമായി നയിച്ചു എന്നതിലാണ്. മർക്കരായ ഭരണാധികാരികൾക്കെതിരായി അനേകലക്ഷം ജനങ്ങളെ അണിനിരത്തി വിജയപൂർവ്വം സമരം ചെയ്യിക്കുക നിസ്സാരമായ ഒരു കാര്യമല്ല. വ്യക്തികളുടെയും ജനസമൂഹങ്ങളുടെയും വികാരങ്ങളെ ചൂടുപിടിപ്പിക്കുകയും, അതേസമയം, പ്രക്ഷോഭണത്തെ നിയമത്തിന്റെയും പ്രശാന്തതയുടേയും പരിധിവിടാതെ പിടിച്ചുനിറുത്തുകയും ചെയ്യുവാൻ സാധിക്കത്തക്കവിധം ജനങ്ങളുടെമേൽ അത്രവലിയ സ്വാധീനശക്തി പ്രയോഗിക്കാൻ ഒക്കോണലിനുമാത്രമേ കഴിഞ്ഞിട്ടുള്ളൂ. മുമ്പുനടന്നിട്ടുള്ള പ്രക്ഷോഭണങ്ങളെല്ലാം, ഐറിഷ് ജനതയുടെ ഭാഗധേയത്തെ മെച്ചപ്പെടുത്തുന്നതിനു കഴിയാതെ പരാജയമടയുവാൻ കാരണം, വിവേകരഹിതമായ ബലപ്രയോഗത്തിനും രക്തച്ചൊരിച്ചിലിനും അവ ഹേതുവായി എന്നതാണ്. ഒക്കോണലാകട്ടെ തന്റെ പ്രക്ഷോഭണത്തെ, രക്തച്ചൊരിച്ചിലിനു ഇടകൊടുക്കാതെ, നയതന്ത്രതയോടെ നയിച്ചു. അദ്ദേഹത്തിനുമാത്രം സാധിച്ചിട്ടുള്ള ഒരു മഹനീയ കൃത്യമാണിത്.

ഐർലണ്ടിന്റെ കഴിഞ്ഞകാലങ്ങളിലേ കഷ്ടതകളിൽനിന്ന് ഒക്കോണൽ പറിച്ചു, എത്ര മേൽപ്പെട്ട രാഷ്ട്രീയ പരിവർത്തനത്തിനുവേണ്ടിയും മനുഷ്യരക്തം ഒരു തുള്ളിപോലും ചിന്തുക വിഹിതമല്ലെന്ന്. 1798-ൽ ഐറിഷ് ജനതയുടെ രക്തം ഒഴുകുന്നതു അദ്ദേഹം ദർശിച്ചതാണ്. മനുഷ്യജീവിതത്തേയും മനുഷ്യമഹാത്മ്യത്തേയുംകുറിച്ചു അദ്ദേഹത്തിനുണ്ടായിരുന്ന മതിപ്പു

അനുവദിച്ചില്ല, ക്രൂരതൽ രക്തം ചിന്തപ്പെടുന്നതിനു മുമ്പ് നിലയ്ക്കുവാൻ. അയർലണ്ടിനു സ്വാതന്ത്ര്യം നേടിക്കൊടുത്തു എന്നതിനേക്കാൾ, ബലപ്രയോഗമോ രക്തച്ചൊരിച്ചിലോ ക്രൂരതയോ, സ്വാതന്ത്ര്യപഥത്തിൽ ചെന്നെത്തി എന്നതാണ് അദ്ദേഹത്തിന്റെ മഹത്തായ നേട്ടം. ബ്രിട്ടീഷ് പാർലിമെൻറിൽനിന്നു സ്വാതന്ത്ര്യത്തീർപ്പു കരസ്ഥമാക്കുവാൻ എന്നതിനെക്കാൾ, പ്രൊട്ടസ്റ്റൻറുകാരായ പോലീസുകാരുടെ തല തല്ലിപ്പൊളിക്കുന്നതിനിടവരാത്തവിധം കത്തോലിക്കരായ തന്റെ അനുഗാമികളെ പിടിച്ചുനിറുത്തുവാനാണ് അദ്ദേഹം ക്രൂരതൽ പ്രയത്നിക്കേണ്ടിവന്നതു്. കത്തോലിക്കരായ സ്വന്തം നാട്ടുകാരെ ബ്രിട്ടീഷ് പാർലിമെൻറിൽ കയറ്റി എന്നതിനെക്കാൾ, അവരെ സദാ നിയന്ത്രണത്തിൽ നിറുത്തി എന്നതാണ് അദ്ദേഹത്തിനു ക്രൂരതൽ പ്രശംസാർഹമായിരിക്കുന്നതു്. അങ്ങനെ, ഒക്കോണലിന്റെ സമാധാനപൂർവ്വകമായ ആ പ്രക്ഷോഭണം — വിപ്ലവം — അതേ കാലത്തുതന്നെ നടന്ന രക്തപങ്കിലമായ ഫ്രഞ്ചുവിപ്ലവത്തെ എത്രകണ്ടു് അധ:കരിച്ചിരിക്കുന്നു!

തന്റെ സമരം പ്രജാധിപത്യപരമാക്കി എന്നതിലും ഒക്കോണൽ അദ്വിതീയനായ നേതാവാണു്. അന്നത്തെ പതിവു് മേൽക്കിടക്കാരെ ആശ്രയിക്കുക എന്നതായിരുന്നു. അതദ്ദേഹം ചെയ്തില്ല. ഏറ്റവും താഴ്ന്നവർഗ്ഗക്കാരെന്നു മുദ്രയടിക്കപ്പെട്ടിരുന്നവരെ — നാല്പതുഷില്ലിംഗു സമ്പാദ്യക്കാരെ — യാണ് പോളിംഗ് ബൂത്തിലേക്കു് അദ്ദേഹം നയിച്ചതു്. അതിനാൽ, ചരിത്രം സൃഷ്ടിച്ച ഒരു സംഭവമാണു് അദ്ദേഹത്തിന്റെ സമരം. ശക്തനും തീക്ഷ്ണമതിയുമായ ഒരു നേതാവായിരുന്നുവെങ്കിലും വെറും കൗതുകത്തിനുവേണ്ടി സമരം ചെയ്യുന്നതിനുള്ള പ്രലോഭനത്തെ അദ്ദേഹം നിയന്ത്രിച്ചിരുന്നു. സ്വന്തം തീവ്രവികാരങ്ങളേയും അനുയായി

കളുടെ എട്ടത്തുചാട്ടങ്ങളേയും എപ്പോഴും നിയന്ത്രണാധീനമാക്കിക്കൊണ്ടു ഉദ്ദിഷ്ടലക്ഷ്യത്തിൽ ചെന്നൊത്തുവാൻവേണ്ട ആജ്ഞാശക്തി ഒക്കോണലിനുണ്ടായിരുന്നു. തന്നിമിത്തം, അദ്ദേഹം ഒരു ബുദ്ധിമാനായിരുന്നുവെന്നുമാത്രം പറഞ്ഞാൽ പോരാ; കൗശലശാലിയായ ഒരു രാഷ്ട്രതന്ത്രജ്ഞൻകൂടെ ആയിരുന്നുവെന്നു സമ്മതിക്കുകതന്നെവേണം. അദ്ദേഹം ആധുനികകാലത്തിനു യോജിച്ച ഉത്തമനായ ഒരു രാഷ്ട്രീയ നേതാവായിരുന്നു; സംശയമില്ല.

ഇംഗ്ലീഷ്കാരനുള്ള എല്ലാ രാഷ്ട്രീയാനുകൂല്യങ്ങൾക്കും, ഗ്രേറ്റ്ബ്രിട്ടനിലെ പൗരൻ എന്നനിലയിൽ ഐറിഷ്കാരനും അവകാശമുണ്ട് എന്ന വിശ്വാസത്തെ ആസ്പദമാക്കിയാണ് ഒക്കോണൽ പ്രക്ഷോഭണം ആരംഭിച്ചതു്. മാത്രമല്ല, മതവിശ്വാസം നിമിത്തം ഒരാളുടെയും രാഷ്ട്രീയമോ സാമ്പത്തികമോ ആയ അവകാശങ്ങൾക്ക് അല്പംപോലും വിഘ്നം നേരിടാൻ അനുവദിക്കരുതു് എന്നായിരുന്നു അദ്ദേഹത്തിന്റെ ദൃഢമായ അഭിപ്രായം. ഇതു് അനേകം പ്രാവശ്യം തന്റെ പ്രസംഗങ്ങളിൽ അദ്ദേഹം വ്യക്തമാക്കിയിട്ടുമുണ്ട്. ഇതിന്റെ അർത്ഥം, ഒരു ആംഗ്ലിക്കൻ സഭാംഗത്തിനുള്ള ആനുകൂല്യങ്ങൾ ഈഷൽഭേദംകൂടാതെ ഒരു കത്തോലിക്കനും കിട്ടണമെന്നും തന്റെ പൂർവ്വികന്മാരുടെ വിശ്വാസം അംഗീകരിച്ചതുനിമിത്തം അയാൾ യാതൊരുവിധത്തിലും ശിക്ഷിക്കപ്പെടരുതെന്നും മാത്രമാണ്. കത്തോലിക്കർക്കുവേണ്ടി ഒക്കോണൽ അവകാശപ്പെട്ട ഈ ആനുകൂല്യം ഇതരമതാനുയായികൾക്കും അനുവദിച്ചുകൊടുക്കുവാൻ അദ്ദേഹം സന്നദ്ധനായിരുന്നു. എന്തുകൊണ്ടെന്നാൽ, ശതാബ്ദങ്ങളായി ഇംഗ്ലീഷ്കാർ ഐറിഷ് കത്തോലിക്കരോടു അനുവർത്തി

ച്ചപോന്ന തരത്തിലുള്ള മർദ്ദനനയത്തിൽ അദ്ദേഹത്തിന് ഒട്ടുംതന്നെ വിശ്വാസമുണ്ടായിരുന്നില്ല. കഥാനായകൻ ഒരിക്കൽ പ്രസ്താവിച്ചു: മതവിശ്വാസത്തിലുള്ള തെറ്റുകളെ ആയുധമാക്കി അന്യമതസ്ഥരെ മർദ്ദിക്കുക എന്നതിനെക്കാൾ അക്രൈസ്തവമായി ഒന്നുമില്ല. അതിനെക്കാൾ ബുദ്ധിശൂന്യമായ ഒരു കൃത്യം ചിന്ത്യവുമല്ല. മർദ്ദനം ഒരുവനെ കപടഭക്തനാക്കിയേക്കാം; എന്നാൽ, ഒരിക്കലും ഹൃദയപരിവർത്തനം കൈവരുത്തുകയില്ല."

മഹാനായ ഈ സ്വാതന്ത്ര്യവാദി പലപ്പോഴും പറയാറുണ്ടായിരുന്നു, താൻ രാജ്യഭക്തനായ ഒരു ബ്രിട്ടീഷ് പ്രജയാണെന്ന്; സ്റ്റുവർട്ട്സ്* കളെ പരാജയപ്പെടുത്തി ബ്രിട്ടീഷ് ജനതയ്ക്കു, പൗരാവകാശങ്ങൾ (Bill of rights) സമ്പാദിക്കുവാൻവേണ്ടി ആ മഹനീയ വിപ്ലവം നടത്തിയവരെപ്പോലെതന്നെ വിശ്വസ്തനായ ഒരു പൗരനാണ് താനെന്ന അദ്ദേഹം അഭിമാനംകൊണ്ടിരുന്നു. ഒരു വിശ്വസ്തപൗരനെന്ന നിലയിൽ തനിക്കു ലഭിക്കേണ്ട അവകാശങ്ങൾക്കായി മാത്രമാണ താൻ വാദിക്കുന്നതെന്നും, ഇംഗ്ലീഷ് രാജ്യനിയമങ്ങളനുസരിച്ചു തന്നിൽ നിക്ഷിപ്തമായിരിക്കുന്ന ചുമതലകളെ കർത്തവ്യബോധത്തോടുകൂടെ നിർവ്വഹിക്കുന്നതിനുള്ള സന്ദർഭസൗകര്യങ്ങൾ ലഭിക്കണമെന്നേ താൻ ആഗ്രഹിക്കുന്നു

---

*ഇംഗ്ലണ്ടിലെ എലിസബത്തു രാജ്ഞിയുടെ ശേഷം കുറെകാലം രാജ്യം ഭരിച്ചിരുന്നതു സ്റ്റുവർട്ട്വംശത്തിൽപെട്ട രാജാക്കന്മാരായിരുന്നു. ഇതിലെ ആദ്യത്തെ രാജാവു ജെയിംസ്സ് ഒന്നാമനായിരുന്നു. ഇദ്ദേഹത്തിന്റെയും പുത്രന്മാരുടെയും സ്വേച്ഛാധികാരപ്രമത്തതക്കെതിരായി പാർലിമെൻറ് മത്സരം നടത്തി. അഭ്യന്തരയുദ്ധത്തിൽ കലാശിച്ചു. ചാർൾസ് രാജാവിനെ സിംഹാസനത്തിൽ നിന്നോടിച്ചു അദ്ദേഹത്തെ പാർലിമെൻറ് വിസ്തരിച്ചു വധിച്ചു. അങ്ങനെ പാർലിമെൻറിന്റെ അധികാരം ആദ്യമായി സ്ഥാപിച്ചു.

ള്ളുവെന്നും അദ്ദേഹം വ്യക്തമാക്കി. ഒക്കോണലിന്റെ ഈ നിലപാടാണു ഇംഗ്ലീഷ് കാക്കു നില്ക്കക്കള്ളിയില്ലാതാക്കിയതു്. തങ്ങൾ ന്യായപൂർവ്വമെന്നു കരുതി, കഠിനസമരം നടത്തി നേടിയ അതേ അവകാശങ്ങൾക്കുവേണ്ടിയാണു ഒക്കോണലും പ്രക്ഷോഭണം നയിക്കുന്നതു് എന്ന യാഥാർത്ഥ്യം അവക്കു് ഒരു മനഃശ്ശല്യംതന്നെ ആയി പരിണമിച്ചു. ആ അവകാശങ്ങൾ മാത്രമേ അദ്ദേഹം ചോദിച്ചുള്ളൂ. എന്നാൽ, അദ്ദേഹം ആവശ്യപ്പെട്ടതിച്ചു ചോദിച്ചു; ശബ്ദമുയർത്തിച്ചോദിച്ചു. ആധുനിക ചരിത്രത്തിൽ ഒക്കോണലാണു് ആദ്യത്തെ യഥാർത്ഥ പ്രജാധിപത്യവാദി. ഒരോ പൗരനും, അവന്റെ മതം എന്തായാലും, രാഷ്ട്രത്തിന്റെ ഭരണനിർവ്വഹണത്തിൽ പങ്കുപറ്റുവാൻ അവകാശമുണ്ടെന്നു് അദ്ദേഹം സമർത്ഥിച്ചു.

ഇതുപോലെതന്നെ, ഒക്കോണലിന്റെ ലക്ഷ്യങ്ങളോരോന്നും പ്രജാധിപത്യപരമായിരുന്നു. മേൽപ്രസ്താവിച്ചു കഴിഞ്ഞതുപോലെ, അദ്ദേഹത്തിന്റെ ഒന്നാമത്തെ ലക്ഷ്യം കത്തോലിക്കർക്കു പാർലിമെൻറിലും രാഷ്ട്രത്തിലേ എല്ലാത്തരം ഉദ്യോഗങ്ങളിലും പ്രവേശിക്കുന്നതിനുള്ള അവകാശം സമ്പാദിക്കുകയായിരുന്നു. പ്രജാധിപത്യത്തെ അനുകൂലിക്കുന്ന ഏതൊരാൾക്കും സമ്മതമാണു് ഈ ലക്ഷ്യം. ഒക്കോണലിന്റെ രണ്ടാമത്തെ ലക്ഷ്യം യൂണിയൻ ആക്ട് റദ്ദു ചെയ്യിച്ചു്, അയർലണ്ടിനു പ്രത്യേകം പാർലിമെൻറു് അനുവദിപ്പിച്ചു സ്വയം ഭരണത്തിനു സാദ്ധ്യത കൈവരുത്തുകയായിരുന്നു. പതിനാറാം ശതകത്തിൽ— ടെലിഗ്രാഫിന്റേയും റെയിൽവേയുടേയും ആവിർഭാവത്തിനുമുമ്പു് — രാഷ്ട്ര കേന്ദ്രീകരണത്തിനു സൗകര്യങ്ങൾ കുറവായിരുന്നതിനാൽ, അതതു സംസ്ഥാനങ്ങളുടെ നിയന്ത്രണം അതതു രാ

ജ്ഞങ്ങളിൽ ആയിരിക്കുക ഒരു സ്വതന്ത്ര രാഷ്ട്രത്തിനു അനുപേക്ഷണീയമായി പരിഗണിക്കപ്പെട്ടിരുന്നു. സാദ്ധ്യതയുള്ളിടങ്ങളിലെല്ലാം അനുകരിക്കേണ്ട ബുദ്ധിപൂർവ്വകമായ നയമായി ഇതു സ്വീകരിക്കപ്പെട്ടിട്ടുള്ളതുമാണ്. ഐർലണ്ടിലേ ഭൂനയത്തേയും സഭാ ഭരണവ്യവസ്ഥകളേയും, സർവ്വോപരി, ഐറിഷ് ജനതയുടെ ഹൃദയത്തേയും മനസ്സിനേയുംകുറിച്ചു ശരിയായ ജ്ഞാനം സിദ്ധിച്ചിട്ടില്ലാത്ത ബ്രിട്ടീഷ് പാർലിമെൻറിനെയോ ലണ്ടനിലേ ഏതാനും മന്ത്രിമാരെയോകാൾ ഐർലണ്ടിനെ ഭരിക്കുവാൻ കൂടുതൽ പര്യാപ്തർ ഐറിഷ് ജനപ്രതിനിധികളും തന്നെയാണ് എന്നുള്ള അനിഷേധ്യമായ വാസ്തവത്തെ ആസ്പദമാക്കിയായിരുന്നു, സ്വയം ഭരണത്തിനുവേണ്ടിയുള്ള ഒക്കോണലിൻെറ വാദം. ഐർലണ്ടിനെ ഐറിഷ് ജനതയ്ക്കേ ശരിക്കറിഞ്ഞുകൂടൂ എന്നു യാഥാർത്ഥ്യത്തെ അദ്ദേഹം ദൃഢവ്രതത്തോടേ മുറുകെപ്പിടിച്ചു.

ഒക്കോണലിൻെറ മൂന്നാമത്തേ ലക്ഷ്യം ഐർലണ്ടിലേ ആംഗ്ലിക്കൻ സഭയെ രാഷ്ട്രത്തിൽനിന്നു വേർതിരിക്കുകയായിരുന്നു. പ്രജാധിപത്യത്തിൻേറയും സ്വാഭാവിക നീതിയുടേയും പേരിലാണ് ഈ വിഷയത്തിലും അദ്ദേഹം വാദിച്ചതു്. ഐർലണ്ടിൽ പത്തിനൊന്നു വീതമേ ആംഗ്ലിക്കന്മാരുണ്ടായിരുന്നുള്ളുവെങ്കിലും, ആ പത്തുപേരും, ഐർലണ്ടിലേ ഔദ്യോഗിക സഭയായി പ്രഖ്യാപിക്കപ്പെട്ടിരുന്ന ആംഗ്ലിക്കൻ സഭയ്ക്കുവേണ്ടി ധനസഹായം ചെയ്യേണ്ടിയിരുന്നു. അങ്ങനെ, ആദായത്തിൽ ദശാംശംകൊടുത്തു്, നാല്പതുമെത്രാപ്പോലീത്താമാരുടേയും പതിനെട്ടുമെത്രാന്മാരുടേയും അനേകായിരം ഇടവകവികാരിമാരുടേയും സംരക്ഷണം നിർവ്വഹിക്കുക, മിക്കവാറും നിർദ്ധനരാക്കപ്പെട്ട ഐറിഷ് കർഷകരുടെ കർത്തവ്യമായിത്തീർന്നു. ഈ ഉദ്യോഗങ്ങളിൽ മിക്കവയും വെറും ആഡംബരത്തിനുവേണ്ടി മാത്രമുള്ളവയു

മായിരുന്നു. ആംഗ്ലിക്കൻ സഭയെ രാഷ്ട്രത്തിൽനിന്നു വേർപെടുത്തുന്ന പക്ഷം, അതിനെസംരക്ഷിക്കുക എന്ന ചുമതല ആംഗ്ലിക്കന്മാരുടെ തോളിൽത്തന്നെ അവശേഷിക്കും; ഐറിഷ് ജനതയ്ക്കു തങ്ങളുടെ സ്വന്തം സഭയെ സഹായിക്കുവാൻ കൂടുതൽ സൗകര്യം ലഭിക്കുകയും ചെയ്യും.

മേൽപ്പറഞ്ഞവയായിരുന്നു കഥാനായകന്റെ ലക്ഷ്യങ്ങൾ, എല്ലാം പ്രജാധിപത്യതത്ത്വങ്ങൾക്കനുസൃതം; എല്ലാം പുരോഗമനപരം. സ്വാതന്ത്ര്യം പ്രാപിക്കുക, നിയമങ്ങൾ റദ്ദുചെയ്യിക്കുക, സഭയെ രാഷ്ട്രത്തിൽനിന്നു വേർതിരിക്കുക — ഇവ മൂന്നും പ്രജാധിപത്യപരമായ മാർഗ്ഗങ്ങളിലൂടെത്തന്നെ സാധിക്കാമെന്ന് അദ്ദേഹം പ്രത്യാശിച്ചു. സമാധാനപൂർവ്വകമായ പ്രക്ഷോഭണമാണ് അതിനുള്ള ഏകോപായം എന്നും അദ്ദേഹത്തിനു നിശ്ചയമുണ്ടായിരുന്നു. ഡബ്ളിനിലെ "പൊളിറ്റിക്കൽ യൂണിയ"നെ അദ്ദേഹം ഉൽബോധിപ്പിച്ചു: "പ്രക്ഷോഭണം, പ്രക്ഷോഭണം, പ്രക്ഷോഭണം! എന്നാൽ, സമാധാനപരവും നിയമാനുസൃതവും വ്യവസ്ഥാപിതവുമായിരിക്കട്ടെ നമ്മുടെ പ്രക്ഷോഭണം! അതേസമയം അതു സുസ്ഥിരവും നിരന്തരവും സുനിശ്ചിതവുമായിരിക്കണം." പ്രക്ഷോഭണത്തിനു ജനങ്ങളെ ഇളക്കിവിടുക എളുപ്പമായിരുന്നു. എന്നാൽ, പ്രക്ഷുബ്ധമായിക്കഴിഞ്ഞ ജനതതിയെ സമാധാനസ്നേഹികളും നിയമവിധേയരുമാക്കിനിറുത്തുക അതീവ ശ്രമകരമായിത്തീരുകയാണ് ഒക്കോണലിന് അനുഭവപ്പെട്ടത്. ചിലചെറുപ്പക്കാർ "മുട്ടുവരെ താഴുന്ന രക്തത്തിൽ നിന്നുകൊണ്ടുപോലും കത്തോലിക്കസഭയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി യുദ്ധം ചെയ്യുവാൻ കൃതപ്രതിജ്ഞരായിരുന്നു"വെന്നു പറയപ്പെടുന്നു. യുവസഹജമായ ഇത്തരം എടുത്തുചാട്ടങ്ങളെയാണ് ഒക്കോണലിനു തടഞ്ഞു നിറുത്തേണ്ടിയിരു

ന്നത്. തന്റെ ഉദ്യമങ്ങളുടെ വിജയത്തിന്, ഇത്തരം പെരുപ്പക്കാരെ സമാധാനസ്നേഹികളാക്കുക അത്യന്താപേക്ഷിതമായിരുന്നതാണും.

പ്രക്ഷോഭണം ആ സമരതന്ത്രജ്ഞന്റെ ആയുധങ്ങളിൽ ഒന്നുമാത്രമേ ആയിരുന്നുള്ളൂ. മഹായോഗങ്ങൾകൂടി പൊതുജനാഭിപ്രായം പ്രകടമാക്കുക എന്നതായിരുന്ന മറെറാരായുധം. തന്റെ വാദങ്ങളെ ഐറിഷ് ജനത ഒന്നാകെ പിന്താങ്ങുന്നുവെന്നും, 1793-ലേ രഞ്ജകനടപടികളും 1800-ലേ "യൂണിയൻ ആക്ടും" ഒരു ചെറിയ ന്യൂനപക്ഷത്തിനുമാത്രമേ സ്വാഗതാർഹമാകുന്നുള്ളുവെന്നും പ്രസ്പഷ്ടമാക്കുവാൻ ഈ പൊതുയോഗങ്ങൾ ഉപകരിച്ചു. ഇത്തരം മഹാസമ്മേളനങ്ങളിൽ പ്രസംഗിക്കുവാൻ ഒക്കോണൽ പ്രദർശിപ്പിച്ച ഉത്സാഹം ഒന്നുവേറെതന്നെയായിരുന്നു. അത്തരം സന്ദർഭങ്ങളിലാണ് അദ്ദേഹത്തിന്റെ തനിനിറം നാം കാണുക. ജനസമൂഹങ്ങളോട് അവരുടെ പിന്തുണ അദ്ദേഹം അഭ്യർത്ഥിച്ചു; സന്നദ്ധതയോടെ അവരത് നല്കി. അദ്ദേഹമായിരുന്നല്ലോ അവരുടെ ഏക നേതാവ്. അസമത്വപരിഹാരത്തിനും സ്വാതന്ത്ര്യസമ്പാദനത്തിനുംവേണ്ടി ഒക്കോണൽ വാദിച്ചപ്പോൾ ഐർലണ്ടിലേ ബഹുലക്ഷങ്ങളുടെ സ്വരമാണ് ശ്രവ്യമായിരുന്നത്.

മെമ്മോറാണ്ടങ്ങൾ സമർപ്പിക്കുക എന്ന ആ ബ്രിട്ടീഷ് നയത്തേയും ഒക്കോണൽ അനുകരിക്കാതിരുന്നില്ല. യാഥാസ്ഥിതികന്മാരായ ചില നേതാക്കന്മാരുടെ എതിർപ്പിനെ അവഗണിച്ചുകൊണ്ട് അദ്ദേഹം അനവധി മെമ്മോറാണ്ടങ്ങൾ ബ്രിട്ടീഷ് രാജാവിനും പാർലിമെൻറിനും സമർപ്പിച്ചു. ഒറ്റയ്ക്കെടുത്തുനോക്കുമ്പോൾ ഒന്നും ഉദ്ദിഷ്ടമായ ഫലസിദ്ധിയിലെത്തിയില്ലെങ്കിലും, 'പല തുള്ളി പെരുവെള്ള'മെന്നതുപോലെ, ആ

കെക്കൂടി അവയ്ക്ക് പാർലിമെൻറംഗങ്ങളിൽ ശക്തി യേറിയ പ്രേരണ ചെലുത്തുവാൻ കഴിഞ്ഞു. തൽഫല മായി, 1829 ആയപ്പോഴേക്കും സാമാജികന്മാരിൽ ഭൂരിപക്ഷത്തിനും സ്വാതന്ത്ര്യദാനത്തെ സംബന്ധിച്ചിട ത്തോളം അനുകൂല മനോഭാവം ഉണ്ടായിത്തുടങ്ങി. മെ മ്മോറാണ്ടങ്ങൾവഴി അഭ്യർത്ഥനകൾ പുറപ്പെടുവി ക്കുക ബ്രിട്ടീഷുകാരുടെ അവകാശമാണ് എന്നായിരുന്നു വയ്പ്. ഒരു മെമ്മോറാണ്ടം പ്രത്യക്ഷത്തിൽ നിഷ്ഫ ലമായിത്തോന്നിയാലും, പരോക്ഷമായി അതിനുള്ള പ്രേരകശക്തിയെ പ്രയോജനപ്പെടുത്തി അഭീഷ്ടങ്ങൾ സാധിക്കുന്ന ആംഗ്ലോ സാക്സന്മാരുടെ പരമ്പരാഗതമാ യ പതിവായിരുന്നു. ഇംഗ്ലീഷുകാർ തങ്ങളുടെ ഇംഗി തങ്ങൾ ജനപ്രതിനിധികൾവഴി പ്രകാശിപ്പിക്കുവാൻ സ്വീകരിച്ചിരുന്ന മാർഗ്ഗമിതാണ്. പ്രജാധിപത്യത്തി ന്റെ സാരാംശവും ഇതുതന്നെയാണല്ലോ.

ഒക്കോണലിന്റെ അവസാനത്തെ ലക്ഷ്യം, സ്വാ തന്ത്ര്യദാനത്തെ അനുകൂലിക്കുന്ന ജനപ്രതിനിധികൾക്കു ഐറിഷ് ജനതയുടെ വോട്ട് നൽകി പാർലിമെൻറിൽ മിത്രങ്ങളെ സമ്പാദിക്കുക എന്നതായിരുന്നു. 1793-ലെ വ്യവസ്ഥയനുസരിച്ച് നാല്പതു ഷില്ലിംഗുകാരായ കർഷ കർക്കു വോട്ടവകാശം ഉണ്ടായിരുന്നു. എന്നാൽ, രഹ സ്യ വോട്ടിംഗ് നടപ്പില്ലാതിരുന്ന അക്കാലത്ത് തങ്ങ ളുടെ ജന്മിമാക്ക് എതിരായി വോട്ട ചെയ്യുന്നപക്ഷം, കിടപ്പാടം നഷ്ടപ്പെടുമെന്ന ഭയപ്പെടേണ്ടിയിരുന്ന കുടിയാനവന്മാരെ സ്വതന്ത്രമായി വോട്ടചെയ്യിക്കുക അതിദുഷ്കരമായ ഒരു കൃത്യമായിരുന്നു. എങ്കിലും, ഒ ക്കോണൽ ഈ പ്രതിബന്ധത്തേയും തരണംചെയ്തു. അ ച്ചെറുകർഷകരിൽ വിശ്വാസം അർപ്പിച്ചുകൊണ്ട് അ ദ്ദേഹം അഭ്യർത്ഥിച്ചു, സ്വന്തം ഉദ്യമങ്ങളുടെ ന്യായ്യത യിൽ ദൃഢമായ അവബോധവും, തന്റെ അനുഗാമി

കളിൽ നിസ്സീമമായ പ്രത്യാശയും ഉള്ള ഒരു നേതാവിന്റെ ചങ്കുറപ്പോടെ അദ്ദേഹം അവരോട് അഭ്യർത്ഥിച്ചു, ധൈര്യസമേതം മുന്നോട്ടുവന്നു വോട്ടുചെയ്യുവാൻ. ആ ചെറുമനുഷ്യരോട് അദ്ദേഹം പറഞ്ഞു, അവരുടെ യജമാനന്മാരോളംതന്നെ വില അവർക്കുമുണ്ടെന്ന്. പ്രാധിപത്യത്തിന്റെ വീരോചിതമായ രംഗപ്രവേശമായിരുന്നു ഇത്. അതേ, ഒക്കോണലാണ്, ആളെണ്ണം കൊണ്ടു നേടാവുന്ന വിജയത്തിന്റെ വില ആധുനികലോകത്തിനു ആദ്യമായി കാണിച്ചുകൊടുത്തത്. അയർലണ്ടിലെ ആ ചെറിയ വ്യക്തികളിൽ പ്രത്യാശ സമർപ്പിക്കത്തക്ക ആത്മവിശ്വാസം ആ ജനകീയനേതാവിനുണ്ടായിരുന്നു. ആ പ്രത്യാശയ്ക്കു പ്രതിസമ്മാനം ലഭിക്കാതെയിരുന്നുമില്ല.

എന്നാൽ, അയർലണ്ട് ജനതയുടെ സംഖ്യാബലത്തിൽ ഒക്കോണൽ ആശ്രയിച്ചതു് അദ്ദേഹത്തിന്റെ വിദൂരവീക്ഷണത്തിന്റേയും സൂക്ഷ്മഗ്രാഹിതത്തിന്റേയും ഫലം മാത്രമാണെന്നു പറഞ്ഞുകൂടാ. അന്നു് അയർലണ്ടിലുണ്ടായിരുന്ന സ്വത്തുടമസ്ഥന്മാരുടെ കുത്തയാഥാസ്ഥിതികതാവും, സാധാരണ ജനങ്ങളുടെ പക്കലേക്കു പോകുവാൻ അദ്ദേഹത്തെ വളരെയധികം പ്രേരിപ്പിച്ചിട്ടുണ്ട്. ധനികവർഗ്ഗം എല്ലാത്തരം പ്രക്ഷോഭണങ്ങൾക്കും എതിരായിരുന്നു. കാരണം, അന്നവരെ പ്രക്ഷോഭണങ്ങൾ എല്ലാംതന്നെ രക്തം ചിന്തലിനും, രക്തം ചിന്തൽ പ്രതികാരത്തിലും മാത്രമേ വഴിതെളിച്ചിട്ടുള്ളൂ. പതിനെട്ടാംശതകത്തിലേ അന്ധകാരപൂർണ്ണമായ ഘട്ടങ്ങൾ തരണംചെയ്ത്, ക്രൈസ്തവ ആനുകൂല്യങ്ങൾ പ്രാപിച്ചുകഴിഞ്ഞിരിക്കുന്ന ഈ കാലസന്ധിയിൽ, പ്രക്ഷോഭണങ്ങളുണ്ടാക്കി, പ്രസൂത നേട്ടങ്ങളെ കളഞ്ഞുകുളിക്കുവാൻ അവർ തയ്യാറായിരുന്നില്ല. തന്നിമിത്തം, ഒക്കോണലിന്റെ പ്രക്ഷോഭണ പരിപാടികളിൽനിന്ന്

അവർ ഒഴിഞ്ഞുമാറിനിന്നു. കുറെക്കാലത്തേക്ക് ഐർലണ്ടിലെ പല മെത്രാന്മാരും അദ്ദേഹത്തിനു അനുകൂലമായ നിലപാടല്ല സ്വീകരിച്ചിരുന്നതു്. നിശ്ചിതവും വ്യവസ്ഥാപിതവുമായ ഉടമകളുടെ കാര്യസ്ഥന്മാർ എന്ന നിലയിൽ, അവർ യാഥാസ്ഥിതികപത്രത്തിലേക്കു ചാഞ്ചില്ലുള്ളവരായിരുന്നു. അതിനാൽ, ഒക്കോണലിന്റെ പ്രക്ഷോഭണാഹ്വാനങ്ങൾക്കു ചെവികൊടുക്കുന്നതിനുപകരം ഗവർമ്മെൻറിന്റെ രഞ്ജകനടപടികൾക്കും ഒത്തുതീർപ്പുകൾക്കും അവർ സ്വാഗതമരുളിവന്നു. ജയാപജയങ്ങളുടെ ഗതി സുനിശ്ചിതമായിത്തീർന്നതിനു ശേഷം മാത്രമേ— ഒക്കോണലിനെ ലാഘളത്തലവനായി പരിഗണിച്ചു് എതിർത്തുവന്ന ധനികവർഗ്ഗം പരാജിതമാകുമെന്നു സുവ്യക്തമായതിനുശേഷമേ— മെത്രാന്മാരുടെ അനുകൂല്യം അദ്ദേഹത്തിനു ലഭിച്ചുള്ളൂ. ഇങ്ങനെ സാഹചര്യങ്ങളുടെ സമ്മർദ്ദവും അദ്ദേഹത്തെ പ്രേരിപ്പിച്ചു, കർഷകജനതയെ പൂർണ്ണമായി ആശ്രയിക്കുവാൻ. ഇവരെ സംഘടിപ്പിച്ചു് ഒറ്റക്കെട്ടായി നിറുത്തിയെങ്കിൽ മാത്രമേ ഇവരെക്കൊണ്ടു എന്തെങ്കിലും നേടുവാൻ കഴിയുമായിരുന്നുള്ളൂ. അക്കാര്യത്തിൽ ഒക്കോണൽ വിജയം വരിക്കുകതന്നെ ചെയ്തു.

പതിനെട്ടാം ശതകത്തിലേ ഐറിഷ് കോഡിലുണ്ടായിരുന്ന പ്രതിക്രൂരനിയമങ്ങൾ നീക്കിക്കളയുവാൻ വിജയകരമായി പ്രയത്നിച്ച ഐറിഷ് നേതാക്കന്മാരുമായിട്ടായിരുന്നു ഒക്കോണലിന്റെ ആദ്യത്തെ സമരം. ഈ നേതാക്കന്മാരിൽ പ്രമുഖൻ ഡബ്ലിനിലേ ഒരു പ്രധാന വ്യാപാരിയായ ജോൺ കോഗ് (John keogh) ആയിരുന്നു. "അഭിമാനപൂർവ്വം മൗനം അവലംബിക്കുകയാണു വേണ്ടതു്" എന്നായിരുന്നു അദ്ദേഹത്തിന്റെ അഭിമതം. പ്രക്ഷോഭണങ്ങൾ നടത്തുകയും മെമ്മൊറാണ്ടങ്ങൾ സമർപ്പിക്കുകയും ചെയ്യുന്നതിൽനിന്നു് ഐറി

ഷ് ജനത വിരമിക്കണമെന്ന് അദ്ദേഹം വാദിച്ചു. എന്നാൽ, ജോൺ കോഗിന്റെ ന്യായവാദങ്ങളെ അധ:കരിക്കുന്നവയായിരുന്നു ഒക്കോണലിന്റെ യുക്തികൾ. അതിനാൽ, ഐർലണ്ടിലെ പൊതുജനങ്ങളുടെ വകയായി ഒരു മെമ്മോറാണ്ടം തയ്യാറാക്കുന്നതിനും 1804-ൽ ഉദ്യോഗത്തിൽ പ്രവേശിച്ച വില്യം പിറ്റിന് അതു സമർപ്പിക്കുന്നതിനും അദ്ദേഹത്തിനു സാധിച്ചു. അതിനെത്തുടർന്നു 1807-ൽ വേറൊരു മെമ്മോറാണ്ടം പാർലിമെൻറിനും സമർപ്പിക്കപ്പെട്ടു. ഒക്കോണലിന്റെ ഈ രണ്ടു വിജയങ്ങളും ജോൺകോഗിനെ രാഷ്ട്രീയ രംഗത്തുനിന്നു തിരോധാനം ചെയ്യിക്കുവാൻ ഇടവരുത്തി. 1810 ആയപ്പോഴേക്കും ഐറിഷ് ജനതയുടെ ഏകനേതാവു് ഒക്കോണൽതന്നെ ആയിരുന്നു.

സ്വാതന്ത്ര്യസമരത്തിന്റെ ആരംഭഘട്ടത്തിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒരു പ്രശ്നത്തെപ്പറ്റി ഐർലണ്ട് കത്തോലിക്കർ രണ്ടായി പിരിഞ്ഞിരുന്നു. ആ വിഷയം, മെത്രാന്മാരെ നിയമിക്കുന്നതിൽ മാർപ്പാപ്പയുടെ സ്വതന്ത്രാവകാശത്തെ നിയന്ത്രിക്കുന്ന രാഷ്ട്രത്തിന്റെ അധികാരത്തെ കുറിച്ചായിരുന്നു. ഇതിനാണ്, വീറോ (Veto) അധികാരമെന്നു സാധാരണ പറയാറുള്ളതു്. ഐർലണ്ടിലെ കത്തോലിക്കർക്കു കുറെയൊക്കെ രാഷ്ട്രീയ സ്വാതന്ത്ര്യം അനുവദിച്ചുകൊടുക്കുന്നതിനു പകരമായി ബ്രിട്ടീഷ് ഗവൺമെണ്ടു് മെത്രാന്മാരെ നിയമിക്കുന്നതിൽ, മറ്റു പല കത്തോലിക്കാ ഗവർമ്മെണ്ടുകൾക്കുമുണ്ടായിരുന്നപോലെ, വീറോയധികാരം ആവശ്യപ്പെട്ടു. അന്നത്തെ ഇംഗ്ലീഷ് പ്രധാനമന്ത്രിയായിരുന്ന പിറ്റ്, ഐർലണ്ടിലെ പൗരസ്വാതന്ത്ര്യത്തിനു ഒരു വിലയായി ബ്രിട്ടീഷ് ഗവർമ്മെണ്ടിന് ഈ അധികാരമാണു ആവശ്യപ്പെട്ടതു്. ഈ അധികാരം ഉപയോഗിച്ചു പ്രോട്ടസ്റ്റൻറ് ബ്രിട്ടീഷ് ഗവർമ്മെണ്ടിന്,

രാഷ്ട്രീയകാരണങ്ങളും പറഞ്ഞു മാർപ്പാപ്പാ ചെയ്യുന്ന സഭയിലെ ഉന്നതാധികാരികളുടെ നിയമനം റദ്ദ് ചെയ്യുവാൻ സാധിക്കുമായിരുന്നു. തത്വത്തിൽ ഈ അധികാരം ഈ പ്രോട്ടസ്റ്റണ്ട് ഗവർമ്മെണ്ടിനു കൊടുക്കുന്നതിൽ മെത്രാന്മാർക്കു വിരോധമുണ്ടായിരുന്നില്ല. അതിനവർ 1799-ലും 1808-ലും സമ്മതം മൂളിയതായിരുന്നു. പക്ഷേ, ഒക്കോണൽ ഈ നിലപാടിനെതിരായിരുന്നു. വീറോറാ അധികാരത്തെ അനുകൂലിച്ചവരെ അദ്ദേഹം രാഷ്ട്രാവശ്യകതകളുടെ പരിഹാരത്തിനുവേണ്ടി ഏതു തത്വവും ബലികഴിക്കുവാൻ സന്നദ്ധരായവരാണു എന്നു മുദ്രയടിച്ചു.

ഈ പ്രശ്നത്തിൽ യുവാവായ ഒക്കോണൽ ഏകാകിയായിരുന്നു. അതു അത്ഭുതവുമല്ലാ. അന്നത്തെ നിലപാടിൽ ഈ വീറോറാ അധികാരം അത്ര കൊള്ളരുതാത്തതായി പലരും ഗണിച്ചിരുന്നില്ലാ. ബ്രിട്ടീഷ് ഗവർമ്മേണ്ട് ആവശ്യപ്പെട്ട അധികാരം ഒരു നിവർത്തനാധികാരം മാത്രമായിരുന്നല്ലൊ. മാർപ്പാപ്പായുടെ നിയമനങ്ങളെ അംഗീകരിക്കുകയോ, അംഗീകരിക്കാതിരിക്കുകയോയെന്നതിൽ കവിഞ്ഞു എന്താണതിൽ ഉള്ളതു? ഫ്രാൻസിലും സ്പെയിനിലും ഇതിലും ക്രൂരതലല്ലെ, മെത്രാന്മാരുടെ നിയമനത്തിൽ രാഷ്ട്രീയത്തിനു കൊടുത്തിരുന്ന അധികാരാവകാശങ്ങളും? ഈ അധികാരം ബ്രിട്ടീഷ് ഗവർമ്മെണ്ടിനു കൊടുക്കുമെങ്കിൽ, ആ ഗവർമ്മെണ്ടു്, കത്തോലിക്കാ മെത്രാന്മാരെ സംരക്ഷിക്കുവാനുള്ള ഏർപ്പാടുകൾക്രൂടി ചെയ്യേക്കാമെന്നൊരു വാശാനവുംക്രൂടി ഉണ്ടായിരുന്നതു് ദാരിദ്ര്യത്തിൽ കഴിഞ്ഞിരുന്ന കത്തോലിക്കാസഭയ്ക്കു ഒരാശ്വാസംക്രൂടിയല്ലേ? അന്നത്തെ പല നേതാക്കൾക്കും ഈ ഒത്തുതീർപ്പു ന്യായമാണെന്നു തോന്നിയതിൽ എന്താണാശ്ചര്യം. പക്ഷേ, ഈ ഏർപ്പാടു് സഭാ കാര്യങ്ങളിൽ അതിനു

വേണ്ട പൂർണ്ണസ്വാതന്ത്ര്യം അടിയറവെക്കുകയാണെന്നുള്ള ഏക കാരണത്താൽ യുവാവായ ഒക്കോണൽ അതിനെ സർവ്വശക്തിയോടുംകൂടി എതിർത്തു.

ഈ കാര്യത്തിൽ ഒക്കോണലിനു എതിരായി നിന്നതു മെത്രാന്മാർ മാത്രമല്ല, മറ്റു പല പഴയ അൽമായ നേതാക്കളുമാണ് — ഹെൻറി ഗ്രാറ്റൻ, ഫീൻഗൽ പ്രഭുവും, ക്രൂടാതെ റിച്ചേഡ് ഷീലും ഒക്കോണലിനു എതിരായിരുന്നു. റോമയും ഒക്കോണലിന്റെ ഭാഗത്തല്ലായിരുന്നു. അക്കാലത്തു മാർപ്പാപ്പയെ നെപ്പോളിയൻ തടവുകാരനായി പാർപ്പിച്ചിരിക്കുകയായിരുന്നു. പകരം സഭാകാര്യങ്ങൾ നിയന്ത്രിച്ചിരുന്നതു മോൺ. ക്യോറൻദോത്തി തിരുമനസ്സാണ്. അദ്ദേഹം മെത്രാന്മാരെ ഉപദേശിച്ചതും ഈ ഒത്തുതീർപ്പിലെത്തുവാനായിരുന്നു. ഇതൊരു സഭാകാര്യമായിരുന്നില്ലെന്നു പ്രത്യേകം ഓർമ്മിക്കണം. ഇതു ഒരു രാഷ്ട്രീയ പ്രശ്നം മാത്രമെ ആയിരുന്നുള്ളൂ. അതുകൊണ്ട് ഒക്കോണൽ ഈ ഉപദേശത്തെയും രോഷപൂർവ്വം എതിർത്തു. "എന്റെ രാഷ്ട്രീയനയം റോമയോ, കോൺസ്റ്റാന്റനോപ്പോളയല്ല നിർണ്ണയിക്കേണ്ട"തെന്നു ഗർജ്ജിച്ചു ഒക്കോണൽ ഒരു വിപ്ലവത്തിന്റെ സീമവരെ വന്നുകഴിഞ്ഞു.

1815-ൽ ഒക്കോണലിന്റെ "വീറോ"യ്ക്കെതിരായുള്ള പ്രക്ഷോഭണത്തിനു കൂറെയൊക്കെ പ്രാബല്യം സിദ്ധിച്ചു. വിളംബംവിനാ, ഈ അധികാരനിയന്ത്രണത്തിലുള്ള പ്രതിഷേധം രേഖപ്പെടുത്തിയ ഒരു പെറ്റിഷൻ സമർപ്പിക്കുന്നതിന് ഒരു കമ്മിറ്റി ലണ്ടനിലേക്കു അയയ്ക്കപ്പെട്ടു. എങ്കിലും, 1823 വരെ വിജയ സാധ്യത ഒന്നും ദൃശ്യമായിരുന്നില്ല. ഈ പ്രശ്നം ഐറിഷ് ജനതയെ രണ്ടായി ഭിന്നിപ്പിച്ചു. ഈ ഭിന്നതനിമിത്തം ബ്രിട്ടീഷ് പാർലിമെൻറിൽനിന്നു യാതൊരു ആനുകൂ

ല്യവും സമ്പാദിക്കുവാൻ സാധിക്കാതെ വരുമെന്ന ഭീതി പലരേയും ബാധിച്ചുതുടങ്ങി. ഐർലണ്ടിലേ അത്മായ നേതാക്കന്മാർ എല്ലാംതന്നെ ഈ കുഴപ്പത്തിന്റെ ഉത്തരവാദിത്വം മുഴുവൻ ഒക്കോണലിലാണു ചുമത്തിയതു്. അദ്ദേഹമൊരു മക്കടമുഷ്ടിക്കാരനാണെന്നു് അവർ അപലപിച്ചു. എന്നാൽ, ഒക്കോണൽ ധൈര്യം കൈവെടിഞ്ഞില്ല. ക്രമേണ അദ്ദേഹത്തിനു മെത്രാന്മാരുടെ പിന്തുണ സമ്പാദിക്കുവാൻ സാധിച്ചു. ചെറുപ്പക്കാരായ മെത്രാന്മാരാണു് കൂടുതൽ അദ്ദേഹത്തിനു അനുകൂലരായി നിന്നതു്. ഐർലണ്ടിലേ കർഷകജനതയും അദ്ദേഹത്തിനു പിന്നിലുണ്ടായിരുന്നു. നേരത്തേതന്നെ വൈദഗ്ധ്യപൂർവ്വം അവരെ തന്റെ കൊടിക്കീഴിൽ അണിനിരത്തുകയാൽ, പ്രത്യാശാപൂർവ്വം അവരിൽ അദ്ദേഹത്തിനു് ആശ്രയിക്കാമായിരുന്നു.

1814 മുതൽ 1823 വരെയുള്ള കാലഘട്ടം ഒക്കോണലിനെ സംബന്ധിച്ചിടത്തോളം പൊതുവേ അന്ധകാരമയമായിരുന്നു. അദ്ദേഹത്തിന്റെ തീക്ഷ്ണസ്വഭാവം അദ്ദേഹത്തെകൊണ്ടുചെന്നുചാടിച്ച ഒന്നുരണ്ടു ഏടാകൂടങ്ങൾ, ഈ കാലയളവിനെ ഒന്നുകൂടെ ഇരുൾ തിങ്ങിയതാക്കി. ഇവയിൽ ആദ്യത്തേതു ജോൺമാഗി (John Magie) യുടെ വിസ്താരമാണു്. "ഡബ്ളിൻ ഈവെനിങ്ങ് പോസ്റ്റ്" എന്ന പത്രത്തിന്റെ അധിപരായിരുന്ന ജോൺമാഗി. അദ്ദേഹം തന്റെ പത്രത്തിൽ, ഐർലണ്ടിലേ വൈസ്രോയി ആയിരുന്ന റിച്ച്മോണ്ടി പ്രഭുവിനു് അപകീർത്തികരമായ ചില പ്രസ്താവനകൾ പ്രസിദ്ധീകരിച്ചു എന്നതാണു് കേസ്സിന്റെ വിഷയം. മാഗിയുടെ വക്കീൽ ഒക്കോണലായിരുന്നു. കേസ്സു വാദിക്കുവാൻ തുടങ്ങിയ അദ്ദേഹം, കേസ്സിന്റെ കാര്യമേ മറന്നിട്ടു്, ബ്രിട്ടീഷ് ഗവമ്മെന്റു നീതിനിഷ്പ്രഭണ വിഷയത്തിൽ ഐർലണ്ടിൽ കാണിക്കുന്ന ക്രമക്കേടുകളെ ശക്തി

യുക്തമായ ഭാഷയിൽ അപലപിച്ചു. ഇംഗ്ലീഷ് ചരിത്രകാരനായ ഡേവിസ് ഈ അപലപനത്തെക്കുറിച്ച് ഏറ്റവും മിതമായ ഭാഷയിൽ രേഖപ്പെടുത്തിയിരിക്കുന്നതു "ഒക്കോണൽ തദവസരത്തിൽ വിവേകത്തേക്കാൾ വികാരതീക്ഷ്ണതയാണു കൂടുതൽ പ്രത്യക്ഷമാക്കിയതു" എന്നത്രേ. അതിന്റെ ഫലമോ? മാഗിക്കു ഒരു കൊല്ലത്തെ തടവും അയ്യായിരം പവൻ പിഴയും. പിഴ ഒക്കോണൽതന്നെ ഖേദപൂർവ്വം നൽകി. മാഗി ഒരു കൊല്ലത്തേക്കു ജയിൽവാസം അനുഭവിക്കുകയുംചെയ്തു. മാത്രമല്ല, അയർലണ്ടിലേ കത്തോലിക്കാ പത്രങ്ങളെല്ലാം നിശ്ശബ്ദമാക്കപ്പെടുകയും, സ്വാതന്ത്ര്യസമരത്തെ നയിക്കുവാൻ സ്ഥാപിതമായ "കാതലിക്ക് ബോർഡി"ന്റെ പ്രവർത്തനങ്ങളും നിരോധിക്കപ്പെടുകയുമുണ്ടായി. ഇങ്ങനെ, ഒക്കോണൽ നാലുമണിക്കൂർ നേരത്തേക്കു വികാരതീക്ഷ്ണതയ്ക്കു വിധേയനായി, ഒരു വിപ്ലവകാരിയുടെ വേഷംകെട്ടിയതിനുള്ള ശിക്ഷ മാഗിയും സ്വാതന്ത്ര്യസമരപ്രസ്ഥാനവും അനുഭവിക്കേണ്ടിവന്നു.

ഒക്കോണൽ ചെന്നുചാടിയ രണ്ടാമത്തേ ഏടാകൂടം, ഒരു ദ്വന്ദ്വയുദ്ധത്തിനുള്ള വെല്ലുവിളി സ്വീകരിച്ചതാണ്. അയർലണ്ട് ജനതയുടെ നേതാവെന്ന നിലയിൽ, ഈ ദ്വന്ദ്വയുദ്ധം ഒഴിച്ചുവിടുക അസാധ്യമാകത്തക്ക സാഹചര്യങ്ങളിൽ അദ്ദേഹം നിർബന്ധനനായാണു ചെന്നെത്തിയെന്നതന്നെ പറയാം. 1815-ൽ ചെയ്ത ഒരു പ്രസംഗത്തിൽ, ഡബ്ലിനിലേ ഗവർമ്മെന്റു കോർപ്പൊറേഷൻ "ഭിക്ഷക്കാരുടെ കോർപ്പൊറേഷൻ" ആണെന്നു ഒക്കോണൽ തുറന്നു പ്രസ്താവിക്കുകയുണ്ടായി. ഈദ്ദശങ്ങളായ പ്രസ്താവങ്ങളും പലതും ഇതിനുമുമ്പും അദ്ദേഹത്തിൽനിന്നു പുറപ്പെട്ടിട്ടുള്ളതാണ്. ആരും അവയ്ക്കു വലിയ പ്രാധാന്യമൊന്നും നൽകിയിരുന്നില്ല. എന്നാൽ, ഇത്തവണ കോർപ്പൊറേഷനി

ലെ അംഗങ്ങളിൽ ഒരാളായ ഡി എസ്റ്റേറേ കപിത നായി, ഒരു കുതിരച്ചാട്ടയും കൈയിൽ പിടിച്ചുകൊണ്ട്, ഒക്കോണലിനെ അനേപഷിച്ചു ഡബ്ളിനിലെ തെരുവു കളിലേക്കിറങ്ങി. അയാളിൽനിന്ന് ഒഴിഞ്ഞുമാറുവാൻ കഥാനായകൻ കഴിയുന്നതും ശ്രമിച്ചു. എന്നാൽ, അ യാളം പരസ്യമായി ദ്വന്ദ്വയുദ്ധത്തിനു വെല്ലുവിളിച്ച പ്പോൾ, ഒക്കോണലിനു രംഗത്തിറങ്ങാതെ നിവൃത്തിയി ല്ലെന്നായി.

ദ്വന്ദ്വയുദ്ധത്തിൽ വിജയസാധ്യതകളെല്ലാം ഡി എസ്റ്റേറെയുടെ ഭാഗത്തുതന്നെ ആയിരുന്നു. എന്നാൽ, പ്രതീക്ഷയ്ക്കു വിരുദ്ധമായി, ഒക്കോണൽ പ്രതിയോഗി യെ വധിക്കുകയാണുണ്ടായതു്. ഈ ഭയാനകകൃത്യ ത്തെക്കുറിച്ചു് അദ്ദേഹം മരണംവരെ ദു:ഖിച്ചു. തന്റെ സമ്പാദ്യത്തിൽ പകുതി ഡി എസ്റ്റേറെയുടെ വിധവയ്ക്കു നൽകുവാൻ ഒക്കോണൽ സമ്മതിച്ചു. എന്നാൽ, അ വർ ഈ ദാനം തിരസ്കരിക്കുകതന്നെചെയ്തു. എങ്കിലും മുപ്പതുകൊല്ലത്തേക്കു അവരുടെ പുത്രിക്കു പെൻഷൻ കൊടുക്കുവാൻവേണ്ട ഏർപ്പാടുകളം അദ്ദേഹം ചെയ്തു. ഈ സംഭവത്തിനുശേഷം അധികനാളം കഴിയുന്നതിനു മുമ്പു് റോബർട്ട് പീൽ എന്നൊരാളം വീണ്ടുമൊരു ദ്വ ന്ദ്വയുദ്ധത്തിനു ഒക്കോണലിനെ വെല്ലുവിളിച്ചു. എ ന്നാൽ, ഈ വെല്ലുവിളിയും അനന്തരസംഭവവും ഒരു തമാശായിട്ടാണു കലാശിച്ചതു്. മിസ്സിസ് ഒക്കോണൽ തന്റെ ഭർത്താവിനെ ഒരു സമാധാനക്കരാറി (Peace bond) നെ ആസ്പദമാക്കി അറസ്റ്റ് ചെയ്യിച്ചു. ഇതിനെ തുടർന്നു ഇരുഭാഗക്കാരും തമ്മിൽ ചില വാദപ്രതിവാദ ങ്ങളം നടന്നു. ഒടുവിൽ പീൽ തന്റെ വെല്ലുവിളി പി ൻവലിക്കുകയും അതോടെ കാര്യം അവസാനിക്കുകയും ചെയ്തു. അന്നേ ഒക്കോണൽ ശപഥംചെയ്തു, ഇനിമേൽ,

യാതൊരു കാരണത്താലും, ഭാവിപ്രയത്നത്തിനുള്ള അവകാശം സ്വീകരിക്കുകയില്ലെന്ന്.

ഇരുപതു തിങ്ങിയ ഈ കാലഘട്ടം ഇങ്ങനെ നീണ്ടു പോയി. സ്വാതന്ത്ര്യലബ്ധി വിളംബിതമാകുന്നതിൽ, പലരും ഒക്കോണലിനെത്തന്നെയാണു കുറ്റപ്പെടുത്തിയതു്. "വീറോ" അധികാരത്തോടുള്ള അഭേദത്തിന്റെ എതിർപ്പു, ഇംഗ്ലണ്ടിലും അയർലണ്ടിലുമുള്ള പ്രോട്ടസ്റ്റന്റുകാർ യോജിക്കുന്നതിനിടവരുത്തിയെന്നും, അതു സ്വാതന്ത്ര്യലബ്ധിക്കു വലിയ പ്രതിബന്ധമാകുമെന്നുമുള്ള ആക്ഷേപങ്ങൾ പൊന്തിവന്നു. ബുദ്ധിപൂർവ്വകമായ ഒത്തുതീർപ്പുകൾക്കു വഴിപ്പെടാതെ, നേതൃവേഷം കെട്ടുവാൻ ഒക്കോണൽ ശ്രമിക്കുകയാണെന്നു പറവാനും ചിലർ മടിച്ചില്ല. ഈ വിമർശനങ്ങളെയെല്ലാം മനസ്സിൽ വച്ചുകൊണ്ടാണു്, "ലോകത്തിലെ ഏറ്റവും അപവദിക്കപ്പെടുന്ന മനുഷ്യൻ" താനാണെന്നു അഭേദം ഒരിക്കൽ പ്രസ്താവിച്ചതു്. ഷെയിൽ, ഗ്രാറ്റൻ, പ്ലങ്കറ്റു് മുതലായ നേതാക്കന്മാർ അതിനിശിതമായ ഭാഷയിൽ ഒക്കോണലിനെ ശകാരിച്ചു. എന്നാൽ, ഇത്തവണ അതീക്ഷ്ണമതി വിവേകപൂർവ്വം തന്റെ വികാരാവേശത്തെ നിയന്ത്രിക്കുകതന്നെചെയ്തു. അക്ഷോഭ്യങ്ങളുടനേരെ കണ്ണടച്ചുകൊണ്ടു് അഭേദം "കാതലിക്ക് ബോർഡി"ന്റെ പ്രവർത്തനങ്ങളും സജീവമായി നിലനിറുത്തുന്നതിൽ ഏകാഗ്രചിത്തനായി യത്നങ്ങളും തുടർന്നു. ഈ ഘട്ടത്തിൽ ഒക്കോണൽ പ്രദർശിപ്പിച്ച ആത്മസംയമനവും സുഭാവസ്ഥൈര്യവും വിസ്മയാവഹംതന്നെയാണു്. ഈ ത്രുണങ്ങളത്രേ 1823-ൽ ശേഷമുണ്ടായ വിജയങ്ങൾക്കു വഴിതെളിച്ചതു്.

1823 ആയിരുന്നു സ്വാതന്ത്ര്യസമരത്തിന്റെ ചരിത്രത്തിൽ ഏറ്റവും നൈരാശ്യജനകമായ വത്സരം.

ഷെയിൽ പറയുന്നു. "1823-ന്റെ ആരംഭത്തിൽ, കത്തോലിക്കരുടെ സമ്മേളനങ്ങളും എല്ലാം നിരോധിക്കപ്പെട്ടു. കടലിലേ കോളെല്ലാം ശാന്തമാകുമ്പോൾ, തണ്ടുവലിക്കാരായ അടിമകളും ചെയ്യുന്നതുപോലെ, ഞങ്ങളും വെറുതെ നോക്കിയിരുന്നു." എന്നാൽ, ഈ ശാന്തത അധികനാളും നീണ്ടുനിന്നില്ല. വസന്തകാലമായതോടെ സമരത്തിനു ഒരു പുതിയ ഉണർവുണ്ടായി. ഷെയിൽ "വീറോറാ" അധികാരത്തെക്കുറിച്ചു മുമ്പു തനിക്കുണ്ടായിരുന്ന അഭിപ്രായം പരിത്യജിച്ചിട്ട്, ഒക്കോണലിന്റെ അഭിപ്രായം സ്വീകരിച്ചുകൊണ്ടു സഹകരിച്ചു പ്രവർത്തിക്കുവാൻ സന്നദ്ധനായി. ഈ സഹകരണം പരിപാടികളെ കൂടുതൽ വ്യാപകമാക്കുവാനും, സമരാഹ്വാനം ലക്ഷങ്ങളുടെ ചെവികളിൽ മാറ്റൊലിക്കൊള്ളിക്കുവാനും ഉപകരിച്ചു. ചരിത്രപ്രസിദ്ധമായ "കാതലിക്ക് അസ്സോസിയേഷൻ" രൂപവൽകൃതമായതും ഈ സഹകരണത്തിന്റെ ഫലമായാണു്. നിയമത്തിന്റെ പരിധിയിൽ നിൽക്കുവാൻവേണ്ടി, ഈ സംഘടനയുടെ ലക്ഷ്യം മതവിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുകയും, കത്തോലിക്കാ മതത്തിനെതിരായി ഉന്നയിക്കപ്പെടുന്ന ആക്ഷേപങ്ങൾക്കു സമാധാനം നൽകുകയുമാണെന്നു് അവർ പ്രഖ്യാപിച്ചു. ഈ ലക്ഷ്യങ്ങൾ രണ്ടും നിയമലംഘനത്തിനു നിദാനമായിരുന്നില്ല. എന്നാൽ, അസോസിയേഷന്റെ യഥാർത്ഥമായ ലക്ഷ്യം അയർലണ്ടു മുഴുവൻ വ്യാപിക്കുന്നതും ഓരോ ഇടവകയിലേയും വികാരിമാർ നയിക്കപ്പെടുന്നതുമായ ഒരു ബഹുജനസംഘടന ഉണ്ടാക്കുക എന്നതായിരുന്നു. അതുവഴി സ്വാതന്ത്ര്യലബ്ധിക്കുവേണ്ടി പ്രക്ഷോഭണമുണ്ടാക്കണമെന്നും മെമ്മോറാണ്ടങ്ങൾ സമർപ്പിക്കണമെന്നും നോട്ടവുമുണ്ടായിരുന്നു. കത്തോലിക്കർക്കുന്നതുപോലെ പ്രോട്ടസ്റ്റ

ൻറുകാര്യം ഇതിൽ അംഗങ്ങളായി ചേരുവാൻ അനുവദിക്കപ്പെട്ടിരുന്നു. മീററിംഗുകളും പരസ്യമായിത്തന്നെയാണു നടത്തിയിരുന്നതു്. അധികാരികൾക്ക് ഏതു സമയത്തും പരിശോധിക്കുവാൻ ആ കാര്യം ലഭിക്കത്തക്കവണ്ണം അംഗങ്ങളുടെ ലിസ്റ്റും യോഗങ്ങളുടെ റിപ്പോർട്ടും കൃത്യമായി എഴുതി സൂക്ഷിച്ചുമിരുന്നു.

"കാതലിക് അസോസിയേഷൻ" തദംഗങ്ങളിൽ നിന്നു്, 'കാതലിക്ക് നികുതി' എന്നപേരിൽ മാസംതോറും ഒരു പെനിവീതം പിരിച്ചുവന്നു. ഈ നികുതിപിരിവിനെ ആശങ്കയോടെയാണു ബ്രിട്ടീഷ് ഗവർമ്മെൻറു വീക്ഷിച്ചിരുന്നതു്. സംഘത്തിൻെറ അംഗസംഖ്യ അതിശീഘ്രം വർദ്ധിച്ചുകൊണ്ടിരുന്നതും ഉൽകണ്ഠാജനകമായിതോന്നി. അസോസിയേഷൻെറ സമ്മേളനങ്ങളിൽ എല്ലാത്തരം പൊതുപ്രശ്നങ്ങളും ഗവർമ്മെൻറിൻെറപേരിലുള്ള പരാതികളും പരസ്യമായി ചർച്ചചെയ്യപ്പെട്ടിരുന്നു. ബ്രിട്ടീഷ് പാർലിമെൻറിൻെറ നടപടികളെ പരിഹാസവിഷയമാക്കുവാനും ജനങ്ങൾ മടിച്ചില്ല. ഈ സംഘടനയുടെ പ്രവർത്തനങ്ങളിൽ നിയമവിരുദ്ധമായി ഒന്നും കാണുവാൻ കഴിഞ്ഞില്ലെങ്കിലും അവ ഭയാശങ്കകൾക്ക് ഇടംകൊടുക്കുന്നവയാകയാൽ ഗവർമ്മെൻറു് അവയെ നിരുത്സാഹപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ ആലോചിച്ചുതുടങ്ങി. ലോർഡ് ലിവർപൂൾ ആയിരുന്നു അന്നത്തെ പ്രധാനമന്ത്രി. ഐറിഷ് ജനതയിൽനിന്നു നിയമത്താൽ അംഗീകൃതമല്ലാത്ത നികുതി ഈടാക്കി, "രാജ്യത്തു നിലവിലിരിക്കുന്ന നിയമത്തിൽനിന്നു് ഒഴിഞ്ഞുമാറുകയും അങ്ങനെ നിയമത്തെ നിഷ്പ്രയോജനമാക്കുകയും ചെയ്തിരിക്കുന്നു" എന്ന കുറ്റം കാതലിക്ക് അസോസിയേഷനിൽ അദ്ദേഹം ആരോപിച്ചു. സ്വാതന്ത്ര്യലബ്ധിക്കുവേണ്ടി സ്വന്തം ആയവ്യയങ്ങളോടുകൂടിയ ഒരു സംഘടിതസംഘം

ആരംഭിക്കുക എന്നതിനെ ഒരു വെറും തമാശായി തള്ളിക്കളയാവതല്ലെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ലോഡ് ലിവർപ്പൂൾ പറഞ്ഞു: "കത്തോലിക്കരുടെവാദം അംഗീകരിക്കപ്പെടണമെങ്കിൽ അതു് അവരുടെ അർഹതകളെ ആസ്പദമാക്കി ആയിരിക്കണം; അല്ലാതെ, ഇത്തരം സംഘടനകളുടെ ആവശ്യപ്പെടൽ നിമിത്തമായിരിക്കരുതു്." പൗരന്മാരുടെ ഭാഗത്തുനിന്നുള്ള ഈദൃശമായ രാഷ്ട്രീയസമ്മർദ്ദങ്ങളെ നിർദ്ദാക്ഷിണ്യം എതിർക്കുമെന്ന പ്രധാനമന്ത്രി വ്യക്തമാക്കി.

1825-ാമാണ്ടു് ആരംഭത്തിൽ ഹെൻറി ഗോൾബോൺ (Henry Goulbourn) പാർലിമെൻറിൽ ഒരു ബിൽ അവതരിപ്പിച്ചു. യാതൊരു സംഘടനയും പതിനാലു ദിവസത്തിൽ കൂടുതൽ ദീർഘിക്കുന്ന സമ്മേളനങ്ങൾ നടത്തിക്കൂടാ എന്നും, പണം പിരിക്കുകയോ സ്ഥിരം എക്സിക്യൂട്ടീവിനെ നിയമിക്കുകയോ ചെയ്തുകൂടാ എന്നും വ്യവസ്ഥചെയ്യുകയായിരുന്നു ബില്ലിൻെറ ലക്ഷ്യം. കാതലിക്ക് അസോസിയേഷൻെറ പ്രവർത്തനങ്ങൾ നിയമവിരുദ്ധമാക്കുകമാത്രമാണു പ്രസ്തുത ബില്ലുകൊണ്ടു് ഉദ്ദേശിക്കപ്പെട്ടിരുന്നതെന്നു വ്യക്തമായിരുന്നു. എന്നാൽ, അതു കുറിക്കുകൊണ്ടില്ല. അസോസിയേഷൻ ഗോൾബോണിൻെറ ബില്ലിനാൽ നിയമവിരുദ്ധമായ ഉടനെ ഒരു പുതിയ സംഘടനാരൂപം പ്രാപിച്ചു. കത്തോലിക്ക കുട്ടികളുടെ വിദ്യാഭ്യാസം, സയൻസിൻേറയും കൃഷിവ്യവസായങ്ങളുടെയും അഭിവൃദ്ധി, പരസ്നേഹപരവും മതാത്മകവുമായ കാര്യങ്ങളുടെ അനേഷണം എന്നിവയായിരുന്നു ഈ പുതിയ സംഘടനയുടെ ഉദ്ദേശ്യങ്ങൾ. "നിയമത്താൽ നിരോധിക്കപ്പെട്ടിട്ടില്ലാത്ത കാര്യങ്ങൾക്കുവേണ്ടി" കത്തോലിക്കരിൽനിന്നു പണപ്പിരിവു നടത്തുവാനും പുതിയ സംഘടനയിൽ വ്യവസ്ഥയുണ്ടായിരുന്നു. ഒക്കോണൽ "നിയമത്തിൽനിന്നു് ഒഴി

ഞ്ഞുമാറുന്നു" എന്നുള്ള ലോർഡ് ലിവർപൂളിന്റെ ആ ക്ഷേപം ഇപ്പോഴും അനവസ്ഥമാണെങ്കിലും അദ്ദേഹം നിയമപരിധിയെ ലംഘിച്ചിട്ടില്ലാഞ്ഞതിനാൽ, പ്രധാന മന്ത്രിക്ക് അദ്ദേഹത്തെ അറസ്റ്റുചെയ്യിക്കുക സാധ്യമായിരുന്നില്ല. ഊർജ്ജസ്വലനായ ഈ നേതാവു സഹപ്രവർത്തകനായ ഷെയിലുമൊന്നിച്ച് അയർലണ്ടിന്റെ തെക്കുംപടിഞ്ഞാറുമുള്ള പ്രവിശ്യകളിൽ ഒരു ജൈത്രയാത്രതന്നെ നടത്തി, വമ്പിച്ച സമ്മേളനങ്ങളിൽ പ്രചാരണ പ്രസംഗങ്ങൾ ചെയ്തു. ഉന്മേഷഭരിതരായിത്തീർന്ന ജനങ്ങൾ ഹർഷാരവത്തോടെ അവർക്കു വിജയം ആശംസിച്ചു. ഒക്കോണൽ ഒരു പുതിയ സംഘടനയുണ്ടാക്കി. ബ്രിട്ടീഷ് ഗവർമ്മെൻറിന്റെ നിരോധനശ്രമങ്ങളെ പരാജയപ്പെടുത്തുന്നതിൽ പ്രദർശിപ്പിച്ച സാമർത്ഥ്യത്തേയും സ്വാതന്ത്ര്യസമരത്തെ മുന്നോട്ടു നയിക്കുന്നതിൽ പ്രത്യക്ഷമാക്കിയ മനഃസ്ഥൈര്യത്തേയും അവർ വാനോളം പുകഴ്ത്തി.

1826-നും 1829-നും ഇടയ്ക്കു രാഷ്ട്രീയമായ പല സംഭവവികാസങ്ങളുമുണ്ടായി. യാദൃശ്ചികങ്ങളെങ്കിലും അവയെല്ലാം ചിരപ്രതീക്ഷിതമായ സ്വാതന്ത്ര്യപ്രാപ്തിയിൽ ചെന്നവസാനിക്കുകയാണുണ്ടായത്. ആ സംഭവങ്ങളുടെ ഗതി ചുരുക്കത്തിൽ ഇങ്ങനെയായിരുന്നു: 1825-ൽ പാർലിമെൻറ് പിരിച്ചുവിട്ടതിനാൽ, അടുത്തവർഷം ഒരു പൊതുതിരഞ്ഞെടുപ്പു നടത്തുക ആവശ്യകമായിവന്നു. പ്രോട്ടസ്റ്റൻറുകാരുടെ ഒരു പ്രധാന കേന്ദ്രമായിരുന്ന വാട്ടർഫോർഡ് നിയോജകമണ്ഡലത്തിൽ കാതലിക്ക് അസോസിയേഷന്റെ ശക്തി ഒന്നു പരീക്ഷിച്ചുനോക്കണമെന്ന് ഒക്കോണൽ നിശ്ചയിച്ചു. ഈ നിയോജകമണ്ഡലത്തെ ബെറസ് ഫോർഡ് കുടുംബം തങ്ങളുടെ സ്വന്തമായിട്ടാണു കരുതിവന്നതു്. 1826-ലേ തിരഞ്ഞെടുപ്പിൽ

തന്റെ സഹോദരനായ ലോർഡ് ജോർജ്ജ് ബെറസ് ഫോർഡിനെ സ്ഥാനാത്ഥിയായി നിറുത്തി ജയിപ്പിക്കണമെന്ന് വാട്ടർഫോർഡിലേ ഫോർഡ് പ്രഭു നിശ്ചയിച്ചിട്ടുണ്ടായിരുന്നു. ബെറസ് ഫോർഡ് കുടുംബം നിർദ്ദേശിക്കുന്ന സ്ഥാനാത്ഥി ബഹുഭൂരിപക്ഷത്തോടുകൂടെ വിജയിക്കുകയായിരുന്നു അന്നുവരെയുള്ള പതിവും. ഈ പ്രഭുകുടുംബത്തിന്റെ കൂടിയാനവന്മാരായ "നാല്പതു ഷില്ലിംഗ്" കാർ മിക്കവരും വോട്ടുചെയ്യുവാൻ വന്നിരുന്നതേയില്ല. വന്നാൽത്തന്നെ, തങ്ങളുടെ ജന്മിയുടെ ഹിതമനുസരിച്ചാണു സാധാരണമായി അവർ വോട്ടു ചെയ്യുക. അതിനാൽ, പ്രഭുവിനു വിജയത്തെപ്പറ്റി അല്പംപോലും സംശയം ഉണ്ടായിരുന്നില്ല. പോരെങ്കിൽ, പണം എത്രവേണമെങ്കിലും ചെലവിടാൻ അദ്ദേഹം സന്നദ്ധനുമായിരുന്നു.

ബെറസ് ഫോർഡുകുടുംബക്കാരുടെ ഈ കുത്തകാവകാശത്തെ ചോദ്യംചെയ്യുവാൻതന്നെ കാതലിക്ക് അസോസിയേഷൻ നിശ്ചയിച്ചു. അവർ തങ്ങളുടെ സ്ഥാനാത്ഥിയായി വില്ലിയേഷ്സ് സ്റ്റുവർട്ട് എന്ന പ്രോട്ടസ്റ്റൻറുകാരനെ അതേ നിയോജകമണ്ഡലത്തിലേക്കു നിറുത്തുകയും, പ്രചരണപരിപാടികളുടെ നേതൃത്വം ഒക്കോണലിനെ ഏല്പിക്കുകയും ചെയ്തു. ഒക്കോണൽ ആ നിയോജകമണ്ഡലം മുഴുവൻ ചുറ്റിനടന്ന്, ഇടവക വികാരിമാരെ സന്ദർശിച്ച്, ഇടവകകളിലുള്ള കർഷകജനതയുടെ വോട്ടെല്ലാം തന്റെ സ്ഥാനാത്ഥിക്കുവേണ്ടി കൊടുപ്പിക്കുവാൻ ശ്രമം തുടങ്ങി. അദ്ദേഹത്തിന്റെ പ്രചരണവേലകൾനിമിത്തമുണ്ടായ സംക്ഷോഭം ചെറുതൊന്നുമായിരുന്നില്ല. വോട്ടിംഗ് ദിവസം വലിയ കലാപങ്ങൾ ഉണ്ടാകുമെന്നു ഭയന്നു നാലായിരം പടയാളികളെ ഗവർമ്മെൻറധികാരികൾ നിയോജകമണ്ഡലത്തിന്റെ പരിസരങ്ങളിൽ തയ്യാറാക്കി

നിറുത്തിയിരുന്നു. ഓപ്പൺ വോട്ടിംഗ് ആയിരുന്നല്ലോ അന്നത്തെ സമ്പ്രദായം. പ്രവിശ്യയുടെ തലസ്ഥാനത്തു പതിനാലു ദിവസത്തേക്കു വോട്ടുചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കും. ഈ ദിവസങ്ങൾക്കുള്ളിൽ ഓരോവോട്ടറും പോളിംഗ് ബൂത്തിൽവന്നു പരസ്യമായി സമ്മതിദാനം രേഖപ്പെടുത്തണം.

നാല്പതു ഷില്ലിംഗുകാരായ കർഷകർ ഓരോ ഇടവകയിൽനിന്നും, തങ്ങളുടെ ജന്മിയുടെ സഹോദരനെ തിരായി വോട്ടുചെയ്യുവാൻ കൂട്ടംകൂട്ടമായിവന്നു. ഇവർ പാലിച്ച ക്രമവും പ്രദർശിപ്പിച്ച ശാന്തതയും വിസ്മയാവഹമായിരുന്നു. ഒരു രാഷ്ട്രീയതന്ത്രമെന്ന നിലയിൽ ഒക്കോണൽതന്നെയാണ് ആദ്യം സ്ഥാനാർത്ഥിയായിനിന്നത്. പോളിംഗ് ബൂത്തിൽ പ്രസംഗിക്കുവാൻ അതു അദ്ദേഹത്തിന് അവസരംനല്കി. രണ്ടുമണിക്കൂർ നേരത്തേക്ക് ഒക്കോണൽ പ്രസംഗിച്ചു. അനന്തരം, സ്റ്റർവർട്ടിനുവേണ്ടി അദ്ദേഹം പിന്മാറി. ഇടവകകളിൽനിന്ന് ആളുകൾ വന്നുചേർന്നപ്പോൾതന്നെ വോട്ടിംഗിന്റെ പരിണാമം ഏറെക്കുറെ നിശ്ചിതമായി. അഞ്ചാംദിവസം ലോർഡ് ബെറസ്ഫോർഡ് തന്റെ പരാജയം സമ്മതിച്ചു. അപ്പോഴേക്കും ആകെ വോട്ടു ചെയ്തതിൽ മൂന്നിൽ രണ്ടുഭാഗവും സ്റ്റർവർട്ടിനു കിട്ടിക്കഴിഞ്ഞിരുന്നു. ഈ സംഭവം കാതലിക്ക് അസോസിയേഷന്റെ ശക്തിയെ ഉച്ചൈസ്തരം പ്രഘോഷിച്ചു. സ്വാതന്ത്ര്യസമ്പാദനത്തിനുള്ള ഒരു നവീനമാർഗ്ഗം അതു ആവിഷ്കരിക്കുകയും ചെയ്തു.

കാതലിക്ക് അസോസിയേഷൻ പിൻതുണ നല്കിയ മെമ്പറന്മാർ ലൗത്തു്, വെസ്റ്റ് മീത്തു്, മൊണോഗൻ, ആർമാഗ് എന്നീ നിയോജകമണ്ഡലങ്ങളിലും വിജയം കൈവരിച്ചു. ഈ തിരഞ്ഞെടുപ്പുകൾ ബ്രിട്ടീഷ് ഗ

വർമ്മെൻറിൻെറ കണ്ണുകൾ തുറപ്പിക്കുവാൻ പര്യാപ്തമായി. അയർലണ്ടിലെ കത്തോലിക്കർക്കു സ്വാതന്ത്ര്യം നല്കാതിരിക്കുക ഇനി സാധ്യമല്ലെന്ന് അവർ മനസ്സിലാക്കി. നാല്പതു ഷില്ലിംഗുകാർക്ക് 1793-ൽ വോട്ടവകാശം നൽകപ്പെട്ടതിനുശേഷം ഇപ്പോൾ ആദ്യമായിട്ടാണ് അവർ തങ്ങളുടെശക്തി ഒന്നുപരീക്ഷിച്ചുനോക്കിയത്. അതു ശ്രോതാക്കൾക്കുമായി പരിണമിച്ചു. പാർലിമെൻറിൽ അന്നു വിഗ്സ് എന്നും ടോറിസ് എന്നും രണ്ടു പ്രബലപാർട്ടികളാണുണ്ടായിരുന്നത്. മിക്കവാറും തുല്യനിലയിൽനിന്നിരുന്ന ഈ പാർട്ടികളിൽ ഏതൊന്നിൻേറയും വിജയത്തിനോ അധഃപതനത്തിനോ കാരണമാകത്തക്ക സുശക്തമായ ഒരു പാർട്ടിയെ തങ്ങളുടെ വോട്ടുകൊണ്ടു പാർലിമെൻറിലേക്കു തിരഞ്ഞെടുത്തയയ്ക്കുവാൻ സാധിക്കുമെന്ന പ്രയോജനകരമായ പാഠം ഐറിഷ് കത്തോലിക്കർ ഗ്രഹിസ്ഥമാക്കി.

അന്തിമമായ ശക്തിപരീക്ഷണം 1828-ൽ ക്ലെയർ എന്നസ്ഥലത്തേ തിരഞ്ഞെടുപ്പിലാണു നടന്നത്. ബ്രിട്ടീഷ് മന്ത്രിസഭയിലുണ്ടായ ഒരു മാറ്റം നിമിത്തം വ്യവസായബോർഡിൻെറ ഭരണം, ക്ലെയർ നിയോജകമണ്ഡലത്തിലേ പ്രതിനിധിയായ വെസ്സി ഫിറ്റ്സ് ജെറാൾഡിനു നല്കപ്പെട്ട. തന്നിമിത്തം, അദ്ദേഹത്തിൻെറ തിരഞ്ഞെടുപ്പു വീണ്ടും നടത്തേണ്ടതായിവന്നു. ഫിറ്റ്സ് ജെറാൾഡ് ക്ലെയറിൽ പൊതുജനസമ്മതനായിരുന്നതിനാലും, അവിടെ വളരെ സ്വാധീനശക്തിയുള്ള ഒരു കുടുംബത്തിലേ അംഗമായിരുന്നതിനാലും, അദ്ദേഹത്തിന് ഒരു എതിർസ്ഥാനാർത്ഥി ഉണ്ടാകുമെന്നു മന്ത്രിസഭ സംശയിക്കുകപോലും ചെയ്തില്ല. 1825-ലേ ഗോൾബോൺ ആക്ടിനു ഫിറ്റ്സ് ജെറാൾഡ് അനുകൂലമായി വോട്ടുചെയ്തതിനാൽ കാതലിക്ക് അസോസിയേഷൻ അദ്ദേഹത്തിന് എതിരായിരിക്കാമെന്നും അദ്ദേഹ

ത്തെ പരാജയപ്പെടുത്തുവാൻ ലഭിക്കുന്ന ഈ അവസരത്തെ അതു നഷ്ടമാക്കിക്കളയുകയില്ലെന്നും ഉള്ള വസ്തുതകൾ അവർ വിസ്മരിച്ചുകളഞ്ഞു. അതിനാൽ, ക്ലെയറിലേ തിരഞ്ഞെടുപ്പിന് ഒരു എതിർസ്ഥാനാത്ഥിയുണ്ട് എന്നവാത്ത മന്ത്രിമാരെ വിസ്മയഭരിതരാക്കി. ഡാനിയേൽ ഒക്കോണലാണ് ആ എതിർസ്ഥാനാത്ഥിയെന്നു കേട്ടപ്പോൾ ആ വിസ്മയം ദ്വിഗുണീഭവിച്ചു. കാരണം, 1688-ലേ വിപ്ലവത്തിനുശേഷം അതുവരെ, ഐർലണ്ടിൽനിന്ന് ഒരു കത്തോലിക്കൻപോലും പാർലിമെൻറിലേക്കു തിരഞ്ഞെടുക്കപ്പെട്ടിട്ടില്ല. അതിനാൽ, ഒക്കോണലിൻെറ ഈ രംഗപ്രവേശം ബ്രിട്ടീഷ് രാഷ്ട്രീയമണ്ഡലത്തിൽ നിപതിച്ച ഒരു ബോംബ് ഷെൽതന്നെ ആയിരുന്നു.

ഈ തിരഞ്ഞെടുപ്പു ഐർലണ്ടിൻെറ ചരിത്രത്തിലെ നിർണ്ണായകമായ തിരഞ്ഞെടുപ്പുകളിൽ ഒന്നായിരുന്നുവെന്നുപറയാം. ഇത്ര സജീവമായ ഒരു തിരഞ്ഞെടുപ്പ് വേറെ ഉണ്ടായിട്ടുണ്ടോ എന്നു സംശയവുമാണ്. വോട്ടിംഗിൻെറ ഒന്നാം ദിവസംതന്നെ ഇടവക വികാരിമാർ "നാല്പതുഷില്ലിംഗുകാരാ"യ തങ്ങളുടെ വോട്ടറന്മാരെ പോളിംഗ് സ്ഥലമായ എന്നീസിലേക്കു നയിച്ചു. ഓരോവോട്ടറും പച്ചനിറത്തിലുള്ള ബാഡ്ജാണു ധരിച്ചിരുന്നത്. വോട്ടവകാശമുള്ള ഗ്രാമീണർ നൂറുശതമാനവും സമ്മതിദാനം രേഖപ്പെടുത്തിയതായി കണക്കാക്കപ്പെട്ടിരിക്കുന്നു. ഒരു ചെറുപട്ടണമായ എന്നിസ്സിൽ വോട്ടിംഗിൻെറ ദിവസങ്ങളിൽ അമ്പതിനായിരത്തോളം ആളുകൾ വന്നുചേർന്നുവത്രേ. വോട്ടുകൾ എണ്ണിത്തീരുന്നതുവരെ പ്രവിശ്യയുടെ ഇതരഭാഗങ്ങൾ വിജനമായി കാണപ്പെട്ടിരുന്നു. സമരം സജീവമായിരുന്നുവെങ്കിലും, രണ്ടുകൊല്ലംമുമ്പു വാട്ടർഫോർഡിലെന്നതുപോലെ ഇവിടെയും പരിപൂർണ്ണമായ അച്ചടക്കം പാ

ലിക്കപ്പെട്ട. ഒക്കോണലിനുവേണ്ടി വോട്ടുചെയ്യുവാൻ വൈദികന്മാർ ശക്തിയുക്തം ഇടവകജനങ്ങളെ ഉൽബോധിപ്പിച്ചു. ധാർമ്മികമായ ഭീഷണിപ്പെടുത്തൽ കൂടെ ഉണ്ടായിരുന്നുവെന്നു പറയപ്പെടുന്നു. അതേസമയം, ഒക്കോണലിനുവേണ്ടി വോട്ടുചെയ്യുന്നപക്ഷം കുടിയാനവന്മാരെ അവരുടെ വാസസ്ഥാനങ്ങളിൽനിന്നു ബഹിഷ്കരിക്കുന്നതാണെന്നു പ്രോട്ടസ്റ്റൻറുകാരായ പ്രഭുക്കന്മാർ പ്രഖ്യാപിച്ചു. ഫിറ്റ്സ് ജെറാൾഡിൻെറ പ്രചരണജോലിക്കാർ ഒക്കോണലിൻെറ ഏജൻറന്മാരെ ദ്വന്ദ്വയുദ്ധത്തിനു് ആഹ്വാനംചെയ്യുകപോലും ഉണ്ടായി. എന്നാൽ, അതും വഴിപ്പെട്ടില്ല. ക്ലെയറിനെ മാത്രമല്ല, അയർലണ്ടുമുഴുവനേയും ശൂന്യമാക്കുവാൻ മതിയാവുന്ന സ്ഫോടകസാധനങ്ങൾ അന്നവിടെ സംഭരിച്ചിട്ടുണ്ടായിരുന്നെങ്കിലും, ക്രമസമാധാനങ്ങൾ പരിപൂർണ്ണമായി പാലിക്കപ്പെട്ടതിനാൽ ഒരു വെടിയുടെ ശബ്ദംപോലും വോട്ടിംഗിൻെറ ദിനങ്ങളിൽ അവിടെയെങ്ങും കേൾക്കുവാനിടയായില്ല.

കർഷകജനത ഒന്നൊഴിയാതെ ഒക്കോണലിനുവേണ്ടി വോട്ടുചെയ്തപ്പോൾ, സ്വത്തുടമസ്ഥന്മാർ ഒറ്റക്കെട്ടായിനിന്നു ഫിറ്റ്സ് ജെറാൾഡിനുവേണ്ടി തങ്ങളുടെ സമ്മതിദാനം രേഖപ്പെടുത്തി. എന്നാൽ, അന്നു ക്ലെയറിൽ സ്വത്തുടമസ്ഥന്മാരെക്കാൾ പരാശ്രിതരായ കർഷകർ എണ്ണത്തിൽ കൂടുതലുണ്ടായിരുന്നതിനാൽ വോട്ടിംഗിൻെറ അവസാനം കാണുന്നതിനുമുമ്പുതന്നെ ഫിറ്റ്സ് ജെറാൾഡ് പിന്മാറി. വോട്ടെണ്ണൽ കഴിഞ്ഞു ഒക്കോണൽ വിജയിച്ചതായി പ്രഖ്യാപിച്ച ഉദ്യോഗസ്ഥൻ, ഒക്കോണൽ തൻെറ കത്തോലിക്ക വിശ്വാസത്തെ പരസ്യമായി സമ്മതിച്ചിരിക്കുന്നു എന്നുകൂടെ സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തുകയുണ്ടായി. പാർലിമെൻറംഗങ്ങൾ സ്ഥാനം കൈയേല്ക്കുന്നതിനുമുമ്പു് ഉച്ച

രിക്കേണ്ടിയിരുന്ന സത്യവാചകം, ഒരു കത്തോലിക്കനെന്നനിലയിൽ ഒക്കോണലിനു സ്വീകാര്യമല്ലായിരുന്നു. ഈ വസ്തുത മനസ്സിൽ വച്ചുകൊണ്ടാണു പ്രസ്തുതോദ്യോഗസ്ഥൻ ഇപ്രകാരം രേഖപ്പെടുത്തിയതു്. ഈ വൈഷമ്യം നിമിത്തം ഒക്കോണൽ പാർലിമെൻറിൽ സ്ഥാനം സ്വീകരിക്കുവാൻ പോയതേയില്ല. എന്നാൽ, അടുത്ത പൊതുതിരഞ്ഞെടുപ്പിൽ ഐർലണ്ടിലേ ഓരോ നിയോജകമണ്ഡലത്തിലും കത്തോലിക്കസ്ഥാനാത്ഥികളെ നിറുത്തുന്നതിനും സ്വാതന്ത്ര്യം നല്കുന്നതുവരെ എല്ലാ വോട്ടിംഗിലും മന്ത്രിസഭയെ എതിർക്കുന്നതാണെന്നു് ആ സ്ഥാനാത്ഥികളിൽനിന്നു സമ്മതംവാങ്ങുന്നതിനും കാതലിക്കു് അസോസിയേഷൻ ഉടൻതന്നെ നിശ്ചയം ചെയ്തു.

ബ്രിട്ടീഷ് ഗവർമ്മെൻറു് ഒരു വിഷമഘട്ടത്തിലായി. സ്വാതന്ത്ര്യം നൽകാതെ ഈ പ്രതിസന്ധിയിൽനിന്നു മുക്തിനേടുക സാധ്യമായിരുന്നില്ല. ഐർലണ്ടിൽ ഒരു വിപ്ലവംതന്നെ ഉണ്ടായേക്കാമെന്നു് അവർ ഭയന്നു. ഒക്കോണലിൻെറ വിജയം ഐറിഷ് ജനതയെ ആത്മധൈര്യമുള്ളവരാക്കി. തന്നിമിത്തം, ഏഴായിരം പടയാളികളടങ്ങിയ ഒരു സൈന്യവിഭാഗം ഐർലണ്ടിലേക്കു് അയയ്ക്കപ്പെട്ടു. എന്നാൽ, പ്രസ്താവാർഹമായ കലാപമൊന്നും അവിടെ ഉണ്ടായില്ല. കാതലിക്കു് അസോസിയേഷൻെറ ആഹ്വാനമനുസരിച്ചു നാല്പതുഷില്ലിംഗുകാർ പ്രവർത്തിക്കുമെന്നും, അതിനാൽ അടുത്ത തിരഞ്ഞെടുപ്പിൽ ഐർലണ്ടിലേ എല്ലാ നിയോജകമണ്ഡലങ്ങളിലും കത്തോലിക്ക പ്രതിനിധികളെ വിജയിപ്പിക്കുകനിഷ്പ്രയാസമെന്നും വ്യക്തമായി. ഇതിനു ഒരു പ്രതിവിധിയേ ഉണ്ടായിരുന്നുള്ളൂ നാല്പതുഷില്ലിംഗുകാരുടെ വോട്ടവകാശം റദ്ദ് ചെയ്യുക. എന്നാൽ അത്തരം നടപടികളുടെ കാലം കഴിഞ്ഞുപോയിരുന്നു. 1829

ആയപ്പോഴേക്കും പാർലിമെൻറിലേ ഭൂരിപക്ഷം അംഗങ്ങളും ഐർലണ്ടിനു സ്വാതന്ത്ര്യം നൽകുന്നതിനു് അനുകൂലരായി കാണപ്പെട്ടു. ഒരു സംശയംമാത്രമേ അവശേഷിച്ചുള്ളൂ. സ്വാതന്ത്ര്യദാനത്തിനുള്ള ബിൽ "ടോറി" മന്ത്രിസഭതന്നെ അവതരിപ്പിക്കണമോ, അതോ, ആ മന്ത്രിസഭ രാജിവയ്ക്കുകയും, തദ്വാരാ പ്രസ്തുത കൃത്യം "വിഗ്ഗ്" മന്ത്രിസഭയ്ക്കു വിട്ടുകൊടുക്കുകയും ചെയ്യണമോ എന്നതുമാത്രം.

1829-ൻെറ അവസാനത്തോടുകൂടെ, ഒക്കോണലിനെതിരായി ഏറ്റവും വീറോടെ പൊരുതിക്കൊണ്ടിരുന്ന വെല്ലിംഗ്ടനും പീലും, സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ നിർബന്ധിതരായി, സ്വാതന്ത്ര്യദാനത്തിനുള്ള ബിൽ തയ്യാറാക്കി. ദീർഘമായ വാദപ്രതിവാദങ്ങൾക്കുശേഷം "വീറോ" അധികാരം ഉപേക്ഷിക്കുവാൻ അവർ സമ്മതിച്ചു. എന്നാൽ, സ്വാതന്ത്ര്യദാനത്തിനു പ്രാരംഭമായി, പുതിയ കാതലിക്ക് അസോസിയേഷനെ പിരിച്ചുവിടണമെന്നു പീൽ നിർബന്ധം പിടിച്ചു. ഒക്കോണൽ ഈ വ്യവസ്ഥയെ ശക്തിയോടേ എതിർത്തെങ്കിലും, പീലിൻെറ വാദം പാർലിമെൻറ് അംഗീകരിക്കുകയാണുണ്ടായതു്. അതേസമയം, വേറൊരു വ്യവസ്ഥയ്ക്കു ഒക്കോണൽ സമ്മതംമൂളി— നാല്പതു ഷില്ലിംഗുകാരുടെ വോട്ടവകാശം റദ്ദ് ചെയ്യുക എന്നതിനു്. ഒരു പക്ഷേ, ഇതാവാം അദ്ദേഹം ചെയ്തിട്ടുള്ളതിൽ ഏറ്റവും വലിയ അബദ്ധം. ഐർലണ്ടിലേ ഈ "ചെറുഗണ"മാണല്ലോ, ഭൂവുടമസ്ഥരായ പ്രൊട്ടസ്റ്റൻറുകാരാൽ ബഹിഷ്കൃതരായേക്കാം എന്ന വിപത്തിനെപ്പോലും അവഗണിച്ചുകൊണ്ടു്, ഒക്കോണലിൻെറ നിർദ്ദേശമനുസരിച്ചു വോട്ടുചെയ്യുകയും അങ്ങനെ സ്വാതന്ത്ര്യം സുപ്രാപമാക്കുകയും ചെയ്തതു്. തൻെറ രാഷ്ട്രീയസമരത്തിൽ കൂട്ടുനിന്ന എതിരാളികളുടെമേൽ വിജയം കരസ്ഥമാക്കു

വാൻ സഹായിച്ച ഈ കർഷകജനതയുടെ ഹസ്തങ്ങളെ അശക്തമാക്കുവാൻ ഒക്കോണൽ സമ്മതിച്ചതു വലിയൊരു നോട്ടപ്പിഴ ആയിപ്പോയി എന്നു പറയാതിരിപ്പാൻ നിവൃത്തിയില്ല.

1829-ൽത്തന്നെ "സ്വാതന്ത്ര്യദാനബിൽ" പാർലിമെൻറിൻെറ ഇരുസഭകളിലും പാസ്സാക്കപ്പെട്ടു. ഏപ്രിൽ 13-ാംതീയതി ജോർജ്ജ് നാലാമൻ വൈമനസ്യത്തോടെയെങ്കിലും ബില്ലിന് അംഗീകാരം നൽകുകയും ചെയ്തു. രാഷ്ട്രീയ മുദ്ര പതിച്ച അവസരത്തിൽ രാജാവു ഖേദപൂർവ്വം പറഞ്ഞുവത്രേ: "ഡ്യൂക്ക് ഓഫ് വെല്ലിംഗ്ടനാണ് ഇംഗ്ലണ്ടിലെ രാജാവു്; ഒക്കോണൽ ഐർലണ്ടിലെരാജാവും. ഞാനോ വിൻഡ്സറിലെ ഡീൻ മാത്രവും." ഈ വാക്കുകളിൽ തെല്ലു പരമാർത്ഥം ഇല്ലാതില്ല.

ചരിത്രപ്രധാനമായ ഈ ബിൽ ഇംഗ്ലണ്ടിലേയും ഐർലണ്ടിലേയും കത്തോലിക്കർക്ക് ഒന്നുപോലെ ഉപകാരപ്രദമായിരുന്നു. പാർലിമെൻറിൻെറ ഇരുസഭകളിലും സാമാജികരാകുവാൻ ഈ നിയമം കത്തോലിക്കർക്ക് അർഹതനൽകി. അവർക്ക് അന്തഃകരണശുദ്ധ്യം ക്രടാതെ ഉച്ചരിക്കത്തക്ക ഒരു പ്രതിജ്ഞാവാചകം ഉണ്ടാക്കണമെന്നു വ്യവസ്ഥചെയ്യപ്പെട്ടു. മുനിസിപ്പൽ തിരഞ്ഞെടുപ്പുകളിൽ വോട്ടുചെയ്യുവാനും കോർപ്പൊറേഷനുകളിൽ ഉദ്യോഗങ്ങൾ വഹിക്കുവാനും അവർക്ക് അവകാശം സിദ്ധിച്ചു. രാജ്യത്തെ സിവിൽ വകുപ്പിലേക്കും സൈനികവകുപ്പിലേക്കും പ്രാദേശിക ഭരണസമിതികളിലേക്കും കത്തോലിക്കർ തിരഞ്ഞെടുക്കപ്പെടാമെന്നായി. എന്നാൽ, പ്രസ്തുത ബില്ലിൽ ഒക്കോണലിനെ വ്യക്തിപരമായി സ്പർശിക്കുന്ന ഒരു വ്യവസ്ഥയുണ്ടായിരുന്നു. ബിൽ പാസ്സാകുന്നതിനുമുമ്പു തിരഞ്ഞെടുക്കപ്പെട്ടവർ അന്നു നിലവിലിരുന്ന സത്യവാചകംതന്നെ ഉച്ചരിക്കു

ണം എന്നു്. തന്നിമിത്തം, ഒക്കോണൽ വീണ്ടും ക്ലെയറിൽ സ്ഥാനാത്ഥിയായിനിന്നു ജയിക്കേണ്ടിവന്നു.

കത്തോലിക്കർക്കു സമരംചെയ്തു പരിഹരിക്കേണ്ട അസമത്വങ്ങൾ ഇനിയുമുണ്ടായിരുന്നു. അവരുടെ ഏറ്റവും വലിയ ആവശ്യം—സ്വാതന്ത്ര്യം—1829-ലെ ബിൽകൊണ്ടു സംസിദ്ധമായിരിക്കുന്നു. ഈ വിജയത്തിനു പ്രധാനഹേതു ഒക്കോണൽതന്നെ; സംശയമില്ല. എന്നാൽ, ഒക്കോണൽ ഇല്ലായിരുന്നെങ്കിലും സ്വാതന്ത്ര്യം അധികകാലവിളംബം കൂടാതെ ലബ്ധമാകുമായിരുന്നു എന്നു വിചാരിപ്പാൻ കാരണങ്ങളുണ്ടു്. സ്വാതന്ത്ര്യോദ്യമത്തിനെതിരായി പറയപ്പെട്ടുവന്ന ദൈവശാസ്ത്രപരമായ യുക്തികൾ വളരെ ദുർബലങ്ങളെന്നു പണ്ടേതെളിഞ്ഞുകഴിഞ്ഞിരുന്നു. കത്തോലിക്കരുടെ അവശതകൾ പരിഹരിക്കുക ഭരണക്രമത്തിന്റെ സുഗമതയ്ക്കു കൂടുതൽ ഉപകരിക്കുമെന്നു വ്യക്തമായിത്തുടങ്ങിയുമിരുന്നു. അതിനാൽ, ഒക്കോണലിന്റെ സേവനങ്ങളില്ലായിരുന്നെങ്കിലും ഒരു കാലത്തു ഇംഗ്ലീഷ്കാർ ഐർലണ്ടിനു സ്വാതന്ത്ര്യം നൽകുമായിരുന്നുവെന്നു കരുതുന്നതിൽ തെറ്റില്ല. ഒക്കോണൽ സ്വാതന്ത്ര്യംനേടി എന്നതിനെക്കാൾ സ്വാതന്ത്ര്യം നേടിയവിധമാണു സുപ്രധാനമായിരിക്കുന്നതു്. അതൊരു ശരിയായ മത്സരമായിരുന്നു— ബ്രിട്ടീഷ് പാർലിമെൻറും, ഐർലണ്ടിലെ വോട്ടവകാശികളും തമ്മിൽ; ജനങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി വാദിക്കുന്ന ഒരു ജനപ്രതിനിധിയും, ആ അവകാശങ്ങളെ കൈയടക്കം ചെയ്തിരിക്കുന്ന ഒരു ഭരണക്രമവും തമ്മിൽ. ഒടുവിൽ ആ വോട്ടവകാശികളും ആ ജനപ്രതിനിധിയും വിജയം കൈവരിച്ചു. ഈ സമരത്തെ നയിച്ചവിധം നോക്കിയാൽ, ഇതു പ്രജാധിപത്യത്തിന്റെ വിജയമായിരുന്നുവെന്ന നിസ്സംശയം പറയാം.

* * *

ഒക്കോണൽ പ്രഥമവിജയം നേടിക്കഴിഞ്ഞു. ഇനിയും അവശേഷിക്കുന്ന ഒരു സമരം— ക്ലേശകരമായ ഒരു സമരം. പാർലിമെൻറിനുള്ളിൽവച്ചു നടക്കേണ്ട സമരമാണത്. അവിടെ അദ്ദേഹത്തിൻെറ വാക്സാമർത്ഥ്യം— ഐർലണ്ടിലേ കഷ്ടകജനതയെ ആവേശം കൊള്ളിച്ച ആ വചോവിലാസം— എത്രമാത്രം ഉത്തേജകമാകുമെന്നു കണ്ടുതന്നെ അറിയണം. ഒക്കോണൽ വീണ്ടും തിരഞ്ഞെടുപ്പിൽ വിജയി ആയി പാർലിമെൻറിൽ ഒരു സ്ഥാനം കരസ്ഥമാക്കി. രണ്ടു ലക്ഷ്യങ്ങളാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. ഒന്ന്, യൂണിയൻ ആക്ട് റദ്ദ് ചെയ്യിച്ച് ഐർലണ്ടിനെ ബ്രിട്ടീഷ് ബന്ധത്തിൽനിന്നു വേർതിരിക്കുക. രണ്ട്, ആംഗ്ലിക്കൻ സഭയുമായുള്ള ബന്ധം വിച്ഛേദിച്ച്, സഭയും രാഷ്ട്രവും തമ്മിൽ ഒരു പുതിയ ബന്ധം ആരംഭിക്കുക.

ഇവ രണ്ടുമായിരുന്നു മരണം (1847) വരെ ഒക്കോണലിൻെറ സമരലക്ഷ്യങ്ങൾ. അവിശ്രമം അദ്ദേഹം സമരംചെയ്തു. എന്നാൽ, വിജയശ്രീ അടുത്തെങ്ങും ചെന്നില്ല. യൂണിയൻ ആക്ട് റദ്ദ് ചെയ്യപ്പെട്ടത് ഈ ഇരുപതാം നൂറ്റാണ്ടിൽമാത്രമാണ്; രാഷ്ട്രത്തിന് ആംഗ്ലിക്കൻ സഭയുമായുണ്ടായിരുന്ന ബന്ധം വിച്ഛിന്നമായത് ഒക്കോണൽ മരണമടഞ്ഞു വളരെ കൊല്ലങ്ങൾ കഴിഞ്ഞതിനുശേഷവും. സമരരംഗങ്ങൾ വിഭിന്നമായതാണ് ഒക്കോണലിന് ഇക്കാര്യങ്ങളിൽ നേരിട്ട പരാജയത്തിനു പ്രധാനകാരണം. ഒരു പൊതുജനനേതാവും പ്രക്ഷോഭകനും, ഭരണക്രുടത്തിൻെറ വിമർശകനുമെന്ന നിലയിൽ അദ്ദേഹത്തെ വിജയമകുടംചൂടിച്ച ആ സ്വഭാവഗുണങ്ങളല്ല, ഒരു പാർലിമെൻറംഗമെന്ന നിലയിൽ മുന്നോട്ടുവാൻ വേണ്ടിയിരുന്നത്. പാർലിമെൻറിൽ ഒരു പാർട്ടിനേതാവു എന്നതിനെക്കാൾ രാഷ്ട്രീയ സമരത്തിൽ ഒരു ഗെറില്ലാ യോദ്ധാവായിരു

ന്ന അദ്ദേഹം. മാനുഷികദൃഷ്ട്യാ അജയ്യങ്ങളായ പ്രതിബന്ധങ്ങളോട് അദ്ദേഹത്തിന് ഏറ്റുമുട്ടേണ്ടതായും വന്നു. ആരംഭത്തിൽ ഒക്കോണലിന്റെ പാർട്ടിയിൽ ഒക്കോണൽ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇംഗ്ലീഷ് കത്തോലിക്കർക്ക് അദ്ദേഹത്തോട് ആനുകൂല്യം ഒട്ടുംതന്നെ ഉണ്ടായിരുന്നില്ല. ഐറിഷ് ജനപ്രതിനിധികളുടെ ചിന്താഗതി പൊതുവേ അദ്ദേഹത്തിന്റെതിനോട് പൊരുത്തപ്പെട്ടുന്നതുമല്ലായിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വം സ്വീകരിക്കുവാൻ അവർ ഇഷ്ടപ്പെട്ടുമില്ല. ഐറിഷ് പ്രതിനിധികളിൽ ഭൂരിപക്ഷവും പ്രോട്ടസ്റ്റന്റുകാരായിരുന്നു. അവർ ഒന്നൊഴിയാതെ യൂണിയൻ ആക്ടിനെ അനുകൂലിക്കുന്നവരുമായിരുന്നു. ആകെ വിശ്വസ്തരായി ഒക്കോണലിനു കിട്ടിയതു അദ്ദേഹത്തിന്റെ ചാച്ചുക്കാരായ ആറു മെമ്പറന്മാരെ മാത്രമാണ്. വേറെ ഒരു മുപ്പത്തഞ്ചുപേർ അദ്ദേഹത്തോട് അനുകൂലിക്കുമെന്നു പ്രതീക്ഷിക്കാവുന്നവരായും ഉണ്ടായിരുന്നു.

ഒരു രാഷ്ട്രീയ പാർട്ടിയെ സംഘടിപ്പിച്ചു നയിക്കുന്നതുപോലുള്ള പ്രാവീണ്യം ഒക്കോണൽ പ്രദർശിപ്പിച്ചില്ല. പാർലിമെൻറിലും സാധാരണജനങ്ങളുടെ നേതാവും വക്താവുമെന്നനിലയെക്കവിഞ്ഞ ഒരു പ്രശസ്തി സമ്പാദിക്കുവാൻ അദ്ദേഹം അശക്തനായിരുന്നു. തന്നിമിത്തം, പാർലിമെൻറംഗങ്ങളും അദ്ദേഹത്തിന്റെ നേതൃത്വം സ്വീകരിക്കുവാൻ കാംക്ഷിച്ചില്ല. ഇതിനെക്കാളെല്ലാം ഒക്കോണലിന്റെ നിലപാടു ദുർബലമാക്കിത്തീർത്തതു്, അദ്ദേഹത്തെ ആദ്യമായി പാർലിമെൻറിലേക്കു തിരഞ്ഞെടുത്തുവിട്ട ആ നാല്പതു ഷില്ലിംഗുകാരുടെ വോട്ടവകാശം റദ്ദു ചെയ്യപ്പെട്ടതാണ്. ഇനിമേൽ അദ്ദേഹം അവരാൽ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധിയല്ല; തൻമൂലം ഗൗരവപൂർവ്വം ഗണിക്കപ്പെടേണ്ട ആളുമല്ല; അദ്ദേ

ഹത്തിന്റെ സ്വരം ഐർലണ്ടിന്റേതുമല്ല. തന്റെ അനുയായികളായ ആ കർഷകജനതയുടെ സമ്മതിദാനാവകാശം ഇല്ലാതാക്കുന്ന വ്യവസ്ഥയ്ക്കു സമ്മതം മൂളിയ നിമിഷം ഒക്കോണൽ, പാർലിമെന്റിലെ തന്റെ സ്ഥാനത്തെ ക്ഷതപ്പെടുത്തുകതന്നെയാണു ചെയ്തത്. എങ്കിലും രണ്ടു ദശാബ്ദങ്ങൾക്കുടെ അദ്ദേഹം തന്റെ സമരം തുടർന്നുകൊണ്ടിരുന്നു. ഉദ്ദിഷ്ടപ്രാപ്തിക്കായി ഭൂരിപക്ഷത്തിന്റെ വോട്ടുകൾ സമ്പാദിക്കുവാൻ സാധിച്ചില്ലെങ്കിലും അദ്ദേഹം ജനപ്രതിനിധിസഭയിലെ ആദരണീയനായ ഒരംഗമായിരുന്നു.

സമകാലികന്മാരെ അപേക്ഷിച്ചു കടുത്ത ഉൽപതിഷ്ണുവായിട്ടാണ് ഒക്കോണൽ പാർലിമെന്റിൽ പ്രവേശിച്ചത്. പ്രജാധിപത്യത്തെക്കുറിച്ച് അദ്ദേഹത്തിനുണ്ടായിരുന്ന നവീനാശയങ്ങൾ 1832-ലെ 'റിഫോം' ബില്ലിനെക്കുറിച്ചു നടന്ന വാദപ്രതിവാദങ്ങൾക്കിടയിൽ വിശദീകരിക്കപ്പെട്ടു. സ്വത്തുടമസ്ഥന്മാരായ പ്രഭുക്കന്മാരുടെ സ്വാധീനതയിൽനിന്നു ഭരണക്രമത്തെ സ്വതന്ത്രമാക്കുവാൻ, വാണിജ്യവ്യവസായങ്ങളിൽ ഏർപ്പെട്ടിരുന്ന കുബേരന്മാരുടെ പ്രേരണയാൽ അവതരിപ്പിക്കപ്പെട്ടതാണ് ഈ ബിൽ. ഇതു പ്രജാധിപത്യത്തിലേക്കുള്ള ഒരു ചെറിയ സമീപനമായിരുന്നു. എന്തുകൊണ്ടെന്നാൽ, ഈ ബില്ലുമൂലം കൂടുതൽ ആളുകൾക്കു വോട്ടവകാശം ലഭിക്കുമായിരുന്നു. അന്നു യാതൊരു വ്യവസ്ഥയുമില്ലാതെ വിഭജിക്കപ്പെട്ടിരുന്ന നിയോജകമണ്ഡലങ്ങളുടെ ന്യായപൂർവ്വകമായ പുനർവിഭജനത്തിനും ക്രമീകരണത്തിനും കൂടുതൽ സൗകര്യം ഉണ്ടാവുകയുംചെയ്യും. ഒക്കോണൽ ബില്ലിന് അനുകൂലമായി മൂന്നുമണിക്കൂർ നേരം പ്രസംഗിച്ചു. ബിൽ താൻ പ്രതീക്ഷിച്ചിടത്തോളം പുരോഗമനപരമല്ല എന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. എല്ലാപുരുഷന്മാർക്കും വോട്ടവകാശം

നൽകണമെന്നും പോളിംഗ് രഹസ്യമായി നടത്തണമെന്നുമുള്ള ഭേദഗതികളും അദ്ദേഹം ഉന്നയിച്ചു. എന്നാൽ, 1832-ൽ ഇതുരണ്ടും അതിരുകടന്ന അവകാശവാദങ്ങളായി മാത്രമേ പരിഗണിക്കപ്പെട്ടുള്ളൂ. "കരം കൊടുക്കുകയോ മിലിട്ടറിയിൽ സേവനമനുഷ്ഠിക്കുകയോ ചെയ്യുന്ന ഏതൊരു പുരുഷനും സമ്മതിദാനത്തിന് അർഹത നൽകുന്നതു ഭ്രാന്തുപിടിച്ച നടപടിയാണ്" എന്നാണ് ഈ ഭേദഗതികളെക്കുറിച്ചു "ആനുവൽ റജിസ്റ്റർ" അഭിപ്രായപ്പെട്ടത്. ഒക്കോണലിന്റെ ഭേദഗതികളും രണ്ടുമൂന്നു തലമുറകൾക്കുശേഷം വരേണ്ടവയായിരുന്നു. മുന്നൂറിൽപ്പരം അംഗങ്ങളുണ്ടായിരുന്ന ആ സഭയിൽ പതിമൂന്നുപേർ മാത്രമാണ് അദ്ദേഹത്തിന് അനുകൂലമായി വോട്ടുചെയ്തത്.

1833 ആയപ്പോഴേക്കും ആ കടുത്ത 'ഉൽപതിഷ്ണു' തന്റെ അഭിപ്രായങ്ങളിലും പ്രവർത്തനങ്ങളിലും കൂടുതൽ യാഥാസ്ഥിതികനായി കാണപ്പെട്ടു. പ്രായത്തിന്റെ നീക്കംകൊണ്ടു ഉണ്ടായതായിരിക്കാം ഈ വ്യത്യാസം. യുവാവായിരുന്നപ്പോൾ അദ്ദേഹം തികച്ചും പരിഷ്കരണോന്മുഖനായിരുന്നു. എന്നാൽ, കിട്ടിയ ലാഭങ്ങൾ പരിഷ്കരണഭ്രമത്താൽ കളഞ്ഞുകുളിക്കാതിരിക്കുവാൻ കാലത്തിന്റെ പുരോഗതി അദ്ദേഹത്തെ പ്രേരിപ്പിച്ചു.

ഇക്കാരണത്താലായിരിക്കാം, യൂണിയൻ ആക്ട് റദ്ദ് ചെയ്യുന്നതിനുള്ള ബിൽ അവതരിപ്പിക്കുവാൻ ഒക്കോണൽ തിടുക്കംകൂട്ടാതിരുന്നത്. ബില്ലവതരണത്തിനുള്ള സന്ദർഭം അദ്ദേഹം ഓരോ കൊല്ലവും നീട്ടിക്കൊണ്ടുപോയി. എന്നാൽ, അയർലണ്ടിൽനിന്നുള്ള സമ്മർദ്ദത്തിന്റെ ശക്തി വർദ്ധിച്ചുകൊണ്ടിരുന്നു. പാർലിമെന്റിൽ പ്രവേശിക്കുന്നതുവരെ യൂണിയൻ

ആക്ട് നിരാകരിക്കുവാൻ ഇത്ര തീവ്രതയോടേ വാദിച്ച ഒക്കോണൽ, സഭയിൽ അംഗമായിത്തീർന്നതിനുശേഷം എന്തുകൊണ്ടു മൗനം ഭീക്ഷിക്കുന്നു എന്ന് ഐറിഷ് ജനത ചോദിച്ചുതുടങ്ങി. ഈ ആക്ടിനെതിരായുള്ള വാദങ്ങം വെളിച്ചത്തു കൊണ്ടുവരുന്നതിനു സന്ദർഭം കിട്ടുവാൻ തക്കവണ്ണം ബിൽ ഉടനെ അവതരിപ്പിക്കണമെന്ന് ഐർലണ്ടിലേ ഇളമുറക്കാർ ബഹളംകൂട്ടി. വൈമനസ്യത്തോടേയാണെങ്കിലും ഒക്കോണൽ അവരുടെ അഭീഷ്ടത്തിനു വഴങ്ങിക്കൊടുത്തു. 1834-ൽ യൂണിയൻ ആക്ടിനെതിരായുള്ള ബിൽ പാർലിമെൻറിൽ അവതരിപ്പിച്ചുകൊണ്ട് അദ്ദേഹം അഞ്ചു നീണ്ട മണിക്കൂറുകം പ്രസംഗിച്ചു. സാമാജികന്മാർ ശ്രദ്ധാപൂർവ്വം പ്രസംഗം ശ്രവിച്ചുവെങ്കിലും മഷ്പത്തെട്ടിനെതിരായി അഞ്ഞൂററി ഇരുപത്തിമൂന്നു വോട്ടിൻെറ ഭൂരിപക്ഷത്തോടുകൂടെ ബിൽ തിരസ്കൃതമായി.

പ്രക്ഷോഭകനായിരുന്ന ഒക്കോണലിനെ അനുരഞ്ജകനായിട്ടാണ് അടുത്ത പത്തുകൊല്ലത്തേക്കു നാം കാണുന്നതു്. ആംഗ്ലിക്കൻ സഭയെ രാഷ്ട്രീയത്തിൽനിന്നു വേർപെടുത്തുന്നതിനുപകരം, ആംഗ്ലിക്കൻ സഭയുടെ സംരക്ഷണത്തിനുവേണ്ടി കത്തോലിക്കരുടെമേൽ ചുമത്തിയിരുന്ന കരം ഗണ്യമായി കുറച്ചാൽ മതിയെന്ന് അദ്ദേഹം സമ്മതിച്ചു. യൂണിയൻ ആക്ട് റദ്ദ് ചെയ്യുന്നതിനുപകരം ഐർലണ്ടിനെ കൂടുതൽ ബുദ്ധിപൂർവ്വകവും ദയാപൂർവവുമായി ഭരിക്കുന്നതായാൽ, പിന്തുണ നൽകാമെന്നു വിഗ് പാർട്ടിക്ക് അദ്ദേഹം വാക്കുകൊടുത്തു. അങ്ങനെ, യൂണിയൻ ആക്ട് റദ്ദ്ചെയ്യിക്കുന്നതിനുള്ള പരിശ്രമങ്ങം പരിത്യജിച്ചിട്ട്, ഐർലണ്ട് അനുഭവിച്ചുകൊണ്ടിരിക്കുന്ന അവശതകം ഓരോന്നു പരിഹരിക്കുവാനായിരുന്നു ഒക്കോണലിൻെറ ഇപ്പോഴത്തെ ശ്രമം. ഈ നയം ഐർലണ്ടിൽ അദ്ദേഹത്തിനുണ്ടായിരുന്ന അ

ഭാഗാമികളെയെല്ലാം വെറുപ്പിക്കുകതന്നെചെയ്തു. സ്വന്തം രാജ്യത്തിനുവേണ്ടി പല ആനുകൂല്യങ്ങളും സമ്പാദിച്ച ഈ കാലഘട്ടത്തിൽത്തന്നെ, സ്വന്തം രാജ്യത്തു് അദ്ദേഹത്തിനുണ്ടായിരുന്ന ജനസമ്മതി ക്ഷയോന്മുഖമായിത്തീർന്നതു വിചിത്രംതന്നെ. ഐറിഷ് ജനത ആ നേതാവിനെ ബഹുമാനിച്ചിരുന്നതു് അദ്ദേഹം നേടിയ വിജയങ്ങൾ നിമിത്തം എന്നതിനേക്കാൾ അദ്ദേഹം നയിച്ച സമരങ്ങൾ നിമിത്തമാണ്. വയോവൃദ്ധനായ ഒക്കോണൽ ഇപ്പോൾ ഒരു സമരനേതാവല്ലല്ലോ. അദ്ദേഹം പാർലിമെൻറിറി സമ്പ്രദായങ്ങൾ പ്രയോഗിച്ചു സാദ്ധ്യമായ ആനുകൂല്യങ്ങൾ സമ്പാദിക്കുന്ന ഒരു നയശാലിമാത്രമാണ്.

1840-ൽ ഒക്കോണലിൻെറ രാഷ്ട്രീയ ജീവിതത്തിലേ അവസാനാദ്ധ്യായം തുറക്കപ്പെട്ടു. വാഗ്ദാനങ്ങൾ പാലിക്കുന്നതിൽ വിഗ് പാർട്ടി പ്രദർശിപ്പിച്ച വൈമനസ്യം നിമിത്തം, യൂണിയൻ ആക്ട് റദ്ദ് ചെയ്യിക്കുന്നതിനുവേണ്ടി അദ്ദേഹം പ്രക്ഷോഭണം വീണ്ടും ആരംഭിച്ചു. പഴയതുപോലെ അദ്ദേഹം സ്വന്തം ജനങ്ങളുടെ ഇടയിലേക്കിറങ്ങി. പ്രക്ഷോഭണത്തിനു പൗരാവലിയെ ഉത്തേജിപ്പിക്കുവാൻ ഒരു പ്രസംഗപര്യടനം ആരംഭിച്ചു. അക്കൊല്ലംതന്നെ — ഒക്കോണലിൻെറ അറുപത്തഞ്ചാമത്തെ വയസ്സിൽ — യൂണിയൻ ആക്ട് റദ്ദ് ചെയ്യിക്കുന്നതിനുവേണ്ടിയുള്ള സംഘടന സ്ഥാപിതമായി. യുവസഹജമായ ഉന്മേഷത്തോടും ഉത്സാഹത്തോടുംകൂടെ ഒക്കോണൽ ഉൽഘോഷിച്ചു: "യൂണിയൻ ആക്ട് റദ്ദ് ചെയ്യിക്കുവാൻ ഐറിഷ് ജനത അണിനിരക്കുന്നുണ്ട്! ഒന്നുകിൽ വിജയം, അല്ലെങ്കിൽ മരണം! രണ്ടിലൊന്നു കാണുന്നതുവരെ ഞാൻ സമരംചെയ്യും." വിജയമല്ല, മരണമാണ് ആ സ്വാതന്ത്ര്യസ്നേഹിയുടെ പ്രക്ഷോഭണ സംരംഭങ്ങൾക്കു വിരാമമിട്ടതു്. എന്നാൽ,

മരണംവന്നാണയുന്നതുവരെ ആ വീരനേതാവ് യൗവനത്തിലെ ഒക്കോണൽതന്നെ ആയിരുന്നു. ഐർലണ്ടിന്റെ വിവിധഭാഗങ്ങളിൽ മഹായോഗങ്ങൾ നടത്തപ്പെട്ടു. ഒക്കോണലിന്റെ വാഗ്വിലാസം പ്രക്ഷോഭണത്തിനായി ജനങ്ങളെ ഉയിർകൊള്ളിച്ചു. എന്നാൽ എപ്പോഴും അദ്ദേഹം അവരെ അനുസ്മരിപ്പിക്കാറുണ്ടായിരുന്നു, ക്രമസമാധാനങ്ങൾക്കു വിഘ്നം വരുത്താതെ പ്രക്ഷോഭണം നടത്തണമെന്ന്.

പക്ഷേ, ഐർലണ്ടിലെ ചെറുപ്പക്കാർക്ക് ഇതത്ര സമ്മതമായിരുന്നില്ല. സമാധാനപൂർവ്വം പ്രക്ഷോഭണം നടത്തുകയെന്നോ? തങ്ങളുടെ നേതാവിനെക്കാൾ ഉൽപതിഷ്ണുക്കളായിരുന്നു അവർ. യുവജനങ്ങളുടെ അതിരുകടന്ന പ്രവർത്തനങ്ങൾ ഒക്കോണലിനെ ഉൽകണ്ഠാഭരിതനാക്കി. അതിനാൽ അദ്ദേഹം വീണ്ടും അനുരഞ്ജകനയത്തിൽ അഭയംതേടുവാൻ ശ്രമിച്ചു. ഐർലണ്ടിനു പ്രാദേശികഭരണം അനുവദിപ്പിക്കുകയും സാമ്രാജ്യസംബന്ധമായ കാര്യങ്ങളുടെ നിർവഹണത്തിനായി ഐർലണ്ടിൽനിന്നു ജനപ്രതിനിധികളെ പാർലിമെണ്ടിലേക്കു അയയ്ക്കുവാൻ വ്യവസ്ഥ ഉണ്ടാക്കുകയും ചെയ്യുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ഇപ്പോഴത്തെ പ്ലാൻ. എന്നാൽ ഇതു് ഒരു പാർട്ടിയേയും തൃപ്തിപ്പെടുത്തുവാൻ പര്യാപ്തമായില്ല.

ഒക്കോണൽ ജീവിതസായാഹ്നത്തിൽ പത്തുപതിനഞ്ചു കൊല്ലത്തേക്കു കുറേയൊക്കെ യാഥാസ്ഥിതിക മനോഭാവം കൈക്കൊണ്ടുവെങ്കിലും ലക്ഷ്യങ്ങളെ സംബന്ധിച്ചിടത്തോളം വ്യതിയാനമൊന്നും സംഭവിച്ചില്ല. ഒരേ ലക്ഷ്യം സദാ കൺമുമ്പാകെവച്ചുകൊണ്ട് നയതന്ത്രങ്ങൾ പലതും പരീക്ഷിച്ചുനോക്കുകയായിരുന്നു അദ്ദേഹം. പാർലിമെൻറംഗമെന്നനിലയിൽ രാഷ്ട്രീയവിവേകം സിദ്ധിച്ച ആ വയോധികൻ ഗ്രഹിച്ചു, പ്ര

ക്ഷോഭണംകൊണ്ട് എന്നതിനെക്കാൾ അനുരഞ്ജനം കൊണ്ടു കൂടുതൽ ആനുകൂല്യങ്ങൾ നേടാമെന്ന്. ഓരോ നേട്ടവും അതിൽത്തന്നെ ചെറുതാണെങ്കിലും ആകെക്കൂടെ ആകുമ്പോൾ മാതൃരാജ്യത്തിനു ഗണ്യമായ പ്രയോജനം സിദ്ധിക്കുമല്ലൊ എന്നായിരുന്നു അദ്ദേഹത്തിന്റെ വിചാരം. മാർഗ്ഗങ്ങൾ ഭിന്നമായിരുന്നുവെങ്കിലും എപ്പോഴും അദ്ദേഹത്തിന്റെ ലക്ഷ്യം ഐർലണ്ടിന്റെ ശ്രേയസ്സുമാത്രമായിരുന്നു.

1845 കഴിഞ്ഞപ്പോഴേക്കും ഒക്കോണൽ രോഗബാധിതനായി. വാർദ്ധക്യക്ലേശങ്ങളും അദ്ദേഹത്തെ അലട്ടിത്തുടങ്ങി. ഐർലണ്ടിനും അതു ദുരിതങ്ങളുടെ കാലമായിരുന്നു. ക്ഷാമവും തജ്ജന്യമായ ക്ലേശങ്ങളും ആ രാജ്യത്തിന്റെ ശക്തിയെ കരണ്ടുതിന്നുകയായിരുന്നു. തന്റെ രാജ്യത്തു നടമാടുന്ന പട്ടിണിക്കും രോഗങ്ങൾക്കും നിവാരണമാർഗ്ഗങ്ങൾ അവലംബിക്കുവാൻ 1846-ൽ പാർലിമെന്റിനോട് അദ്ദേഹം അഭ്യർത്ഥിച്ചു. അവസാനമായി പാർലിമെന്റിൽ സന്നിഹിതനായ അവസരത്തിൽ ഒക്കോണൽ രണ്ടുമണിക്കൂർനേരത്തേക്കു പ്രസംഗിച്ചു. പത്തടി അകലെയിരുന്നാവർക്കുപോലും സുശ്രാവ്യമായിരുന്നില്ല ആ പ്രസംഗം. അതുയ്ക്ക് അദ്ദേഹം അവശനായിരുന്നു. എന്നാൽ, ആ വന്ദ്യവയോധികനോടുള്ള ആദരം നിമിത്തം സഭ മുഴുവൻ നിശ്ശബ്ദമായിത്തന്നെയിരുന്നു.

* * * *

ഐർലണ്ടിലേയും ഇംഗ്ലണ്ടിലേയും കത്തോലിക്കർക്കു സ്വാതന്ത്ര്യം നേടിക്കൊടുത്തു എന്നതിൽ ഒക്കോണൽ അഭിനന്ദനീയനാണ്. എന്നാൽ, ഇതിനെക്കാൾ പ്രാധാന്യമർഹിക്കുന്ന ഒരു സേവനമാണ്, ഐറിഷ് കത്തോലിക്കരെ അവരുടെ വിലപനീയമായ മന്ദത

യിൽനിന്ന തട്ടിയുണത്തി, അവരുടെ രാഷ്ട്രീയശക്തി അവക്ക കാണിച്ചുകൊടുത്തതിൽ നിർവഹിച്ചതു്. സംഘടിത പ്രവത്തനങ്ങളുടെ കഴിവുകഠം ആദ്യമായി മനസ്സിലാക്കിയതു് ഒക്കോണൽതന്നെയാണു്. ഐർലണ്ടിലേ ആ ചെറുഗണം യോജിച്ചുനിന്ന പ്രവത്തിച്ചാൽ സാധിക്കാവുന്ന വൻനേട്ടങ്ങളെ മൻക്രട്ടി കണ്ടതു് അദ്ദേഹം മാത്രമാണു്. 1793-ൽ യാദൃച്ഛികമായിട്ടെന്നോണം "നാല്പതു ഷില്ലിംഗുകാ"ക്ക നൽകപ്പെട്ട വോട്ടവകാശത്തിന്റെ വില എത്രവലുതെന്നും ആ വോട്ടിനെ എങ്ങനെ വിനിയോഗിക്കണമെന്നും ആ സൂക്ഷ്മഗ്രാഹി അവരെ പഠിപ്പിച്ചു. എത്ര ഈടുള്ള ഒരുപകരണമാണ തങ്ങളുടെ കൈയിലുള്ളതു് എന്നു് അപ്പോഴാണു് അവക്ക മനസ്സിലായതു്. ഈ കാര്യത്തിൽ ഒക്കോണൽ തന്റെ കാലത്തെ അതിജീവിക്കുകതന്നെചെയ്തു. രാഷ്ട്രീയവും മതാത്മകവുമായ സ്ഥാപിതതാൽപര്യങ്ങഠംക്കെതിരായാണു് അദ്ദേഹത്തിനു സമരം ചെയ്യേണ്ടിയിരുന്നതു്. ഈ സമരംകൊണ്ടു് അദ്ദേഹം വ്യക്തമാക്കി, സാധാരണജനങ്ങഠംക്ക ഈ സ്ഥാപിത താൽപര്യങ്ങളിൽനിന്ന മുക്തിനേടാൻ സാധിക്കുമെന്നു്.

രാജ്യത്തേ നിയമനിമ്മാതാക്കളെന്ന നിലയിൽ പാർലിമെന്റിൽ അംഗത്വം സ്വീകരിക്കുവാൻ കത്തോലിക്കക്കു് അവകാശം നേടിക്കൊടുത്തപ്പോഠം, മതേതരരാഷ്ട്രത്തിൽ സഭയുടെ സുരക്ഷിതത്വത്തിനുവേണ്ടിയുള്ള പ്രാരംഭവിജയമാണു് ഒക്കോണൽ കരസ്ഥമാക്കിയതു്. ആധുനിക രാഷ്ട്രത്തിന്റെ ഗതിയനുസരിച്ചു് ആവശ്യകമായിവരുന്ന നയങ്ങഠം സ്വീകരിച്ചുകൊണ്ടു് ബുദ്ധിപൂർവകവും വിവേകാനുഭിതവുമായ നിയമനിമ്മാണംവഴി സഭയെ സംരക്ഷിക്കുക എന്ന കൃത്യം ഇനി അവർ തുടന്നുകൊണ്ടുപോകുകയേവേണ്ടു. ഒക്കോ

ണൽ, ഐർലണ്ടിനു നൽകിയ നേതൃത്വം ഇതര രാജ്യങ്ങളിലേ കത്തോലിക്കർക്കും മാർഗ്ഗദർശകമായിത്തീർന്നു. വോട്ടവകാശത്തിന്റെ ബുദ്ധിപൂർവ്വകമായ വിനിയോഗത്താൽ, നിയമസഭകൾവഴി തങ്ങളുടെ സഭയുടെ ഭാവി സുരക്ഷിതമാക്കുവാൻ അവലംബിക്കേണ്ട പ്രവൃത്തിപദ്ധതി ആദ്ദേഹത്തിൽനിന്ന് അവർ പഠിച്ചു.

ഒക്കോണലിന്റെ മാഹാത്മ്യം സ്ഥിതിചെയ്യുന്നതു് അദ്ദേഹത്തിന്റെ വിജയങ്ങളിലെന്നതിനെക്കാൾ അദ്ദേഹത്തിന്റെ സമരങ്ങളിലാണ്; എന്തുനേടി എന്നതിനെക്കാൾ എങ്ങനെനേടി എന്നതിലാണ്. അദ്ദേഹം പൊരുതിയ ഉത്തേജകമായ ആ സമരങ്ങളാലാണ്, ലോകമെങ്ങുമുള്ള കത്തോലിക്കർക്ക് അദ്ദേഹം മാതൃകയായിത്തീർന്നതു്. അമ്പതു വർഷങ്ങൾക്കുശേഷം ലൂയീ വ്യൂലോ പ്രസ്താവിച്ചു, ഒക്കോണൽ നൽകിയ മാതൃക "ഈ ശതാബ്ദത്തിൽ ഒരൊറ്റവ്യക്തിയുടെ വിജ്ഞാനവും വിശ്വസ്തതയുംവഴി ക്രിസ്തുനേടിയ ആദ്ധ്യത്തെ പ്രശസ്തവിജയ"മാണെന്ന്. ഒക്കോണലിനെ ക്രടാതെ ഐർലണ്ടിനു് അധികകാലവിളംബമെന്നിയേ സ്വാതന്ത്ര്യം കിട്ടുമായിരുന്നു. എന്നാൽ, ഒക്കോണലിനെ ക്രടാതെ, ഐർലണ്ടു് ഇന്നത്തേ ഐർലണ്ടു് ആകുമായിരുന്നില്ല; ഐർലണ്ടിനു് ഇത്രമാത്രം ശുഭാപ്തിവിശ്വാസം ഉണ്ടാകുമായിരുന്നില്ല. ഐറിഷ് ജനതയുടെ പ്രത്യാശ ഇത്ര വർദ്ധമാനമാവുകയോ അവർ ഇത്രയും തലയുയർത്തിനില്ക്കുകയോ ചെയ്യുകയുമില്ലായിരുന്നു. ജീവിതസാഹചര്യങ്ങളുടെ നിഴൽ അദ്ദേഹത്തിന്റെ വ്യക്തിത്വത്തെ ഏതാനുമെല്ലാം മറച്ചുകളഞ്ഞിട്ടുണ്ട്. എന്നാൽ, ചരിത്രത്തിൽ അദ്ദേഹം നിസ്തുലശോഭയോടെ പ്രകാശിക്കുന്നു. ഈ പ്രബന്ധത്തിന്റെ ആരംഭത്തിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ, ജീവിച്ചിരുന്നപ്പോൾ എന്നതിനെക്കാൾ, ഒരു ചരിത്രപുരുഷൻ എന്ന നിലയിലാണ്

ഒക്കോണലിന്റെ പ്രാധാന്യവും മാഹാത്മ്യവും കൂടുതൽ വ്യക്തമായികാണപ്പെട്ടുന്നതു്.

ഒക്കോണലിന്റെ സമരവും സമരസാഹചര്യങ്ങളും അദ്ദേഹത്തെ ഇത്രയും സുപ്രസിദ്ധനാക്കി. മിക്കവാറും അജയ്യമായി കരുതപ്പെട്ടിരുന്ന പ്രതിബന്ധങ്ങളെ തരണംചെയ്തു എന്ന ഏക വസ്തുത അദ്ദേഹത്തെ മഹാന്മാരുടെ നിരയിലേക്കു കയറ്റിവിട്ടു. ലൂയി വ്യൂലോയുടെ വാക്കുകളിൽ, "സാർവത്രികസഭയിൽ അജയ്യമായ പ്രത്യാശയുടെയും അപ്രതിരോധ്യമായ സ്വാതന്ത്ര്യബോധത്തിന്റെയും ചൈതന്യം ശുദ്ധമൂലമാക്കുവാൻ തിരഞ്ഞെടുക്കപ്പെട്ട മഹാത്മാവാണ് ഒക്കോണൽ." ഒമ്പതാംപീയൂസ് മാപ്പ്വാപ്പായുടെ അഭിപ്രായത്തിൽ അദ്ദേഹം "സഭയുടെ വീരയോദ്ധാവും മാതൃരാജ്യത്തിന്റെ പിതാവും ക്രൈസ്തവലോകത്തിന്റെ അഭിമാനപാത്രവുമാകുന്നു." ഒക്കോണൽ മരണമടഞ്ഞു് അനേകസംവത്സരങ്ങൾ കഴിഞ്ഞിട്ടും, സ്വാതന്ത്ര്യപ്രാപ്തിക്കു വേണ്ടിയുള്ള സമരത്തിൽ ആ "സ്വാതന്ത്ര്യസമ്പാദകൻ" ഉത്തേജനം നൽകിക്കൊണ്ടേയിരുന്നു.

(Contributed)

സാമുദായിക സമീപനം

പത്തൊൻപതാം നൂറ്റാണ്ടിലെ യൂറോപ്പിൽനിന്ന പരസ്നേഹം എന്ന ദിവ്യഗുണം തീരെ അപ്രത്യക്ഷമാകുമെന്ന ഒരു അത്യാപത്തു പലരും ശങ്കിച്ചുപോന്നു. പരസ്നേഹപ്രതിതിയില്ലാത്ത മനുഷ്യരും ജനപദങ്ങളും എല്ലാകാലത്തും ഒരു സാമുദായികവിപത്താണെന്ന ചരിത്രം പഠിപ്പിച്ചിട്ടുണ്ട്. എപ്പോഴെങ്കിലും പരസ്നേഹവും മനോഗുണപ്രവൃത്തികളും അവശ്യം ആവശ്യമായിരുന്നെങ്കിൽ അതു പത്തൊൻപതാം നൂറ്റാണ്ടിലെ യൂറോപ്പിലായിരുന്നതാനും. ആ ഘട്ടത്തിൽ പരസ്നേഹമില്ലാത്ത ഒരു ജനത, ക്രിസ്തീയ സമുദായത്തിന്റെ അസ്തിത്വത്തിനുതന്നെ അത്യാപൽക്കരമായിരുന്നു. വ്യക്തി സമുദായത്തിന്റെ വെറും പദാർത്ഥഘടകമെന്ന നിലയിലേക്കു താണുപോകുന്ന ഒരു യഥാർത്ഥ അപകടം അന്നുണ്ടായിരുന്നു; സമുദായ യന്ത്രത്തിന്റെ വെറും ആണികളും ചക്രവുമായി അവർ പരിണമിക്കുന്നതുകൊണ്ടാണു യൂറോപ്പ് അന്നു നിലകൊണ്ടതു്. മനുഷ്യത്വം തീരെ നശിച്ച ഒരു ജനതയെ ആണു്, ആ യന്ത്രയുഗം പുലർത്തികൊണ്ടുവന്നതു് — തൊഴിലാളികളും, വെറും ധനസമ്പാദനത്തിനുള്ള അസംസ്കൃതപദാർത്ഥങ്ങളായും, തൊഴിലുടമസ്ഥന്മാർ, ധനമാർജിക്കുന്നതിനുള്ള ഉൽപാദനയന്ത്രങ്ങളായും സ്വയം പരിഗണിച്ചൊരു കാലഘട്ടമായിരുന്നതു്.

യന്ത്രവ്യവസായ വിപ്ലവത്തിന്റെ ഫലമായി ഉത്ഭവിച്ച മനുഷ്യത്വവിഹീനത്വം, ദീർഘിച്ച നെപ്പോളിയൻ യുദ്ധത്തിന്റെ അനന്തരദുരന്തഫലങ്ങൾ തുടരിത്തപ്പെട്ടത്തി. വാസ്തവത്തിൽ 18-ാം ശതാബ്ദത്തിൽ

കണ്ടുപിടിക്കപ്പെട്ട യന്ത്രം മനുഷ്യപ്രയത്നത്തെ ലഘൂകരിക്കുകയാണു വേണ്ടിയിരുന്നതു്. യന്ത്രം, അതു ഒരു മഹാനഗ്രഹംതന്നെയായിരുന്നു. പക്ഷേ, ഗൃഹങ്ങളിൽ രണ്ടു മൂന്നുപേർക്കുടി കഠിനാധ്വാനംചെയ്തു ഉണ്ടാക്കിയ തുണിനിർമ്മാണത്തിന്റെയും നൂൽ നൂല്ക്കുന്നതിന്റെയും കാഠിന്യത്തെ ലഘൂകരിപ്പാൻ കണ്ടുപിടിക്കപ്പെട്ട യന്ത്രങ്ങളുടെ ഉപയോഗം യഥാർത്ഥത്തിൽ സമുദായഘടകത്തിൽതന്നെ ഒരു വിപ്ലവത്തെയാണുണ്ടാക്കിച്ചതു്. ഓരോ മിഷ്യനും, വേലക്കാരുടെ സഹായത്തെ കുറച്ചു. ക്രമേണ ക്രമേണ യന്ത്രങ്ങൾ ഉണ്ടായതോടുകൂടി വ്യവസായത്തിനും തൊഴിലിനും ക്രമേണവേലക്കാരെ ആവശ്യമില്ലാതെയാണു് വന്നതു്. പക്ഷേ, വെള്ളത്തിൽനിന്നും ആവിയിൽനിന്നും ശക്തി സംഭരിച്ചു വലിയ യന്ത്രങ്ങൾ നടത്തുന്ന വിദ്യ കണ്ടുപിടിച്ചതോടുകൂടി, പല യന്ത്രങ്ങൾ ഒരുമിച്ചുകൂട്ടി ഒരു സ്ഥലത്തു പ്രവർത്തനം തുടങ്ങി. അങ്ങനെ ഫാക്ടറികൾ നടപ്പിലായി.

ഫാക്ടറികളുടെ ആവിർഭാവത്തിന്റെ ഫലമായി തൊഴിലാളികൾ ഒരു സ്ഥലത്തുതന്നെ കേന്ദ്രീകരിപ്പാൻ തുടങ്ങി. ഗ്രാമങ്ങളിൽ ചിന്നിച്ചിതറി ജീവിച്ചിരുന്ന അനേകസഹസ്രം തൊഴിലാളികൾ അവർക്കു സുപരിചിതമായ ഗ്രാമീണജീവിതം വിട്ടുപേക്ഷിച്ചു പട്ടണങ്ങളിൽ തടിച്ചുകൂടി. ശ്വസിപ്പാൻ ശുദ്ധവായുവില്ലാത്ത, കണ്ടുസുഖിക്കാൻ വൃക്ഷങ്ങളൊ, പച്ചിലപോലുമോ ഇല്ലാത്ത, കുഞ്ഞുങ്ങൾക്കു പാലുകൊടുപ്പാൻ പശുക്കളില്ലാത്ത, എല്ലാത്തിനുംപുറമെ, വെയിലും ശുദ്ധവായും ഭക്ഷണവുമില്ലാത്ത, പിഞ്ചുകുഞ്ഞുങ്ങളെപ്പറ്റി ചിന്തിപ്പാൻപോലും ആളില്ലാത്ത, പട്ടണങ്ങളിലാണു ഇക്രൂട്ടർ തിങ്ങിക്കൂടേണ്ടിവന്നതു്. ഇവരുടെ ആവശ്യങ്ങൾ അറിയുന്നതിനോ, ഇവരുടെ നേത്രങ്ങളിൽ മനുഷ്യതപം അറുപോകുന്നതിനെ സൂക്ഷിപ്പാനൊ അന്നാരും

തന്നെ ശ്രമിച്ചില്ലാ. തൊഴിലാളിയുടെ അവയവങ്ങളും യന്ത്രശുശ്രൂഷക്ക് അനങ്ങിയിരുന്നെങ്കിലും മുഖങ്ങളിൽ മരണം അതിന്റെ ചിറകുകളും വീശിയിരുന്നു. അന്നു തൊഴിലാളിയുടെ മുഖത്തുനിന്നു പുഞ്ചിരി ഓടി മറഞ്ഞു. മനുഷ്യത്വത്തിന്റെ ലാഞ്ഛന അവരുടെ കണ്ണുകളിൽനിന്നോടി ഒളിച്ചു. മുൻപു മൃഗങ്ങളെക്കൊണ്ടു ചെയ്യിച്ചിരുന്ന പല കഠിന ജോലികൾക്കും ഇപ്പോൾ സ്ത്രീകളെയും കുട്ടികളെയും നിയോഗിച്ചു. കാരണം, മൃഗങ്ങളെക്കൊണ്ടു ആ ജോലി ചെയ്യിക്കുന്നതിൽ ക്ലേശതൽ ലാഭമായിരുന്നു തൊഴിലാളി സ്ത്രീകളെക്കൊണ്ടു ചെയ്യിക്കുന്നതു്. ദുഷ്ടാന്തമായി അതുവരെ കല്ലൂരി ഖനികളിൽ ഉന്തു വണ്ടിവലിച്ചിരുന്നതു കഴുതകളായിരുന്നു. പക്ഷേ കഴുതകൾക്കു കടന്നുപോകുത്തക്കവിധത്തിൽ അത്രയും വലിപ്പത്തിൽ ഖനിക്കടിയിൽ ഗുഹാപാതകൾ വെട്ടിയുറക്കേണ്ടിയിരുന്നു. അതിനുപകരം കൊച്ചുപെൺകുട്ടികളെക്കൊണ്ടു അതു വലിപ്പിക്കുവാൻ തുടങ്ങിയപ്പോൾ ഈ ഗുഹാപാതകൾ അവക്കു നടപ്പാൻമാത്രം വലിപ്പത്തിൽ വെട്ടിയാൽ മതിയായി. ഇതു വളരെ ലാഭമുള്ള ഒരേർപ്പാടായി മുതലാളിമാർ കരുതി. അവരുടെ വിലപിടിച്ച മൃഗങ്ങളും യന്ത്രോപകരണങ്ങളും പരിരക്ഷിക്കുന്നതിനു ക്ലേശതൽ ചെലവും അവയുടെ ആയുസ്സു ദീർഘിപ്പിക്കുന്നതിനു മതിയായ വിശ്രമവും കൊടുക്കേണ്ടിയിരുന്നു. അവക്കു വിലയുണ്ടായിരുന്നു. പക്ഷേ തൊഴിലാളി കുഞ്ഞുങ്ങളെയും സ്ത്രീകളെയും ധാരാളമായി കിട്ടുമായിരുന്നതുകൊണ്ടു ഇവരെകൊണ്ടു വിശ്രമരഹിതരായി ജോലി ചെയ്യിക്കാമായിരുന്നു. ഒരാൾ മരിച്ചാൽ രണ്ടുപേരെ യാതൊരു ക്ലേശതൽ ചെലവുമില്ലാതെ ലഭിക്കും.

എത്രതന്നെ പരുഷഭാഷയുപയോഗിച്ചാലും ഈ തൊഴിലാളിവർഗ്ഗം ജീവിച്ച നികൃഷ്ടപരിതഃസ്ഥിതികളെ

വർണ്ണിപ്പാൻ അസാദ്ധ്യമാണ്. അത്രയ്ക്കു മൂഗീയമായ ഒരു ദുരവസ്ഥയായിരുന്നു അത്. പക്ഷേ ഇതിലും പരിതാപകരമായ സംഗതി, ഈ തൊഴിലാളിക്രൂരനയം മനുഷ്യഹൃദയത്തിലും ആശയങ്ങളിലും ചിന്താഗതിയിലും വരുത്തിയ മാറ്റമായിരുന്നു. അക്കാലത്തെ നല്ല മനുഷ്യർക്രൂടി ഈ ദുരവസ്ഥ ന്യായമായ പ്രകൃതിനിയമമാണെന്നു വിശ്വസിച്ചുപോന്നു. ഈ കൊടുംനീചമായ സാമൂഹ്യ വ്യവസ്ഥിതി അവർ ക്രിസ്തീയമെന്നു വിളിച്ചുവെന്നു മാത്രമല്ല; അതൊരു നല്ല വ്യവസ്ഥിതിയെന്നും വിചാരിച്ചുപോന്നു. ഈ ചിന്താഗതി, ക്രൈസ്തവവിരുദ്ധമെന്നു മാത്രമല്ലാ, അത് മൂഗീയവും മനുഷ്യത്വമറ്റതുമാണെന്നു സംശയിപ്പാൻക്രൂടി അധികമാരും അക്കാലത്തുണ്ടായിരുന്നില്ലാ. മനുഷ്യർ വെറും ഉൽപന്നങ്ങൾക്കും അസംസ്കൃത സാധനങ്ങൾക്കും സമമായി കരുതപ്പെട്ടിരുന്ന സാമൂഹ്യശാസ്ത്രത്തിന്റെ ക്രൂരതയും അനീതിയും മനസ്സിലാക്കുവാൻ പാടില്ലാത്തവിധം അന്നത്തെ ബുദ്ധിജീവികൾക്രൂടി അത്രയ്ക്ക് അധഃപതിച്ചുപോയി.

ഏറ്റവും നിർഭാഗ്യമായ സംഗതി, ഈ മനുഷ്യത്വവിരുദ്ധമായ വ്യവസ്ഥിതി പുലർത്തിക്കൊണ്ടുപോന്നവർ, അവർ ദൈവത്താൽ അനുഗ്രഹിക്കപ്പെട്ട വിശുദ്ധിയുള്ള ഒരു തലമുറയാണെന്നു സ്വയം അഭിമാനിച്ചുകൊണ്ടിരുന്നതാണ്. അവർ അന്യായമായ വിധത്തിൽ ആർജ്ജിച്ച സ്വത്തു, അവരുടെ സുകൃതത്തിന്റെ ഫലമായി ദൈവത്തിന്റെ അനുഗ്രഹസമ്മാനമാണെന്നു വിചാരിച്ചു വിശ്വസിച്ചു. അങ്ങനെയവർ തൊഴിലാളികളുടെ ഈ ദുരിതാവസ്ഥയെ ദൈവമഹത്വത്തിന്റെ പ്രത്യക്ഷപ്രകടനമാണെന്നു വിശ്വസിച്ചാരാധിപ്പാൻ തുടങ്ങി. നല്ലവരെ ദൈവം ഏതുവിധത്തിലും സമ്പന്നന്മാരാക്കി; ദുഷ്ടരെയും അവരുടെ തലമുറകളെയും ദൈവനീതി തൊഴിലാളികളാക്കി നരകതുല്യം കഷ്ട

പ്പെടുന്നതിനു ശിക്ഷിച്ചു ഭ്രമിയിലേക്കയച്ചു: ഈ ദൈവനീതിയെ ലഘൂകരിക്കുന്നവർ ദൈവനീതിക്കെതിരായി പ്രവർത്തിക്കുന്നവരായിരിക്കും. ഇതായിരുന്നു പത്തൊൻപതാം നൂറ്റാണ്ടിലെ യൂറോപ്പിലെ ക്രൈസ്തവരെന്നു പറയപ്പെട്ടിരുന്ന ജനസമൂഹത്തിന്റെ സാമൂഹ്യശാസ്ത്രതത്വം.

ഈ മനഃസ്ഥിതി നന്നായിട്ടു മനസ്സിലാക്കിയാൽ മാത്രമെ അക്കാലത്തെ ഒരു ആംഗ്ലിക്കൻ മെത്രാൻ, തന്റെ ജീവിതകാലത്തു താനൊരു ദരിദ്രനു ഒരു ചില്ലിക്കാശു ദാനംചെയ്തിട്ടില്ലെന്നു സഭയം അഭിമാനിച്ചു പ്രഖ്യാപിക്കാൻ ധൈര്യപ്പെട്ടതെന്തുകൊണ്ടെന്നു ബോദ്ധ്യമാകയുള്ളൂ. കാരണം; സാധാരണക്കാർക്കു ഔദാര്യം ചെയ്യുന്നതു ദൈവപരിപാലനായിയമങ്ങൾക്കു വിഘാതം വരുത്തുന്ന ഒരു ക്രമമായിരിക്കുമെന്നതത്രെ പലരും അക്കാലത്തു വിശ്വസിച്ചുപോന്നു. മറ്റു വിധത്തിൽ കുപ്രസിദ്ധനായി തീർന്നിട്ടുള്ള 'മൽത്തൂസ്' എന്ന പ്രോട്ടസ്റ്റൻറു വൈദികനെഴുതിയതിപ്രകാരമാണ്:— "ഭ്രമണത്തെ ഉരിതങ്ങളെ നിവാരണം 'ചെയ്യുന്നതിനുള്ള ഏക പ്രതിവിധി, സകലവിധമായ പബ്ലിക്കും സാമൂഹ്യമായ ഔദാര്യപ്രവൃത്തികളെയും കാരുണ്യസംഘടനകളെയും നിരോധിക്കുക മാത്രമാണ്."

ഈ നൂറ്റാണ്ടിലെ യൂറോപ്യൻ ചിന്താഗതി, "അനുകമ്പ ക്രൂരതയെയുള്ള ജീവിതമത്സര"മാണു പ്രകൃതിനിയമമെന്നു വിശ്വസിച്ചുപോന്നു. റീ കോഡിന്റെ "ക്രൂരവേല സിദ്ധാന്തം" അന്നത്തെ സാമ്പത്തിക ശാസ്ത്രജ്ഞന്മാരുടെ അടിസ്ഥാന തത്വങ്ങളിലൊന്നായിരുന്നു. ആ സിദ്ധാന്തത്തിന്റെ നൈയാമികവശം, ക്രൂരിക്കാരനു അവന്റെ ജീവൻ തുടർന്നുപോകുന്നതിനുള്ളതിൽ കൂടുതൽ ക്രൂരിക്കവകാശമില്ലെന്നായിരുന്നു. ശാ

സ്ത്രീയമെന്ന പറയപ്പെട്ടന്ന അനേകം കണക്കുകൾ ഉ
ദ്ധരിച്ചു അന്നത്തെ ബുദ്ധിജീവികളെന്ന ഗണിക്കപ്പെട്ടി
രുന്ന ശാസ്ത്രജ്ഞന്മാർ ഈ പൈശാചികസിദ്ധാന്ത
ത്തെ സാധൂകരിച്ചു: അതിന്റെ ഫലമായി തൊഴിലാ
ളിയിൽ അവന്റെ ഉദ്വസ്ഥയ്ക്കൊരു മാറ്റം വരുത്താ
മെന്നാശയും അറുപോയി. നൈരാശ്യമുള്ള മൃഗത്തെ
പ്പോലെ ജീവിക്കുവാൻമാത്രം വിധിക്കപ്പെട്ട ആ സാ
മൂഹ്യവ്യവസ്ഥയെ അവൻ അങ്ങേയറ്റം വെറുത്തു.
എന്തുകൊണ്ട് ആ സമുദായത്തെതന്നെ തല്ലിതകർത്തു
ക്കൂടാ? എന്തുകൊണ്ട് അവനെയും കുഞ്ഞുങ്ങളെയും എ
ന്നെന്നേക്കും അടിമകളാക്കിയ യന്ത്രോപകരണങ്ങളെ
നശിപ്പിച്ചുക്കൂടാ? വിപ്ലവാഹ്വാനത്തിന് എന്തുകൊണ്ട്
ചെവികൊടുത്തുക്കൂടാ; അവർ പറയുന്നതു സത്യമല്ലെ?
സമുദായവും യന്ത്രവും നശിച്ചാൽ തൊഴിലാളിക്കു അവ
ന്റെ ചങ്ങല മാത്രമല്ലെ നഷ്ടമാകുകയുള്ളൂ?

ഈ പ്രശ്നത്തെ 'ഡാർവീനിയൻ സിദ്ധാന്തം'
കൂട്ടുതൽ വഷളാക്കി. ഈ ശതാബ്ദത്തിന്റെ ഉത്തരാർ
ദ്ധത്തിലാണു ഡാർവിൻ തന്റെ പരിണാമവാദം ഉന്ന
യിച്ചത്. ദൈവത്തെ മറന്ന ഒരു സമുദായത്തിന് അ
തിന്റെ അധർമ്മനോഭാവത്തിനു ശാസ്ത്രീയമെന്ന അ
ഭിമാനിച്ച ഈ പരിണാമവാദം ഒരു മഹാനുഗ്രഹമായി.
ഈ സിദ്ധാന്തത്തിൽ അന്നത്തെ സമുദായത്തിനു അനീതി
പരമായ സമുദായഘടനയ്ക്കു ഒരു ശാസ്ത്രീയ തുണ ലഭി
ച്ചു. എല്ലാ ജീവജാലങ്ങളും അവയുടെ അസ്തിത്വത്തിനു
മറ്റുള്ളവയോട് മത്സരിക്കേണ്ടതാണു പ്രകൃതിനിയമ
മെങ്കിൽ, മുതലാളി തൊഴിലാളിയോട് മത്സരിച്ചു സമ്പ
ന്നനായിജീവിതസൌകര്യം കൈവശപ്പെടുത്തുന്നതു തി
കച്ചും പ്രകൃതി നിയമമനുസരിക്കുകയാണ്. അങ്ങനെ
സാമ്പത്തികപ്രശ്നം സന്മാർഗ്ഗവും ധർമ്മപരവുമല്ലാത്ത
വെറും ശാസ്ത്രത്തിന്റെ പരിധിയിലേക്കു നീങ്ങി. മ

ത്സരംമാത്രമാണു സാമ്പത്തികപ്രശ്നത്തിന്റെ അടിസ്ഥാനതത്വമെങ്കിൽ, തൊഴിലാളിയും മുതലാളിയും തമ്മിലോ താഴ്ന്നവനും വലിയവനും തമ്മിലോ, സാധുക്കളും പണക്കാരും തമ്മിലോ ഉള്ള ബന്ധത്തിൽ പരസ്നേഹത്തിനോ, കാരുണ്യപ്രവൃത്തികൾക്കോ സ്ഥാനം ഇല്ലെന്നുവന്നു. വർഗ്ഗവൈരം പ്രകൃതിനിയമമെന്ന പിൽകാലത്തെ കമ്മ്യൂണിസ്റ്റ് നിഗമനം വ്യക്തമായ യുക്തിയായി.

മനുഷ്യഹൃദയങ്ങളിൽ അന്തർലീനമായി കിടക്കുന്ന ഭ്രാതൃഭാവനയെ അശേഷം നിർമ്മാർജ്ജനം ചെയ്യുവാൻ വേറെയും കാരണങ്ങൾ ആ നൂറ്റാണ്ടിൽതന്നെ പ്രത്യക്ഷപ്പെട്ടു. കാലങ്ങൾ കഴിയുംതോറും രാഷ്ട്രം, സാമൂഹ്യപ്രശ്നങ്ങളിൽ ഇടപെടുകയും അതുവരെ സാമുദായികസംഘടനകൾ നിർവ്വഹിച്ചിരുന്ന സാധുജനസംരക്ഷണകേന്ദ്രങ്ങൾ കൈവശപ്പെടുത്തിത്തുടങ്ങുകയും ചെയ്തു. അനാഥമന്ദിരങ്ങൾ, ആതുരശുശ്രൂഷാലയങ്ങൾ, മുതലായ സാധുജനകേന്ദ്രങ്ങൾ, അനഭ്യോഗസ്ഥ സ്ഥാപനങ്ങളിൽനിന്നു രാഷ്ട്രം വേർപെടുത്തി; അങ്ങനെ സർവ്വക്ഷേമരാജ്യത്തിന്റെ ആശയവും ഉത്ഭവിച്ചു. ഇതിന്റെ പരിണതഫലമായി, സാധുജനസംരക്ഷണപദ്ധതിയിൽനിന്നു ആദ്ധ്യാത്മിക തത്വങ്ങൾ തീരെ അപ്രത്യക്ഷമാകുകയും, പരസ്നേഹം, ഭൌതികമായ വെറും ദാനമായി രൂപാന്തരപ്പെട്ടുകയുംചെയ്തു. സാധുക്കൾ ഗവർമ്മെണ്ടിന്റെ കീഴിലുള്ള ഹീനമായ ഒരു ഗണമായി കരുതപ്പെട്ടതിനുപുറമെ, സാധുക്കളെ നേരിട്ടു സഹായിക്കേണ്ട ചുമതലയിൽനിന്നു ബഹുജനങ്ങൾ വിടർത്തപ്പെട്ടുവെന്ന ഒരു ധാരണ ഉത്തമവിശ്വാസത്തോടുകൂടി ജനങ്ങളിൽ പരക്കുവാനും ഇടയാക്കി.


ഇക്കാരണങ്ങളാലും മറ്റും ഈ നൂറ്റാണ്ടിൽ ഉപവിയുടെ ദീപം ജനഹൃദയങ്ങളിൽ തീരെ അപ്രത്യക്ഷ

മായി. ഉപവിയെന്ന ഗുണം ക്രിസ്തീയവിശ്വാസത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട അവിഭാജ്യഘടകമാണെന്നു മനസ്സിലാക്കിയവരിൽ ചിലർ ഈ മഹാഗുണം വീണ്ടും ജനഹൃദയങ്ങളിൽ പ്രതിഷ്ഠിപ്പാൻ കഠിനാധ്വാനം ചെയ്യേണ്ടിവന്നു. അന്നത്തെ യൂറോപ്പിൽ ഇതു എത്ര സാഹസികമായ യത്നമായിരുന്നുവെന്നു മുൻപ്രസ്താവിച്ചവയിൽനിന്നു മനസ്സിലാക്കാമല്ലൊ.

ഈ യത്നത്തിൽ വളരെ പ്രാധാന്യമേറിയ ഒരു ഭാഗം അന്നത്തെ അൽമായരാണു വഹിച്ചതു്. അവർ ഒരു ദ്വിമുഖപരിപാടിയാണു് അവലംബിച്ചതു്. ആദ്യമായി അവർ വ്യക്തികളെ പരസ്നേഹത്താൽ പ്രദീപ്തരാക്കി; ദൈവനാമത്തിൽ ദൈവത്തിന്റെ സാധുക്കൾക്കു ധാരാളമായും സ്നേഹാദരബുദ്ധിയോടും സഹായംചെയ്യുന്നതിനു വ്യക്തികളെ പ്രേരിപ്പിച്ചു. വാസ്തവത്തിൽ, വെറും ദാനധർമ്മത്തെ ഉപവിയാക്കി രൂപപ്പെടുത്തുന്നതു ദൈവസ്നേഹമാകുന്നു. ഈ മഹായജ്ഞമാണു് ഫ്രെഡറിക്ക് ഒസ്സാനാം, പൗളിൻ ഷെറിക്കോ മുതലായവർ ചെയ്തതു്. രണ്ടാമത്തെ മാർഗ്ഗം ഗവർമ്മെണ്ടിനെ സ്വാധീനപ്പെടുത്തിയും ഗവർമ്മെണ്ടു പദ്ധതികളിൽക്കൂടിയും സാധുജനസഹായപരമായ നിയമനിർമ്മാണപദ്ധതികൾ ആവിഷ്കരിച്ചു്, അവ നടപ്പിലാക്കുന്നതിനു സർവ്വശക്തിയും ഉപയോഗിക്കുകയെന്നതായിരുന്നു. നിയമനിർമ്മാണം വഴി, യന്ത്രവിപ്ലവത്തിന്റെ ദുരിതത്തിനൊരാശ്വാസം ലഭിക്കുന്നതിനും, തൊഴിലാളികളെ മനുഷ്യവ്യക്തികൾ എന്നപോലെയെങ്കിലും പരിഗണിക്കുന്നതിനും വേണ്ടിയുള്ള പല നിയമങ്ങൾ പാസാക്കിക്കുന്നതിനവർക്കു സാധിച്ചു. ഇതിൽ സുപ്രധാനഭാഗം വഹിച്ച നേതൃത്വംകൊടുത്തതൊരാളാണു് ആൽബർട്ട് ദി മൂൺ.

ഈ അൽമായർ നിർവ്വഹിച്ച ഈ ദിവ്യമുഖപ്രസ്ഥാനം പത്തൊൻപതാം നൂറ്റാണ്ടിൽ അസാദ്ധ്യമെന്നു തോന്നിയേക്കാവുന്ന തരത്തിലുള്ള ഭീമകാര്യങ്ങളാണ്. അക്കാലത്തെ വർഗ്ഗവൈരത്തിന്റെ മൂർദ്ധന്യത്തിൽ, സ്വാതന്ത്ര്യതയുടെയും ധനാർജ്ജനമാത്സര്യത്തിന്റെയും പാരമ്യത്തിൽ, ഒസ്സാനാം, ഷാരിക്കോ, ദീമൂൺപോലെയുള്ള മഹാന്മാരുടെ സേവനം, അത്യുൽകൃഷ്ടമെന്നു മാത്രമല്ലാ, സാക്ഷാൽ വീരോചിതവുമായിരുന്നു. ഇവരുടെ പ്രവർത്തനം ഇല്ലായിരുന്നെങ്കിൽ യൂറോപ്പിലെ ക്രൈസ്തവസഭയുടെ പുനരുത്ഥാനം അസാദ്ധ്യമെന്നോ ചരിത്രപണ്ഡിതർ അഭിപ്രായപ്പെടുകയുള്ളൂ. പണക്കാർ ദൈവത്തിന്റെ ഔദാര്യത്തിനവകാശികളായതു്, അവരിലുള്ള ഏതെങ്കിലും സൽഗുണംകൊണ്ടല്ലെന്നു മാത്രമല്ലാ, അവർ സാധുക്കളുടെ രക്ഷയ്ക്കുവേണ്ടി വെറും ധനകാര്യസ്ഥന്മാർ മാത്രമാണെന്നും അവരെ ധരിപ്പിക്കുവാനും; സാധുക്കൾ സാധുക്കളായിരിക്കുന്നതു് അവർ ശപിക്കപ്പെട്ടവരായതുകൊണ്ടല്ലെന്നും, പരിശ്രമശീലത്താൽ അവർക്കു സമുദായത്തിൽ ഒരു നല്ല സ്ഥാനം കൈവരുത്താമെന്നും, എന്നാൽ അതുവരെ ദൈവഹിതത്തിനു കീഴ് വഴങ്ങി ജീവിക്കേണ്ടതാണെന്നും അവരെ ധരിപ്പിക്കുവാനും ഇവർ അശ്രാന്തപരിശ്രമം ചെയ്തു. ഇവരുടെ ജീവിതം മുഴുവനും ഈ ജോലിക്കായി അർപ്പിക്കുകയാണിവർ ചെയ്തതു്.

ഇവരുടെ സേവനമാഹാത്മ്യം യൂറോപ്യൻ സാമൂഹ്യചരിത്രത്തിൽനിന്നു മായാത്തവിധം അതുയർന്ന സുപ്രധാനമാണ്. പ്രത്യേകിച്ചു കത്തോലിക്കസഭയുടെ രക്ഷകരാണിവർ. സഭാചരിത്രത്തിൽ ഇവർക്കു് എല്ലായ്പ്പോഴും ഒരു സുപ്രധാനസ്ഥാനം ഉണ്ടായിരിക്കും.



പൌളിൻ മേരി ഷാരിക്കോ

പത്തൊൻപതാം ശതാബ്ദത്തിലെ പ്രശസ്ത കത്തോലിക്കാ അൽമേനികളെപ്പറ്റിയുള്ള ഈ ചർച്ചയിൽ നമ്മുടെ പഠനത്തിനായി തിരഞ്ഞെടുക്കുന്ന ഏക വനിതയാണ് പൌളിൻ മേരി ഷാരിക്കോ. ഈശ്വര അൽമേനികളിൽ ഫ്രെഡറിക്ക് ഒസ്സാനാമും ഷാരിക്കോയും പുണ്യപട്ടത്തിന് അർഹരാണോ എന്നു പരിശോധനയ്ക്കു തിരുസിംഹാസനത്തിങ്കൽ വിഷയമായിരിക്കയാണ്. സർവ്വഥാ ഒരു സ്ത്രീ തന്നെയാണു പൌളിൻ ഷാരിക്കോ. സഭയ്ക്ക് ഈ വനിത ചെയ്തിട്ടുള്ള സേവനം മഹത്താണെങ്കിലും പൌളിൻ ചരിത്രകാരന്മാർക്ക് ഒരു വിഷമപ്രശ്നമായിത്തീർന്നിട്ടുണ്ട്. പല വൈദികമേലദ്ധ്യക്ഷന്മാരും രണ്ടു മാപ്പാപ്പാമാരും സംയമനംവിനാ ജീവിതകാലത്തുതന്നെ അവളെ പ്രശംസിച്ചിരിക്കുന്നു. അതേസമയം മറ്റു പല മെത്രാന്മാരും വൈദികരും

അവളെ അതിമോഹിയായ ഒരു സ്ത്രീയായിട്ടാണു ഗണിച്ചെതിത്തിരുന്നതു്. അതിമോഹം അവളെ വഞ്ചകരുടെ ഉപകരണമാക്കിത്തീർത്തുവെന്നാണു് അവർ വാദിച്ചിരുന്നതു്. എന്നുവരികിലും അസാധാരണക്കാരിയായ ഈ സ്ത്രീയുവനിതയെപ്പറ്റിയുള്ള ആക്ഷേപങ്ങളെല്ലാം അടിസ്ഥാനരഹിതമാണെന്നു് ഇന്നു തെളിഞ്ഞിട്ടുണ്ടു്. ഒരു ദിവസം അവർക്കു പുണ്യപട്ടം ലഭിക്കുമെന്നു നമുക്കു പ്രതീക്ഷിക്കാവുന്നതുമാണു്. എന്നാലും ഷാരിക്കോയുടെ ജീവിതത്തെ സംബന്ധിച്ചു തിരുസിംഹാസനത്തിന്റെ തീരുമാനം ഉണ്ടാകുന്നതുവരെ ചരിത്രകാരന്മാർക്കു സാധാരണ തെളിവുകൾ മാത്രമേ ആശ്രയിക്കുവാനുള്ളു. അവർ ചെയ്ത മഹാകാര്യങ്ങളും അവർക്കുണ്ടായ ഒരു ഭീമപരാജയവും തജ്ജന്യമായ മനോവേദനയുമാണു് ഇവിടെ വിവരിക്കുന്നതു്.

പൗളിൻ ഷാരിക്കോയുടെ സേവനങ്ങൾ മഹത്തരങ്ങളായിരുന്നു. "പത്തൊമ്പതാം ശതാബ്ദത്തിലെ ഏതുയും പ്രധാനമായ പ്രവർത്തനമെന്നു്" അറിയപ്പെട്ടുന്ന വേദപ്രചാരസംഘത്തിന്റെ സ്ഥാപക, അഥവാ സഹസ്ഥാപകയായിരുന്നു ഷാരിക്കോ. പലർചേർന്നു ജപമാല പൂർത്തിയാക്കുന്ന "സജീവ ജപമാല" എന്ന പ്രസ്ഥാനത്തിന്റെ സ്ഥാപക പൗളിൻതന്നെയാണു്. ആ സ്ഥാനം ഒരുത്തരും ചോദ്യംചെയ്യുമെന്നു തോന്നുന്നില്ല. തിരുബാലസംഘം, മേരീസംഘം തുടങ്ങിയ പല സ്ഥാപനങ്ങളേയും പല വിധത്തിൽ അവർ സഹായിച്ചിട്ടുണ്ടു്. സ്വദേശത്തും വിദേശത്തും അജ്ഞാനിച്ചു കൊണ്ടിരുന്ന മിഷനറിമാർക്കും, ധർമ്മസഹായം ചെയ്തുകൊണ്ടിരുന്ന അൽമേനികർക്കും ഉപദേശങ്ങളും പ്രോത്സാഹനങ്ങളും നൽകുന്നതിനുപുറമേ സന്ന്യാസികർക്കു അവരുടെ ആദ്ധ്യാത്മികതയെ പരിപുഷ്ടമാക്കുവാനും

ക്ഷീണിതയായ സഭയ്ക്കു നവോന്മേഷം നൽകുവാനും അവൾ അക്ഷീണം പ്രയത്നിച്ചുകൊണ്ടിരുന്നു.

നാല്പതുവയസ്സു പൂർത്തിയാകുന്നതിനുമുമ്പുതന്നെ ഇതുയും കാര്യങ്ങൾ ഷാരിക്കോയ്ക്കു നിർവ്വഹിക്കുവാൻ സാധിച്ചു. അക്കാലങ്ങളിൽ അവൾ തികഞ്ഞ സമ്പത്തുകൊണ്ടു് അനുഗ്രഹിതയായിരുന്നു. ലോകവും സ്രഷ്ടാവും അവളെ നോക്കി പുഞ്ചിരി തൂകുന്നപോലെ തോന്നി. എന്നാൽ അവളുടെ ജീവിതത്തിലെ അവസാനത്തെ ഇരുപതു സംവത്സരം ദൈവം അവൾക്കു വളരെ കഷ്ടപ്പാടുകൾ അയച്ചുകൊടുത്തു. ലൗകികപരാജയങ്ങളിൽ അമരുന്നവരുടെ നേർക്കു കണ്ണുരുട്ടുന്ന ലോകം അവളുടെനേർക്കും കണ്ണുരുട്ടിക്കാണിച്ചു. ആവലാതി കൂടാതെ അവൾ സമസ്തവും സഹിക്കുകയുംചെയ്തു. ഇരുപതു കൊല്ലം അവളെ കണ്ണുനീരിലിട്ടു കുളിപ്പിച്ചെങ്കിലും ഈ ഇരുപതുകൊല്ലവും ദൈവതിരുഹിതത്തിനു് അവൾ വിധേയയായിക്കഴിഞ്ഞു. ഇതുതന്നെയാണു് അവളുടെ മഹത്തായ വിജയം. ഷാരിക്കോയുടെ നാമകരണത്തിനായി റോമയിൽ വാദം നടത്തുന്നവർ അവളുടെ നേട്ടങ്ങളെക്കാൾ കൂടുതലായി പരിചിന്തനം ചെയ്യുന്നതു് അവളുടെ അന്തിമകാലങ്ങളിലെ സഹനതീക്ഷ്ണതയും പ്രാർത്ഥനാത്മകമായ ജീവിതവുമായിരിക്കും. മനുഷ്യൻ ഭാവന ചെയ്യുന്നതിനേക്കാൾ വലിയ കാര്യങ്ങളാണു പ്രാർത്ഥനാജീവിതംകൊണ്ടു നേടുന്നതു്. ഭാവി തലമുറകൾ അവളെ അഭിനന്ദിക്കുവാൻ പോകുന്നതു പ്രധാനമായി അവളുടെ വിശുദ്ധിയേയും അനന്യസാധാരണമായ പ്രാർത്ഥനയേയും ഉദ്ദേശിച്ചായിരിക്കും. മൊറേനോ, മോണ്ടലമ്പെർ തുടങ്ങിയവരുടെ പ്രവർത്തനങ്ങളേക്കാൾ കൂടുതലായി പത്തൊൻപതാം ശതാബ്ദത്തിൽ സഭയുടെ വിജയത്തിനു വഴിതെളിച്ചിട്ടുള്ളതു ഷാരിക്കോയെപ്പോലുള്ളവരുടെ പ്രാർത്ഥനയും സഹനവുമാണു്.

ബാല്യവും കൗമാരവും

പതിനെട്ടാം ശതാബ്ദം അവസാനിക്കുന്നതിനു കുറേ മാസങ്ങൾക്കുമുമ്പ്, 1799-ലാണു പൗളിൻ ഷാരിക്കോ ജനിച്ചതു്. ആധുനിക കാലങ്ങളിൽ കത്തോലിക്കാസ്സഭ അഭിമുഖീകരിക്കേണ്ടിവന്നിട്ടുള്ള ഏറ്റവും ഭയങ്കരമായ ഒരു വിപൽഘട്ടമായിരുന്നു അതു്. ഒരു മാസം കഴിഞ്ഞു് ആറാം പീയൂസ് മാർപ്പാപ്പാ വിപ്രവാസം അനുഭവിക്കുവാൻ തുടങ്ങി. വേറൊരു മാർപ്പാപ്പാ ഇനിയുണ്ടാകയില്ലെന്നപോലും തോന്നിപ്പോയി. ഫ്രാൻസിൽനിന്നു തിരുസ്സഭ ബഹിഷ്ക്കരിക്കപ്പെട്ടു. ഇതര യൂറോപ്യൻരാജ്യങ്ങളിൽ അതു് എത്രയും ക്ഷീണിതമായി പ്രത്യക്ഷപ്പെട്ടു. ഫ്റാൻസിൽ പൂർവ്വവിശ്വാസത്തിൽതന്നെ ഉറച്ചുനിന്നിരുന്ന കത്തോലിക്കർ വൈദികരെ തങ്ങളുടെ മച്ചുകളിലാണു താമസിപ്പിച്ചിരുന്നതു്. അറപ്പുരകളിലാണവർ ദിവ്യപൂജ സമർപ്പിച്ചുകൊണ്ടിരുന്നതു്. പൗളിൻ ജനിച്ചിട്ടു് അധികം മാസങ്ങൾ കഴിയുന്നതിനുമുമ്പു് നെപ്പോളിയൻ ഭരണാധികാരം ഏറ്റു. പൗളിനെപ്പോലെ പലരും കത്തോലിക്കാവിശ്വാസത്തിൽ അചഞ്ചലമായി നിൽക്കുന്നതുകണ്ടു നെപ്പോളിയന്റെ ഗവർമ്മെൻറ് ഒരു നയമായി കത്തോലിക്കാ സഭയ്ക്കു അംഗീകാരം നൽകി. തന്മൂലം പൗളിനു ബാല്യകാലം മുതൽക്കുതന്നെ പള്ളിയിൽപ്പോയി പരിചയപ്പെടുവാനും ബാഹ്യമായി കത്തോലിക്കാവിശ്വാസം ആചരിക്കുവാനും സാധിച്ചു. മാരകമായ ഒരാലസ്യത്തിൽ അമർന്നുപോയിരുന്ന സഭയുടെ അംഗമായിട്ടാണു് അവൾ വളർന്നതു്. പൗളിന്റെ യൗവനത്തിൽ നെപ്പോളിയന്റെ ഫ്റാൻസിൽ തിരുസ്സഭ എത്രയും ബലഹീനയും ഭയചകിതയുമായി കഴിഞ്ഞുപോന്നു.

പൗളിൻ ജനിച്ചതു ലിയോൺസിലാണ്. 1800-ൽ തന്നെ, ആ നഗരം വൻകിട വ്യവസായങ്ങളുടെ ഒരു കേന്ദ്രമായിരുന്നു. വ്യവസായ വിപ്ലവത്തിന്റെ വിനാശഫലങ്ങളും മൂർദ്ധന്യത്തിലെത്തിയ കാലമായിരുന്നു അത്. വേലയുണ്ടായിരുന്ന കാലങ്ങളിൽപ്പോലും തൊഴിലാളികളുടെ ജീവിതം അത്യന്തം ക്ലേശഭൂയിഷ്ഠമായിരുന്നു; വേലയില്ലാത്തപ്പോൾ തനി പട്ടിണിതന്നെയായിരുന്നു അവരുടെ ഭാഗധേയം. പൗളിന്റെ പിതാവിന്റേയും ചാർച്ചക്കാരുടേയും ഫാക്ടറികളിൽ വേലചെയ്തിരുന്ന യുവതികളുടെ മുഖങ്ങളിൽ അവരുടെ കഷ്ടപ്പാടുകൾ ദൃശ്യമായിരുന്നു. അപര്യാപ്തമായ കൂലിയുടെ സാമ്പത്തികവശം പൗളിനു മനസ്സിലാക്കുവാൻ കഴിഞ്ഞിരുന്നില്ല; എന്നാൽ കഷ്ടപ്പെട്ട നട്ടംതിരിയുന്ന തൊഴിലാളികൾക്കു ശാരീരികവും ആത്മീയവുമായ സഹായങ്ങൾ നല്കണമെന്ന് അവർക്കു തോന്നി; കാരണം അവരുടെ ശരീരവും ആത്മാവും രോഗപ്പെട്ടിരുന്നു. ഈ സാധുജനങ്ങൾ അവളെ തങ്ങളുടെ ശത്രുവായിട്ടാണു കരുതിയിരുന്നതെന്നുള്ളതു് അവർക്കു വേദനാജനകമായിരുന്നു. സോഷ്യലിസ്റ്റുകാർ മാത്രമേ തൊഴിലാളികളെ സഹായിച്ചിരുന്നുള്ളൂ എന്ന ജനസംസാരം യുവതിയായ പൗളിനു സങ്കടകാരണമായിരുന്നു. അളിയന്റെ ഫാക്ടറിയിൽ മറ്റു യുവതികളോടുകൂടെ തൊഴിലിനു പോയിരുന്ന നാൾമുതൽ അവളുടെ മരണംവരെ ഈ പ്രശ്നം അവളെ എന്നും അലട്ടിയിരുന്നു. ലിയോൺസിലെ തെരുവീഥികളിൽ ഭിക്ഷാടനം ചെയ്യുന്നതിനുള്ള ലൈസൻസോടുകൂടി ദരിദ്രരിൽ ദരിദ്രയായിട്ടാണു അവൾ മരിച്ചതെന്ന് അനുസ്മരിക്കുന്നതു നന്നായിരിക്കും.

1830-ലെ വിപ്ലവകാലത്തു തൊഴിലാളികളും പടയാളികളും അങ്ങാടികളിൽത്തന്നെ നിന്നു പരസ്പരം പടവെട്ടുന്നതു് അവർ നേരിട്ടുകണ്ടിട്ടുണ്ട്. ക്ലേശസ

സൂണ്ണമായ ആ നാളുകളിലെല്ലാം ദീർഘനേരം ദേവാലയത്തിൽ പ്രാർത്ഥനയിലാണ് അവൾ കഴിച്ചുകൂട്ടിയിരുന്നത്. ലിയോൺസിലെ വിപ്ലവകാരികളായ തൊഴിലാളികളെ പടയാളികൾ ശിക്ഷിക്കുവാൻ തുടങ്ങിയപ്പോൾ അവളും അവളുടെ കൂട്ടുകാരും കാഞ്ഞിരപ്പൂങ്ങളും പ്രാർത്ഥനക്കാർഡുകളും പട്ടാളക്കാരുടെ മുമ്പിൽ വച്ചുതന്നെ വിതരണം ചെയ്തുകൊണ്ടിരുന്നു. ലിയോൺസുനഗരത്തെ അവർ നാശത്തിൽനിന്നു മോചിച്ചു. ജനങ്ങൾ ആർത്തുവിളിച്ചു അതൊരത്ഭുതമാണെന്ന്. ലിയോൺസിന്റെ ഹൃദയത്തെ ഗ്രസിച്ച ഒരു സാമൂഹായിക കാൻസറായിത്തന്നെനിന്ന തൊഴിലാളിപ്രശ്നം. 1834-ൽ തൊഴിലാളികളെ വെടിവച്ചുകൊല്ലുവാൻ പാരീസിൽനിന്നു പട്ടാളക്കാർ വന്നെത്തി. 1848-ൽ ലിയോൺസിലെ തെരുവീഥികളിൽ വിപ്ലവങ്ങളും ആഭ്യന്തരയുദ്ധങ്ങളും കലഹങ്ങളും തുടർന്നുകൊണ്ടുതന്നേയിരുന്നു. തെരുവീഥികളിൽ വെടിവെപ്പോ കലാപങ്ങളോ ഇല്ലാതിരുന്നപ്പോൾപോലും തൊഴിലാളികളുടെ ഹൃദയങ്ങളിൽ വൈരാഗ്യവും അസൂയയും എരിഞ്ഞുകൊണ്ടുതന്നെ ഇരുന്നു. പൗളിൻ ലിയോൺസിൽ നിവസിച്ചിരുന്നതുനിമിത്തവും പിതാവു് ഒരു ഫാക്ടറി ഉടമസ്ഥനായിരുന്നതിനാലും സാമൂഹായികപ്രശ്നം സിദ്ധാന്തപരമാത്രമായിട്ടല്ല അവൾക്കു തോന്നിയത്. അതു യഥാർത്ഥവും പ്രായോഗികവുമായ ഒരു പ്രശ്നമായിട്ടുതന്നെ അവൾ മനസ്സിലാക്കി. ആ യാഥാർത്ഥ്യത്തിന്റെ മുമ്പിലാണു് അവൾ വളർന്നുവന്നതു്. തനിച്ചുനിന്നു് ആ പ്രശ്നത്തോടു് അവൾ പൊരുതുകയുംചെയ്തു.

ലിയോൺസിലെ പ്രധാന കുടുംബങ്ങളിൽ ഒന്നായിരുന്ന പൗളിന്റേതു്. ഇളയമകൾ ജനിക്കുന്നതിനു മുമ്പുതന്നെ ആന്റോയിൻ ഷാരിക്കോ സമ്പന്നരുടെ ഗണത്തിലാണു് എണ്ണപ്പെട്ടിരുന്നതു്. ഇളയ മകളായ

പൗളിന്റെ ജനനത്തിനുശേഷം കുടുംബനില പിന്നെയും അഭിവൃദ്ധിപ്പെട്ടു. 1815-ൽ നെപ്പോളിയന്റെ സമരങ്ങൾ അവസാനിച്ചുവല്ലൊ. അന്നേക്ക് ആന്റോറായിൻ ഒരു കോടീശ്വരനായിത്തീർന്നിരുന്നു. സമർത്ഥനും വിദഗ്ധനുമായ ഒരു വ്യാപാരിയായിരുന്നതുകൊണ്ടു സമരകാലത്തുണ്ടായ വ്യാപാരവികാസത്തിൽനിന്ന് അദ്ദേഹത്തിനു പൂർണ്ണഫലമെടുക്കുവാൻ കഴിഞ്ഞു. സ്വഭാവേന ആന്റോറായിൻ ഒരു ധർമ്മിഷ്ഠനായിരുന്നതുകൊണ്ട് ഇളയമകൾ പൗളിന്റെ ധർമ്മകാര്യങ്ങൾക്കു സഹായം നൽകുവാൻ അദ്ദേഹം വിമുഖനായിരുന്നില്ല. 1834-ൽ ആന്റോറായിൻ ദിവംഗതനായി. സാധുവർഗ്ഗങ്ങൾക്കു വേണ്ടി ചെലവാക്കുവാൻ 8 ലക്ഷം ഫ്രാങ്കുവിലവരുന്നിടത്തോളം വസ്തുവകകൾ അദ്ദേഹം പൗളിനുതന്നെ നല്കി. പിതൃഹൃദയത്തിൽനിന്നു മകളുടെ ഹൃദയത്തിലേക്കു പിതൃവാത്സല്യം മാത്രമല്ല പ്രവഹിച്ചതു്. ഒരു വിദഗ്ധ വ്യവസായിക്കു വേണ്ട ഗുണങ്ങളും കൂടി പ്രസരിക്കുകയുണ്ടായി. നല്ല കാര്യശേഷിയും ധർമ്മകാര്യങ്ങളെന്തെന്നു എത്രയും പ്രയോജനകരമായ രീതിയിൽ നടത്തുവാനുള്ള കഴിവും പൗളിനുണ്ടായിരുന്നു. പതൊമ്പതാം ശതാബ്ദത്തിൽ ഒരു യുവതിക്കു തനിച്ചുചെയ്യുവാൻ കഴിയാത്ത ഒരുകാര്യം ഓജസ്സോടും ഹൃദയദാർഢ്യത്തോടും കൂടെ അവൾ നിറവേറ്റി. അങ്ങനെ പിതാവിൽനിന്നു കിട്ടിയ അപദാനങ്ങൾ പൗളിൻ കത്തോലിക്കാപ്രവർത്തനത്തിനായി വിനിയോഗിച്ചു.

ആദ്ധ്യാത്മികസമ്പത്തും മതാത്മകമായ ഉപദേശങ്ങളും അമ്മയിൽനിന്നാണു പൗളിനു സിദ്ധിച്ചതു്. ലൗകായതികനായി ജീവിച്ച പിതാവിന് അത്തരം സമ്പത്തു് അധികമൊന്നുമുണ്ടായിരുന്നില്ല. അമ്മ ഒരു അസാധാരണസ്ത്രീയായിരുന്നു. ഭാര്യയുടെ ശിലാസ്മാരകമായി ആന്റോറായിൻ എഴുതിയതു് ഇപ്രകാരമാണു്;

"സ്വയം വിസ്മരിച്ച് അവൾ ദൈവത്തേയും ദുർഭഗരേയും അനുസ്മരിച്ചുകൊണ്ടിരുന്നു". ഇളയമക്കൾ ഫീലെയാസിനും പൗളിനും വേണ്ട പ്രാഥമികവിദ്യാഭ്യാസം നൽകുന്നതിന് അവൾക്കു വേണ്ട ഒഴിവുസമയമുണ്ടായിരുന്നു. സുന്ദരമായ പ്രഭാതസൂര്യനിലും വിളഞ്ഞുകിടക്കുന്ന വയലിലും ലീനമായിരിക്കുന്ന ആദ്ധ്യാത്മികവശങ്ങൾ ആവർത്തിച്ചു പറഞ്ഞുകൊണ്ടിരിക്കുന്നതിന് അവൾക്കൊരു വിഷമമുണ്ടായിരുന്നില്ല.

ഇങ്ങനെ പൗളിൻ വളർന്നുവന്നു. അഗാധമായ ദൈവഭക്തികൊണ്ട് എരിഞ്ഞിരുന്ന ഒരമ്മയുടെ മേൽനോട്ടത്തിൽ പത്തൊമ്പതാം ശതാബ്ദത്തിലെ ലിയോൺസിൽ ഒരു ധനികകുടുംബത്തിൽ സമ്പന്നയായ ഒരു യുവതിയായിട്ടാണ് ആ കുസുമം വികസിച്ചത്. ഒരു പെൺകുട്ടിയുടെ അധികാരോന്മത്തതയും തജ്ജന്യമായ അഹങ്കാരവുമായിരുന്ന പൗളിന്റെ പ്രധാനകുറവ്. "സ്വർഗ്ഗത്തിലെ കുയിൽ" എന്നാണ് അമ്മ അവളെ വിളിച്ചിരുന്നത്. അത്രയ്ക്കു സന്തോഷപ്രകൃതിയായിരുന്ന പൗളിന്റേത്. വളരെ സൂക്ഷ്മമുള്ള ഒരു ബാലികയുംകൂടിയായിരുന്ന പൗളിൻ. ഇളയമകളെ നല്ല ഒരു കുടുംബത്തിലേക്കു വിവാഹംകഴിച്ചു കൊടുക്കുവാനും അങ്ങനെ അവളെ ഉയർന്നിലയിലാക്കുവാനും അമ്മയ്ക്കു പ്ലാനുണ്ടാക്കിത്തുടങ്ങി. ലിയോൺസിലെ സാമൂഹികജീവിതത്തിൽ മകൾക്കു നേതൃത്വം സിദ്ധിക്കണമെന്നതായിരുന്നു പിതാവിന്റെ താൽപര്യം. മകളുടെ ഉദ്ദേശ്യങ്ങൾ പിതാവിന്റേതിൽനിന്നു വിഭിന്നമായിരുന്നില്ല. സന്തോഷപ്രകൃതിയായ പൗളിൻ സഹപാഠികൾക്ക് എത്രയും പ്രിയപ്പെട്ടവളായിരുന്നു. യുവതികൾ പ്രാധാന്യംകല്പിക്കുന്ന വസ്ത്രധാരണരീതി, സംഭാഷണമുറ, മുതലായ പല ചെറിയസംഗതികളിൽ

ക്കുടി അവളുടെ മാതൃകയാണ് എല്ലാവരും സ്വീകരിച്ചിരുന്നതു്.

സമീപസ്ഥനും യോഗ്യനുമായ ഒരു യുവാവിനെ മാതാപിതാക്കന്മാർ പൗളിന്റെ വരനായി തിരഞ്ഞെടുത്തു. അവർ രണ്ടുപേരും പരിചയപ്പെട്ടു. വിവാഹബന്ധത്തിലേർപ്പെടുന്നതിനു് ഇരുവശത്തുനിന്നും പ്രതിബന്ധങ്ങളൊന്നുമുള്ളതായി തോന്നിയില്ലെങ്കിലും പെട്ടെന്നു് ഒരു വിവാഹനിശ്ചയമൊന്നുമുണ്ടായില്ല. പിതാവു വിവാഹം നടത്തുവാൻ ധൃതിക്കൂട്ടിയെന്നവരുകിലും അമ്മയ്ക്കും മകൾക്കും ഒരു തീരുമാനത്തിലെത്തുവാൻ സാവകാശംവേണ്ടിവന്നു. എന്തുചെയ്യണമെന്നു പൗളിനു സംശയമായിരുന്നു. പൗളിന്റെ ദൈവവിളി വേറൊന്നല്ലേയെന്നു് അമ്മയ്ക്കു സന്ദേഹമായി. ഇങ്ങനെ സംശയത്തിൽ കഴിയുമ്പോഴാണു പൗളിൻ ഒരു സ്റ്റൂളിൽനിന്നു മറിഞ്ഞുവീഴുകയും, പുറത്തു പരുക്കുകൾ ഏല്ക്കുകയും ചെയ്തതു്. കുറേനാളത്തേക്കു് അസ്വാസ്ഥ്യം വളരെ കലശലായിരുന്നു. ഫ്ലോഗവും വലിയ ഒരു വിളർച്ചയും പൗളിന്റെ ആരോഗ്യത്തിനു ഹാനിവരുത്തി.

ഒരുകൊല്ലം കഴിഞ്ഞേ പൗളിനു നടക്കാറായുള്ളൂ. അതിനിടയ്ക്കു് അമ്മ മരിക്കുകയും പൗളിന്റെ കുറവുത്താൽ വിവാഹാലോചന അലസിപ്പോകുകയുംചെയ്തു. അന്നു പൗളിനു വയസ്സു പതിനേഴായിരുന്നു. അമരമില്ലാതെ ഇളകിമറിയുന്ന തോണിയിലെന്നപോലെയായി പൗളിൻ. അങ്ങനെയിരിക്കവെ ഒരു ഞായറാഴ്ച അവർ ഫാദർ വുർട്ട്സിന്റെ ഒരു പ്രസംഗം കേൾക്കുവാനിടയായി. ആദ്ധ്യാത്മികപ്രശ്നങ്ങളെ അദ്ദേഹം അഭിമുഖീകരിച്ചവിധം പൗളിനു് അത്യധികം ഇഷ്ടപ്പെട്ടു; തന്നിമിത്തം അവർ അദ്ദേഹത്തെ ആത്മപിതാവായി സ്വീകരിച്ചു. തന്റെ ആദ്ധ്യാത്മികസഹായം തേടി

വന്നിരിക്കുന്ന ഈ ബാലിക ഒരു സാധാരണക്കാരിയല്ലെന്നു ഫാദർ വുർട്ട്സ് ക്ഷണത്തിൽ മനസ്സിലാക്കി. അദ്ദേഹം അവളോട് അനുദിനം ദിവ്യകാരുണ്യം സ്വീകരിക്കുവാൻ ഉപദേശിച്ചു. പത്താം പീയൂസ് മാർപ്പാപ്പാ അനുദിന ദിവ്യകാരുണ്യസ്വീകരണത്തെപ്പറ്റിയുള്ള നിർദ്ദേശങ്ങളും നൽകുന്നതിന് ഒരു ശതാബ്ദംമുമ്പ് ഇങ്ങനെ ഒരുപദേശം നൽകിയതു ദൈവപരിപാലനാവൈഭവമെന്നേ പറയാനുള്ളൂ. പൗളിൻ അന്നാളുവരെ അന്വേഷിച്ചുകൊണ്ടിരുന്ന അഖിലവും വെടിയുവാൻ അദ്ദേഹം ആജ്ഞാപിച്ചു. ലൗകികസ്നേഹമെല്ലാം കൈവെടിയുവാനും ലോകവസ്തുക്കളോടുള്ള പ്രതിപത്തി പരിത്യജിക്കുവാനും അദ്ദേഹം ആവശ്യപ്പെട്ടു.

ഒരു യുവതിക്ക്, പ്രത്യേകിച്ചു സാമുദായികകാര്യങ്ങളിൽ ഏർപ്പെട്ട ജീവിക്കുന്ന ഒരു യുവതിക്ക്, ഈ ഉപദേശം അത്ര എളുപ്പമായിരുന്നില്ല; എന്നാലുകിലും ജ്ഞാനപിതാവു നിർദ്ദേശിച്ചതുപോലെതന്നെ അവൾ പ്രവർത്തിച്ചു. മാത്രമല്ല, സെൻറ് പോളിക്കാർപ്പിൻെറ ആശുപത്രിയിൽ മാറാവ്യാധികൾ പിടിപെട്ടുകിടന്നിരുന്ന രോഗികളെ ശുശ്രൂഷിക്കുവാനുള്ള അനുവാദവും സമീപസ്ഥരായ സന്ന്യാസിനികളിൽനിന്ന് അവൾ വാങ്ങിച്ചു. താമസിയാതെ ലിയോൺസിലേ ജനങ്ങൾ മനസ്സിലാക്കി പൗളിൻ എല്ലാദിവസവും ആശുപത്രിയിൽ മാറാവ്യാധികളുമായി ഇടപഴകി കഴിയുകയാണെന്ന്. ദീർഘമായ അസുഖംനിമിത്തം ആ സാധുബാലിക ചിത്തഭ്രമത്തിനു വിധേയമായിരിക്കാം എന്ന് അവർ വിധിയെഴുതി. മകളുടെ അതിരുകടന്ന ഉപവിപ്രവൃത്തികൾ പിതാവിന് ഇഷ്ടമായില്ല. ഉപവിപ്രവൃത്തികൾ ചെയ്യരുതെന്ന് അദ്ദേഹം വിചാരിച്ചിരുന്നില്ല; എന്നാൽ അങ്ങനെ ചെയ്യുന്നതു ഒരു കുലീനബാലികയ്ക്ക് അനുയോജ്യമായിരിക്കണമെന്നേ അദ്ദേ

ഹം ശഠിച്ചുള്ളൂ. സ്വന്തം സാധനങ്ങൾക്കുടി അന്യരുമായി ധർമ്മം കൊടുക്കുവാൻ തുടങ്ങിയപ്പോൾ വിവേകിയായ അവളുടെ പിതാവു തന്റെ നേരിട്ടുള്ള അനുവാദംകൂടാതെ യാതൊന്നും ധർമ്മകാര്യങ്ങൾക്ക് എടുത്തുകൂടായെന്നു നിശ്ചയിച്ചു.

അനിയന്ത്രിതമായ ധർമ്മപ്രവൃത്തികളേക്കാൾ പിതാവിന് അനിഷ്ടമായതു് അവളുടെ ജീർണ്ണിച്ച വസ്ത്രങ്ങളാണ്. അവൾ ധരിച്ചിരുന്ന സുന്ദരവേഷവിഭൂഷണങ്ങൾക്കു പകരം പരുപരുത്ത കാർഷികവസ്ത്രം ധരിച്ചതും, മരച്ചെരിപ്പിട്ടു നടന്നതും മറ്റുമാണു പിതൃഹൃദയത്തെ വേദനിപ്പിച്ചതു്. ഈ പുതിയ വേഷത്തിൽ ദിവ്യപൂജയുടെ സമയത്തു പൗളിൻ മുട്ടുകുത്തിനില്ക്കുന്നതു കണ്ടപ്പോൾ ലിയോൺസിലെ ജനങ്ങൾ വിചാരിച്ചു അവൾ ഭ്രാന്തിയായെന്ന്. അനന്തരകാലങ്ങളിൽ പൗളിൻതന്നെ പറഞ്ഞു: "ഞാൻ അന്നു ധരിച്ചിരുന്ന വസ്ത്രങ്ങൾ വാസ്തവത്തിൽ മോശമായിരുന്നു." എന്നാൽ അവൾ തന്റെ പ്രവൃത്തിയെ ഇപ്രകാരം നീതീകരിച്ചു: "സമസ്തവും ഒരുമിച്ചു് ഉപേക്ഷിച്ചില്ലായിരുന്നുവെങ്കിൽ ഒന്നും ചെയ്യാൻ എനിക്കു സാധിക്കുകയില്ലായിരുന്നുവെന്ന കാരണത്താലാണു ഞാൻ ഇത്രത്തോളം ചെയ്തതു്. ശോകസൂചകമായ ഈ വസ്ത്രങ്ങൾ പരസ്യമായി ധരിച്ചിരുന്നപ്പോഴെല്ലാം എന്റെ ശരീരം മുഴുവനും വിറച്ചിരുന്നു. ഒരു മദ്ധ്യമാർഗ്ഗം സ്വീകരിക്കുകയായിരുന്നുവെങ്കിൽ എന്റെ പ്രതിജ്ഞ സുദൃഢമാകയില്ലായിരുന്നുവെന്നു നിണ്ണയം."

പതിനേഴു വയസ്സുള്ള ഒരു യുവതിക്കു തന്റെ സഖിമാരുടെ ഇടയിലുണ്ടായിരുന്ന നേതൃത്വം ഉപേക്ഷിക്കുവാനും, സുന്ദരവസ്ത്രങ്ങളെല്ലാം പരിത്യജിക്കുവാനും, ജീവിതത്തിന്റെ ഒരു നവസരണിയിൽ പ്രവേശിക്കു

വാനം വളരെ പ്രയാസമായിരുന്നിരിക്കണം. പൗളിന്റെ കായ്ത്തിൽ വിഷമം ക്ഷീണതലാകാനേ മാർഗ്ഗമുണ്ടായിരുന്നുള്ളൂ; എന്തുകൊണ്ടെന്നാൽ അവർ ഉപേക്ഷിച്ച ലോകത്തിൽത്തന്നെയാണ് അവർ നിവസിച്ചിരുന്നത്. സന്യാസാന്തസ്സിൽ പ്രവേശിക്കുന്നവർക്കാണെങ്കിൽ തുല്യസാഹചര്യങ്ങളിൽ വർത്തിക്കുന്ന സഹപാഠികളുടെ സഖ്യമുണ്ടാകും. അങ്ങനെയൊരു സൗകര്യവുംകൂടി ഇല്ലായിരുന്നുവെങ്കിലും പൗളിൻ തന്റെ ഉപവിപ്രവൃത്തികൾ തുടർന്നുകൊണ്ടിരുന്നു. ജീർണ്ണവസ്ത്രം ധരിച്ചുകൊണ്ട് ലിയോൺസിലെ സാധുജനങ്ങളുടെ ഇടയിൽ അവർ സേവനംചെയ്തുകൊണ്ടിരുന്നതു് അനേകരെ വിസ്മയിപ്പിച്ചു. വേഷം ഭ്രാന്തിയുടേതായിരുന്നുവെങ്കിലും പ്രവർത്തനങ്ങളിൽ ഒരു കുഴപ്പവുമില്ലായിരുന്നു. ബാഹ്യമായ സേവനങ്ങൾ ഇങ്ങനെ ഒരു വർഷം നടത്തി. എന്നാൽ ജീവിതം മുഴുവനും മത്തായെപ്പോലെ അനുഷ്ഠാനിക്കുവാൻ ജ്ഞാനപിതാവു് അനുവദിച്ചില്ല. ബാഹ്യമായ സൽപ്രവൃത്തികൾക്കുള്ള സമയം കുറയ്ക്കുവാനും പ്രാർത്ഥനയുടേയും ധ്യാനത്തിന്റേയും സമയം കൂട്ടുവാനും അദ്ദേഹം ഉപദേശിച്ചു. ആരോഗ്യത്തിനു സാരമായ കോട്ടം വരുത്തിയിരുന്ന ഉപവാസത്തിന്റെ മൂർച്ച കുറയ്ക്കുവാനും അദ്ദേഹം ആവശ്യപ്പെട്ടു. ഈ നിർദ്ദേശങ്ങളും ആജ്ഞകളും പൗളിൻ പൂർണ്ണമായി അനുവർത്തിച്ചു.

വേദപ്രചാരസംഘത്തിന്റെ പ്രാരംഭം

1819-ൽ ഇരുപത്തിയൊന്നാമത്തെ വയസ്സിലാണു പൗളിൻ വേദപ്രചാരസംഘം സ്ഥാപിച്ചതു്. നവോന്മേഷം പ്രാപിച്ചുവരുന്നിരുന്ന തിരുസ്സഭയ്ക്കു് അവർ ചെയ്ത മഹത്തായ സേവനമാണതു്. ഒരു വർഷംമുമ്പു സെയിൻറ് വാലിയേയിലുള്ള സഹോദരിഭവനത്തിന്റെ

ഫാക്ടറിയിൽ സ്ത്രീ തൊഴിലാളികളുടെ ഇടയിലാണു വേദപ്രചാരസംഘത്തിന്റെ അടിസ്ഥാനമിട്ടതു്. അവരുടെ സാന്മാർഗ്ഗികസുസ്ഥിതിയായിരുന്നു അവളുടെ പ്രഥമ ചിന്ത. പ്രാരംഭദശയിൽത്തന്നെ അവർ മഹത്തായ ഒരു വിജയം കൈവരിച്ചു. ആ തൊഴിലാളികളെല്ലാം അവളെ സസന്തോഷം സമീപിക്കുകയും സ്വതന്ത്രമായി സംസാരിക്കുകയും താല്പര്യത്തോടെ അവരുടെ പ്രശ്നങ്ങൾ തുറന്നവയ്ക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞു മൂന്നുമണിക്കു കുട്ടികൾക്കെല്ലാം സ്വച്ഛം വിശ്രമം ലഭിക്കുവാനുള്ള സൗകര്യം അവൾ ഉണ്ടാക്കി. വിശ്രമവേളയിൽ എല്ലാവരുംകൂടി മൂന്നു് ആകാശങ്ങളിലിരിക്കുന്ന നമസ്കാരവും മൂന്നു നന്മനിറഞ്ഞമറിയവും ചൊല്ലിവന്നു. പിന്നീടു് അവരെ വേദോപദേശം പഠിപ്പിക്കുവാൻ അവൾ തന്റെ സഹോദരൻ ഫീലെയാസിനെക്കൂടി കൊണ്ടുവന്നു. ഫീലെയാസ് തന്റെ ഉപദേശങ്ങളുടെ ഇടയ്ക്കു മിഷൻ രാജ്യങ്ങളിലുള്ള സാമ്പത്തികമായ അവശതകളെപ്പറ്റി അവരോടു സംസാരിക്കാറുണ്ടായിരുന്നു. ഈ പ്രായോഗികപ്രശ്നത്തിന്റെ പരിഹാരത്തിനായി എന്തെങ്കിലും ചെയ്യണമെന്നു പൗളിന്റെ കീഴണ്ടായിരുന്ന തൊഴിലാളി സ്ത്രീകൾ നിശ്ചയിച്ചു. മിഷൻ കാര്യങ്ങൾക്കു ധനസഹായം ആവശ്യമാണെന്നുള്ളതു് അവർ ശരിയായി മനസ്സിലാക്കി. തന്മൂലം, പൗരസ്ത്യരാജ്യങ്ങളിലുള്ള ഫ്രഞ്ചു മിഷൻ സ്ഥാപനങ്ങൾക്കു് ആഴ്ചതോറും ഒരു പെനി നൽകണമെന്നു് അവർ തീരുമാനിച്ചു. സെയിൻറ് വാലിയേയിൽനിന്നു പൗളിൻ ലിയോൺസിലേക്കു തിരിക്കുന്നതിനുമുമ്പുതന്നെ തൊഴിലാളികളോരോരുത്തരും അവരുടെ ഓഹരി ആഴ്ചതോറും കൊടുത്തുതുടങ്ങി. ഈശോയുടെ തിരുഹൃദയത്തിന്റെ പരിഹാരസംഘം എന്നു് അവർക്കു പേരുകിട്ടി. അവരുടെ പ്രഥമകൃത്യം ലോ

കത്തിന്റെ പാപങ്ങൾക്കുവേണ്ടി പരിഹാരപ്രാർത്ഥനകൾ സമർപ്പിക്കുക എന്നതായിരുന്നു. അവരുടെ ദ്വിതീയോദ്ദേശ്യം മിഷൻ സ്ഥാപനങ്ങളെ സഹായിക്കുക എന്നതുമായിരുന്നു. ഈ പ്രസ്ഥാനത്തിൽ നിന്നാണ് വേദപ്രചാരസംഘം ക്രമപ്പെടുത്തത്.

പൗളിന്റെ നേതൃത്വത്തിൽ ലിയോൺസിലെ സ്ത്രീതൊഴിലാളികളുടെ ഇടയിലും പ്രസ്തുത സംഘത്തിന്റെ വേറൊരു ശാഖ സ്ഥാപിച്ചു. ഒരു മിഷനറി വൈദികനാകുവാൻ 1819-ൽ സെമ്മിനരിയിലേക്കുപോയ ഫീലെയാസ് മിഷനറിമാരുടെ ആവശ്യങ്ങളെപ്പറ്റി എഴുതിയ കത്തുകൾ ലിയോൺസിലും സെയിൻറ് വായിലേയിലുമുള്ള രണ്ടു ശാഖകളിലും പൗളിൻ വായിച്ചു. നാൻസി, മെറ്റ്സ്, ലെഹാവർ, റെനെ തുടങ്ങിയ മറ്റു പട്ടണങ്ങളിലും ഈശോയുടെ തിരുഹൃദയത്തിന്റെ പരിഹാരസംഘങ്ങൾ പൗളിന്റെ ആദർശമനുസരിച്ചു സ്ഥാപിതമായി. എല്ലാ ശാഖകളുടെയും പ്രവർത്തനം ഒരുപോലെയായിരുന്നു: പ്രാർത്ഥനയും മിഷനുവേണ്ടിയുള്ള ധനശേഖരവും. ഓരോ ശാഖയ്ക്കും ഫീലെയാസിന്റെ എഴുത്തുകളുടെ കോപ്പി പൗളിൻ അയച്ചുകൊടുത്തിരുന്നു. ജീവിതാന്ത്യത്തിൽ വേദപ്രചാരസംഘത്തിന്റെ സെൻട്രൽ കൗൺസിൽ അവളെ നിരസിച്ചപ്പോൾ കോപാവേശത്തോടെ അവൾ കൗൺസിലിന് ഇപ്രകാരമെഴുതി: "മാന്യരേ, വേദപ്രചാരസംഘത്തിന്റെ സ്ഥാപിക എന്നുള്ള സ്ഥാനത്തോടുകൂടെ അതിന്റെ ധാത്രി എന്നുള്ള സ്ഥാനനാമവുംകൂടി എനിക്കുതരുവാനാണ്. മൂന്നു കൊല്ലക്കാലം എന്റെ സഹോദരന്റെ എഴുത്തുകൾ ശാഖകൾക്ക് അയച്ചുകൊണ്ട് അംഗങ്ങളുടെ ഉത്സാഹത്തെ ഞാൻ പ്രോത്സാഹിപ്പിച്ചുകൊണ്ടാണിരുന്നിട്ടുള്ളത്..... വേദപ്രചാര

സംഘ്യമാസികയുടെ പ്രഥമ ലക്കങ്ങളായി ഈ എഴുത്തുകളെ പരിഗണിക്കാവുന്നതാണ്."

വേദപ്രചാരസംഘത്തിന്റെ സ്ഥാപക എന്നുള്ള സ്ഥാനപ്പേരു പൗളിനു നല്കുവാനുള്ള പ്രധാനമായ അടിസ്ഥാനം ആ സംഘടനയ്ക്കു 1819-ൽ അവൻ നൽകിയ പ്രായോഗിക വശങ്ങളാണ്. പരിഹാരസംഘശാഖകൾ വളരെ മോശമായിട്ടാണു സംഘടിതമായിരിക്കുന്നതെന്ന് ആരംഭംമുതൽതന്നെ അവനുതോന്നി. ഒരു സെൻട്രൽ ഓഫീസ് ഉണ്ടായിരുന്നില്ല. ഓരോ ശാഖയും സ്വതന്ത്രമായിരുന്നു. അതിനാൽ അടുത്തയാഴ്ചയിലെ പിരിവ് എടുക്കുമോയെന്നും മിഷനു് അയക്കുമോ എന്നും ആർക്കും ഒരുറപ്പുണ്ടായിരുന്നില്ല. സംഘത്തിന്റെ പ്രവർത്തനങ്ങളെ ഏകീകരിപ്പിച്ചു പ്രോത്സാഹിപ്പിക്കുവാനും എല്ലാം ഒരു കേന്ദ്രസ്ഥാപനത്തിന്റെ കീഴിൽ കൊണ്ടുവരുവാനും പൗളിൻ ഒരു സൂത്രം കണ്ടുപിടിച്ചു. വളരെ കാര്യക്ഷമമായിരുന്നു അതു്. ഓരോ അംഗവും വേറെ ഒമ്പതുപേരെ ചേർത്തു പത്തുപേരടങ്ങിയ ഒരു ശാഖയുണ്ടാക്കണം. ആഴ്ചതോറും ഓരോ അംഗത്തിൽനിന്നും പിരിക്കേണ്ട സംഖ്യ ആ പത്തുപേരിലൊരാൾ പിരിച്ചെടുക്കണം. ഇങ്ങനെയുള്ള നൂറു ഗണങ്ങൾക്കു് ഒരു ചീഫ് കളക്ടറെ നിശ്ചയിച്ചു. ആഴ്ചതോറും പിരിഞ്ഞുകിട്ടുന്ന ആയിരം പെനിയും കേന്ദ്രത്തിലേക്കു് അയച്ചുകൊടുക്കേണ്ടതു് അയാളുടെ ചുമതലയായിരുന്നു.

വേദപ്രചാരസംഘത്തിന്റെ പ്രധാന വശങ്ങളാണിവ. ഇതിനകം പൗളിന്റെ ശാഖകളെല്ലാം ഈ പേരു സ്വീകരിച്ചു കഴിഞ്ഞിരുന്നു. ഏതെങ്കിലും ഒരു പ്ലാൻ നടപ്പിലാക്കുന്നതിനുമുമ്പു ഫാദർ വുർട്ട്സിന്റെയും സ്വന്തം സഹോദരന്റെയും അഭിപ്രായങ്ങൾ പൗ

ളിൻ ആരാഞ്ഞറിഞ്ഞിരുന്നു. ജ്ഞാനചിതാവു് അതീവ സന്തുഷ്ടനായി. എല്ലാ പ്ലാനുകളും പ്രവൃത്തിയിൽ വരുത്തുവാൻ അദ്ദേഹം അവളെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു. സെയിൻറ് സംപ്ലിസ്സു സെമ്മിനരിയിലെ വൈദികരോട്ട സഹോദരിയുടെ പ്രവർത്തനങ്ങളെപ്പറ്റി ഫീലെയാസു സംസാരിക്കുകയും അവളുടെ ഉദ്ദേശങ്ങളെല്ലാം നടപ്പിൽ വരുത്തുന്നകാര്യത്തിൽ അവരെല്ലാവരും അതീവ തൽപരരാണെന്നു് സഹോദരിയെ അറിയിക്കുകയുംചെയ്തു. ഇങ്ങനെ സംഘത്തിൻറെ പ്രവൃത്തി ക്രമീകൃതമാകുകയും വികസിക്കുകയുംചെയ്തു.

കുറച്ചുമാസങ്ങൾ കഴിഞ്ഞു വൈദികലോകം പൗളിൻ ഷാരിക്കോയെ സൂക്ഷ്മമായി വിമർശിക്കുവാൻ തുടങ്ങി. അവളുടെ ജീവിതത്തിൽ അവർ അഭിമുഖീകരിച്ച ഒന്നാമത്തെ കൊട്ടുകാറാണിതു്. അവളുടെ പ്രവർത്തനങ്ങൾ നിറുത്തുവാൻ ഇടവക വികാരി ആജ്ഞാപിച്ചു. അൽമേനിയായ ഒരു സ്ത്രീ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതു് ഉചിതമല്ലെന്നായിരുന്നു അദ്ദേഹത്തിൻറെ വാദം. അന്നു സ്ഥലം മെത്രാൻ അവിടെ ഇല്ലായിരുന്നതിനാൽ ആ ശ്രുതയുടെ വികാരി ജനറാളിൻറെ പക്കൽ പൗളിൻ അപ്പീൽ ബോധിപ്പിച്ചു. ഇടവക വികാരിയുടെ പ്രവൃത്തി ശരിയാണെന്നു വികാരി ജനറാൾ നിശ്ചയിക്കുകയാണെങ്കിൽ പ്രവർത്തനം നിറുത്തിക്കൊള്ളാമെന്നു് അവൾ വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ പ്രവർത്തനങ്ങൾ നിറുത്താതെ വികസിപ്പിക്കുവാനാണു അദ്ദേഹം തീരുമാനിച്ചതു്.

അങ്ങനെ തിരുസ്സഭാധികാരികളുടെ അനുവാദത്തോടെ, അല്ല, അവരുടെ ആജ്ഞാനുസാരം വേദപ്രചാരസംഘത്തിൻറെ പണി അവൾ തുടർന്നു. പ്രവർത്തനത്തിൻറെ വിജയം എതിർപ്പിനു ശക്തികൂട്ടി. പ്രസംഗ

വേദികളിൽനിന്നു വൈദികർതന്നെയാണ് ഇതിനെ ശക്തിമത്തായി എതിർത്തത്. യുവതികൾ പ്രാർത്ഥന ചൊല്ലുകയാണു വേണ്ടതെന്നും മറ്റു സഭാകാര്യങ്ങൾ വൈദികരാണു നടത്തേണ്ടതെന്നും അവർ വാദിച്ചു. പൗളിന്റെ ധൈര്യവും അഹങ്കാരവും കഠിനമായി അവർ വിമർശിച്ചു. സഭാധികാരികളുടെ അനുവാദംക്രടാതെ മുമ്പോട്ടുപോകുന്നതിന് അവളെ അവർ കുറ്റപ്പെടുത്തി. അവൾ ശേഖരിച്ച പണത്തിൽ ഒരു വലിയഭാഗം മിഷനല്ല മറ്റു സ്ഥലങ്ങളിലേക്കാണ് പോയതെന്നുംക്രടി അവർ സൂചിപ്പിച്ചു.

എന്നിട്ടും സംഘത്തിന്റെ പ്രവർത്തനങ്ങൾ അഭിവൃദ്ധിപ്പെടുകയാണു ചെയ്തത്. 1819 മുഴുവനും സംഘം അതിവേഗം പ്രചരിച്ചു. പ്രസ്തുത വത്സരത്തിന്റെ അവസാനമായപ്പോഴേക്കും വേദപ്രചാരസംഘം നല്ല ഒരുറച്ച സ്ഥാപനമായിത്തീർന്നു. ഏഷ്യയിലെ പ്രധാനമിഷൻ സ്ഥാപനങ്ങൾക്കെല്ലാം സംഘം കാര്യമായ സഹായം ചെയ്തുകൊണ്ടിരുന്നു.

മൂന്നു സംവത്സരങ്ങൾ പല ദുർഘടഘട്ടങ്ങൾ തരണംചെയ്തശേഷം സംഘം പുനർജ്ജന്മമെടുത്തു. ആ മൂന്നു കൊല്ലവും ഏറ്റവും വലിയ പ്രശ്നം സംഘത്തിന്റെ ധനശേഖരം എവിടേക്കു പോകണമെന്നുള്ളതായിരുന്നു. ചൈനയിലെ മിഷൻ സ്ഥാപനങ്ങളെ സഹായിക്കണമെന്നുള്ളതായിരുന്നു പൗളിന്റെ പ്രഥമോദ്ദേശം. ചിലർ അമേരിക്കയുടെ കാര്യത്തിലാണു താൽപര്യം പ്രകാശിപ്പിച്ചിരുന്നത്. അഖിലലോക മിഷൻ സ്ഥാപനങ്ങളെയും സഹായിക്കണമെന്നു മറ്റു ചിലർ അഭിപ്രായപ്പെട്ടു. ഈ പ്രശ്നം 1822-ൽ വളരെ ഗുരുതരമായി. അമേരിക്കൻ മിഷൻ സ്ഥാപനങ്ങൾക്കു സഹായം ആവശ്യപ്പെടുവാൻ ഡബ്ലൂട്ടിലെ മെത്രാനച്ചൻ യൂറോപ്പിലേക്കു അ

യച്ച ഫാദർ ഇംഗ്ലേസി ലിയോൺസിലെത്തിയപ്പോഴാണ് ഇങ്ങനെ സംഭവിച്ചത്. അമേരിക്കൻ മിഷനെ സഹായിക്കുവാൻ പൗളിന്റെ സംഘടനയെ സഹായം ഏറെറടുക്കുവാൻ ഫാദർ ഇംഗ്ലേസി ശ്രമിച്ചു. എന്നാൽ ഇദ്ദേഹം സ്വന്തം മെത്രാനാൽ തിരസ്കൃതനായ ഒരു വഞ്ചകനാണെന്നു പിന്നീട് തെളിഞ്ഞു. പിന്നീട് ഇദ്ദേഹം മതത്യാഗം ചെയ്യുകയാണുണ്ടായത്.

മിഷൻ പ്രവർത്തനങ്ങളിൽ താൽപര്യമുണ്ടായിരുന്നവരെല്ലാം 1822 മേയ് മാസത്തിൽ സമ്മേളിച്ചു ലോകമാസകലമുള്ള മിഷൻ സ്ഥാപനങ്ങളെ സഹായിക്കുവാനുള്ള ഒരു സംഘടന രൂപവൽകരിച്ചു. പൗളിൻ ആ സമ്മേളനത്തിൽ സന്നിഹിതയായിരുന്നില്ല. എന്നാൽ ചില സഹപ്രവർത്തകർ അവളുടെ പ്രതിനിധികളായി അതിൽ പങ്കെടുത്തു. അവർ വേദപ്രചാരസംഘം എന്ന നാമം സ്വീകരിക്കുകയും ഒരു നിയമാവലി എഴുതിയുണ്ടാക്കുകയുംചെയ്തു. പത്തുപേരുടേയും നൂറുപേരുടേയും ഗണങ്ങൾ പൗളിൻ രൂപവൽകരിച്ച വിധംതന്നെ അവർ അംഗീകരിച്ചു. ഫ്രാൻസിസ് സേവിയർ പുണ്യവാനെ മദ്ധ്യസ്ഥനായി തിരഞ്ഞെടുക്കുകയും ഓരോ അംഗവും മിഷനുവേണ്ടി 1 ആകാ. 1 നന്മ. ചൊല്ലണമെന്നു നിശ്ചയിക്കുകയുംചെയ്തു. പൗളിന്റെ പ്ലാൻതന്നെയാണ് അവർ സ്വീകരിച്ചത്. അവളുടെ ശാഖകളെ എല്ലാം പുതിയ സംഘടനയിലേക്കു ചേർത്തു. അവളുടെ കൈയിൽ ഉണ്ടായിരുന്ന സംഖ്യയുടെ കണക്കുകളെല്ലാം കൗൺസിലിനെ ഏല്പിച്ചു; എന്നിട്ടും ഈ സമ്മേളനത്തിന്റെ റിപ്പോർട്ടിൽ പൗളിന്റെ പേരില്ലായിരുന്നു. അങ്ങനെ വേദപ്രചാരസംഘവും പൗളിനുമായുള്ള ബന്ധം വിസ്മൃതകോടിയിൽ തള്ളിപ്പോയി. നൂറുഗണങ്ങളുടെ തലവൻ എന്ന നില മാത്രമേ അവർക്കു സിദ്ധിച്ചുള്ളൂ. തന്മൂലം മുപ്പതുകൊല്ലംകഴിഞ്ഞു

ലാ റൊഷേലിലെ മെത്രാനച്ചന്റെ നിർദ്ദേശപ്രകാരം വേദപ്രചാരസംഘത്തിന്റെ സ്ഥാപികയാണു താനെന്ന് അവൾ അവകാശപ്പെട്ടപ്പോൾ അവളെ ഒരു വഞ്ചകിയായി ചിത്രിക്കുകയാണു ചെയ്തത്.

സജീവ ജപമാല പ്രസ്ഥാനം

മറെറാരു സംഘടന ക്രമപ്പെട്ടുത്തിയതാണു പൗളിന്റെ രണ്ടാമത്തെ വലിയ നേട്ടം. എന്നാൽ ഈ പ്രാവശ്യം പണം ശേഖരിക്കുന്നതിനേക്കാൾ കൂടുതൽ പ്രാധാന്യം കല്പിച്ചതു പ്രാർത്ഥനാ സമർപ്പണത്തിനാണ്. കത്തോലിക്കാ ജീവിതം പ്രചരിപ്പിക്കുന്നതിനേക്കാൾ കൂടുതലായി അവൾ ഉദ്ദേശിച്ചതു് അതിനെ ശക്തിപ്പെടുത്തുകയെന്നതാണ്. ബാഹ്യപ്രവർത്തനങ്ങളിലും ധ്യാനപരമായ ജീവിതത്തിലും ഒന്നുപോലെ പൗളിൻ ഉയർന്നുനിന്നിരുന്നുവെന്നു ഫാദർ വുർട്ട്സിനു ബോദ്ധ്യമായിരുന്നതുകൊണ്ട് സജീവ ജപമാല പ്രസ്ഥാനം സമാരംഭിക്കുന്നതിനു വഴിതെളിഞ്ഞു. വേദപ്രചാരസംഘത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നിമിത്തം പൗളിന്റെ പ്രാർത്ഥനാജീവിതത്തിന് തടസ്സം വന്നുകൊണ്ടിരുന്നതിനാൽ മൂന്നു കൊല്ലത്തേക്കു ധർമ്മകാര്യങ്ങൾ നിറുത്തിവെക്കുവാനും ആന്തരിക ജീവിതം പരിപുഷ്ടിപ്പെടുത്തുവാനും ജ്ഞാനപിതാവു നിർബന്ധിച്ചു. ജ്ഞാനപിതാവിന്റെ ആജ്ഞകൾ പൗളിൻ അക്ഷരശ: അനുസരിച്ചിരുന്നതിനാൽ മത്തായുടെവശം വികസിപ്പിച്ചുപോന്നതോടൊപ്പം മറിയത്തിന്റെ വശവും കൂടി വികസിപ്പിക്കുവാൻ തുടങ്ങി.

1825-ൽ മാർപ്പാപ്പാ ഒരു ചാക്രികലേഖനം പ്രസിദ്ധംചെയ്തു. പ്രസ്തുത ലേഖനത്തിൽ മാർപ്പാപ്പാ തിരുമേനി അന്നത്തെ സാഹിത്യത്തെ അപലപിക്കുകയും പരമ്പരാഗതമായ കത്തോലിക്കാ സാഹിത്യം പാ

രായണം ചെയ്യുവാൻ ഉൽബോധിപ്പിക്കുകയുമാണു ചെയ്തത്. മാർപ്പാപ്പാ തിരുമേനിയുടെ നിർദ്ദേശമനുസരിച്ചു പുസ്തകങ്ങളും ലഘുലേഖനങ്ങളും വിതരണം ചെയ്യുവാൻ പൗളിൻ ഒരാത്മായസംഘം രൂപവല്ക്കരിച്ചു. അക്കാലത്തു പൗളിനു ശരിയായി ബോദ്ധ്യപ്പെട്ടിരുന്ന പ്രാർത്ഥനക്രമാതെയുള്ള സൽപ്രവൃത്തികൾ വൃഥാവിലാണെന്നു്. അതിനാൽ അക്കൈസ്തവമയമായ ഫ്രാൻസിൽ മുഴുവനും ക്രിസ്തീയ സാഹിത്യപാരായണവും കത്തോലിക്കാ പ്രാർത്ഥനകളും പ്രോത്സാഹിപ്പിക്കുവാൻ മേല്പറഞ്ഞ സംഘടനയെത്തന്നെ അവർ വിനിയോഗിച്ചു. പതിനഞ്ചു പേരുള്ള ഗണങ്ങളായി ജനങ്ങളെ സംഘടിപ്പിക്കുവാനായിരുന്ന അവളുടെ ഉദ്ദേശം. ഓരോരുത്തരും ജപമാലയുടെ ഓരോ രഹസ്യം എല്ലാ ദിവസവും ചൊല്ലണമെന്നുള്ളതാണു പ്രധാന നിബന്ധന. ഇങ്ങനെ ജപമാല ചൊല്ലുവാനുള്ള ഭാരം പലരായി ഭാഗിക്കുമ്പോൾ ജപമാലയുടെ തൊട്ടിലായ ഫ്രാൻസു വീണ്ടും ജപമാല ചൊല്ലിത്തുടങ്ങുവാനിടയാകുമെന്നായിരുന്നു പ്ലാൻ. ഫീലെയാസിന്ന് അവർ ഇപ്രകാരമെഴുതി: "ഇതു് ഒരു നല്ല സൈന്യമായിരിക്കും. ദിവ്യരക്ഷനാഥന്റെ ജീവിതത്തെപ്പറ്റി ദിവസന്തോറും ഒരു മിനിറ്റു് ധ്യാനിക്കുന്നതുകൊണ്ടു മാസത്തിൽ അരമണിക്കൂർ ധ്യാനമാകും."

ആരംഭംമുതൽതന്നെ ഈ പ്രസ്ഥാനത്തിന്റെ വിശദാംശങ്ങൾ നിശ്ചയിച്ചിരുന്നു. സജീവ ജപമാല എന്നു പേരുകൊടുത്തു. പ്രാഥമികാംഗങ്ങൾ ഓരോരുത്തരും അഞ്ചുപേരെ ചേർക്കണമെന്നും അവരോരോരുത്തരും വേറെ അഞ്ചുപേരെ സംഘത്തിലേക്കു് ആനയിക്കണമെന്നുമായിരുന്നു പൗളിന്റെ താൽപര്യം. പതിനഞ്ചു രഹസ്യങ്ങളിൽ ഏതു രഹസ്യമാണു ദിവസന്തോറും ഓരോ അംഗവും ചൊല്ലേണ്ടതെന്നു വ്യക്തമാക്കിയിരു

ന്നു. അതിനുപുറമെ ഓരോരുത്തരും പതിനഞ്ചു സെൻറുമുതൽ ഒരു ഡോളർവരെ കഴിവനുസരിച്ചു വരിസംഖ്യ കൊടുക്കണമെന്നും നിശ്ചയിച്ചിരുന്നു. ഈ സംഖ്യ കത്തോലിക്കാ പ്രസിദ്ധീകരണങ്ങളും കാശുരൂപങ്ങളും, ജപമാലകളും വാങ്ങി വിതരണം ചെയ്യുന്നതിനാണു വിനിയോഗിച്ചിരുന്നതു്.

ഈ പ്രാവശ്യം തൻെറ പ്രസ്ഥാനത്തിനു കാലേക്കൂട്ടിത്തന്നെ വൈദികാനുമതി വാങ്ങിക്കുവാൻ പൗളിൻ ശ്രദ്ധിച്ചു. സജീവ ജപമാലയുടെ പ്രഥമ സമ്മേളനത്തിനു ഷാരിക്കോയുടെ ഭവനത്തിൽ മൂന്നു വൈദികർ സന്നിഹിതരായിരുന്നു. സംഘടന ഉടലെടുക്കുന്നതിനുമുമ്പു ലിയോൺസു മെത്രാപ്പോലീത്തായുടെ അനുമതി അവർ വാങ്ങി. ലിയോൺസിലെ വൈദികരിൽ നിന്നു വീണ്ടും പ്രതിഷേധസ്വരം ഉയർന്നുവെങ്കിലും അതിനു് അത്ര കൊഴപ്പുണ്ടായിരുന്നില്ല. പുതിയ മെത്രാപ്പോലീത്തായെ വെറുത്തിരുന്നവർ മാത്രമാണു് ഇങ്ങനെ ജല്പിച്ചിരുന്നതു്. എന്നാൽ 1827-ൽ പാരീസിലെ പേപ്പൽ നൺസിയോ കർദ്ദിനാൾ ലമ്പ്രുഷീനി ലിയോൺസിൽക്കൂടെ കടന്നുപോയ ഒരു സന്ദർഭത്തിൽ സജീവജപമാലയെ അനുഗ്രഹിക്കുകയും അതിൻെറ സംരക്ഷണം ഏറെറടുക്കുകയും ചെയ്തതോടുകൂടി സകല പ്രതിഷേധവും സമാപിച്ചു. പന്ത്രണ്ടാം ലെയോൻ മാർപ്പാപ്പാ സജീവജപമാലയെ ഔദ്യോഗികമായി ആശീർവ്വദിച്ചതോടുകൂടി പ്രതിഷേധത്തിനു സ്ഥാനവുമില്ലാതായി.

സജീവജപമാല ഡൊമിനിക്കൻ സന്ന്യാസസഭയുടെ ജനറാളിൻെറ ശ്രദ്ധയിലും അചിരേണ പതിച്ചു. ഡൊമിനിക്കൻസഭ തൻെറ പ്രസ്ഥാനത്തെ എതിർത്തേക്കുമോയെന്നുള്ള ശങ്ക പൗളിനു് ഇല്ലാതിരുന്നില്ല.

ജപമാല സെയിൻറ് ഡോമിനിക്കിനു ദൈവമാതാവു വെളിപ്പെടുത്തിക്കൊടുത്ത അപേക്ഷയായിരുന്നതിനാൽ അതു് എങ്ങനെയാണു ചൊല്ലിക്കൊണ്ടിരിക്കുന്നതെന്നു് അന്വേഷിച്ചുകൊണ്ടിരിക്കേണ്ടതാണല്ലൊ ഡൊമിനിക്കൻ ജനറൽ. പൗളിൻ ജപമാലയുടെ സ്വഭാവം തന്നെ മാറിയെന്നുള്ള റിപ്പോർട്ടുകൾ അദ്ദേഹത്തിനു ലഭിച്ചതിനാൽ പൗളിനോടു തൽസംബന്ധമായ വിവരങ്ങൾ അദ്ദേഹം ആവശ്യപ്പെട്ടു. തൻറെ താല്പര്യങ്ങളും ഉദ്ദേശങ്ങളും വിവരിച്ചുകൊണ്ടു പൗളിൻ അദ്ദേഹത്തിനു് ഇപ്രകാരമെഴുതി: "പ്രാർത്ഥനാസഹായം ക്രടാതെ ധർമ്മം നൽകിയാലും ഭക്തഗ്രന്ഥങ്ങൾ വിതരണംചെയ്താലും പ്രയോജനമൊന്നുമില്ലെന്നു് എനിക്കു ബോദ്ധ്യപ്പെട്ടിരിക്കയാണു്. തിരുസ്സഭയുടെ സുദീർഘമായ അംഗീകാരം സിദ്ധിച്ചിരിക്കുന്ന ഈ പ്രാർത്ഥനാസമ്പ്രദായം ദൈവത്തിനു സംപ്രീതമായിരിക്കുമെന്നു് എനിക്കു തോന്നി. ജനങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കുന്നതിനു പുസ്തകങ്ങൾ പ്രചരിപ്പിക്കുന്നതോടുകൂടെ ജപമാലയുംകൂടി പ്രചരിപ്പിക്കാമല്ലൊയെന്നു ഞാൻ കരുതി."

അവളുടെ വിശദീകരണം ഡൊമിനിക്കൻ ജനറലിനു തൃപ്തികരമായിരുന്നു. അവളുടെ പ്രവർത്തനങ്ങൾക്കെല്ലാം വിജയമാശംസിച്ചുകൊണ്ടു് എന്തുയും ഭംഗിയായ ഒരു മറുപടി അദ്ദേഹം അയച്ചുകൊടുത്തു. പത്തു കൊല്ലത്തിനുശേഷം, അതായതു് 1836-ൽ സജീവ ജപമാല പ്രസ്ഥാനം ഡൊമിനിക്കൻ സഭയുടെ കീഴിലായി. ഫ്രാൻസിലും യൂറോപ്പിലെ മറ്റു രാജ്യങ്ങളിലും സമുദ്രങ്ങൾ തരണംചെയ്തു് ഇതര വൻകരകളിലും ഇതിനകം സജീവജപമാല നടപ്പിലായിക്കഴിഞ്ഞിരുന്നു. മിക്ക പ്രഞ്ചു മെത്രാന്മാരും സജീവജപമാല തങ്ങളുടെ രൂപതകളിൽ പ്രചരിക്കുന്നതു കാണുവാൻ അത്യധികം

ആഗ്രഹിച്ചിരുന്നു. 1827 ആയപ്പോഴേക്കും ഫ്രാൻസിൽ 150 സജീവജപമാലാഗണങ്ങളും ഉണ്ടായി. മൂന്നു കൊല്ലവുംകൂടി കഴിഞ്ഞപ്പോഴേക്കു സജീവജപമാല പ്രസ്ഥാനം ഇറ്റലിയിലും ബെൽജിയത്തിലും സ്വിറ്റ്സർലണ്ടിലും ജർമ്മനിയിലെ ചില ഭാഗങ്ങളിലും ടർക്കിയിലും ദക്ഷിണ അമേരിക്കയിലും കാനഡയിലും ഐക്യസംസ്ഥാനത്തിലും വേരുന്നിക്കഴിഞ്ഞു.

സജീവജപമാലപ്രസ്ഥാനം പ്രചരിച്ചു തുടങ്ങിയപ്പോൾ ഒളിയമ്പുകൾ പലതും പൗളിന്റെ നേർക്കു വൈദികലോകത്തിൽനിന്നു തൊട്ടുതുടങ്ങിയായി. വ്യക്തിപരമായ ഈ വിമർശനങ്ങൾ അവളുടെ ഹൃദയത്തെ അത്യധികം വേദനിപ്പിച്ചു; കാരണം ആ ഹൃദയം സ്ത്രീസഹജമായിരുന്നു. പുരോഹിതജോലികൾ ഒരു സ്ത്രീ ചെയ്യുന്നതു സഭയുടെ പാരമ്പര്യത്തിനും പുതിയ നിയമത്തിനും വിരുദ്ധമാണെന്നായിരുന്നു കുറ്റാരോപണം. ഈദൃശമായ ഒരു പ്രവർത്തനത്തെ ഇരുപത്തേഴു വയസ്സുള്ള ഒരു വനിത നിയന്ത്രിക്കുന്നതും പ്രസ്തുത സംഘത്തിലെ അംഗങ്ങൾക്ക് ആദ്ധ്യാത്മികോപദേശങ്ങൾ അയച്ചുകൊടുക്കുന്നതും തിരുസിംഹാസനം വിഹിതമായി കരുതുകയില്ലെന്നും വിരോധികൾ അഭിപ്രായപ്പെട്ടു. ഹാ, പരിശുദ്ധ പിതാവു് ഇതെല്ലാം ശരിയായി ഗ്രഹിച്ചിരുന്നെങ്കിൽ! സംഘത്തിന്റെ കേന്ദ്ര ഓഫീസായിരുന്ന സ്വഭവനത്തിലേക്കു വരിസംഖ്യ മുഴവനും വന്നുചാടിയിരുന്നതുകൊണ്ടാണ് ഇത്രയും കോലാഹലം എന്നു് അവർ പറഞ്ഞുപരത്തി.

പ്രതിരോധങ്ങളെയെല്ലാം ശമിപ്പിക്കുവാൻ സജീവജപമാലസംഘത്തെ ഔദ്യോഗികമായി അംഗീകരിക്കുന്ന ഒരു തിരുവെഴുത്തു പതിനാറാം ഗ്രിഗോരിയോസു മാർപ്പാപ്പാ അയച്ചുകൊടുത്തു. എന്നാൽ പ്രസ്തുത തിരു

വെഴത്തു പൗളിനു ലഭിച്ചില്ല; കാരണം വൈദിക ചര ട്ടവലികൾ നടക്കുന്നുണ്ടെന്നു മനസ്സിലാക്കിയ കർത്തിനാൾ ലമ്പ്രുഷീനി തിരുവെഴുത്തിന്റെ പകർപ്പു് ഫ്രഞ്ചു് അതിർത്തിയിലേക്കു് ഒരു സന്ദേശവാഹകൻ വഴിയാണ് അയച്ചുകൊടുത്തതു്. എതിർപ്പുകളെ പരിഗണിച്ചു വേദപ്രചാരസംഘത്തിൽനിന്നു പിന്മാറിയതുപോലെ പൗളിൻ ഈ പ്രവർത്തനത്തിൽനിന്നു പിന്മാറിയില്ല. കേന്ദ്ര ഓഫീസു സ്ഥിതിചെയ്യുന്ന കെട്ടിടത്തിൽത്തന്നെ തുടർന്നുകൊണ്ടു സജീവജപമാലപ്രസ്ഥാനത്തെ നിയന്ത്രിക്കുകയും വിവിധശാഖകൾക്കു് ആദ്ധ്യാത്മികോപദേശങ്ങളും മറ്റു നിർദ്ദേശങ്ങളുമടങ്ങിയ എഴുത്തുകൾ അവിടെ അയച്ചുകൊണ്ടിരിക്കുകയുംചെയ്തു. 1833 മുതൽ സ്ഥിതിചെയ്യുന്ന ഒരു മുറിയിൽ വി. കുർബാന സ്ഥാപിച്ചിരുന്നു; തന്മൂലം വൈദികരും അൽമേനികളും പ്രാർത്ഥനയ്ക്കും ധ്യാനത്തിനും ആദ്ധ്യാത്മിക പ്രചോദനത്തിനും ധർമ്മസഹായങ്ങൾക്കുമായി അവിടെ ധാരാളമായി വന്നുംപോയുമാണിരുന്നതു്. അവളുടെ സന്ദർശകരിൽ ഒരാളാണ് ആഴ്സിലെ വികാരിയായിരുന്ന സെയിൻറ് ജോൺ മേരി വിയാനി. അദ്ദേഹം തന്റെ സ്നേഹിതയുടെ സൽപ്രവർത്തനങ്ങൾ നേരിട്ടുകണ്ടു മനസ്സിലാക്കുവാൻ ചിലപ്പോഴെല്ലാം ആഴ്സിൽനിന്നു ലിയോൺസിലേക്കു കാൽനടയായിപ്പോയിരുന്നു.

പൗളിന്റെ റോമായാത്ര

1830-ൽ പൗളിന്റെ പ്രിയ സഹോദരൻ ഫീലെയാസു ദിവംഗതനായി. അവിവാഹിതരായ നിരവധി സ്ത്രീകൾ നിവസിച്ചിരുന്ന ഒരു മഹാമന്ദിരമാണു സഹോദരന്റെ ഓഹരിയായി അവൾക്കു ലഭിച്ചതു്. അദ്ദേഹത്തിന്റെ ജീവകാരുണ്യപ്രവർത്തനങ്ങൾ നടന്നിരുന്നതു് ആ ഭക്തവനിതകൾ വഴിയാണ്. "മറിയത്തി

ന്റെ മക്കൾ" എന്ന് അവർക്ക് പേർകൊടുത്തുകൊണ്ട് പൗളിൻ അവരുടെ ശ്രേഷ്ഠയായി ചാർജ്ജെടുത്തു. കർഷകവനിതകളുടെ സാധാരണവസ്ത്രമാണ് അവർ ധരിച്ചിരുന്നത്; എന്നാൽ എല്ലാ ദിവസവും അവർ വിശുദ്ധ കുർബാന കാണുകയും ജപമാല ചൊല്ലുകയും വിയാസാക്രനടത്തുകയും ചെയ്തിരുന്നുവെന്നുമാത്രമല്ല വിശുദ്ധ കുർബാനയുടെ മുമ്പിൽ ഒരു തിരുമണിക്കൂറും കഴിച്ചിരുന്നു. ദൈവത്തിന്റെ സ്തുതിയും മഹത്വവുമെന്നപൊരുവായ ഉദ്ദേശങ്ങൾക്കു പുറമേ പ്രാർത്ഥനയും പ്രേഷിതവേലയുംവഴി ഫ്റാൻസിൽ വിശ്വാസം സംരക്ഷിക്കുക, തിരുസ്സഭയെ മഹത്വപ്പെടുത്തുക എന്നിവയായിരുന്നു അവരുടെ താൽപര്യങ്ങൾ. മറിയാമക്കളെ ഒരു സന്ന്യാസസമൂഹമായി ക്രമപ്പെടുത്തുവാൻ പൗളിൻ അത്യധികം ആഗ്രഹിച്ചുവെങ്കിലും തിരുസിംഹാസനത്തിൽനിന്നു വേണ്ട അനുവാദങ്ങൾ മുഴുവനും പ്രാപിക്കുവാൻ സാധിച്ചില്ല. തൻമൂലം ജീവിതാന്ത്യത്തിൽ മറിയാമക്കളെ സംരക്ഷിക്കുക ദുഷ്കരമായപ്പോൾ നിലവിലുള്ള ഏതെങ്കിലും സന്ന്യാസസഭകളിൽ ചേരുവാൻ അവരെ അവൾ ഉപദേശിക്കുകയാണു ചെയ്തത്. പൗളിൻ സ്പർശിക്കുന്ന വസ്തുക്കൾ ക്ഷാരമായി പരിണമിച്ചിരുന്ന അവളുടെ ജീവിതത്തിലെ കാളരാത്രിയിൽ ഏതെങ്കിലും ഒരു സന്ന്യാസസമൂഹം സ്ഥാപിക്കുവാനുണ്ടായിരുന്ന അവളുടെ അഭിലാഷം മൊട്ടിൽവച്ചുതന്നെ വാടിപ്പോയി.

സജീവ ജപമാലപ്രസ്ഥാനമാരംഭിച്ചിട്ട് ഒരു വ്യാഴവട്ടത്തോളം വലിയ വിജയമാണ് പൗളിനു സിദ്ധിച്ചത്. ഐശ്വര്യത്തോടെ പുരോഗമിച്ച സജീവജപമാല. അവൾ അന്ന് സമ്പന്നയായിരുന്നു. 1834-ൽ പിതാവിന്റെ സ്വത്തിൽനിന്നു പത്തു ലക്ഷം ഫ്രാങ്കു വിലയുള്ള വസ്തുക്കൾ പൗളിന് തന്റെ ഓഹരിയായി

ലഭിച്ചു. അതിനാൽ അവർക്ക് ഇഷ്ടപ്പെട്ട ധർമ്മകാര്യങ്ങളെല്ലാം നടത്തിക്കൊണ്ടുപോകുന്നതിന് ധനദൗർല്ലഭ്യമില്ലാതായി. ലൊറേറയിലുള്ള തന്റെ ഭവനത്തിൽ ധനസഹായത്തിനു വന്നിരുന്ന വൈദികർക്കെല്ലാം ചെറിയ സംഖ്യകൾ നൽകുന്നതിന് അവർക്കു സന്തോഷമേ ഉണ്ടായിരുന്നുള്ളൂ. സംഘടനയുടെ വിവിധശാഖകളിലേക്കുള്ള എഴുത്തുകുത്തുകൾ അവളുടെ സമയത്തിന്റെ ഒരു വലിയ പങ്ക് ആവശ്യപ്പെട്ടിരുന്നതിനാൽ ക്രമേണ ആരോഗ്യം ക്ഷയിച്ചു.

1835-ൽ അതായതു പൗളിനു മുപ്പത്തിയഞ്ചു വയസ്സു പ്രായമായിരുന്നപ്പോൾ ലൊറേറയിലുള്ളവർ കരുതി "മദർ ഷാരിക്കോ" ഇനി അധികംനാൾ ഭൂമിയിൽ ഉണ്ടാകയില്ലെന്ന്. അവളുടെ ഹൃദയം പണ്ടേ ദുർബലമായിരുന്നു; അന്ന് അതു വളരെ ക്ഷീണിതമായി പ്രത്യക്ഷപ്പെട്ടു. കിടക്കയിൽനിന്നു പ്രാർത്ഥനാലയത്തിലേക്കു പോകുവാൻപോലും ശക്തി തോന്നിയില്ല. എന്നാവരികിലും ഒരു ദിവസം തന്റെ "മക്കളോട്" പറഞ്ഞു, താൻ നിത്യനഗരമായ റോമയിലേക്കു പോയി സജീവജപമാല സഖ്യത്തിനു പരിശുദ്ധ പിതാവിൽ നിന്നു കൂടുതൽ അനുഗ്രഹങ്ങൾ ആവശ്യപ്പെട്ടുവാനുദ്ദേശിക്കുകയാണെന്ന്. അന്ത്യശ്വാസംവരെ പൗളിനെ ശുശ്രൂഷിക്കുവാൻ സന്നദ്ധയും സന്തോഷപ്രകൃതിയും അരോഗദൃഢഗാത്രയുമായിരുന്ന മരിയെ മെൽകിറിയോ ണ്ടെന്ന ഒരു കൃഷികാരത്തിയോടുകൂടെ പൗളിൻ നിത്യനഗരത്തിലേക്കു പുറപ്പെട്ടു.

കടലിലും കരയിലുംകൂടിയുള്ള ക്ഷീണകരമായ ഒരു യാത്രയ്ക്കുശേഷം ഈ രണ്ടു ഫ്രഞ്ചു വനിതമാർ റോമയിലെത്തി. മദർ ബാരറിന്റെ നിർദ്ദേശപ്രകാരം പൗളിൻ തിരുഹൃദയമഠത്തിലാണു താമസിച്ചതു്. പരി

ശുദ്ധ പിതാവിനെ സന്ദർശിക്കുവാൻ വേണ്ട ഓജസ്സു പൗളിന് ഇല്ലാഞ്ഞതിനാൽ പരിശുദ്ധ പിതാവു പതിനാറാം ഗ്രിഗോരിയോസു പൗളിനെ സന്ദർശിച്ചു. കർദ്ദിനാൾ ലമ്പ്രുഷിനിയും മദർ ബാരറും മാർപ്പാപ്പാതിരുമേനിയുടെകൂടെയുണ്ടായിരുന്നു. വേദപ്രചാരസംഘവും സജീവജപമാലയും സ്ഥാപിച്ചതിനു പരിശുദ്ധ പിതാവു പൗളിനോടു നന്ദിപറഞ്ഞു. തദവസരത്തിൽ പൗളിൻ പരിശുദ്ധ പിതാവിനെ അറിയിച്ചു ഫിലോമിനയെന്ന രക്തസാക്ഷിണിയുടെ ഭവനമെന്നു അറിയപ്പെടുന്ന മഞ്ഞാനോ എന്ന സ്ഥലത്തേയ്ക്കു അത്ഭുതകരമായ രോഗശാന്തിയെ പ്രതീക്ഷിച്ചുകൊണ്ടു പോകയാണെന്നു്. ഫിലോമിനയുടെ പുണ്യപ്പെട്ടത്തെപ്പറ്റി അന്നു തിരുസിംഹാസനത്തിൽ പരിശോധനകൾ നടത്തിക്കൊണ്ടിരിക്കയായിരുന്നു. സെയിൻറ് ജോൺ വിയാനിയും പൗളിനും ഫിലോമിനയുടെ ഭക്തരായിരുന്നുവെന്നുള്ളതു പ്രസ്താവ്യമാണു്. മഞ്ഞാനോയിൽനിന്നു പൗളിൻ സുഖപ്പെട്ടുവരികയാണെങ്കിൽ ഫിലോമിനയെ പുണ്യവതിയെന്നു വിളിക്കാമെന്നു മാപ്പാപ്പാ തിരുമേനി തദവസരത്തിൽ പ്രസ്താവിച്ചുവെന്നു പറയുന്നുണ്ടു്.

അഞ്ചാഴ്ച റോമയിൽ താമസിച്ചതിനുശേഷം മഞ്ഞാനോയിലേക്കു പുറപ്പെടുവാൻ പൗളിൻ നിശ്ചയിച്ചു. ലക്ഷ്യസ്ഥാനത്തു ജീവനോടെ എത്തുമെന്നു് ആർക്കും പ്രതീക്ഷയില്ലായിരുന്നുവെങ്കിലും അവൾ പറഞ്ഞതു് താൻ സ്ഥലത്തെത്തുമെന്നും സുഖമായി നടന്നു തിരികേപ്പോരുമെന്നുമത്രേ. ഇത്രയും വിദൂരമായ യാത്ര കഴിച്ചുവന്ന ഈ ഫ്രഞ്ചു വനിതയെ ഫിലോമിന സുഖപ്പെടുത്താതിരുന്നതിനാൽ ഇറവലിക്കാർ ഫിലോമിനയെ കുറ്റപ്പെടുത്തി സംസാരിച്ചുകൊണ്ടിരുന്നതു പൗളിനു മർമ്മഭേദകമായിരുന്നു. അതു് ഒന്നാംദിവസമാണു്. പിറ്റേദിവസം അതായതു് അവളുടെ തിരുനാളായി നിശ്ചയി

ച്ചിരിക്കുന്ന ഓഗസ്റ്റ് 10-ാംനു- രക്തസാക്ഷിണിയായി രുന്ന ആ കൊച്ചുപുണ്യവതിയോട് പ്രാത്ഥിച്ചുകൊണ്ടി രുന്നപ്പോൾ അത്ഭുതകരമാംവിധം അവൾ സൗഖ്യം പ്രാപിച്ചു. പള്ളിയിലേക്ക് ഒരു വണ്ടിയിലാണ് അ വൾ പോയത്; എന്നാൽ താമസസ്ഥലത്തേക്കു തിരി ച്ചുപോന്നതു നടന്നാണ്.

അടുത്ത കുറേദിവസത്തേക്ക് അവളെ പലേവിധ ത്തിൽ ചോദ്യം ചെയ്യുകയും പല പരിശോധനകളും നടത്തുകയുംചെയ്തു. പട്ടാളവും ബാൻറും അകമ്പടിയാ യിട്ട പട്ടണത്തിൽക്കൂടെ വളരെയധികം നടക്കുവാൻ അവൾ നിർബന്ധിതയായി അടുത്ത ദിവസം. ഈ ബഹളമൊക്കെ അവൾക്ക് അരോചകമായിരുന്നുവെ ങ്കിലും ഫിലോമിനയുടെ നാമകരണത്തിന് ഉപകരിക്കു മല്ലോ എന്നോർത്തു അവലാതിക്കൂടാതെ സഹിച്ചു. അ വളുടെ രോഗമഞ്ചം ഫിലോമിനയുടെ കപ്പേളയിൽ വച്ചുംകൊണ്ടു റോമയിൽവന്ന മാർപ്പാപ്പയെ മുഖം കാ ണിക്കുകയും തിരുമേനിയുടെ വാഗ്ദാനം പാലിക്കണമെ ന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. ഒരു വർഷം കഴിയുന്ന തിനുമുമ്പുതന്നെ 1837 ജനുവരി 13-ാംനു- പരിശുദ്ധ പിതാവു പ്രസ്താവിച്ചു, ഫിലോമിന ഒരു പുണ്യവതിയാ യിരുന്നുവെന്നും പരസ്യമായി വന്ദിക്കപ്പെടാവുന്നതാ ണെന്നും.

1836 മുതൽ 1844 വരെ ലോകം പൗളിനെ നോ ക്കി പുഞ്ചിരിതൂകി. തിരുസ്സഭയുടെ ഒരു പ്രിയപ്പെട്ട മകളായിരുന്ന അവൾ; ഏതു നല്ല കാര്യങ്ങൾക്കും സമ്പ ന്നയായ ഈ സ്ത്രീ വനിതയുടെ പണപ്പെട്ടി അവൾ തുറന്നുവച്ചിരുന്നു. പരിശുദ്ധ പിതാവിനെകണ്ട് അ വളുടെ പ്രവർത്തനങ്ങൾക്ക് ആശീർവ്വാദം വാങ്ങി. കർ ദ്ദിനാൾ ലബ്രൂഷീനി, ലാ റൊഷേലിലേ മെത്രാനായിരു

ന്ന വില്ലെക്കുർ തിരുമേനി തുടങ്ങിയ വൈദികസത്തമരുടെ സഹായവും അവർക്കുണ്ടായിരുന്നു. ആർസിലെ വികാരിയായിരുന്ന ആ പുണ്യശ്ലോകനോടും അവർ പരിചയപ്പെട്ടിരുന്നു. ഫ്റാൻസു മുഴുവനും ഇംഗ്ലണ്ടിലും റോമയിലും അവളുടെ നാമം പ്രശസ്തംതന്നെയായിരുന്നു. "മിഷൻ രാജ്ഞികളുടെ അമ്മ," "ജപമാലാംബിക" എന്നൊക്കെയാണു ഫ്റാൻസിൽ അവളെ വിളിച്ചിരുന്നത്. അവളുടെ സ്ഥാപനം തിരുസ്സഭയിലെ ഒരു പ്രധാന സ്ഥാപനമായിത്തീർന്നു. സജീവ ജപമാലാസംഘത്തിനു മുപ്പതുലക്ഷം അംഗങ്ങളുണ്ടായിരുന്നു. നല്ല ഒരു കാര്യം ചെയ്യുവെന്ന് അന്ന പൗളിനു സംതൃപ്തിപ്പെടാവുന്ന ഘട്ടമാണ്.

തൊഴിലാളി പ്രവർത്തനങ്ങൾ

ഇതുകൊണ്ടൊന്നും പൗളിൻ തൃപ്തിയടഞ്ഞില്ല. ഇനിയും ധാരാളം ചെയ്യാനുണ്ടായിരുന്നു. മറ്റു കാര്യങ്ങൾ ചെയ്തുകൊണ്ടിരുന്നപ്പോഴെല്ലാം പൗളിന്റെ ഹൃദയത്തെ നൊമ്പരപ്പെടുത്തിയ ഒരു പ്രശ്നമുണ്ടായിരുന്നു. തൊഴിലാളികൾക്കു മനുഷ്യരെപ്പോലെ ജീവിക്കുന്നതിന് ഒരു മാർഗ്ഗം വെട്ടിത്തെളിക്കുവാനുള്ള ഉപാധികൾ തേടുകയെന്നതായിരുന്ന ആ പ്രശ്നം. സാന്മാർഗ്ഗികവും സാമ്പത്തികവുമായ രണ്ടു വശങ്ങളുള്ള ഒരു മുരടിച്ച പ്രശ്നമായിരുന്നു അത്. സ്വന്തം പരിശ്രമംകൊണ്ടു കോടീശ്വരനായിത്തീർന്ന ആ ധനികന്റെ പുണ്യവതിയായ മകൾ, മനുഷ്യസാധ്യമാണെങ്കിൽ, പക്ഷേ ഈ പ്രശ്നത്തിനു പരിഹാരം കണ്ടെത്തുമെന്നു തോന്നി. തൊഴിലാളികളുടെ ജീവിത സ്ഥിതിയെപ്പറ്റി പതിമൂന്നാം ലെയോൻ മാർപ്പാപ്പാ ചാക്രിക ലേഖനം എഴുതുന്നതിന് അമ്പതു സംവത്സരംമുമ്പുതന്നെ അവർ എഴുതിയത് ഇപ്രകാരമാണ്: "ന്യായമായ ക്രൂലി

എന്തെന്നുള്ള കാര്യം ആരും പരിഗണിക്കുന്നില്ല. വിശ്രമിക്കുവാൻ എന്നെ അനുവദിക്കാത്ത ഒരു പ്രശ്നമാണത്. വലുതായിട്ടൊന്നും എനിക്കു ചെയ്യുവാൻ കഴിവില്ലെന്ന് നല്ല ബോധ്യമുണ്ട്; എന്നാൽ തൊഴിലാളികളുടെ ഉന്നമനത്തിന് എന്തെങ്കിലും ഞാൻ ചെയ്യണമെന്ന് എനിക്കു തോന്നുന്നു." സജീവ ജപമാലയുടെ ഭാവിയെപ്പറ്റി സംസാരിക്കുവാൻ 1838-ൽ തുടച്ചയായി പതിനാറാം ഗ്രിഗോരിയോസു മാർപ്പാപ്പായെ സന്ദർശിച്ച ആ കാലത്തു ഫ്രാൻസിലെ തൊഴിലാളികളെ സംബന്ധിച്ചു കർദ്ദിനാൾ ലബ്രൂഷീനിയോടു പല പ്രാവശ്യം സംഭാഷണങ്ങൾ നടത്തിയിട്ടുണ്ട്. ഈ പ്രശ്നം പ്രഥമത: സാന്മാർഗ്ഗികമായ ഒന്നാണെന്നും കത്തോലിക്കാ പ്രവർത്തനത്തിനു സ്ഥാനമുള്ള ഒരു വിഷയമാണെന്നും അവർക്ക് ബോദ്ധ്യമായിരുന്നു. സാന്മാർഗ്ഗികമായി ന്യായമായ ഒരു പരിഹാരം സാമ്പത്തികമായും സുരക്ഷിതമായിരിക്കുമെന്ന് അവർ രണ്ടുപേരും വിശ്വസിച്ചു. തൊഴിലാളികളെ മനുഷ്യരായി ഗണിച്ചുകൊണ്ടു വ്യവസായങ്ങൾ നടത്തുന്നതിനുള്ള പ്രായോഗിക മാർഗ്ഗമെന്തെന്ന് അവർക്കു കണ്ടുപിടിക്കുവാൻ കഴിഞ്ഞില്ല.

ലിയോൺസിലെ തെരുവീഥികളിൽ സോഷ്യലിസ്റ്റുകാർ പ്രസംഗിച്ചുകൊണ്ടിരുന്ന പരിഹാരമാർഗ്ഗങ്ങളെ പറിച്ചും സ്വന്തമായി പ്രശ്നത്തിന്റെ വിവിധ വശങ്ങൾ ചർച്ചചെയ്തും പൗളിൻ കുറേ സമയം കഴിച്ചു: ക്രൂരിയെ സംബന്ധിച്ചു പ്രശ്നത്തിനു ലൗകിക പരിഹാരമാർഗ്ഗം കണ്ടുപിടിക്കുവാനുള്ള ശ്രമത്തിൽ മറഞ്ഞു കിടക്കുന്നതു പരസ്നേഹമെന്ന പുണ്യമാണെന്നായിരുന്നു അവളുടെ അന്തിമാനുമാനം. ഭക്ഷിക്കുവാനും ഉടുക്കുവാനും ആവശ്യമായ കൂലി തൊഴിലാളികൾക്കു ലഭിച്ചേ മതിയാവൂ എന്ന് അവൾ മനസ്സിലാക്കി. വ്യവസായ വിപ്ലവം വരുത്തിക്കൂട്ടിയ സാമൂഹ്യികപ്ര

ശ് നം ക്രൂലി വർദ്ധിക്കുന്നതുകൊണ്ടുമാത്രം പരിഹരിക്കപ്പെടുകയില്ലെന്ന് അവൾ ഗ്രഹിച്ചു. വർദ്ധിച്ച വേതനവും സ്നേഹപ്രേഷിതത്വവുമാണ് ആവശ്യമായിരിക്കുന്നതെന്ന അനുമാനത്തിൽ അവൾ അവസാനം എത്തി. അവളുടെ അടുത്ത പ്രവർത്തനങ്ങൾക്കു മാംസവും രക്തവും ജീവനും നൽകിയ അനുമാനമാണിത്. ഫാക്ടറികളിൽ തൊഴിലാളികൾക്കു നിഷേധിക്കപ്പെട്ടിരുന്ന മനുഷ്യത്വം പുനരുദ്ധരിക്കുവാനുള്ള ഒരു പരിശ്രമമായിരുന്നു ആവശ്യം. തൊഴിലിന്റെ മഹത്വം മനസ്സിലാക്കുവാനും അതിൽ സന്തോഷം കണ്ടെത്തുവാനും തൊഴിലാളികളെ പഠിപ്പിക്കണമെന്ന് അവൾ നിശ്ചയിച്ചു. മനുഷ്യന്റെ പ്രകൃതിക്ക് അനുയോജ്യമായ ക്രൂലി, അതായത് ജീവനക്രൂലി കൊടുക്കുവാൻ മുതലാളിമാരെ അവൾ പ്രേരിപ്പിച്ചുകൊണ്ടിരിക്കണമെന്നും അവൾ കരുതി.

ഇതു പ്രായോഗികമാക്കുവാനുള്ള മാർഗ്ഗമെന്താണെന്നുള്ളതായിരുന്നു പ്രശ് നം. സോഷ്യലിസ്റ്റുകാരുടെ പ്രവർത്തനപരിപാടിയിൽനിന്ന് ഒരു പദ്ധതി അവൾ സ്വീകരിച്ചു. തങ്ങളുടെ ഉദ്ദേശങ്ങൾ നടപ്പിലാക്കത്തക്ക മാതൃകാപരമായ സമുദായങ്ങൾ രൂപവൽക്കരിക്കുക എന്നതായിരുന്ന ആദിമ ഫ്റഞ്ചുസോഷ്യലിസ്റ്റുകാരായിരുന്ന സെയിൻറ് സൈമണും ഫൂരിയരും ഇംഗ്ലണ്ടിലെ റോബർട്ട് ഓവനും നിർദ്ദേശിച്ചത്. സാമുദായികവും മതാത്മകവുമായ താൽപര്യങ്ങൾ സംരക്ഷിക്കുവാൻ സൗകര്യമുള്ള ഒരു മാതൃകാ വ്യവസായ സമുദായം സ്വന്തം ഫാക്ടറിയോടുകൂടെ സ്ഥാപിക്കുവാനാണ് പൗളിൻ നിശ്ചയിച്ചത്. ക്രിസ്തീയ നീതിയും സ്നേഹവും അനുസരിച്ചു സമസ്തവും ചെയ്യണമെന്നായിരുന്നു പ്ലാൻ. ഫ്റാൻസിലെ വ്യവസായ ഭൂവിഭാഗങ്ങളിൽ എവിടെയെങ്കിലും സ്ഥാപിക്കുവാൻ ഉദ്ദേശിച്ച

ഒരു കാത്തലിക്ക് ഉട്ടോപ്പിയയായിരുന്നു അതു്. അതു് ഐശ്വര്യപ്പെട്ടുമെന്നു പൗളിന് ഉറപ്പുണ്ടായിരുന്നു. 1830-ലും 1840-ലും തൊഴിലാളികളുടെ രക്തവും ആത്മാവും ഉപയോഗിച്ചാണു് ഓരോരുത്തർ ഭൗതിക സമ്പത്തുകൾ നേടിയിരുന്നതു്; അത്തരം ചൂഷണം കൂടാതെ ധനമുണ്ടാക്കാമെന്നു് പൗളിൻ വ്യക്തമാക്കുവാനാണു ഉദ്ദേശിച്ചതു്.

ഒരു പ്രൂഫ് നവുംകൂടി അവശേഷിച്ചിരുന്നു, അതായതു് ഈ ഉദ്ദേശങ്ങൾ നടപ്പിലാക്കുവാൻ വേണ്ട പണം എങ്ങനെയുണ്ടാക്കാമെന്നു്, ഇതിനകം രണ്ടു പ്രാവശ്യം വിജയപൂർവ്വം സഹീകരിച്ച പദ്ധതിതന്നെ വീണ്ടും അവലംബിക്കാമെന്നവച്ചു. "സഹകരണബാങ്കു" എന്ന പേരിൽ ഒരു മൂലധനമുണ്ടാക്കുവാനാണു അവർ ഉദ്ദേശിച്ചതു്. അതിനായി സമ്പന്നരായ പതിനഞ്ചുപേരിൽ നിന്നു ലക്ഷം ഫ്രാങ്കുവീതം പിരിച്ചെടുക്കാമെന്നു് അവർ വിചാരിച്ചു. പണം മുഴുവനും ആദായകരമായ വ്യവസായത്തിൽ നിക്ഷേപിച്ചു് ദ്വിവിധം പ്രയോജനമെടുക്കാമെന്നു് പൗളിൻ കരുതി. തൊഴിലാളികൾക്കു ന്യായമായ കൂലികൊടുത്തു ക്രിസ്തീയ ജീവിതത്തിലേക്കു് അവരെ ആകർഷിക്കാം. പുതിയ സ്കൂളോ പള്ളിയോ പണിയുവാൻ ആഗ്രഹിക്കുന്ന സന്ന്യാസിനീസമൂഹങ്ങളേയും ആദായംകൊണ്ടു പലിശയൊന്നുംകൂടാതെ സഹായിക്കാം.

പൗളിനു തോന്നി ഈ പദ്ധതി അപ്രമാദവും സാമ്പത്തികമായി എത്രയും സുരക്ഷിതവുമാണെന്നു്. സാമൂദായികപ്രശ്നത്തിന്റെ സാന്മാർഗ്ഗികവശത്തെ കായ്ക്ഷമമായി ഇങ്ങനെ സമീപിക്കാമെന്നു് അവർ വിചാരിച്ചു. അവർക്കു് എത്രയും പ്രിയപ്പെട്ട ലാറൊഷേയിലെ മെത്രാനോടു തന്റെ പദ്ധതിയെപ്പറ്റി അവർ

സംസാരിച്ചു. അദ്ദേഹം അതു പ്രബലമായി പിന്താങ്ങി. അവളുടെ പരിശ്രമം ഭൗതികമായ ഒന്നല്ലെന്നും അനേകം ദർദ്രക്ക് അവർ ജീവനമാർഗ്ഗം വെട്ടിത്തുറക്കുകയാണെന്നും പുണ്യാഭ്യാസത്തിനു പറ്റിയ ഒരു പ്രശാന്തമായ വിദ്യാലയം അവർക്കു തുറന്നുകൊടുക്കുകയാണെന്നുമത്രേ ആ ബിഷപ്പ് അഭിപ്രായപ്പെട്ടത്. എന്നാൽ ദൈവത്തിന്റെ അജ്ഞാതമായ പരിപാലനയിൽ പൗളിന്റെ എത്രയും വിശുദ്ധമായ പ്ലാൻ പരാജയത്തിൽ അവസാനിക്കുകയും അന്തിമനിമിഷംവരെ അവർക്കു അപമാനവും ഒരിതവും ഉൽഭ്രതമാക്കുകയും ചെയ്തു.

പൗളിന്റെ പദ്ധതിയെ പരാജയപ്പെടുത്തിയ മാനുഷികഘടകങ്ങൾ കൂപ്രസിദ്ധ പാപ്പരായിരുന്ന അലിയൂഡ് എന്നൊരാളും അയാളുടെ സഖാവായിരുന്ന ഗ്രസ്റ്റാവ് പേർ എന്ന കള്ളനുമായിരുന്നു. അലിയൂഡ് കുടുംബത്തിന്റെ സാമ്പത്തികാവശ്യതകളെപ്പറ്റി കേട്ടപ്പോൾ പൗളിൻ അവരെയെല്ലാം സഹൃഹത്തിൽ സ്വീകരിച്ചു സംരക്ഷിച്ചു വരികയായിരുന്നു. രണ്ടുകൊല്ലം അയാൾ പൗളിന്റെ ഭവനത്തിൽ താമസിച്ചു. അക്കാലത്തെല്ലാം അലിയൂഡ് തന്റെ സ്നേഹിതൻ ഗ്രസ്റ്റാവിനെപ്പറ്റി പൗളിനോടു സംസാരിക്കുമായിരുന്നു. ഗ്രസ്റ്റാവു പേർ പൗളിനെ കാണാൻ കൊതിച്ചിരിക്കയാണെന്നും ബിസിനസ്സു സംബന്ധമായ കാരണങ്ങളാൽ അവളെ സന്ദർശിക്കുവാൻ സമയമില്ലാഞ്ഞിട്ടാണെന്നും അലിയൂഡ് തട്ടിമൂളിച്ചു. രണ്ടു സംവത്സരം അയാൾ ജെയിലിലായിരുന്നുവെന്നതാണു വാസ്തവം.

അവസാനം ഒരു ദിവസം അയാൾ വന്നു. തൊഴിലാളികളുടെ സ്ഥിതി, സാധുജനങ്ങളെ സഹായിക്കുവാനുള്ള വിവിധമാർഗ്ഗങ്ങൾ, മിഷൻ രാജ്യങ്ങൾ തുടങ്ങി പൗളിനു താല്പര്യമുള്ള വിഷയങ്ങളെപ്പറ്റി തീക്ഷ്ണ

താപൂർവ്വം അയാൾ സംസാരിച്ചു. സംഭാഷണമദ്ധ്യേ ദക്ഷിണ ഫ്റാൻസിൽ റസ്റ്റ്റൽ എന്ന സ്ഥലത്തുണ്ടായിരുന്ന ഒരു ഖനിയേയും അടുത്തുള്ള ചൂളകളേയും സംബന്ധിച്ചു അലിയൂഡും പേരും സൂചിപ്പിക്കുകയുണ്ടായി. 1837-ൽ 18,000 ഫ്റാങ്കിനു പേർ ആ സ്ഥലം വാങ്ങിയതായിരുന്നു; എന്നാൽ ക്ലിപ്തസമയത്തിനുള്ളിൽ വിലകൊടുക്കാൻ സാധിക്കാഞ്ഞതിനാൽ ആ വസ്തു നഷ്ടപ്പെടുകയാണു ചെയ്തത്. പൗളിന്റെ ഇംഗിതം ശരിയായി മനസ്സിലാക്കിയിരുന്ന ആ രണ്ടു ക്രൂട്ടകാർ അവളെ പൂഷണംചെയ്യാമെന്നു കരുതി. തൊഴിലാളികൾക്കുവേണ്ടി മുതലക്കണ്ണുനീർ അവർ ധാരാളം ചിന്തി. അവരെ സഹായിക്കുവാൻ അത്യുത്സാഹം അവർ പ്രദർശിപ്പിച്ചു. പ്രസ്തുത സ്ഥലത്ത് ഒരു ദൈവാലയമുള്ളകാര്യം അവർ എടുത്തു പറഞ്ഞു. ഒരു യുട്ടോപ്പിയാ അവിടെ സ്ഥാപിക്കുവാനുള്ള സാദ്ധ്യത അവർ വിശദമാക്കി. അതിന് ആവശ്യമുള്ള സമസ്തവും അവിടെ സിദ്ധിക്കുമെന്ന് അവർ പ്രസ്താവിച്ചു. മാത്രമല്ല പൗളിനെ കാണിക്കുവാൻവേണ്ടി അവർ ഭീർഘമായി പള്ളിയിൽ പ്രാർത്ഥിക്കുകയും കൈകാര്യങ്ങളെപ്പറ്റി വളരെ ഉത്സാഹത്തോടെ സംസാരിക്കുകയും ചെയ്തുകൊണ്ടിരുന്നു.

പാമ്പു പക്ഷികളെ വശീകരിച്ചു പിടിക്കുന്നതുപോലെ പേർ തനിക്കു വിധേയരായിരുന്നവരെ വശത്താക്കിയിരുന്നുവെന്നാണു പൗളിൻ അനന്തരകാലങ്ങളിൽ പേരിനെപ്പറ്റി എഴുതിയത്. ഫൂറ്റ്റിയേറിൽ ഷാരിക്കോ ഭവനത്തിനു ചുറ്റുമുള്ളവരെല്ലാവരും അയാളെ അവിശ്വസിച്ചതിനാൽ ദക്ഷിണ ഫ്റാൻസിലേക്ക് അയാളുടെ സ്വഭാവത്തെപ്പറ്റി എഴുതി ചോദിച്ചു. ഒരു ഫാദർ റിക്കാർഡ് അയാളെപ്പറ്റി വളരെ കാര്യമായി എഴുതിയതിനാൽ അയാളുടെ നിർദ്ദേശപ്രകാരം

പണമിറക്കാമെന്നു നിശ്ചയിച്ചു. പേറിനു ധനസഹായം ചെയ്യുന്നവരേയും പേറിനോടുകൂടെ ബിസിനസ്സു ചെയ്യുന്നവരേയും ആവുംവിധം പ്രോത്സാഹിപ്പിക്കുവാനാണു ഫാദർ റിക്കാർഡു പൗളിന് എഴുതിയിരുന്നതു്. അവർക്കു ഒന്നും ഭയപ്പെടാനില്ലെന്ന് അദ്ദേഹം ഉറപ്പു നൽകിയിരുന്നു.

ഷാരിക്കോയുടെ പണം സുലഭമായി ചെലവുചെയ്ത പേറും അലിയൂഡുംകൂടി 1845-ൽ റസ്റ്റ്റെൽ തീരുവാങ്ങി. ആധാരങ്ങളൊന്നും അവർ വക്കീലന്മാരെ കാണിച്ചില്ല. 452,000 ഫ്റാങ്കിനാണു് അവർ റസ്റ്റ്റൽ വാങ്ങിയതു്. പൗളിൻതന്നെ സംഖ്യ മുഴുവനും കൊടുത്തു. ചൂളകൾ നടത്തുന്നതിന് ഒരു സംഘം ശ്രുപവൽക്കരിക്കുകയും ചെലവുകൾക്കായി പൗളിൻ 150,000 ഫ്റാങ്കു മൂലധനമായി ഇറക്കുകയുംചെയ്തു. മാലാഖമാരുടെ നാഥയുടെ നാമത്തിലാണു പ്രസ്തുത സംഘത്തെ നാമകരണം ചെയ്തതു്. ഗ്രസ്റ്റാവു പേറിനെ അതിന്റെ മാനേജരായി നിയമിക്കുകയുംചെയ്തു. പേറിന്റെ നിയന്ത്രണത്തിൽ മാതൃകാപരമായ ഒരു സമുദായം ഉയർന്നുവരുന്നതും ഇറക്കിയ വലിയ സംഖ്യയിൽനിന്ന് ആദായം ഉണ്ടാകുന്നതുംകാത്തു പൗളിൻ ലിയോൺസിൽത്തന്നെ താമസിച്ചു. റസ്റ്റ്റലിലേക്കു പണമൊന്നും ചെലവാക്കാതെ ചങ്ങാതിമാക്കു വലിയ ശമ്പളം കൊടുത്തും അവിഞ്ഞോണിൽപോയി സുഖമായി താമസിച്ചും പൗളിൻ കൊടുത്ത പണം മുഴുവനും പേർ ധൂർത്തടിക്കുകയാണു ചെയ്തതു്.

ആസ്റ്റിലെ അന്നാമ്മയുടെ നാമത്തിൽ റസ്റ്റ്റലിലെ ഇരിമ്പുഖനികളിൽ ജോലിചെയ്യുന്നതിന് ഇരിമ്പുപണിക്കാരുടെ ഒരു സംഘവുംകൂടി സ്ഥാപിച്ചു.

പൗളിൻ ഭാവനം ചെയ്തിരുന്ന മാതൃകാസമുദായം കിള്ളിത്തുവരികയാണെന്നു തെറ്റിദ്ധരിപ്പിച്ചു പൗളിന്റെ കൈയിൽനിന്നു പിന്നെയും പേർ പണം വാങ്ങിച്ചു. ഈദ്ദശകാര്യങ്ങളിൽ പൗളിനു പ്രോത്സാഹനം നൽകിയതും പിന്നീടു കണ്ണുനീർ ചിന്തിച്ചതുമായ ഒരു സംഭവവികാസം അക്കാലത്തുണ്ടായി. പൗളിൻ ഭക്തയായ ഒരു സ്ത്രീയും, വിദഗ്ധയായ ഒരു വ്യാപാരിയുമാണെന്നു കണ്ടു തൊഴിലാളികളും ചെറുവ്യാപാരികളും അവരുടെ നിക്ഷേപസംഖ്യകൾ റസ്റ്റ്റലിലെ വ്യവസായങ്ങളിലേക്ക് ഇറക്കുവാൻ മുന്നിട്ടുവന്നു. പൗളിൻ വിചാരിച്ചു ഇതു് എത്രയും നല്ല ഒരു കാര്യമാണെന്നും സാധുക്കളുടെ പണം ഇങ്ങനെ നിക്ഷേപിക്കുവാൻ കഴിയുന്നതു് അവർക്ക് ഒരുപകാരമാണെന്നും. അതിനാൽ അവരുടെ മിച്ച സംഖ്യകൾ പൗളിൻ വാങ്ങി. പ്രസ്തുത സംഖ്യകളും പൗളിന്റെ സ്വന്ത സംഖ്യയും ഉൾപ്പടെ 180,000 ഫ്രാങ്കു രണ്ടാമത്തെ സംഘത്തിലേക്ക് ഇറക്കി.

ഇങ്ങനെ മാസങ്ങൾ പലതു കഴിഞ്ഞിട്ടും ഇറക്കിയ സംഖ്യയിൽനിന്ന് ഒരാദായവും വരുന്നില്ലെന്നു കണ്ടു പൗളിൻ അത്യധികം വിസ്മയിച്ചു. തെറ്റുകൾ പലതു് ആവർത്തിക്കപ്പെട്ടു. ചൂളകളേയും ഇരിമ്പുഖനികളേയുംപറ്റി പേറിനോ അലിയൂഡിനോ ഒരു ചുക്കും അറിഞ്ഞുകൂടാ എന്നു പലർക്കും ബോദ്ധ്യമായി. ചൂളകൾ ആശീർവ്വദിച്ചതും തൊഴിലാളികൾ നിരന്തരം കർബാന കണ്ടുകൊണ്ടിരിക്കുന്നതും മറ്റും സുദീർഘമായി വിവരിച്ചുകൊണ്ട് അവർ എഴുതി അയച്ചിരുന്ന കത്തുകൾ പൗളിന്റെ ഹൃദയത്തിൽ പൊന്തിവന്നിരുന്ന സന്ദേഹങ്ങളെ ശമിപ്പിക്കുന്നതിനു കരുതിക്കൂട്ടി എഴുതിയതുതന്നെയാണ്. ആറു മാസമായപ്പോഴേക്കു പൗളിനും ബോദ്ധ്യമായി താൻ വഞ്ചിതയായെന്നും ഇറക്കിയ സംഖ്യ മുഴുവനും നഷ്ടപ്പെട്ടുവെന്നും. പൗളിന്റെ സൽ

പേരിനെ ഓർത്തു സാധുക്കൾ ഇറക്കിയ സംഖ്യയും അപകടത്തിലായി. 1846 മെയ് മാസത്തിൽ പേർ വീണ്ടും ജയിലിൽ അടയ്ക്കപ്പെട്ടു. കണക്കുകൾ പരിശോധിച്ചപ്പോഴാണു പൗളിനു മനസ്സിലായതു് താൻ എത്ര കഷ്ടസ്ഥിതിയിലാണു് ഇരിക്കുന്നതെന്നു്. പേരിനു കൊടുത്തേല്പിച്ചിരുന്ന സംഖ്യയൊന്നും അയാൾ റസ്റ്റ്റലിൽ ചെലവാക്കിയില്ല. കണക്കിൽ ബാക്കി 500 ഫ്റാങ്കാണുണ്ടായിരുന്നതു്; കടം 895,000 ഫ്റാങ്കും. റസ്റ്റ്റലിലെ മുതലും കടവും പൂർണ്ണമായി പൗളിൻ ഏറ്റെടുത്തു, കാരണം തന്റെ സഹായികൾ പാപ്പരായിരുന്നു. മാത്രമല്ല തൊഴിലാളിപ്രവർത്തനം ആഖനികളിലും മൂളകളിലും മാത്രകാപരമായി നടത്തുവാൻ ഇനിയും സാധിക്കുമെന്നു് അവർ കരുതി.

റസ്റ്റ്റലിലെ പ്രവർത്തനങ്ങൾ ശരിയാക്കിക്കൊണ്ടു വരുവാൻ പൗളിൻ ധീരമായ ഒരു പരിശ്രമംചെയ്തു. വിജയത്തിന്റെ വിളുമ്പിൽ എത്തിയപോലെതോന്നി. നാലു മൂളകളിൽ രണ്ടെണ്ണം നടത്തിനോക്കി. കത്തോലിക്കാ തൊഴിലാളി സംഘത്തിന്റെ അടിസ്ഥാനമായി ഏഴു കുടുംബങ്ങളെ അവിടെ കൊണ്ടുപോയി താമസിപ്പിച്ചു. സമർത്ഥനായ ഒരു മാനേജരെ തിരഞ്ഞെടുത്തു. കടക്കാരെ സംതൃപ്തിപ്പെടുത്തുവാൻ മാത്രം ആദായം വന്നുകൊണ്ടിരുന്നു. പൗളിന്റെ പദ്ധതി വിജയമുടിവരിക്കുമായിരുന്നുവെന്നോ ഇല്ലെന്നോ ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല. 1848-ലെ വിപ്ലവം അവളുടെ ആശാദീപങ്ങളെയെല്ലാം തല്ലി തരിപ്പണമാക്കി. കടക്കാർ മുതലും പലിശയും തിരികെ കൊടുക്കുവാൻ നിർബന്ധിച്ചുതുടങ്ങി. വിപ്ലവം ബിസിനസ്സിനു് ഒരടുതി വരുത്തി. പലിശ ഓരോരുത്തരുടേതായി കൊടുത്തുകൊണ്ടിരുന്നെങ്കിലും മുതൽ വീട്ടുന്നതിനു് അവർക്കു സാധിച്ചില്ല.

പൗളിന്റെ കഷ്ടതകൾ

കാര്യങ്ങൾ ഈ സ്ഥിതിയിലെത്തിയപ്പോൾ ലാറൊഷേയിലെ ബിഷപ്പു് നിർദ്ദേശിച്ചതു പൗളിന്റെ സ്ഥാപനം സംരക്ഷിച്ചുകൊണ്ടു പോകുവാനുള്ള മാർഗ്ഗം ഭിക്ഷാടനംചെയ്യുകയാണെന്നതത്രെ. തിരുസ്സഭയിലുള്ള സ്ഥാപനങ്ങളെല്ലാം നാം സംരക്ഷിച്ചുപോരുന്നതു് ഈ വിധത്തിലാണല്ലൊ എന്നു ബിഷപ്പു് ചൂണ്ടിക്കാണിച്ചു. സാധുജനങ്ങൾ പൗളിനെ ഏല്പിച്ച നിക്ഷേപങ്ങൾ നഷ്ടപ്പെട്ടുത്തിക്കളയുന്നതു ശരിയല്ലെന്നു് അദ്ദേഹം വ്യക്തമാക്കി. അതിനാൽ പൗളിൻ ഇരക്കാൻതന്നെ നിശ്ചയിച്ചു. ഒരു കോടീശ്വരന്റെ പുത്രിയായ പൗളിനെ സംബന്ധിച്ചിടത്തോളം ഇതു ധീരമായ ഒരു നിശ്ചയംതന്നെയായിരുന്നു. മാർപ്പാപ്പാമാക്കും രാജാക്കന്മാക്കും മെത്രാന്മാക്കും കലീനക്കും പുരോഹിതക്കും ദൈവത്തിന്റെ മക്കളായ ദരിദ്രക്കും ഇരക്കുന്നതിനു ലജ്ജയൊന്നുമില്ല; എന്നാൽ പൗളിനെപ്പോലെ ധനികകുടുംബങ്ങളിൽ വളർന്നുവന്നിട്ടുള്ളവക്കു് ഇരക്കൽ എളുപ്പമല്ല.

കാര്യം വിഷമമായിരുന്നുവെങ്കിലും റസ്റ്റ്റൽ രക്ഷിക്കുവാൻവേണ്ടി ഫ്റാൻസിന്റെ ഒരറ്റംമുതൽ മറേറ അറ്റംവരെ നടന്നു യാചിക്കുവാൻതന്നെ പൗളിൻ നിശ്ചയിച്ചു. വേദപ്രചാരസംഘത്തിന്റെ സ്ഥാപക പൗളിനാണെന്നും, പണം എന്തിനാണു് അവൾ പിരിക്കുന്നതെന്നും കാണിച്ചു വേദപ്രചാരസംഘത്തിന്റെ സെൻട്രൽ കൗൺസിലിൽനിന്നു് ഒരെഴുത്തുവാങ്ങിച്ചാൽ സംഗതി എളുപ്പമാകുമെന്നു ബിഷപ്പു വില്ലേക്കുർ സൂചിപ്പിച്ചു. വേദപ്രചാരസംഘത്തിന്റെ സ്ഥാപക പൗളിനാണെന്നു പറയുന്നതു സത്യവിരുദ്ധമാണെന്നും അതിനാൽ എഴുത്തു തരാൻ നിവൃത്തിയില്ലെന്നും സെൻട്രൽ കൗൺസിൽ ശഠിച്ചു. 1822 മേയ് മാസത്തിലെ

സംഘടനാസമ്മേളനത്തിൽ അവർ സന്നിഹിതയായിരുന്നില്ലല്ലോ എന്നുക്രൂടി ചൂണ്ടിക്കാണിക്കപ്പെട്ടു. കൗൺസിലിന്റെ ഈ നിലപാടിന് ഒരു നീതീകരണമുണ്ടായിരുന്നു. മുപ്പതു കൊല്ലമായി പൗളിൻ സംഘകാര്യങ്ങളിൽ ഇടപെട്ടിട്ട്. അതിനാൽ പൗളിൻ ചോദിക്കയാണ്: "ഇനി കഴിഞ്ഞുപോയ വേഴ്ചയെപ്പറ്റി സംസാരിച്ചിട്ടെന്തു പ്രയോജനം?"

പൗളിന്റെ മിത്രങ്ങൾ അവർക്കുവേണ്ടി ശുപാർശകൾ ചെയ്തെങ്കിലും കൗൺസിൽ അണുപോലും അയഞ്ഞുകൊടുത്തില്ല. സെയിന്റ-വാലിയേയിലും ലിയോൺസിലും പൗളിൻ സംഘം സ്ഥാപിച്ചതിനെപ്പറ്റി ലിയോൺസു സ്വദേശിയായ ഫ്രെഡറിക്ക് ഒസാനാം സാമാന്യം ദീർഘമായിത്തന്നെ കൗൺസിലിന് എഴുതി. മറ്റു പലരും അതേരൂപത്തിലെഴുതിയെങ്കിലും കൗൺസിൽ ഈ സാക്ഷ്യങ്ങളൊന്നും സ്വീകരിച്ചില്ല. പൗളിനെ സഹായിക്കുവാൻ സന്മനസ്സുകാണിച്ച പ്രാദേശിക കൗൺസിലുകൾക്കു കേന്ദ്രം നിർദ്ദേശം നൽകിയതു വേദപ്രചാരസംഘത്തെ പൗളിന്റെ പ്രസ്ഥാനങ്ങൾക്കു പണം പിരിക്കുവാൻ ഉപകരണമാക്കിക്രൂടെന്നാണ്. പാടുണ്ടെങ്കിൽ പൗളിന്റെ കടം സംഘം വീട്ടേണ്ടതാണെന്ന് ഒമ്പതാം പീയൂസ് മാർപ്പാപ്പാ കൗൺസിലിനെ ഉപദേശിച്ചു. അതു നീതിമാത്രമാണെന്നുക്രൂടി പരിശുദ്ധപിതാവ് സൂചിപ്പിക്കുകയുണ്ടായി. എന്നിട്ട കൗൺസിൽ മറുപടി നൽകിയത് അത് അസാദ്ധ്യമാണെന്നാത്രേ.

മുന്നൂറമാസം തികയുമ്പോൾ പലിശ കൊടുക്കേണ്ട അവധിയാകും. ആ അവസരങ്ങളിലെല്ലാം റസ്റ്റ്റൽ ജപ്തിചെയ്യുകൊണ്ടു പോകുമെന്നു നിലവരെ എത്താറുണ്ടായിരുന്നു. എങ്കിലും കുറേ കൊല്ലത്തേക്കു പൗളിൻ ക്ലേശിച്ചു പലിശ കൊടുത്തുപോന്നു. 1852 ആയപ്പോ

ഴേക്ക പലിശ കൊടുക്കുവാൻ സാദ്ധ്യമല്ലാതാകയും ആറു കൊല്ലംമുമ്പു് അതു വാങ്ങിയപ്പോൾ കൊടുത്ത സംഖ്യയുടെ മൂന്നിലൊരംശത്തിനു വില്ക്കുകയുംചെയ്തു. 430,000 ഫ്റാങ്ക കടമായി അവശേഷിച്ചു. മരിക്കുന്നതിനുമുമ്പു കടമെല്ലാം വീട്ടുന്നതിനുള്ള ഒരാഗ്രഹം മാത്രമേ പിന്നീട പൗളിനുണ്ടായിരുന്നുള്ളു. തന്നിമിത്തം ജീവിതശിഷ്ടം മുഴുവനും, അതായതു പത്തു കൊല്ലത്തേക്ക്, അവർ ഭിക്ഷാടനത്തിൽ കഴിച്ചു. ലിയോൺസിൽക്കൂടെ ഭിക്ഷയാചിച്ചു നടന്നുപോകുമ്പോൾ പലരും അവളെ അത്യധികം വേദനിപ്പിച്ചിരുന്നു; ഓരോ പെനി കിട്ടുന്നതു വാങ്ങി 430,000 ഫ്റാങ്ക് ആക്കുവാൻ അവർ അലഞ്ഞു നടന്നു. കീറിപ്പറിഞ്ഞ വസ്ത്രം ധരിച്ചു ക്ഷീണിതയായി ഫ്റാൻസു മുഴുവനും അവർ ഭിക്ഷാടനംചെയ്തു. തിരുസ്സഭയുടെ പ്രശ്നങ്ങൾ പ്രായോഗികമായി പരിഹരിക്കുവാൻ ചെയ്ത പരിശ്രമങ്ങൾ ഭൗതികപരാജയത്തിലേക്ക് അനുഭവം അവർക്കു ദുസ്സഹമായിരുന്നിരിക്കണം. അവർക്കു പ്രിയപ്പെട്ട ഇടത്തരക്കാരുടെ സമുദായത്തിൽനിന്നുകൂടി അപ്രതീക്ഷിതമായ അനുഭവമാണുണ്ടായതു്. ഭൂമിയിലെ ഉപ്പാണു തങ്ങളെന്നു് അഭിമാനിച്ചിരുന്ന ഒരു ഫ്റഞ്ചു വിഭാഗമാണു് ആ ഇടത്തരക്കാർ.

ഈ അന്ധകാരനിമിഷത്തിൽ പൗളിനെ അത്യധികം സഹായിച്ച ബ്രമണ്ട് പ്രഭവിനും ഭാര്യയുമായി ഇപ്രകാരമെഴുതി: "ഹൃദയദാരിദ്ര്യമില്ലാത്ത ധനികരിൽനിന്നു താങ്കൾ ഒന്നും പ്രതീക്ഷിക്കേണ്ടതില്ല. ആദിമക്രിസ്ത്യാനികളെ സുവിശേഷകർ ഉൽബോധിപ്പിച്ചിരുന്നതുപോലെ, തങ്ങളെത്തന്നെ വിസ്മരിച്ചു മറ്റുള്ളവർക്കു കൊടുക്കുവാൻ പഠിച്ചിട്ടുള്ള വിനീതാത്മാക്കളേയും ഭൃത്യരേയും സ്ത്രീകളേയും തൊഴിലാളികളേയും ദരിദ്രരേയും ആശ്രയിക്കുന്നതാണു ഭേദം." ഏറെക്കുറെ അതേവാക്കു

കൾതന്നെയാണു തന്റെ സഖിമാക്കും മിത്രങ്ങൾക്കും എഴുതിയതു്: "ധനകാര്യങ്ങളിൽ ധനികരെ ആലംബമാക്കേണ്ടതില്ല. ദരിദ്രരേയും തൊഴിലാളികളേയും ആശ്രയിക്കുക. ആഭിമുക്യസ്ഥാനികളിൽനിന്നു തിരുസ്സഭയ്ക്കു സിദ്ധിച്ച സഹായം നൽകുവാൻ സ്വന്തം ആവശ്യങ്ങൾ നീക്കിവക്കുവാൻ സന്നദ്ധതയുള്ളതു് അവരാണു്."

പലവിധത്തിൽ പൗളിൻ ലൊരേറയിലെ ചെലവുകൾ കുറച്ചു. മരിയമക്കളെ പിരിച്ചുവിട്ടു. ഭക്ഷണം റൊട്ടിയും സ്വല്പം കേശുമാക്കി; അങ്ങനെ കിട്ടിയ ഓരോ പെനിയും കടം വീട്ടുവാൻ അവൾ ഉപയോഗിച്ചു. എന്നുവരികിലും പൗളിൻ മരിക്കുമ്പോൾ പലർക്കും വലിയ സംഖ്യകൾ കടംവീട്ടാനുണ്ടായിരുന്നു. 1862 ജനുവരി 9-ാംനു- അറുപത്തിമൂന്നാമത്തെ വയസ്സിൽ പൗളിൻ മരിച്ചു. മരണശേഷം ലൊറേറ 135,000 ഫ്രാങ്കിനു വീറു. പല പ്രാവശ്യം വലിയ സംഖ്യകൾ വീട്ടുവാൻ ആ വസ്തു വില്ക്കുവാൻ അവൾ തയ്യാറായതായിരുന്നു. ആ സംഖ്യ മുഴുവനും കടക്കാർക്കു കൊടുത്തു. ശേഷം കടങ്ങൾ സഹോദരപുത്രന്മാർ തീർക്കുകയും ചെയ്തു.

തിരുസ്സഭയുടെ സ്ഥാപനങ്ങൾക്കുവേണ്ടി സ്വതഃസിദ്ധമായ പരിചയത്തെ അടിസ്ഥാനപ്പെടുത്തി പൗളിൻ അവലംബിച്ച പ്രായോഗികപദ്ധതികളെല്ലാം വമ്പിച്ച ഒരു പരാജയമായി കലാശിച്ചു. 1930-ൽ അവളെ പുണ്യവതി എന്നു പേരുവിളിക്കുവാനുള്ള പരിശോധന റോമയിൽ സമാരംഭിച്ചിരിക്കയാണു്. ഇപ്പോഴും അവളുടെ മാദ്ധ്യസ്ഥ്യംവഴി സിദ്ധിക്കുന്ന അനുഗ്രഹങ്ങൾ പത്രങ്ങളിൽ കാണുന്നുണ്ടു്. ഒരിക്കൽ അവളെ പുണ്യവതി എന്നു പേർ വിളിക്കയാണെങ്കിൽ അവൾ പരാജയത്തിന്റെ മദ്ധ്യസ്ഥ എന്നു നാമകരണംചെയ്യപ്പെട്ടേക്കും. റസ്സ്റ്റലിലെ പരാജയത്തിനു നൽകിയ

സ്വാഗതമാണ് അവളുടെ വലിയ വിജയം. മനുഷ്യർക്കു പൊതുവേ, അന്നേറായിൻ ഷാരിക്കോയുടെ മകൾക്കു പ്രത്യേകിച്ചും എത്രയും പ്രയാസമുള്ള ഒരു സംഗതിയായിരുന്ന അതു്. പൗളിനെപ്പറ്റി ആഴ്സിലെ വികാരി ഇപ്രകാരം എഴുതിയിരിക്കുന്നു: "കുരിശു, അല്ല, ഏറ്റവും ഭാരമേറിയ കുരിശു, സ്നേഹത്തോടെ വഹിക്കുവാൻ അവൾക്കു കഴിഞ്ഞു." ഈ ഫ്രഞ്ചു വനിതയുടെ ജീവിതത്തിലെ അതിപ്രധാനമായ സംഗതിയാണിതു്. പതിമൂന്നാം ലെയോ മാർപ്പാപ്പാ ഇപ്രകാരം എഴുതിയിരിക്കുന്നു: "അവളുടെ പ്രവർത്തനങ്ങൾ അവൾക്കു് അരുളിയതു പ്രതിഷേധ കോലാഹലവും, അപമാനവും, പരിഹാസവും, കുറവുമാണ്. മനസ്സിനെ ഇടിച്ചമർത്തുന്ന സാഹചര്യങ്ങളായിരുന്ന സമസ്തവും. അവളുടെ വിശ്വാസവും, ശരണവും, ആത്മശക്തിയും ശാന്തതയും ക്ലേശങ്ങൾ അനുഭവിക്കുവാനുള്ള സന്നദ്ധതയുംവഴി, മിശിഹായുടെ ഉത്തമശിഷ്യയായി അവൾ സുതരാം ശോഭിക്കുന്നു."

പത്തൊൻപതാം ശതാബ്ദത്തിലെ പ്രശസ്തയായ ഒരു അൽമേനിയാണു പൗളിൻ മേരി ഷാരിക്കോ. അവൾ സമാരംഭിച്ച വേദപ്രചാരസംഘം സമരസഭയുടെ അവിഭാജ്യഘടകമായി; അവളുടെ സജീവജപമാല പ്രസ്ഥാനം അപേക്ഷിക്കുന്ന സഭയ്ക്കു് ഉത്തേജനമായി. പ്രാർത്ഥിക്കുകയും സഹിക്കുകയും ചെയ്തുകൊണ്ടു് അവൾ ക്രൂതൽ പ്രാധാന്യം അർഹിച്ചില്ലേയെന്നാരറിഞ്ഞു? പൗളിൻ അങ്ങനെ ദൈവത്തിന്റെ മുമ്പിൽ ഒരു ഹോമബലിയായെന്നു പറയാം. അവളുടെ ജീവിതകാലത്തുതന്നെ ഫ്രാൻസിൽ തിരുസ്സഭയ്ക്കുണ്ടായ അഭിവൃദ്ധിക്കു് അവളുടെ സഹനവുംകൂടി ദൈവത്തിന്റെ മുമ്പിൽ മാദ്ധ്യസ്ഥ്യം വഹിച്ചിരുന്നിരിക്കണം.

മാനസിക പ്രവർത്തനം

പ്രാക്തനശതാബ്ദങ്ങളോട് താരതമ്യപ്പെടുത്തുമ്പോൾ പത്തൊമ്പതാം ശതാബ്ദം ഒരു മാനസിക വെകിളിയുടെ കാലംപോലെയാണു തോന്നുക. പ്രഞ്ച വിപ്ലവത്തിനുമുമ്പു ലോകത്തിനു കുറെയൊക്കെ സ്ഥിരത യുണ്ടായിരുന്നു. അന്നു മനുഷ്യന്റെ ജീവിതമുറകളും ചിന്താഗതിയും ബുദ്ധിപ്രവർത്തനവും അധികമൊന്നും മാറി മാറിക്കൊണ്ടിരുന്നില്ല. എന്നാൽ പത്തൊമ്പതാം ശതാബ്ദത്തിൽ മാറ്റമല്ലാതെ യാതൊന്നും സ്ഥിരമായിരുന്നില്ല. തന്നിമിത്തം സാഹചര്യങ്ങളുടെ വ്യതിയാനമനുസരിച്ചു തുള്ളുവാൻ ചിന്തകർക്കു പ്രയാസമായി. ബാല്യകാലത്തു് അഭ്യസിച്ച സനാതനസത്യങ്ങൾ യഥാർത്ഥത്തിൽ ഒരിരുപതുകൊല്ലം കഴിയുന്നതിനുമുമ്പു സനാതനമാണോയെന്നു നിർണ്ണയിപ്പാൻ പള്ളിക്കൂടങ്ങളിൽ പഠിച്ച അടിസ്ഥാനതത്വങ്ങൾ പുനഃപരിശോധന ചെയ്യേണ്ടതായിവന്നു. ഓരോ ദശാബ്ദത്തിലും പുതിയ തത്വങ്ങൾ കണ്ടുപിടിച്ചെന്നു നടിച്ചിരുന്നു. അവയെല്ലാം അടുത്ത ദശാബ്ദത്തിൽ തെറ്റാണെന്നു തെളിഞ്ഞുമിരുന്നു. ഇതെല്ലാം ഒരു മാനസിക വെകിളിക്കും ബുദ്ധിഭ്രമത്തിനും വഴിതെളിച്ചു. തീവണ്ടിപ്പാളങ്ങളും യന്ത്രശാലകളുംവന്ന ഭ്രമുഖത്തിനു മാറ്റം ഭവിച്ചതാണു വെകിളിക്കു് ഒരു കാരണം. പത്തൊമ്പതാം ശതാബ്ദത്തിൽ മനുഷ്യർ അവലംബിച്ചിരുന്ന തത്വശാസ്ത്രം മണലിൽ പണിചെയ്ത സൗധംപോലെ ഇളകി മറഞ്ഞിരുന്നതാണു പ്രധാനമായ മറ്റൊരു കാരണം.

പത്തൊമ്പതാം ശതാബ്ദം ഒരു വിപ്ലവഘട്ടമാ

ണ്ട്. 1789-ൽ ഫ്റാൻസിൽ നടമാടിയ വിപ്ലവവും ഇംഗ്ലണ്ടിൽ സംഭവിച്ച വ്യവസായവിപ്ലവവുമാണ ഇരുപതാംശതാബ്ദത്തിലെ കമ്യൂണിസത്തേയും ഫാസിസ്സത്തേയും നാസിസ്സത്തേയും രണ്ടു ലോകമഹായുദ്ധങ്ങളേയും മറ്റു കോളിളക്കങ്ങളേയും ജനിപ്പിച്ചത്. പത്തൊമ്പതാം ശതാബ്ദത്തിൽ ജീവിച്ചിരുന്നവർക്ക് എന്താണ നടന്നുകൊണ്ടിരുന്നതെന്ന് ഒരു രൂപവുമുണ്ടായിരുന്നില്ല. എഴുത്തുകാർക്കും ചിന്തകർക്കും ജീവിതം പ്രശാന്തവും സുഖകരവുമായിത്തോന്നി. പിറകോട്ടേക്ക് തിരിഞ്ഞുനോക്കാത്തവർക്ക ലോകം എങ്ങനെയാണ തകിടംമറിഞ്ഞുകൊണ്ടിരുന്നതെന്ന മനസ്സിലാക്കുവാൻ സാധിക്കുകയില്ലായിരുന്നു. പ്രാചീനക്രമം അലിഞ്ഞുതേഞ്ഞുപോകുന്നതു കണ്ടാൽത്തന്നെയും, വിപ്ലവത്തിന്റെ സാരം ക്രമക്കേടും കലാപങ്ങളുമാകയാൽ, ലോകത്തിന്റെ ഗതിയോ ലക്ഷ്യമോ ഗ്രഹിക്കുവാൻ സുകരമായിരുന്നില്ല.

ഇരുപതാം ശതാബ്ദത്തിന്റെ മദ്ധ്യത്തിൽനിന്നു പിന്നോട്ടു നോക്കുമ്പോൾ പത്തൊൻപതാം ശതാബ്ദത്തിലെ വിപ്ലവങ്ങളുടെയെല്ലാം അടിസ്ഥാനം ലൗകായതികതത്വമാണെന്നു നമുക്കു കാണാവുന്നതാണ്. ആ കാലസന്ധിയിലെ ഓരോ പ്രസ്ഥാനവും ചിന്തയുടേയും പ്രവർത്തനത്തിന്റേയും പരിധിയിൽനിന്നു ദൈവത്തെ തള്ളിനീക്കുകയാണു ചെയ്തിട്ടുള്ളത്. വ്യവസായവിപ്ലവത്തിന്റെ അടിസ്ഥാനമായ ഭൗതികവാദവും പ്രയോജനവാദവും (Utilitarianism) വഴി ഫ്റഞ്ചു വിപ്ലവത്തിനുമുമ്പുണ്ടായിരുന്ന ഈശ്വരവിശ്വാസത്തിൽനിന്ന ശാസ്ത്രജ്ഞന്മാരായ ഹക്സലിയും ഹെക്കെല്യും പ്രസംഗിച്ചിരുന്ന നിരീശ്വരതത്ത്വത്തിലേക്കു ലോകംനീങ്ങി. ഈ വിപ്ലവങ്ങളെല്ലാം ദൈവത്തിനും സഭയ്ക്കും എതിരായിരുന്നു.

ഇവയെല്ലാം എതിർക്കുന്നതിനു കത്തോലിക്കർ കട

പ്പെട്ടിരിക്കയാണല്ലോ. യൂറോപ്പിനെ തകിടം മറിച്ചു കൊണ്ടിരുന്ന ഓരോ മാനസികവിപ്ലവവും ഉണ്ടായ കാലത്തു് അവയിൽ ഏതെല്ലാമാണു പാഷണ്ഡികവും വ്യാജവും വിപൽകരവുമെന്നു ചൂണ്ടിക്കാണിക്കേണ്ടിയിരുന്നു. കത്തോലിക്കാ തത്വങ്ങൾ വ്യാജമാക്കിക്കാണിച്ചിരുന്ന ഓരോ പുതിയ കണ്ടുപിടിത്തവും ശത്രുക്കൾ വാദിച്ചിരുന്നതുപോലെ അപ്രമാദമല്ലെന്നു കത്തോലിക്കാ വ്യപദേശകന്മാർ സമർത്ഥിച്ചുകൊണ്ടിരുന്നു. മനുഷ്യർ സ്വഭാവത്താലെ അമലോത്ഭവരാണെന്നതുപോലെയുള്ള ചില ലിബറൽ സിദ്ധാന്തങ്ങൾ കത്തോലിക്കർ പാടെ നിഷേധിച്ചു. പ്രകൃതിശാസ്ത്രജ്ഞന്മാരുടെ ചില കണ്ടുപിടിത്തങ്ങളിൽ ശരിയായ ഭാഗം സ്വീകരിച്ചുകൊണ്ടു തെറ്റുള്ള ഭാഗത്തിലെ പ്രമാദം അവർ വിശദമാക്കി. ഡാർവിന്റെ പരിണാമസിദ്ധാന്തംപോലെയുള്ള പുതിയ കണ്ടുപിടിത്തങ്ങൾ വേണ്ടിടത്തോളം ഭേദപ്പെടുത്തി ആവിഷ്കൃതസത്യങ്ങളോടു പൊരുത്തപ്പെടുത്താവുന്നിടത്തു് അങ്ങനെ ചെയ്തിരുന്നു.

പത്തൊമ്പതാം ശതാബ്ദത്തിലെ കത്തോലിക്കാ അൽമേയ വ്യപദേശികളുടെ നിലപാടു ശരിയായി മനസ്സിലാക്കുവാൻ ആ ശതാബ്ദത്തിലെ ചിന്താതന്തുവിലേക്കു പിരിച്ചു ചേത്തിട്ടുള്ള നാരുകൾ തിരിച്ചെടുത്തു പരിശോധിക്കേണ്ടിയിരിക്കുന്നു. ഒന്നാമതായി പതിനെട്ടാം ശതാബ്ദത്തിലെ യുക്തിവാദമാണു പരിഗണിക്കേണ്ടതു്. ഇംഗ്ലണ്ടിലെ പ്രയോജനവാദത്തിന്റെ അടിസ്ഥാനവും, ഫ്രഞ്ചുവിപ്ലവത്തെ അപലപിച്ചിരുന്ന യൂറോപ്യന്മാരുടെ തത്വവും പൂർവ്വോക്തമായ യുക്തിവാദംതന്നെയാണു്. പതിനെട്ടാം ശതാബ്ദത്തിലെ ചിന്തകരായിരുന്ന വോൾട്ടയർ, ലോക്ക്, റൂസ്സോ മുതലായവരെ റഷ്യയിലെ ഏകാന്തത്തിൽനിന്നു ഡമയിസ്തർ നഖശിഖാന്തം ആക്രമിച്ചു. യുക്തിവാദികൾക്കെ

തിരായി ഡമയിസ്സർതന്നെ സഭയുടെ അവകാശങ്ങൾ
ക്കുവേണ്ടി വാദം നടത്തി. മാത്രമല്ല പതിനെട്ടാം ശതാ
ബ്ദത്തിലെ യുക്തിവാദത്തെ അതുപയോഗിച്ചിരുന്ന
ഉപകരണംകൊണ്ടുതന്നെ അദ്ദേഹം ചെറുത്തു. ഡമ
യിസ്സർ കൊടുത്ത ചുട്ട അടിക്കുശേഷം അതു പിന്നെ
ശരിയായി തലപൊക്കിയിട്ടില്ല. ഡമയിസ്സരുടെ ഗ്രന്ഥ
ങ്ങൾക്കു നല്ല പ്രചാരംകിട്ടി. അവയുടെ പ്രചാരത്തി
നൊപ്പം യുക്തിവാദത്തിന്റെ "പ്രഭ" മങ്ങിപ്പോയി.

1830 ആയപ്പോഴേക്കും "നവ്യപ്രകാശ" പ്രസ്ഥാ
നം ഇരുണ്ടുകഴിഞ്ഞിരുന്നു. അതിന്റെ പിന്തുടച്ചാവകാ
ശം ലിബറലിസത്തിലാണു കാണുന്നതു്. 1870 വരെ
അതു പ്രശോഭിച്ചു; അനന്തരം ഇതര ചിന്താഗതികളും
പ്രത്യക്ഷമായി. ലിബറലിസത്തിനും കത്തോലിക്കരുടെ
എതിർപ്പുണ്ടായി; ഇവരുടെ വാദഗതി സാരാംശത്തിൽ
ശരിയാണെന്നു കാലം വ്യക്തമാക്കുകയുംചെയ്തു. അവ
രിൽ അഗ്രഗണ്യൻ ജോൺ ഡൊണോസൊ കോർട്ടെ
സ് ആണു്. അദ്ദേഹം ലിബറലിസത്തിന്റെ പൊള്ള
ത്തരം മനസ്സിലാക്കി. ലിബറൽ ഭരണത്തെ കാറൽ
മാർക്സ് ഭത്സിക്കുന്നതിനുമുമ്പുതന്നെ അദ്ദേഹം മന
സ്സിലാക്കി, ലിബറലിസം ഏതു വഴിയിലേക്കാണു തിരി
ഞ്ഞിരിക്കുന്നതെന്നു്. ഫ്രാൻസിൽ ലൂയി ഫിലിപ്പായിലോയും
അമേരിക്കയിൽ ഒറെസ്റ്റെസു ബ്രൌൺസണും സമകാ
ലികന്മാരുടെ ലിബറൽ വാദങ്ങളെ സത്യത്തിന്റെപേ
രിൽ ശക്തിമത്തായി എതിർത്തു. ലിബറലിസത്തെ
ഓരോ സ്ഥലത്തും ഓരോ വിധത്തിലാണു മനസ്സിലാ
ക്കിയിരുന്നതു്. അമേരിക്കൻ ലിബറലിസമല്ല ഇവി
ടെ വിവക്ഷിക്കപ്പെട്ടിരിക്കുന്നതു്. അതു സ്പഷ്ടം മെ
ച്ചമാണു്. ഒമ്പതാംപീയൂസ് മാപ്പാപ്പാ ചൂണ്ടിക്കാ
ണിച്ച തെറ്റുകളുടെ "സിലബസ്സിൽ" ഉൾപ്പെട്ട നിൽ
ക്കുന്ന ലിബറലിസമാണു് ഇവിടെ നിരൂപിക്കുന്നതു്.

സമുദായത്തിലെ മദ്ധ്യവർത്തികൾ തങ്ങളുടെ മേലുള്ള പ്രഭുക്കന്മാരേയും കീഴിലുള്ള തൊഴിലാളിവർഗ്ഗത്തേയും ചൂഷണം ചെയ്യുന്നതിനാണ് ലിബറലിസം എന്നു പറയുന്നത്. അതു ജനാധിപത്യവിരുദ്ധവും, ലൗകായതികവും വൈദികവിദ്വേഷാത്മകവും, അല്ല മതവിരുദ്ധവുമാണ്.

പള്ളികളിൽ ലിബറൽ വാദികൾ ഒന്നാം നിരയിലുള്ള ബഞ്ചുകളിൽ വന്നിരിക്കും; അങ്ങനെ ചെയ്യുന്നതിന്റെ ഉദ്ദേശ്യം അവരുടെ പുറകേ മുട്ടകുത്തുന്ന തൊഴിലാളികൾ അവരുടെ മാതൃകകണ്ട് സത്യസന്ധതയും ദൈവഭയവും അഭ്യാനശീലവും അഭ്യസിക്കാനാണ്. ലിബറൽ വാദികൾ പള്ളിയിൽപോയിരുന്നു; എന്നാൽ അവരുടെ ദൈവം അവർക്ക് ഭാഗ്യം അയച്ചു തരുന്ന മൂത്തിയായിരുന്നു. അവർ സ്റ്റോക്ക് എക്സ്ചേഞ്ചിലാണ് തൊപ്പിയെടുത്ത് ആചാരം ചെയ്തിരുന്നത്. ബാങ്കിലാണ് താണസ്വരത്തിൽ സംസാരിച്ച വിശുദ്ധമായ മൗനം ആചരിച്ചിരുന്നത്. ഈ ലിബറലിസം കത്തോലിക്കാവിശ്വാസത്തെ എപ്പോഴും എതിർത്തുകൊണ്ടിരുന്നു. ലൗകായതികമായ ആ മതത്തെ പത്തൊൻപതാം ശതാബ്ദത്തിലെ എത്രയും വലിയ ശത്രുവായിട്ടാണ് കത്തോലിക്കർ വീക്ഷിച്ചത്. ഡൊണോസോ കോർട്ടെസ് എത്രയും ഭംഗിയായി വ്യക്തമാക്കിയിരിക്കുന്നതുപോലെ ലിബറലിസം കത്തോലിക്കാസഭയുടെ മാത്രമല്ല ക്രിസ്തീയസമുദായമായ യൂറോപ്പിന്റെയും ബദ്ധശത്രു ആയിരുന്നു.

പത്തൊമ്പതാം ശതാബ്ദത്തിന്റെ ദ്വിതീയാർദ്ധത്തിൽ നവമായ ചിന്താഗതികൾ ലിബറലിസത്തിന്റെ സ്ഥാനം പിടിച്ചു. ഇവയിൽ ഏറ്റവും പ്രധാനമായതും കാലാന്തരത്തിൽ എത്രയും വിപൽകരമായി

ത്തീർന്നതുമാണു ദേശീയവാദം. സ്വന്തം രാജ്യത്തോടുള്ള അമിതമായ ഭക്തിയും ഇതരരാജ്യങ്ങളോടുള്ള ശത്രുതയുമാണു ദേശീയവാദത്തിന്റെ കാതൽ. "മതത്യാഗത്തിന്റെ യഥാർത്ഥരൂപ"മായിട്ടാണു 11-ാംപീയൂസ് മാർപ്പാപ്പാ അത്തരം ദേശീയവാദത്തെ ചിത്രീകരിച്ചതു്. പത്തൊമ്പതാം ശതാബ്ദത്തിൽ കത്തോലിക്കാ അൽമേനികം ദേശീയവാദത്തെ കാര്യമായി എതിർത്തില്ല. അതിന്റെ ദോഷകരമായ ഫലങ്ങൾ മനസ്സിലാക്കാഞ്ഞതായിരിക്കാം ഒരു കാരണം. ദേശീയശക്തികളെ മല്ലിടുവാൻ ബലമില്ലാതിരുന്നതായിരിക്കാം വേറൊരു കാരണം. സ്വരാജ്യതാല്പര്യങ്ങളെ അവഗണിച്ചു കത്തോലിക്കർ റോമയ്ക്കു കീഴ്പ്പെട്ടുനിന്നുവെന്നൊരാക്ഷേപം ഉണ്ടായിരുന്നതുകൊണ്ടു് അത്തരം ആരോപണങ്ങൾക്ക് അടിസ്ഥാനമിട്ടുന്ന വാക്കുകളും പ്രവൃത്തികളും വർജ്ജിക്കുവാൻ കത്തോലിക്കർ നിർബന്ധിതരായിത്തീർന്നു. അക്കാരണത്താൽ കത്തോലിക്കർ രാജ്യസ്നേഹം ബൃഹത്തായ തോതിൽ പ്രകടിപ്പിക്കുവാൻ പരിശ്രമിച്ചുകൊണ്ടിരുന്നു; തൽഫലമായി അവരും ദേശീയവാദത്തിനിരയായിപ്പോയി എന്നുകൂടിത്തോന്നും. അതായിരുന്നു ആൽബെർട്ട് ഡെമൂണിന്റെ സ്ഥിതി. പത്തൊമ്പതാം ശതാബ്ദം മുഴുവൻ കത്തോലിക്കർക്കുണ്ടായിരുന്ന വിഷമങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ അവരിൽ അധികംപേർക്കുമുണ്ടായിരുന്ന നീതിയുക്തവും വിവേകപൂർണ്ണവുമായ രാജ്യസ്നേഹത്തെ ഓർത്തു നാം വിസ്മയിക്കാതിരിക്കയില്ല. ബ്രൗൺസൺ, ഡമയിസ് തർ, ഡൊണോസോ കോർട്ടെസ്സ്, വോയിലോ, വാർഡ് മുതലായ എല്ലാവരും അവരവരുടെ രാജ്യത്തെ എത്രയുമധികം സ്നേഹിച്ചിരുന്നു. അതാണു രാജ്യസ്നേഹം. ശരിയായ ദൈവശാസ്ത്രത്തിലും തത്വശാസ്ത്രത്തിലും അ

ധിഷ്ഠിതമായ അവരുടെ രാജ്യസ്നേഹം പത്തൊൻപതാം ശതാബ്ദത്തിലെ ദ്വിതീയാർദ്ധത്തിൽ ഉദിച്ചുയർന്നവരുടേതുപോലെ ദേശീയവാദമായി പരിണമിച്ചില്ല.

ദേശീയവാദത്തോടടുക്കുടെ വേറെ ചില അടിയൊഴുക്കുകളുണ്ടായി. കത്തോലിക്കാ അൽമായ ചിന്തകരുടെ ശ്രദ്ധയെ അവ ആകർഷിക്കുകയും, അവയെല്ലാം അവരുടെ സവിശേഷമായ പരിശോധനയ്ക്കു വിഷയമാക്കുകയും ചെയ്തു. ആ അബദ്ധങ്ങൾക്കെല്ലാം അവർ തക്ക മറുപടി നൽകി. അങ്ങനെയുള്ളവയിൽ പ്രധാനമായവ മൂന്നാണ്: 1) കാൾമാർക്സിന്റേയും ഫ്രെഡ്രിക്ക് എങ്കെൽസിന്റേയും ശാസ്ത്രീയസോഷ്യലിസം. 2) ഏറ്റവും യോഗ്യമായവ അവശേഷിക്കുന്നുവെന്നുള്ള ഡാർവിന്റെ പരിണാമസങ്കല്പം. 3) ശാസ്ത്രപ്രേമം. ഈ ശാസ്ത്രപ്രേമം വെറും ഒരു മാനസികസങ്കല്പമാണ്. ശാസ്ത്രപ്രേമികർ ദൈവാലയങ്ങളിലെ പ്രസംഗവേദികളിൽനിന്നു വൈദികനെ മാറ്റിക്കൊണ്ട് അവയിൽ ലോകപ്രവാചകനായി ശാസ്ത്രജ്ഞനെ പ്രതിഷ്ഠിക്കുന്നു. മാർക്സിസം, ഡാർവിനിസം, ശാസ്ത്രപ്രേമം എന്നീ മൂന്നു സങ്കല്പങ്ങളുടേയും സ്വഭാവം പരിശോധിച്ചാൽ അവയിൽ എന്തുമാത്രം അതിശയോക്തി കലർന്നിട്ടുണ്ടെന്നു കാണുവാൻ കഴിയും. ഇവയ്ക്കെതിരായി എഴുതിയ കത്തോലിക്കരുടെ ഗ്രന്ഥങ്ങളിൽ തീക്ഷ്ണതകൊണ്ട് അവർ രേഖപ്പെടുത്തിയിട്ടുള്ള അതിശയോക്തികഥനങ്ങൾ നീക്കിയാൽ കത്തോലിക്കാ വ്യവഹേശകർ എത്രയും ഉത്തമമായ ഒരു ജോലി നിർവ്വഹിച്ചിരിക്കുന്നുവെന്നു കാണാം. ഓരോ പുതിയ ചിന്താസരണിയിലും അന്തർലീനമായ സത്യം സ്വീകരിച്ചുകൊണ്ട് അബദ്ധങ്ങൾ അവർ എടുത്തു പൊക്കിക്കാണിച്ചു.

പത്തൊൻപതാം ശതാബ്ദത്തിലെ ലൗകായതിക സമുദായത്തിൽ കത്തോലിക്കാ തത്വങ്ങൾ നീതീകരി

ക്കുവാൻ തുടങ്ങിയപ്പോൾ കത്തോലിക്കാ അൽമായ നേതാക്കൾ കത്തോലിക്കാതത്വങ്ങളും അവകാശങ്ങളും സംരക്ഷിക്കുമാത്രമല്ല നവമായ അബദ്ധങ്ങളിൽ സത്യം അമർന്നുപോകാതെ സൂക്ഷിക്കുകയുമാണു ചെയ്തിട്ടുള്ളതു്. മനുഷ്യന്റെ ആത്മാവും, സ്വതന്ത്രമനസ്സും, ബുദ്ധിശക്തിയും, സമ്പത്തും മനുഷ്യരിൽനിന്നു് എടുത്തുകളയുവാൻ ഉദ്യമിച്ച നവമായ ചിന്താഭാസങ്ങളിൽനിന്നും മനുഷ്യന്റെ അവകാശങ്ങളും മഹത്വവും അവർ കാത്തു സൂക്ഷിച്ചു. പത്തൊൻപതാം ശതാബ്ദത്തിലെ പുതിയ സിദ്ധാന്തങ്ങളെല്ലാം ചൂഷണോപാധികളാണു്. ഡാർവിനിസം മനുഷ്യന്റെ ആത്മാവിനെ എടുത്തുകളഞ്ഞു് അവനെ ഒരു താണമൃഗമായി തരംതാഴ്ത്തി. മാർക്സിസം അവന്റെ വസ്തുവകകളും എടുത്തുകളഞ്ഞു കമ്മ്യൂണിസ്റ്റു സാമുദായികയന്ത്രത്തിലെ ഒരു ആരാം പലകയാക്കി. പ്രകൃതിശാസ്ത്രം മനുഷ്യനെ മനുഷ്യനാക്കിത്തീർക്കുന്ന ആത്മാവും ബുദ്ധിയും സ്വതന്ത്രമനസ്സും, അഥവാ മനുഷ്യനിലുള്ള ആദ്ധ്യാത്മികതത്വം, എടുത്തുനീക്കി. ഈ ചൂഷണസിദ്ധാന്തങ്ങളിൽനിന്നു മനുഷ്യനെ രക്ഷിച്ചു പരമ്പരാഗതമായ ക്രിസ്തീയതത്വങ്ങൾക്കു് അനുയോജ്യമായി അവനെ പരിപാലിച്ചുപോന്നതു കത്തോലിക്കാ അൽമായനേതാക്കളാണു്. ഈ കത്തോലിക്കാ അൽമേനികളോടു തിരുസ്സഭ പ്രത്യേകം കടപ്പെട്ടിരിക്കുന്നു. അമേരിക്കയും യൂറോപ്യന്മാരും അവരോടു പ്രത്യേകം കടപ്പെട്ടാണിരിക്കുന്നതു്; കാരണം അവരാണു ക്രിസ്തീയസമുദായത്തെ സംരക്ഷിച്ചുപോന്നതും സംരക്ഷിച്ചുപോരേണ്ട ഒന്നാണെന്നു വ്യക്തമാക്കിയതും. അമൂല്യമായ പിതൃസ്വത്തു വിലകുറഞ്ഞ നവീനാശയങ്ങൾക്കുവേണ്ടി ലോകം കൈമാറുവാൻ തുടങ്ങിയപ്പോൾ ക്രിസ്തീയപരിഷ്കാരത്തിന്റെ യഥാർത്ഥരത്നങ്ങളെ ഈ കത്തോലിക്കരാണു സംരക്ഷിച്ചതു്.

പത്തൊൻപതാം ശതാബ്ദത്തിലെ കത്തോലിക്കാ അൽമായനേതാക്കൾ രാഷ്ട്രീയവും സാമുദായികവുമായ സിദ്ധാന്തങ്ങളുടെ എല്ലാ വശങ്ങളിലും ഐകൃത്തിലെത്തിച്ചേർന്നില്ല. തിരുസ്സഭയിൽ മാനസികസ്വാതന്ത്ര്യം എത്രമാത്രമുണ്ടെന്ന് അറിയുവാൻ വഹിയാത്തവക്ക് ഇടച്ചുവരത്തക്കവിധം ചില കാര്യങ്ങളിൽ അവർ വ്യത്യസ്താഭിപ്രായങ്ങൾ തീക്ഷ്ണമായി മുറുകെപ്പിടിച്ചിട്ടുണ്ട്. ഒരു ജനാധിപത്യം സ്ഥാപിക്കുന്നതിനുവേണ്ടി രാഷ്ട്രീയപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന ഒസാനാമിനെയും മോണ്ടലമ്പെറിനെയും പോയിലോ കഠിനമായി വിമർശിച്ചു. സാമുദായികവും രാഷ്ട്രീയവുമായ സംഗതികളിലെല്ലാം പോയിലോയും മോണ്ടലമ്പെറും തമ്മിൽ അഭിപ്രായൈക്യം ഒന്നും ഉണ്ടായിരുന്നില്ല; എന്നാൽ വിശ്വാസത്തിലും സന്മാർഗ്ഗകാര്യങ്ങളിലും റോമാസിംഹാസനത്തോടുള്ള ആദരവിലും മാതൃരാജ്യസ്നേഹത്തിലും അവർ പൂർണ്ണമായി യോജിച്ചിരുന്നു. അവരിൽ ആരാണു കൂടുതൽ നല്ല കത്തോലിക്കനെന്നോ, ഒരാൾ ഇതരനെക്കാൾ ഭേദമായി തിരുസ്സഭയുടെ പരിഷ്കരണത്തിനുവേണ്ടി പ്രവർത്തിച്ചുവെന്നോ ക്ലിപ്തമായി പറയുവാൻ വഹിയാ. കത്തോലിക്കാസഭയിൽ പോയിലോയ്ക്കും മോണ്ടലമ്പെറിനും സ്ഥാനമുണ്ട്. ആരും പാഷണ്ഡികളാകണമെന്നില്ല; കാരണം കത്തോലിക്കാസഭ യഥാർത്ഥത്തിൽ കാതോലികമാണ്. വ്യത്യസ്തപ്രകൃതിക്കാർക്കും രാഷ്ട്രീയചിന്താഗതിക്കാർക്കും അതിൽ സ്ഥാനമുണ്ട്.

സമകാലികസമുദായത്തെപ്പറ്റിയുള്ള അഭിപ്രായം പരിഗണിച്ചുകൊണ്ടു പത്തൊൻപതാം ശതാബ്ദത്തിലെ കത്തോലിക്കാ അൽമായനേതാക്കളെ യാഥാസ്ഥിതികരെന്നും ലിബറൽവാദികളെന്നും രണ്ടു ഗണമായി തിരിക്കാവുന്നതാണ്. യാഥാസ്ഥിതികരിൽ അഗ്ര

ഗണ്യരാണ ഡമയിസ്ലർ, ഡൊണോസോ കോർട്ടെസ്സ്, വോയിലോ മുതലായവർ. അവർ തങ്ങളുടെ ശതാബ്ദം അബദ്ധത്തിൽ അമന്പോയതായിട്ടാണ കരുതിയത്. മോണ്ടലമ്പെർ, ഒസാനാം, ഗോരെസ്സ്, ഒരുവിധത്തിൽ ഒരെസ്റ്റസ്സ ബ്രൗൺസൺ എന്നിവർ ലിബറൽ വാദികളാണ്. അവർ തങ്ങളുടെ സമുദായത്തിന്റെ അടിസ്ഥാനതത്വങ്ങം നല്ലതാണെന്ന് അഭിപ്രായപ്പെട്ടു. നവമായ സ്വാതന്ത്ര്യം അവർക്ക് ഇഷ്ടമായി; എന്നാൽ ആ സ്വാതന്ത്ര്യത്തെ കത്തോലിക്കാവിശ്വാസത്തോട് പൊരുത്തപ്പെട്ടത്തുവാൻ അവർ ആഗ്രഹിച്ചു. രണ്ടു കൂട്ടരും കത്തോലിക്കാസഭയോട് ഒന്നുപോലെ വിശ്വസ്തരായിരുന്നു; എന്നാൽ അവർ അഭിലഷിച്ചിരുന്ന അന്ത്യം പ്രാപിക്കുവാനുള്ള ഉത്തമമാർഗ്ഗം ഏതാണെന്നുള്ളതിനെപ്പറ്റി ഭിന്നാഭിപ്രായക്കാരായിരുന്നു.

ഇന്നും പ്രയാസമാണ നിശ്ചയിക്കുവാൻ ഏതുഭാഗമായിരുന്ന ശരിയെന്ന്. ഈ കത്തോലിക്കരുടെയെല്ലാം ഗ്രന്ഥങ്ങം ശ്രദ്ധാപൂർവ്വം പരിശോധിച്ചാൽ യാഥാസ്ഥിതികരുടെ യാഥാസ്ഥിതികത്വമോ, ലിബറൽ വാദികളുടെ ലിബറലിസമോ ദോഷത്വമല്ലായിരുന്നുവെന്ന കാണാം. ഡൊണോസോ കോർട്ടെസ്സും വോയിലോയും ലിബറലിസത്തിന്റെ ചീത്തവശങ്ങം ഊന്നിപ്പറഞ്ഞു; അവർ പറഞ്ഞത ശരിയാണെന്ന സമയം തെളിയിച്ചിരിക്കുന്നു. മോണ്ടലമ്പെറും ഗോരെസ്സും പുതിയ സ്വാതന്ത്ര്യംകൊണ്ടു തിരുസ്സഭയ്ക്ക വരാവുന്ന നന്മകം ചൂണ്ടിക്കാണിച്ചു; അവർ പറഞ്ഞതും ശരിയാണെന്ന സമയം വ്യക്തമാക്കി. ഓരോ ഭാഗം പിടിച്ചിരുന്നവരെപ്പറ്റി ഇത്രയും പറയാം; പോപ്പൽ പ്രഖ്യാപനങ്ങം[1] മോണ്ടലമ്പെറിനേയും ഗോരെസ്സിനേയും ഒസാനാമിനേയും പിന്താങ്ങിയിരിക്കുന്നു. എല്ലാ വർഗ്ഗക്കാർക്കും സാമുദായികവും രാഷ്ട്രീയവുമായ

നീതി ലഭിക്കുന്നതിനു ജനാധിപത്യഭരണരീതിയെ അനുകൂലിച്ചു 13-ാം ലെയോ മാർപ്പാപ്പായും, 11-ാം പീയൂസ് മാർപ്പാപ്പായും ഇന്നു നമ്മെ ഭരിച്ചുകൊണ്ടിരിക്കുന്ന 12-ാം പീയൂസ് മാർപ്പാപ്പായും പ്രസ്താവനകൾ ചെയ്തിട്ടുണ്ട്. പത്തൊൻപതാം ശതാബ്ദത്തിൽ ലിബറൽ പക്ഷത്തിനിന്ന കത്തോലിക്കരെയാണു തിരുസ്സഭ അനുഗമിച്ചിരുന്നത്.

യാഥാസ്ഥിതിക കത്തോലിക്കചിന്തകരെ ഇക്കാരണത്താൽ നാം അപലപിക്കുന്നതു ശരിയായിരിക്കയില്ല. അവരുടെ യോഗ്യത നിഷേധിക്കുന്നതു ചരിത്രപരമായ ഒരു ഹ്രസ്വവീക്ഷണമായിരിക്കും. ഫ്രാൻസിൽ കത്തോലിക്കാസഭയ്ക്കു വോയിലോയേയും മോണ്ടലമ്പെറിനേയും ആവശ്യമായിരുന്നു. നവസമുദായത്തോടുള്ള ഒത്തുതീർപ്പിൽ മോണ്ടലമ്പെറും ഒസാനാമും അപഥസഞ്ചാരം ചെയ്യാതിരിക്കുന്നതിനു ഒരു കാവൽനായയെപ്പോലെ വോയിലൊ കാത്തുനിന്നു. വിശാലമാനസരായ മോണ്ടലമ്പെർ പ്രഭൃതികൾക്കു മാർഗ്ഭ്രംശം വരാതിരിക്കുവാൻ കടിഞ്ഞാണായ ഒരു നായ ആവശ്യമായിരുന്നു. അന്യഥാ, അവരും അതിത്തികടന്നു ലമെനേ, ഡോളിങ്കെർ, ടിറേൽ എന്നീ വൈദികവരേണ്യരെപ്പോലെ പാഷണ്ഡതയിൽ നിപതിക്കാവുന്നതായിരുന്നു. നവസമുദായത്തോടു തിരുസ്സഭ യോജിച്ചുപോകുവാൻ പുരോഗമനചിന്താശീലരായ ഒസാനാമും ഗൊരെസ്സും വേണ്ടിയിരുന്നതുതന്നെ; എന്നാൽ നവവ്യവസ്ഥിതിയുമായിട്ടുള്ള പൊരുത്തത്തിൽ തിരുസ്സഭയുടെ ഘടനതന്നെ തകിടംമറിയാതിരിക്കുവാൻ യാഥാസ്ഥിതികചിന്തകരും അത്യന്താപേക്ഷിതമായിരുന്നു. സ്വതന്ത്രരായ മനുഷ്യരെ ഉപകരണങ്ങളാക്കി സർവ്വതും നിയന്ത്രിച്ചുകൊണ്ടിരിക്കുന്ന സർവ്വേശ്വരൻ യാഥാസ്ഥിതികരേയും ലിബറൽവാദികളേയും ഒരുപോലെ ഉപയോഗിച്ചു പരസ്പരം തെ

റുകയും തിരുത്തിച്ചു തന്റെ ഉദ്ദേശ്യം സഫലമാക്കുകയാണു ചെയ്തതെന്നു സംശയംവിനാ പറയാം. ഇങ്ങനെ പത്തൊൻപതാം ശതാബ്ദത്തിൽ തിരുസ്സഭ ക്രൂട്ടതൽ ഓജസ്സോടെ പുരോഗമിക്കുകയും അതിന്റെ കാതലായ ലക്ഷണങ്ങൾക്ക് അന്തരംക്കുടാതെ നവസമുദായത്തോടു യോജിച്ചുപോകുകയുംചെയ്തു. ഈദ്ദശവിഷയങ്ങളിൽ തിരുസ്സഭയ്ക്കു വികസനമണ്ടായിട്ടുള്ളതു് ഈവിധത്തിലാണ്. ക്രിസ്തീയതത്വവികസനത്തെപ്പററി കർദ്ദിനാൾ ന്യൂമൻ എഴുതിയിട്ടുള്ള പ്രബന്ധം ഇതു തെളിയിക്കുന്നു.

പത്തൊൻപതാം ശതാബ്ദത്തിൽ തിരുസ്സഭ വളൻ പുഷ്ടിപ്പെട്ടു. ആ ശതാബ്ദത്തിലെ അന്തരീക്ഷത്തെ പരിശോധിക്കുമ്പോൾ ഡമയിസ്സർ പറയുന്നതു വാസ്തവമാണ്: പത്തൊൻപതാം ശതാബ്ദത്തിൽ തിരുസ്സഭയ്ക്കുണ്ടായ പുരോഗമനവും ഓജസ്സും "അപ്രതിഷേധ്യവും സുവ്യക്തവും മഹത്തമവുമായ ഒരത്ഭുതമാണ്..... മാനുഷികമായ സങ്കല്പങ്ങൾക്കു കടകവിരുദ്ധമായി സംഭവിച്ച ഒരു പുരോഗമനമാണതു്." പത്തൊൻപതാം ശതാബ്ദം ലൗകായതികത്വത്തിലേക്കു കുതിച്ചു പാഞ്ഞുകൊണ്ടിരിക്കയായിരുന്നതിനാൽ ഡമയിസ്സരുടെ വാക്കുകൾ വാസ്തവമാണ്. മതകാര്യങ്ങളിൽ പാശ്ചാത്യലോകം 1815-ലേതിനെക്കാൾ പിന്നോക്കമായിരുന്നു 1914-ൽ. പ്രോട്ടസ്റ്റൻറ് സഭകൾക്കു വളരെയധികം നഷ്ടമുണ്ടായി. അവ പലവിധത്തിൽ പരസ്പരവിരുദ്ധമായ ചെറിയ ശാഖകളായി പിരിഞ്ഞുകൊണ്ടിരുന്നു. ആ ശാഖകളിൽ പലതും വിശ്വാസസത്യങ്ങളെ വിസ്മരിച്ചുകൊണ്ടു മദ്യനിരോധനം, വേശ്യാദോഷനിരോധനം, വൈ. എം. സി. എ. ക്ലബ്ബുകൾ പോലെയുള്ള സാമുദായികപ്രസ്ഥാനങ്ങൾ എന്നിങ്ങനെയുള്ള ധാർമ്മികപ്രശ്നങ്ങളെപ്പററി മാത്രം ചിന്തി

ക്കുവാൻ തുടങ്ങി. ജീവിതത്തിൽനിന്നും കുടുംബത്തിൽ നിന്നും കൂട്ടികളുടെ വിദ്യാഭ്യാസരംഗത്തുനിന്നും മറ്റും മതത്തെ തള്ളിമാറ്റിയെന്നു പൊതുവെ പറയാം. എന്നുവരികിലും പത്തൊൻപതാം ശതാബ്ദത്തിലെ ലൗകായതികതപത്തെ കവച്ചുവച്ചു കത്തോലിക്കാതിരുസ്സഭ മുന്നേറി. ദൈവസഹായത്തിലും അവിടുത്തെ കൃപാവരത്തിലുംതന്നെ അതിന്റെ പുരോഗമനരഹസ്യമെന്നുള്ളതു നിസ്സംശയം. എന്നാൽ ഇക്കാര്യത്തിൽ ദൈവം ഉപയോഗിച്ചിട്ടുള്ള മാനുഷികോപകരണങ്ങളിൽ അൽമായചിന്തകർക്കു പ്രധാനസ്ഥാനമുണ്ട്. അവരുടെ ഉജ്ജ്വലമായ ലേഖനങ്ങളും വിദഗ്ധമായ ചിന്തകളും പത്തൊൻപതാം ശതാബ്ദത്തിൽ തിരുസ്സഭയുടെ പുരോഗമനത്തിന് അത്യധികം സഹായകമായിരുന്നു.





ജോസഫ് ഡമയിസ്തർ

വിരോധാഭാസങ്ങൾ കൂടാതെ ജോസഫ് ഡമയിസ്തരുടെ ജീവിതം വിവരിക്കുവാൻ വഹിയാ. പതിനഞ്ചു കൊല്ലം അദ്ദേഹം ഒരു* മിണ്ടാവാടിയായിരുന്നു; അതേ സമയം ഒരുത്തമകത്തോലിക്കനുമായിരുന്നു. "വത്തിക്കാൻ സൂനഹദോസിന്റെ മാനുഷികോപോൽഘാതം" എന്നു വിളിച്ചവരുന്ന മാപ്പ്പ്പാമാരെപ്പറ്റിയുള്ള പുസ്തകം 1819-ലാണ് അദ്ദേഹം പ്രസിദ്ധംചെയ്തത്. കത്തോലിക്കാസഭയുടെമേൽ മാപ്പ്പ്പായ്ക്കുള്ള പരമാധികാരവും അപ്രമാദിത്വവുമാണ് പ്രസ്തുത ഗ്രന്ഥത്തിലെ പ്രതിപാദ്യവിഷയം. ഈശോസഭാംഗങ്ങളേക്കാളും, എന്നുവേണ്ട മാർപ്പാപ്പാമാരെക്കാളും, കൂടുതൽ റോമാമാർപ്പാപ്പാമാരെ ബഹുമാനിച്ചിരുന്ന ഒരാളാണ് ഈ മിണ്ടാവാടി. ലോകത്തിലെ എത്രയും സുഭിക്ഷതാകേന്ദ്രമായിരുന്ന റഷ്യൻരാജധാനിയിലെ അമ്പാസിഡർ

* Freemason.

ആയിരുന്നെങ്കിലും, സെൻറ് പീറേറഴ്സ്ബർഗ്ഗിലേ മഞ്ഞുകാലത്തു ധരിക്കുന്നതിന് ഒരു കമ്പിളി വാങ്ങിക്കുവാൻ സാധിക്കാതെ അദ്ദേഹം കുഴഞ്ഞിട്ടുണ്ട്. ദാരിദ്ര്യംനിമിത്തം ഒരു നല്ല ഭൃത്യനെ നിയമിക്കുവാൻ സാധിക്കാതെ, ഒരു കുറച്ചുള്ളിയെയാണു വീട്ടുജോലികൾക്കു നിയോഗിച്ചിരുന്നതു്. സ്ഥാനപതിമന്ദിരത്തിലായിരുന്നതുകൊണ്ടു മാത്രം റഷ്യാഗവർമ്മെൻറ് അയാളെ അറസ്റ്റുചെയ്തില്ല. സാവോയിയിലെ ഉബ്ബലയുപൻെറ പ്രതിനിധിയായിട്ടാണു റഷ്യയിൽ അദ്ദേഹം താമസിച്ചിരുന്നതു്. ചില സന്ദർഭങ്ങളിൽ സാവോയി എന്നു ഒരു രാജ്യംതന്നെ ഉണ്ടായിരുന്നില്ല; ചില കാലങ്ങളിൽ ആ രാജ്യം റഷ്യയോടു സമരത്തിലാണു കഴിഞ്ഞിരുന്നതു്. എന്നാലുകിലും ഡമയിസ്സർക്കു കൊട്ടാരത്തിൽ നല്ല ഒരു സ്ഥാനമുണ്ടായിരുന്നു. "മഹത്തായ യാതൊന്നും സ്രീകരം ചെയ്തിട്ടില്ല; എന്നാൽ അവരെക്കൂടാതെ യാതൊന്നും സംഭവിച്ചിട്ടില്ലതാനും" എന്നു് എഴുതിയതു ഡമയിസ്സരാണു്.

ഡമയിസ്സരുടെ ജീവിതത്തിലെ ഈദ്ദശവിരോധാഭാസങ്ങളെപ്പറ്റി വിചാരിക്കുന്നവർ കരുതിയേക്കും, അദ്ദേഹം ഒരു സ്ഥിരതയില്ലാത്ത മനുഷ്യനായിരുന്നെന്നു്. അതു ശരിയല്ല. അദ്ദേഹം ഉറച്ച ഒരു മനുഷ്യൻതന്നെയായിരുന്നു. 1780 മുതൽ മിണ്ടാവാദിയായിരുന്ന ഡമയിസ്സരും, 1819-ൽ പേപ്പൽ പക്ഷവാദിയായി പ്രത്യക്ഷപ്പെട്ട ഡമയിസ്സരും ഒന്നുതന്നെയാണു്. ഡമയിസ്സരുടെ ഒരു മകളെ ഇരുപതു വയസ്സാകുന്നതുവരെ അദ്ദേഹത്തിനു കാണാനിടയായില്ല; എങ്കിലും സ്നേഹപൂർവ്വം അവൾക്കു് അദ്ദേഹം കത്തുകൾ എഴുതിക്കൊണ്ടിരുന്നു. മകളെ ഇത്രയധികം സ്നേഹിച്ചിരുന്ന ഡമയിസ്സർ, സ്രീകരം പരസ്യജീവിതത്തിലേക്കു് ഇറങ്ങുവാൻ അന്നു ചെയ്തിരുന്ന പരിശ്രമത്തെ ശക്തിയുക്തം എതിർക്കേ

യാണു ചെയ്തത്. സ്ത്രീകൾ സ്ത്രീകളായി മഹത്വം നേടണം; അല്ലാതെ അപൂർണ്ണപുരുഷരാകുവാൻ ശ്രമിക്കേണ്ടതില്ല എന്നായിരുന്നു അദ്ദേഹത്തിന്റെ അഭിമതം. സ്ഥിരതയില്ലാതെ മാറിമാറിക്കൊണ്ടിരുന്ന ലോകത്തിൽ അദ്ദേഹം സ്ഥിരതയോടെനിന്നു. യുവാവായിരുന്നപ്പോൾ അദ്ദേഹം സയുക്തികം ഒരു ലിബറൽവാദിയായിരുന്നു; എന്നാൽ പ്രായം ക്രമേണയതോടുക്രമേണ അദ്ദേഹം യാഥാസ്ഥിതികനായി; കാരണം ലിബറൽവാദികൾ വാഗ്ദാനംചെയ്ത പ്രകാശം വെറും അന്ധകാരമായിരുന്നു. ഫ്രഞ്ചുവിപ്ലവത്തേയും ലിബറൽവാദികളുടെ പ്രകാശവാഗ്ദാനങ്ങളേയും അവയുടെ ഫലംനോക്കി അദ്ദേഹം വിധി കല്പിച്ചു തിരസ്കരിച്ചു.

ഡമയിസ്സുരുടെ ജീവചരിത്രം അനേകംപേർ പലവിധത്തിൽ എഴുതിയിട്ടുണ്ട്. അവരുടെ വീക്ഷണഗതിയുലോം വ്യത്യസ്തമാണെങ്കിലും അദ്ദേഹത്തിന്റെ ജീവിതം അനാകർഷകമാണെന്നോ, അദ്ദേഹത്തിന്റെ സ്വഭാവനിരൂപണം വിരസമാണെന്നോ ആരും പറയുകയില്ല. യൂറോപ്യൻ ചരിത്രത്തിലെ സംഭവബഹുലമായ ഒരു കാലത്താണ് 63 കൊല്ലത്തെ അദ്ദേഹത്തിന്റെ ഈലോകവാസം (1753-1821). അക്കാലത്താണു പതിനാറാം ലൂയി മഹാരാജാവിനു ഫ്രഞ്ചുഭരണക്രമം ശരിപ്പെടുത്തുവാൻ സാധിക്കാതായതും, 1789-ലെ അതിഭീകരമായ വിപ്ലവം നടമാടിയതും, മധ്യധരണിയിൽ നിന്ന് ഒരു ഉല്കപോലെ നെപ്പോളിയൻ ഉയർന്നുവന്ന്, യൂറോപ്യൻ വിഹായസ്സിൽ പ്രസരിച്ച്, 1815ൽ പശ്ചിമ സമുദ്രത്തിലെ സെയിൻറ് ഹെലെനാ ദ്വീപിൽ മുങ്ങിമറഞ്ഞതും. ഒരു അപ്രധാനനടനെപ്പോലെ ഡമയിസ്സർ ഇവയെല്ലാം കണ്ടു. തന്റെ ഭാഗം അഭിനയിച്ചിരുന്ന സമയത്തുതന്നെ നാടകത്തിന്റെ കഥാസാരത്തെപ്പറ്റി, അഥവാ ചരിത്രത്തിൽ ദൈവപ

രിപാലനയുടെ സ്ഥാനത്തെപ്പറ്റി, അദ്ദേഹം ചിന്തിച്ചു. ചരിത്രത്തിന്റെ ചില പ്രധാനവശങ്ങളെ നിറയ്ക്കുവാൻ പോകുന്ന ഒരു പരിവർത്തനഘട്ടത്തിലാണു തങ്ങൾ ജീവിച്ചിരുന്നതെന്നു മനസ്സിലാക്കുവാൻമാത്രം പ്രതിഭാവിലാസമുണ്ടായിരുന്ന ചുരുക്കം ചില പ്രഭുക്കന്മാരിൽ ഒരാളായിരുന്നു അദ്ദേഹം. ഫ്രഞ്ചുവിപ്ലവം ചെയ്ത ശുഭ്രികമ്മത്താലും പ്രാചീനക്രമത്തിന്റെ തകർച്ചയാലും അദ്ദേഹം വിചാരിച്ചു ഒരു മെച്ചമായ കാലം ഉദയം ചെയ്യുമെന്ന്. അതുദ്ദേശിച്ചു തന്റെ പങ്കു ശരിയാംവണ്ണം തന്നെ അഭിനയിക്കുവാൻ അദ്ദേഹം നിശ്ചയിച്ചു. "എത്രയും മഹത്തായ ഒരു മതാത്മകയുഗത്തെ നാം സമീപിക്കുകയാണ്. ദൈവപരിപാലന നിശ്ചയിച്ചു വച്ചിരിക്കുന്ന ഗംഭീരമായ സൗധം നിർമ്മിക്കുവാൻ ഓരോരുത്തനും അവനവന്റെ കഴിവനുസരിച്ചു ഒരു കല്ല് എടുത്തുകൊണ്ടു വരണം" എന്നാണ് അദ്ദേഹം എഴുതിയിരിക്കുന്നതു്.

നെപ്പോളിയന്റെ തടവുകാരനായി മാർപ്പാപ്പാതിരുമേനി കഴിഞ്ഞിരുന്ന കാലത്തു ജീവിച്ചിരുന്ന ഒരാൾ മേല്പറഞ്ഞപ്രകാരം എഴുതണമെങ്കിൽ അയാൾ എത്ര കണ്ടു ശുഭ്രഭക്തൻ ആയിരിക്കണം. കത്തോലിക്കാതിരുസ്സഭ തകർന്ന് അപ്രത്യക്ഷമായേക്കുമെന്നു തോന്നിയ ഒരു കാലസന്ധിയായിരുന്നു അതു്. ഭാവിവിഷമങ്ങൾ അദ്ദേഹം ഭർശിക്കാതിരുന്നില്ല. "നിരവധി കാരണങ്ങളാൽ പൗരോഹിത്യം ബലഹീനമായിത്തീർന്നിരിക്കയാണ്" എന്ന് അദ്ദേഹവും സമ്മതിച്ചു. ആടുകളെ മേയ്ക്കുന്ന ജോലിതന്നെ വൈദികർക്കും മെത്രാന്മാർക്കും ഭാരമായിത്തീർന്നു. തിരുസ്സഭയുടെ സംരക്ഷകരായിരുന്ന ഇവർക്കു വ്യാപദേശകകൃത്യം നിർവ്വഹിക്കുവാൻ സമയമുണ്ടായിരുന്നില്ല. ഡമയിസ്സർ തുടർന്ന് ഇങ്ങനെ പ്രസ്താവിച്ചു: "ലൗകായതികമായ ആധുനികലോകത്തിൽ

ഒരു പുരോഹിതൻ മതത്തിനുവേണ്ടി വാദിക്കുമ്പോൾ സ്വാർത്ഥംകൊണ്ടു വാദിക്കയാണെന്നു തോന്നും. എന്നാൽ അൽമേനികൾ തങ്ങളെ സമീപിക്കുന്നതിന് അവിശ്വാസികൾ വെറുപ്പു കാണിക്കയില്ല; അവരെ വിശ്വസിക്കുകയും ചെയ്യും.''

അതിനാൽ വൈദികരുടെ വ്യവഹാരജോലിയിൽ ഭാഗഭാക്കുകളാകുന്നതിനു കത്തോലിക്കാ പ്രവർത്തനത്തിനായി ഡമയിസ്സർ അൽമേനികളെ ക്ഷണിച്ചു. ''സ്വാഭാവികമായ വാസനയോടുകൂടെ ഗൗരവമായ പഠനങ്ങൾ നടത്തുന്ന അൽമേനികൾ എത്രയും പരിശുദ്ധമായ ഒരു സംഗതി പഠിച്ച് അതിനുവേണ്ടി വാദം നടത്തുവാൻ വൈമനസ്യം പ്രകാശിപ്പിക്കുന്നതെന്തിനാണെന്ന് എനിക്കു മനസ്സിലാകുന്നില്ല'' എന്നാണ് അദ്ദേഹം ഒരിക്കൽ എഴുതിയതു്. താൻ ചെയ്യുകൊണ്ടിരുന്ന ജോലിയെ നീതീകരിക്കുന്ന ഒരു പ്രസ്താവനയാണിതു്; കാരണം ആധുനികകാലത്തു വ്യവഹാരജോലി ആദ്യമായി ഏറെറടുത്ത പ്രഥമ അൽമേനി ഡമയിസ്സർ ആണ്. ചരിത്രപരമായി ഇതാണു ഡമയിസ്സറുടെ പ്രാധാന്യം. പതൊമ്പതാം ശതാബ്ദത്തിൽ തിരുസ്സഭയ്ക്കുണ്ടായ മുന്നേറ്റത്തിന്റെ പ്രാരംഭത്തിലാണ് അദ്ദേഹം നില്ക്കുന്നതെങ്കിലും, ആരും അദ്ദേഹത്തിന്റെ പ്രാധാന്യം നിഷേധിക്കുന്നില്ല; ആ പ്രാധാന്യം എത്രമാത്രമെന്നു നിർണ്ണയിക്കുക സുകരവുമല്ല. ''വി. തോമസ് മൂറിന്റെ കാലത്തിനുശേഷം ഉണ്ടായിട്ടുള്ള എത്രയും വലിയ അൽമേനി'' എന്നാണു കുറച്ചു കൊല്ലങ്ങൾക്കുമുമ്പു് അംബ്രോസ് സെസിൽ അഭിപ്രായപ്പെട്ടതു്. 1895-ൽ ടീലിങ്ങ് ഇപ്രകാരമെഴുതി: ''ഈ ശതാബ്ദത്തിലെ അതിപ്രധാനമായ കത്തോലിക്കാ ചിന്താഗതിയുടെ, അഥവാ പേപ്പൽ പക്ഷവാദത്തിന്റെ, ആണിക്കല്ലും സമകാലികനായ ഡെബൊ

ണാംഡിനോട് യോജിച്ചു പ്രവർത്തിച്ച ഒരു തുലികാകാരനുമാണു ഡമയിസ്സർ."

ജീവചരിത്രസംക്ഷേപം

ഡമയിസ്സരുടെ ജീവിതവും അദ്ദേഹത്തിന്റെ കൃതികളും തമ്മിൽ പൂർണ്ണമായ പൊരുത്തമുണ്ടെന്നു പലപ്പോഴും പറഞ്ഞുകേൾക്കുന്നുണ്ട്. അതു് എത്രയും വാസ്തവമാണ്. അതിനാൽ അദ്ദേഹത്തിന്റെ തത്വങ്ങൾ മനസ്സിലാക്കുവാൻ അദ്ദേഹത്തിന്റെ കൃതികൾ പരിശോധിക്കണമെന്നില്ല; ജീവചരിത്രം പരിശോധിച്ചാലും മതി. ഡമയിസ്സരുടെ തുലികയും ജീവിതപഠനവും പരസ്പരം പ്രകാശം വീശുന്നതിനാൽ അദ്ദേഹത്തെ നമുക്കു് അനായാസം ചെയ്യാം; ആവലാതിപ്പെടാതെ, ദുഃഖഭരിതങ്ങൾ അനുഭവിക്കുന്നതു നമുക്കു സൂക്ഷിക്കാം. വിപ്ലവകരമായ ചുഴലിക്കാറ്റിൽപ്പെട്ട റഷ്യൻ തലസ്ഥാനംവരെ പലായനംചെയ്തതും, ആ കോളിളക്കത്തിന്റെ ഭീകരതയിൽ അദ്ദേഹത്തിന്റെ മനസ്സു വികസിച്ചുവരുന്നതും നാം കാണണം.

സാവോയി രാജ്യത്തു ഷാമ്പെറി എന്നു സ്ഥലത്തു് 1753-ലോ 1754-ലോ ആണു ഡമയിസ്സർ ജനിച്ചതു്. സുമാർ നൂറു കൊല്ലംമുമ്പു സാവോയിയിൽ കുടിയേറിപ്പാർത്ത ഒരു പ്രഭുകുടുംബത്തിലെ പത്തു മക്കളിൽ മൂത്തയാളാണു ജോസഫ്. അദ്ദേഹത്തിന്റെ പിതാവു സാവോയി ഗവർമ്മെൻറിന്റെ കീഴിൽ പല വലിയ ഉദ്യോഗങ്ങളും വഹിച്ചിട്ടുണ്ട്. കുറേനാൾ അദ്ദേഹം സെനറിന്റെ പ്രസിഡൻറായിരുന്നു. നടപ്പിലിരുന്ന നിയമങ്ങൾ തേടിപ്പിടിച്ചു് ഒരു സംഹിതയുണ്ടാക്കിയതും അദ്ദേഹമാണ്. പിതാവു യാഥാസ്ഥിതികനും ഗൗരവശീലനുമായിരുന്നു. കുടുംബാംഗങ്ങളോടു് അദ്ദേഹം അത്ര അടുത്ത ബന്ധം പാലിച്ചില്ലായിരുന്നെങ്കി

ലും, 18-ാം ശതാബ്ദത്തിലെ പ്രഭുകുടുംബജാതർക്കുണ്ടായിരുന്ന വിശിഷ്ടഗുണങ്ങളെല്ലാം മക്കൾക്കു പകർന്നുകൊടുത്തിരുന്നു. മക്കളോടു പിതൃസഹജമായ വാത്സല്യം, മാതാപിതാക്കന്മാരോടു പുത്രനിർവ്വിശേഷമായ ഭക്തി, സമുദായത്തോടുള്ള കടപ്പാടിനെപ്പറ്റി ഉറച്ച ബോദ്ധ്യം, ദൈവത്തിനേറയും രാജാവിനേറയും താല്പര്യങ്ങൾ സംരക്ഷിക്കുവാനുള്ള സന്നദ്ധത, സമുദായമായി ജീവിക്കുന്ന മനുഷ്യരുടെ സുസ്ഥിതിയിൽ അഭിവാഞ്ഛ, ക്രിസ്തുമതത്തിന്റെ സാവ്വത്രികമായ പുരോഗതിയിൽ പൊതുവായ എന്നുവരികിലും യഥാർത്ഥമായ താല്പര്യം, എന്നീ ഗുണങ്ങളാണു പിതൃസ്വത്തായി മക്കൾക്കു സിദ്ധിച്ചതു്.

അന്നത്തെ സമ്പ്രദായമനുസരിച്ചു ജോസഫ് തന്റെ പിതാവിന്റെ കാലടികളെ പിഞ്ചെല്ലേണ്ടതായിരുന്നു; അങ്ങനെ നല്ല ഒരു ഗവർമ്മെൻറ് ഉദ്യോഗം നേടി സുഖമായി ജീവിക്കുകയെന്നതായിരുന്നു ജോസഫിന്റെ ഭാഗധേയം. ഷാമ്പെറിയിലെ ഈശോസഭക്കാരുടെ കോളേജിലാണ് അദ്ദേഹം പഠിച്ചതു്. അവിടെവച്ചു് അഭ്യസിച്ച ഈശോസഭക്കാരുടെ ഗുണങ്ങൾ അദ്ദേഹത്തിന്റെ ജീവിതം മുഴുവനും പ്രകടമായിരുന്നു. ഈശോസഭക്കാരോടു് അദ്ദേഹത്തിനു വലിയ താല്പര്യവുമുണ്ടായിരുന്നു; കാരണം പഴയ സമുദായത്തിലെ വിശിഷ്ടങ്ങളായ പല ഗുണങ്ങളും അവർക്കുണ്ടായിരുന്നുവെന്നതുതന്നെ. തന്നിമിത്തം 1773-ൽ ഈശോസഭ നിവൃത്തിചെയ്ത കാലംമുതൽ അതിന്റെ പുനരുദ്ധാരണത്തിനുവേണ്ടി പരിശ്രമിച്ചവരിൽ ഒരാളാണു ഡമയിസ്സർ. ദുർബലരായ സമകാലികരെ അപേക്ഷിച്ചു സുദൃഢാധീരരായിരുന്ന ഈശോസഭാവൈദികർ. ഡമയിസ്സർ ഒരു ധീരപുരുഷനുമായിരുന്നു. അവരാണു ഡമയിസ്സരുടെ യൗവനകാലത്തു വോൾട്ടയർ

പ്രേമത്തെ ചെറുത്തത്; ഡമയിസുരുടെ നോട്ടത്തിൽ വോൾട്ടയർ ഒരു വഞ്ചകനുമായിരുന്നു. ഈശോസഭക്കാർ, റോമാസിംഹാസനത്തെ അത്യധികം ആദരിച്ചിരുന്ന പേപ്പൽപക്ഷവാദികളായിരുന്നതുകൊണ്ട്, ഗള്ളിക്കാനിസം എന്ന പേരിൽ ഫ്രാൻസിൽ പ്രത്യക്ഷപ്പെട്ടിരുന്ന റോമാവിരുദ്ധമനോഭാവത്തെ, അവർ ശക്തിയായി എതിർത്തു. ഈശോസഭക്കാരുടെ ചിന്താഗതിതന്നെയായിരുന്നു ഡമയിസുരുടേതും. അതിനാൽ അദ്ദേഹം ഈശോസഭക്കാരെ അത്യധികം ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്തിരുന്നു. 1814-ൽ ഈശോസഭ വീണ്ടും സമാരംഭിച്ചപ്പോൾ റഷ്യൻ രാജധാനിയിൽ ശുപാർശപറഞ്ഞു പൊട്ടോൾസ്കിൽ അവർക്കുണ്ടായിരുന്ന കോളേജിനു ക്രൂതൽ സഹായങ്ങൾ വാങ്ങിക്കൊടുത്തു.

ഷാമ്പെറിയിൽ പ്രാരംഭപഠനങ്ങൾ നടത്തിയതിനുശേഷം നിയമബിരുദമെടുക്കാൻ ജോസഫ് ട്യൂറിനിലേക്കു പോയി. അവിടെനിന്നു വീട്ടിലേക്ക് എഴുതിയ ഒരു കത്തിൽ പുതുതായി ഇറങ്ങുന്ന ഓരോ പുസ്തകവും വായിക്കുവാൻ മാതാപിതാക്കന്മാരുടെ അനുവാദം ആവശ്യപ്പെട്ടതായിക്കാണുന്നു. മാതാപിതാക്കന്മാരുടെ ചുമതലാബോധവും കുടുംബാംഗങ്ങൾ തമ്മിലുള്ള ബന്ധവും അന്ന് ഏതുതരത്തിലായിരുന്നുവെന്ന് ഈ അനുവാദാപേക്ഷയിൽനിന്നു വ്യക്തമാണല്ലൊ. സമുദായത്തിന്റെ സുസ്ഥിതിക്ക് ഈദൃശമായ കുടുംബബന്ധം അത്യധികം പ്രയോജകീഭവിച്ചിരുന്നു. 1773-ൽ ഒരു അഭിഭാഷകബിരുദധാരിയായി ജോസഫ് ട്യൂറിനിൽനിന്നു സ്വദേശത്തേക്കു മടങ്ങി. അവിടെ ഒരു മജിസ്ട്രേട്ടായും പിന്നീടു സെനറേറംഗമായും ജോലിനോക്കി. അക്കാലത്ത് ഒരു കുലീനകുടുംബത്തിലെ മൂത്തപുത്രൻ സാധാരണമായി സ്വീകരിക്കാറുള്ള ലാവണങ്ങളാണിവ.

പതിനെട്ടാം ശതാബ്ദത്തിന്റെ ഉത്തരാർദ്ധത്തിൽ യുവ മജിസ്ട്രേറ്റുമാരെപ്പോലെ ജോസഫും ലിബറൽവാദികളുടെ ചിന്താഗതിയാണു സ്വീകരിച്ചതു്. പുതുതായി ഇറങ്ങിയിരുന്ന ഓരോ ആദർശവും, അതു പഴയതല്ലെന്നുള്ള ഏകകാരണത്താൽമാത്രം, ക്ഷുദ്രകാരെപ്പോലെ അദ്ദേഹവും സ്വാഗതം ചെയ്തിരുന്നു. അമേരിക്കൻ വിപ്ലവംവഴി സ്വാതന്ത്ര്യം അഖിലയൂറോപ്പിലേക്കും വ്യാപിക്കുമെന്നു പ്രതീക്ഷിച്ചു് ആ വിപ്ലവത്തിൽ അദ്ദേഹം ആനന്ദംകൊണ്ടു. ഗവൺമെൻറ് അദ്ദേഹത്തെ ലിബറൽ എന്നു മുദ്രയടിക്കുകയും, വിപ്ലവാദർശങ്ങളം കൊണ്ടുനിറഞ്ഞ ഒരുപദ്രവകാരിയാണദ്ദേഹമെന്നു് മഹാരാജാവിനെ അറിയിക്കുകയുംചെയ്തു.

മിണ്ടാവേദത്തിൽ ചേർന്നതോടുകൂടിയാണു ഡമയിസ്സർ ലിബറൽ വാദിയായതു്. അന്നു മിണ്ടാവേദക്കളെരികളെല്ലാം (മേസൺ ലോഡ്ജസ്) ലിബറൽ വാദത്തിന്റെയും വിപ്ലവചിന്തയുടേയും കേന്ദ്രങ്ങളായിരുന്നു. 1774-ൽ ത്രുവാ മോർത്തിയേർ എന്ന *ലോഡ്ജിലാണു് അദ്ദേഹം ആദ്യം ചേർന്നതു്. പതിന്നാലു കൊല്ലത്തേക്കു മിണ്ടാവേദികളുടെ സകല പരിശ്രമങ്ങളിലും പങ്കെടുത്തു. അവിടെ അദ്ദേഹത്തിനു പല സ്ഥാനങ്ങളുമുണ്ടായിരുന്നു; എന്നാൽ മിണ്ടാവേദത്തിന്റെ ഉള്ളുകള്ളികളം അറിയാൻ പാടില്ലാത്തവക്കു് അതൊന്നും മനസ്സിലാകയില്ലാത്തതിനാൽ, ആ ഭാഗം ഇവിടെ വിവരിക്കുന്നില്ല. 1788-ൽ ജോസഫ് ഡമയിസ്സർ മിണ്ടാവേദം പൂർണ്ണമായി ഉപേക്ഷിച്ചു.

ഡമയിസ്സറെപ്പോലെയുള്ള ഒരുത്തമ കത്തോലിക്കൻ തികഞ്ഞ ഒരു മിണ്ടാവേദിയായിരുന്നതെങ്ങനെയെന്നു് അദ്ദേഹത്തിന്റെ ജീവചരിത്രകാരന്മാരിൽ ചി

* ലോഡ്ജ് = മിണ്ടാവേദികളം ഒരുമിച്ചുകൂടുന്ന സ്ഥലം.

ലർ വിശദമാക്കിയിട്ടുണ്ട്. 1738-ൽ പന്ത്രണ്ടാം ക്ലെമൻരു മാർപ്പാപ്പായും, 1751-ൽ 14-ാം ബെനഡിക്തോസ് മാർപ്പാപ്പായും മിണ്ടാവേദത്തെ ശപിച്ചിട്ടുള്ളതാണ്; എന്നാൽ 18-ാംശതാബ്ദത്തിലെ കത്തോലിക്കർ ഈ പേപ്പൽ പ്രഖ്യാപനങ്ങളെ സ്വതന്ത്രമായി വ്യാഖ്യാനിച്ച്, അവയുടെ വ്യാപ്തി സങ്കുചിതമാക്കുകയാണു ചെയ്തത്. വൈദികരും മെത്രാന്മാരുംകൂടി ചിലപ്പോഴെല്ലാം ഇവയിൽ അംഗങ്ങളായിരുന്നിട്ടുണ്ട്. ചുമതലാബോധമില്ലാത്ത ഉദ്യോഗസ്ഥന്മാരും വ്യാപാരികളും, മദ്യപാനത്തിനും തക്കത്തിനുമായി രാത്രിയിൽ സമ്മേളിച്ചിരുന്ന ക്ലബ്ബുകളാണു മിണ്ടാവേദക്കളരികൾ എന്നായിരുന്നു ഇവരുടെ ഭാവം. ഇന്ന് "റോട്ടറി"ക്കാരും "ലയൺസു"മെന്നപോലെയായിരുന്നു അന്നു മിണ്ടാവേദികൾ. അതിനാൽ പേപ്പൽ പ്രഖ്യാപനങ്ങൾ നിശ്ചയമില്ലാത്തവരും, അവയെ സ്വതന്ത്രമായി വ്യാഖ്യാനിക്കുന്നവരും; ഒരേസമയത്തു നല്ല കത്തോലിക്കരും തികഞ്ഞ മിണ്ടാവേദികളും ആയിരുന്നതു വിസ്മയാവഹമല്ല.

അന്നത്തെ പണ്ഡിതവരേണ്യരും ലിബറൽ ചിന്തകരും യൂറോപ്പിലെ പുരോഗമന വാദികളും മിണ്ടാവേദക്കളരികളിൽ ധാരാളമായി ചേർന്നിരുന്നതുകൊണ്ടും മിണ്ടാവേദത്തിൽ പ്രതികങ്കണംകണ്ടായിരുന്ന സ്ഥാനം ഡമയിസ്റിന് ഇഷ്ടപ്പെട്ടിരുന്നതുകൊണ്ടുമാണ് അദ്ദേഹം മിണ്ടാവേദം ആശ്ലേഷിച്ചത്. 1788-ൽ ഷാമ്പെറിയിലെ കളരിയുടെ യോഗങ്ങൾ നിരുത്തണമെന്നു മഹാരാജാവ് ആവശ്യപ്പെട്ടു: മിണ്ടാവേദത്തിനു വിപ്ലവത്താൽപര്യങ്ങളുണ്ടെന്ന് ഒരു ശ്രുതി മഹാരാജാവിന്റെ ചെവിയിലെത്തിയതാണ് കാരണം. ഇക്കാലത്താണു ഡമയിസ്റർ മിണ്ടാവേദം ഉപേക്ഷിക്കുവാൻ നിശ്ചയിച്ചത്. മിണ്ടാവേദത്തിലെ അംഗത്വത്തെപ്പറ്റി അദ്ദേഹത്തിനു മനസ്സാക്ഷിക്കുടി ഉണ്ടായതായിട്ടോ അനുത

പിച്ചതായിട്ടോ കാണുന്നില്ല; എന്നാൽ അനന്തരകാല ങ്ങളിൽ മിണ്ടാവേദത്തെപ്പറ്റി പറഞ്ഞത് ഇറ്റലി യിൽ അത് ഒരു വിഡ്ഢിത്തവും ഒരു സാവ്ത്രിക ബാ ലിശത്വവുമാണെന്നാണ്. 1810-ൽ സെയിൻറ് പീ റേഴ്സ് ബർഗ്ഗിൽവച്ച, 57-ാമത്തെ വയസ്സിൽ, വീണ്ടും മിണ്ടാവേദത്തിൽ ചേരുവാൻ ഒരു ക്ഷണമുണ്ടായി. സ്വല്പനേരം ആലോചിച്ചശേഷം ആ ക്ഷണം നിരാക രിച്ചു. "മിണ്ടാവാദികളം എല്ലാ സിംഹാസനങ്ങളേയും തട്ടിമറിച്ചിടുവാൻ ശപഥം ചെയ്തിരിക്കുന്ന ഒരു ഗണ മാണെ"ന്നാണ് അതിൽ ചേരാതിരിക്കുവാൻ കാരണ മായി ചൂണ്ടിക്കാണിച്ചത്. ഫ്റഞ്ചുവിപ്ലവത്തിനുശേ ഷം, പ്രത്യേകിച്ച സ്വിറ്റ്സർലൻറ്, ജർമ്മനി, റഷ്യ മുതലായ രാജ്യങ്ങളിൽ നടന്നിരുന്ന മിണ്ടാവേദികളുടെ പ്രവർത്തനങ്ങളെ നേരിട്ട കണ്ടതിനുശേഷം, മിണ്ടാവേദ ത്തെപ്പറ്റിയുള്ള ഡമയിസ്സുരുടെ അഭിപ്രായം വളരെ മാറി.

1773 മുതൽ 1791 വരെ സുമാർ ഇരുപതുകൊ ല്ലം സ്വദേശമായ സാവോയിയിൽ ഡമയിസ്സർ ഒരു പ്ര ളവിനെപ്പോലെ സുഖമായി ജീവിച്ചു. വിശാലമായ അദ്ദേഹത്തിൻെറ വിജ്ഞാനകോശവും, വിവിധ പ്രശ്ന ങ്ങളെ നേരിട്ട് അഭിമുഖീകരിക്കുവാൻ അദ്ദേഹത്തിനു ണ്ടായിരുന്ന സാമർത്ഥ്യവും, സമകാലീനന്മാരുടെ ശ്രദ്ധ യ്ക്കു വിഷയമായി. ഒരു സാമുദായിക സിംഹത്തെപ്പോ ലെയായിരുന്നു അദ്ദേഹം. സ്ത്രീകളോട് ബഹുമാനമുണ്ടാ യിരുന്നുവെങ്കിലും അവരെ പുരുഷന്മാരായി അദ്ദേഹം കരുതിയിരുന്നില്ല. അതിനാൽ സ്ത്രീകൾക്കും അദ്ദേഹ ത്തോട് ബഹുമാനവും താൽപര്യവുമുണ്ടായിരുന്നു. സാ ഹിത്യ വിഷയങ്ങളിൽ എല്ലാവരും അദ്ദേഹത്തോടാണ് സംശയങ്ങൾ ചോദിച്ചിരുന്നത്. ഫ്രഞ്ച്, ഇറ്റാലി യൻ, സ്പാനിഷ്, ജർമ്മൻ, ഇംഗ്ലീഷ് എന്നീ ഭാഷകളെ

ല്ലാം നന്നായിട്ട വായിച്ചു മനസ്സിലാക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു; ധാരാളം അദ്ദേഹം വായിക്കുകയും ചെയ്തിരുന്നു. വേദപുസ്തകത്തിലെ ഒരു വാക്യം എവിടെയാണെന്നു് അറിയുവാൻ ആഗ്രഹിക്കുന്നവരും ഒരുദ്ധരണി പിൻഡാറിന്റെയോ സെനെക്കായുടെയോ ഗ്രോഷിയസ്സിന്റെയോ എന്നു സംശയിക്കുന്നവരും, ഡമയിസ്സൂരെയാണു് അഭയം തേടിയിരുന്നതു്. ഡമയിസ്സൂർ സകല പുസ്തകങ്ങളും വായിച്ചിരുന്നപോലെയും വായിച്ചവ മുഴുവനും ഓർത്തിരുന്നപോലെയും തോന്നിയിരുന്നു.

എങ്കിലും ഷാമ്പെറിയിലേ ജീവിതം ഡമയിസ്സൂറിന് ഇഷ്ടപ്പെട്ടില്ല. മൂപ്പത്തിരണ്ടാമത്തെ വയസ്സിൽ അദ്ദേഹം വിവാഹം കഴിച്ചു കുടുംബജീവിതമാരംഭിച്ചു. വെറും ഒരു സാധാരണ ജീവിതമായിരുന്നു അതു്. അക്കാലത്തെപ്പറ്റി ഡമയിസ്സൂർ പറഞ്ഞതു് അതു് ശൂന്യതയുടെ അസഹ്യഭാരമായിരുന്നുവെന്നാണു്. ഫ്രഞ്ചു വിപ്ലവം സാവോയിയിലേക്കു വ്യാപിച്ചില്ലായിരുന്നുവെങ്കിൽ ഡമയിസ്സൂരുടെ ജീവിതം സംഭവരഹിതമായിരുന്നേനേ. അദ്ദേഹം കുടുംബജീവിതം നയിച്ചു, പക്ഷേ, മക്കൾക്കു ധ്യാനിക്കുവാൻ ഒരു പുസ്തകമെഴുതി, ജീവിതം സമാപിക്കുമായിരുന്നു. എന്നാൽ ഫ്രഞ്ചു വിപ്ലവപഥത്തിലായിരുന്ന സാവോയി കിടന്നിരുന്നതു്. വിപ്ലവകാരികൾ തോക്കുമേന്തി സാവോയിയിലേക്കു മാർച്ചു ചെയ്തപ്പോൾ, പഴയഭരണത്തിൽ സാധാരണമായുണ്ടായിരുന്ന സുഖകരമായ അലസജീവിതത്തെപ്പറ്റിയുള്ള പ്രതീക്ഷകളെല്ലാം അന്തരിച്ചു.

ഫ്രഞ്ചുസൈനികർ മുന്നേറുന്നതുകണ്ടപ്പോൾ, നിലവിലിരിക്കുന്ന ഗവർമ്മെൻറിലെ ഒരുദ്യോഗസ്ഥനായിരുന്ന ഡമയിസ്സൂർ, പലായനം ചെയ്യുവാൻ നിർബന്ധി

തനായി. ഷാമ്പെറിയിലെ സുരക്ഷിതമായ ജീവിതം ഉപേക്ഷിച്ചു ദാരിദ്ര്യവും ക്ലേശവും നിറഞ്ഞ ഒരു ജീവിതം കൈവരിച്ചു. സാവോയിയിലെ ഭരണത്തിൽ സഹായിക്കുവാൻ നിശ്ചിതനായിരുന്നായാലും, യൂറോപ്യൻ രാജ്യങ്ങളിൽ അലഞ്ഞുനടക്കുകയായി. ആദ്യം അദ്ദേഹം കുടുംബമൊന്നിച്ച് ആൽസ്സ് കടന്നു അവോസ്റ്റയിൽ താമസമായി. മാതൃരാജ്യം ഫ്രഞ്ചുകാർ പിടിച്ചടക്കിയതിനുശേഷം, പുതിയ ഗവർമ്മെൻറിന്റെ ഉത്തരവനുസരിച്ചു കുടുംബസ്വത്തു തിരിച്ചെടുക്കുവാൻ അനുമതി വാങ്ങുവാനായി, സാവോയിയിലേക്ക് അദ്ദേഹം തിരിച്ചു ചെന്നു. വിപ്ലവ ഗവർമ്മെൻറിനോട് വിശ്വസ്തമായി വ്യാപരിച്ചുകൊള്ളാമെന്നു സത്യപ്രതിജ്ഞ ചെയ്യുകയും, വിപ്ലവകാരികളുടെ സാമ്രാജ്യ ദുർമ്മോഹസാഫല്യത്തിനു പ്രത്യേക നികുതി കൊടുക്കുകയുംചെയ്താൽ മാത്രമേ വസ്തുക്കൾ മടക്കി കൊടുക്കുകയുള്ളുവെന്നു കേട്ടപ്പോൾ അദ്ദേഹം വീണ്ടും പലായനംചെയ്തു. ഇപ്രാവശ്യം സ്വിറ്റ്സെർലണ്ടിൽ ലൊസെയിൻ എന്നു സ്ഥലത്തേക്കാണ് അദ്ദേഹം പോയതു്.

അടുത്ത ഇരുപത്തഞ്ചു സംവത്സരം ക്ലേശഭൂയിഷ്ഠമായിരുന്നു. താമസിയാതെ, ഇളയകുട്ടി കോൺസ്റ്റൻസ് ഒഴികെ, ശേഷം കുട്ടികളും ഭാര്യയും ലൊസെയിനിൽ വന്നെത്തി. സാവോയിയിൽനിന്ന് പലായനം ചെയ്തവരുടെയെല്ലാം മേൽനോട്ടം അദ്ദേഹത്തിനായിരുന്നു. അവിടെ അന്നത്തെ പണ്ഡിതമുഖ്യന്മാരെയെല്ലാം അദ്ദേഹം കണ്ടുമുട്ടി. ലൊസെയിനിലെ അഭയാർത്ഥികളും ഡാൻസിലും സംഭാഷണങ്ങളിലുമായി സമയം കഴിച്ചുകൂട്ടി: അങ്ങനെ വിപ്ലവം അവസാനിക്കുന്നതുവരെയുള്ള സമയം കഴിക്കാമെന്നു് അവർ വിചാരിച്ചു. വിപ്ലവം അവസാനിക്കുമെന്നായിരുന്നു അവരുടെ ശുഭാപ്തി വിശ്വാസം. തങ്ങളുടെമേൽ കെട്ടിവച്ചിരിക്കുന്ന

ഈ വെക്കേഷൻ കഴിഞ്ഞു താമസിയാതെ സ്വഭവനങ്ങളിലേക്കു പോകാമെന്ന് അവർ വിചാരിച്ചു.

പഴയ ഭരണകാലത്തുണ്ടായിരുന്ന പ്രഭുക്കന്മാരെപ്പോലെ ഒരു മൂഢലസ്വഭാവിയായിരുന്നില്ല ഡമയിസ്സർ. സമയം മുഴുവൻ വിനോദത്തിൽ കഴിക്കുവാൻ അദ്ദേഹം ഇഷ്ടപ്പെട്ടില്ല. അതിനാൽ അദ്ദേഹം എഴുതിയും വായിച്ചും സമയം കഴിച്ചു. ഒരു സ്നേഹിതന് ഇപ്രകാരമെഴുതി: "ഞാൻ വായിക്കുകയും എഴുതുകയും പഠിക്കുകയും ചെയ്യുകയാണ്. നമുക്കു കുറേ പഠനം വേണ്ടതല്ലയോ?" ലൊസെയിനിൽവച്ചാണ് "ഫ്റാൻസിനെപ്പറ്റി ചില ചിന്തകം" എന്ന ശീർഷകത്തിൽ ഫ്രഞ്ചു വിപ്ലവത്തെ സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ പ്രസിദ്ധഗ്രന്ഥം എഴുതിയതു്. വിപുലമായ പ്രചാരം സിദ്ധിച്ച ആ പുസ്തകത്തെപ്പറ്റി പറഞ്ഞിരുന്നതു് അതു "അഭയാർത്ഥികളുടെ വേദപുസ്തക"മാണെന്നാണ്. മറ്റു ചില ചെറിയ പുസ്തകങ്ങളും അക്കാലത്തു പ്രസിദ്ധംചെയ്തു. "രാജാധികാരത്തെപ്പറ്റിയുള്ള പഠനം" തുടങ്ങിയ പുസ്തകങ്ങളും എഴുതുവാൻ ആരംഭിച്ചതും അക്കാലത്തുതന്നെ.

1797-ൽ, സർഡീനിയ-പീഡ്മോണ്ട് രാജാവു നെപ്പോളിയനോട് സന്ധിചെയ്തു. സാവോയിയും നൈസും ഫ്റാൻസിനു വിട്ടുകൊടുത്തു. ഭരണകാര്യങ്ങളിൽ പങ്കെടുക്കുവാൻ ഡമയിസ്തറെ മഹാരാജാവു ട്യൂറിനിലേക്കു വിളിച്ചു. ട്യൂറിനിൽ ഡമയിസ്തരുടെ താമസം വളരെ ഹ്രസ്വമായിരുന്നു. പുതിയ രാജാവു്, ചാൾസ് എമ്മാനുവൽ ചതുർത്ഥൻ, താമസിയാതെ ട്യൂറിനിൽനിന്നു സർഡീനിയ ദ്വീപിലേക്കു പലായനം ചെയ്യേണ്ടിവന്നു. ഡമയിസ്തർ തന്റെ മഹാരാജാവിനെ അനുഗമിച്ചു. അവിടയും കുറച്ചുകാലമേ അദ്ദേഹം താമസി

ച്ചുള്ളൂ. കാരണം മഹാരാജാവു അദ്ദേഹത്തോട് വെനീസ്സിലേക്കു പോകണമെന്നാവശ്യപ്പെട്ടു. അവിടെ അദ്ദേഹത്തിനും കുടുംബത്തിനും ഒരു കൊല്ലം മുഴുവനും ദാരിദ്ര്യവും ക്ലേശവുംതന്നെയായിരുന്നു. ഉടുപ്പാനും കിടപ്പാനും ഉണ്ണാനും ക്രൂടി വേണ്ട സൗകര്യമുണ്ടായിരുന്നില്ല ചിലപ്പോഴെല്ലാം. വീണ്ടും അദ്ദേഹത്തെ സർഡീനിയയിലേക്കു മടക്കിവിളിച്ചു. ഇപ്രാവശ്യം അദ്ദേഹം അവിടത്തെ ഗവർണരായിട്ടാണ് പോയതു്. 1802 വരെ ആ ഉദ്യോഗത്തിലിരുന്നു; അനന്തരം റഷ്യൻ സാർ അലക്സാൻഡർ ചക്രവർത്തിയുടെ രാജധാനിയിലേക്കു് സ്ഥാനപതിയായി നിയോഗിക്കപ്പെട്ടു.

ഡമയിസ് തർ സെയിൻറ് പീറേഴ്സ് ബർഗ്ഗിൽ പതിനാലു കൊല്ലം താമസിച്ചു. ഈ വർഷങ്ങളും ക്ലേശഭൂയിഷ്ഠങ്ങളായ നീണ്ട വത്സരങ്ങളായിരുന്നുവെന്ന് അദ്ദേഹം ഭയനീയമായി ആവലാതിപ്പെട്ടിട്ടുണ്ട്. "സജീവനായ പിതാവിൻറെ അനാഥപുത്രി"യായ തൻറെ കനിഷ്ഠനപ്പിനിയെ കാണാൻ കഴിയാതെവന്നതിലും, അദ്ദേഹത്തിനു് ദുഃഖമുണ്ടായിരുന്നു. അക്കാലം മുഴുവനും ഏറെക്കുറെ കുടുംബാംഗങ്ങളിൽനിന്നു വേർതിരിഞ്ഞു കഴിക്കേണ്ടിവന്നതിനാൽ ദിവസങ്ങളും മണിക്കൂറുകളും എണ്ണിയാണു കഴിച്ചതു്. "എൻറെ സമയം വൃഥാ കളഞ്ഞുകൊണ്ടു ഞാൻ രാജാവിനെ സേവിക്കുന്നു. എൻറെ ജീവിതം ഒരു ഘടികാരത്തിൻറെ ചലനംപോലെയാണു്. ടിക്കു്, ടോക്കു് എന്നതന്നെ ഇന്നലെയും ഇന്നും എന്നും" എന്നത്രേ അക്കാലത്തെപ്പറ്റി അദ്ദേഹം എഴുതിയിരുന്നതു്. റഷ്യൻ രാജധാനിയിലെ ഡമയിസ്സുരുടെ ജീവിതം രസാവഹമാണ്. ലോകത്തിലെ എത്രയും പ്രബലനായ ഒരു നൃപൻറെ സുഭിക്ഷമായ കൊട്ടാരത്തിൽ, ദാരിദ്ര്യത്തിലമർന്നു ദുർബലനായിക്കഴിയുന്ന ഒരു രാജാവിൻറെ പ്രതിനിധിയായിട്ടുള്ള വാസത്തെപ്പറ്റി

ചർച്ചചെയ്യുന്നതു് എങ്ങനെ രസാവഹമല്ലാതാകും? വളരെ എളിയരീതിയിൽ ജീവിക്കുവാൻ പലപ്പോഴും അദ്ദേഹം നിർബന്ധിതനായിട്ടുണ്ടു്. ഒരു സ്ഥാനപതിക്കു വളരെ പ്രയാസമായിരുന്നിരിക്കണം റഷ്യയിലെ മഞ്ഞുകാലത്തു ധരിക്കുവാൻ ഒരു കുപ്പായം കടംവാങ്ങേണ്ടിവന്നതും, ചിലപ്പോൾ പാചകരില്ലാതേയും ചിലപ്പോൾ വേണ്ടിടത്തോളം ഭക്ഷണസാധനങ്ങൾ ഇല്ലാതെയും കഴിയേണ്ടിവന്നതും.

ലൊസെയിനിലും വെനീസ്സിലും സെൻറ് പീറേഴ്സുബർഗ്ഗിലും അനുഭവിച്ച വിപ്രവാസക്ലേശങ്ങൾ ഒരു ദുർബ്ബലമാനസനെ തകർക്കുവാൻ മതിയായതായിരുന്നു. എന്നാൽ ഡമയിസ്റ്റർ തന്നോടുതന്നെ എത്രയും നിശിതമായി വർത്തിക്കുവാൻ ഇവയെല്ലാംവഴി അഭ്യസിക്കയാണു ചെയ്തതു്. മറുവിധത്തിൽ അസാദ്ധ്യമായിരുന്ന ഒരു ദൃഢനിശ്ചയവും സ്ഥിരതയും അദ്ദേഹം ഇങ്ങനെ പരിശീലിച്ചു. അധഃപതിച്ചു വന്നിരുന്ന പ്രഭുക്കന്മാർ ഈദൃശ ജീവിതംവഴി തളർന്നുപോയി. ഡമയിസ്റ്റർ ദൃഢമാനസനും പ്രത്യയസ്ഥൈര്യമുള്ളവനുമായിരുന്നതുകൊണ്ടു്, ഈ ക്ലേശങ്ങൾ അദ്ദേഹത്തിൻെറ ശക്തിയെ മയപ്പെടുത്തുകയാണു ചെയ്തതു്. സന്തോഷത്തോടെ അദ്ദേഹം ജീവിതക്ലേശങ്ങൾ വഹിച്ചു. ഷാമ്പെറിയിൽ സുഖമായി ജീവിക്കയായിരുന്നെങ്കിൽ, ഒരിക്കലും ഉണ്ടാകാനിടയില്ലാത്ത ജീവിതവിശുദ്ധിയും സദ്ഭാവവിശേഷവും സൂക്ഷ്മദൃഷ്ടിയും അദ്ദേഹത്തിൽ പുഷ്ടിപ്രാപിച്ചു.

1807-ൽ നെപ്പോളിയനും അലക്സാൻഡർ രാജാവുമായി ടിൽസിറ്റിൽവച്ചു് ഒരു സന്ധിക്കു ഒപ്പുവെച്ചു. തൽഫലമായി പീഡ്മോണ്ടിലെ രാജാവു റഷ്യൻ സാമന്തനായുണ്ടായിരുന്ന നയതന്ത്രബന്ധം വിച്ഛേദിക്കുകയും

ചെയ്തു. ഒരു ശത്രുരാജാവിന്റെ രാജധാനിയിൽ സ്ഥാനപതിയായിരിക്കുക സാധ്യമല്ലാത്തതിനാൽ ഡമയിസ്സൂർ ഒരു റഷ്യൻ പൗരനായി, അവിടെ താമസിച്ചു. സാവോയിയും റഷ്യയും തമ്മിലുള്ള നയതന്ത്രബന്ധം പുനർസ്ഥാപിക്കുന്നതുവരെ അവിടെ കഴിച്ചുകൂട്ടാമെന്നായിരുന്നു ഉദ്ദേശ്യം. അതിനിടയിൽ മഹാനായ അലക്സാൻഡർ രാജാവിന്റെ പ്രീതി നേടുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. തന്നിമിത്തം 1812-ൽ ഡമയിസ്സൂറെ റഷ്യയിലെ ഒരു മന്ത്രിയും, ചക്രവർത്തിയുടെ ലേഖനങ്ങൾ പ്രസാധനംചെയ്യുവാനുള്ള ഉദ്യോഗസ്ഥനുമായി നിയമിച്ചു. അക്കാലങ്ങളിലെല്ലാം അദ്ദേഹം തന്റെ രാജാവുമായി നയതന്ത്രസംബന്ധമായ എഴുത്തുകുത്തുകൾ സ്വകാര്യഭാഷയിൽ നടത്തി. റഷ്യാക്കാർ അതു മനസ്സിലാക്കുമെന്ന് അദ്ദേഹത്തിനു് അറിയാമായിരുന്നു; അദ്ദേഹം എഴുതിയിരുന്നതെല്ലാം അലക്സാൻഡർ രാജാവും അറിയണമെന്നു വിചാരിച്ചുതന്നെയാണു് എഴുതിയിരുന്നതു്. ഇങ്ങനെ ഡമയിസ്സൂർ സ്വദേശത്തെ പലവിധത്തിൽ സേവിച്ചു.

റഷ്യയിലെ പതിനാലു വത്സരത്തെ താമസക്കാലത്തു നയതന്ത്രസംബന്ധമായി അധികമൊന്നും ഡമയിസ്സൂറിനു് ചെയ്യാനുണ്ടായിരുന്നില്ല. അതു് അനന്തരതലമുറകൾക്കു വലിയ ഭാഗ്യമായി. അദ്ദേഹത്തിനു് ധാരാളം ഒഴിവുസമയമുണ്ടായിരുന്നു. പല ദിവസങ്ങളിലും ജോലി ഒന്നുമില്ലായിരുന്നതിനാൽ എഴുത്തും വായനയും ധ്യാനവുമായിട്ടു മുറിയിൽത്തന്നെ അദ്ദേഹം കഴിക്കുകയാണു ചെയ്തതു്. സെൻറ് പീറേഴ്സ്ബർഗ്ഗിൽ താമസിച്ചിരുന്നപ്പോഴാണു മാപ്പുപ്പായെപ്പറ്റിയും സെൻറ് പീറേഴ്സ്ബർഗ്ഗിലെ സായാഹ്നത്തെപ്പറ്റിയുമുള്ള പ്രസിദ്ധഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചതു്. പ്രഞ്ച

സാഹിത്യചരിത്രത്തിൽ ഈ പുസ്തകങ്ങൾക്കു വലിയ സ്ഥാനമുണ്ട്.

1815-ൽ നെപ്പോളിയനുമായുള്ള യുദ്ധങ്ങൾ അവസാനിച്ചു. ഡമയിസ്സർ സ്വഭവനത്തിലേക്കു മടങ്ങുവാൻ കൊതിക്കുകയായിരുന്നു അന്ന്. ഷഷ്ടിപൂർത്തികഴിഞ്ഞു വാർദ്ധക്യത്തിലായതുകൊണ്ട്, ഇരുപതു കൊല്ലംമുമ്പു ഷാമ്പെറിയിൽ എങ്ങനെ സുഖമായി കഴിഞ്ഞിരുന്നുവോ അതുപോലെ തുടരുവാൻ അദ്ദേഹം ആഗ്രഹിച്ചു. മാത്രമല്ല, സാർ അലക്സാൻഡർ ക്രമേണ ഡമയിസ്സറെ സംശയിക്കുവാൻ തുടങ്ങി. റഷ്യൻ കൊട്ടാരത്തിൽത്തന്നെ അദ്ദേഹം മാനസാന്തരവേല നടത്തുന്നുവെന്ന് ആരോപണമുണ്ടായി. അവസാനം അലക്സാൻഡർ ഈ ശോസഭ നിരുത്തൽചെയ്യുവാൻ നിശ്ചയിച്ചപ്പോൾ ഓർത്തഡോക്സ് ശീശ്മയിൽപ്പെട്ട മഹാരാജാവും ഡമയിസ്സറും തമ്മിൽ ഒരു തർക്കംതന്നെ ഉണ്ടായി. ഡമയിസ്സറെ തിരികെ വിളിക്കുവാൻ സാർ ആവശ്യപ്പെട്ടു; ഡമയിസ്സറും അതേ അഭ്യർത്ഥനതന്നെ ചെയ്തു. അങ്ങനെ പീഡ്മോണ്ടിലെ രാജാവ് ഒന്നാം വിക്ടർ എമ്മാനുവൽ 1817-ൽ ഡമയിസ്സറെ തിരികെ വിളിച്ചു. സ്വദേശത്തേക്കുള്ള മടക്കയാത്രയിൽ ഫ്രഞ്ചു സാഹിത്യം മാതൃകാപരമായി കൈകാര്യംചെയ്തിരുന്ന ഈ ഗ്രന്ഥകർത്താവ് ആദ്യമായും അവസാനമായും ഫ്രാൻസിൽ ഒന്നു കാലുകുത്തി. കുടുംബത്തോടുകൂടി പാരീസ് ഒരിക്കൽ സന്ദർശിച്ചു; അനന്തരം അദ്ദേഹം ട്യൂറിനിൽ പോയി താമസിക്കുകയും 1821 വരെ രാജ്യകാര്യമന്ത്രിയായി ജോലി നോക്കുകയും ചെയ്തു.

ഡമയിസ്സറുടെ നേട്ടങ്ങൾ

ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്ന കത്തോലിക്കാ അൽമേനികളിൽ ശരിയായി വണ്ണിക്കുവാൻ ഏ

റവും പ്രയാസം ഡമയിസ്സൂരാണ്; കാരണം അദ്ദേഹത്തിന്റെ സൂതിപാഠകന്മാർ പ്രശംസയ്ക്കുള്ള പദങ്ങളെല്ലാം പ്രയോഗിച്ചുകഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തിന്റെ ആദർശങ്ങളോട് വിയോജിക്കുന്നവർപോലും, ഒരു മനുഷ്യനെന്ന നിലയിൽ അദ്ദേഹത്തെ വാനോളം പുകഴ്ത്തുന്നുണ്ട്. പഴയ ഭരണത്തിലെ യോഗ്യനായ ഒരു പ്രതിനിധിയായിട്ടും, ഫ്റഞ്ച് വിപ്ലവത്തെ എതിർത്ത ശക്തികളിൽ "അഗാധവും സുന്ദരവുമായ ഒരു ദർപ്പണ"മായിട്ടും ആണ് ഡമയിസ്സൂരെ അവർ ഭാവനം ചെയ്യുന്നത്. അദ്ദേഹത്തിന്റെ അനുഗാമികൾക്കു യഥായോഗ്യം അദ്ദേഹത്തെ വർണ്ണിക്കുവാൻ സൂതിവാക്കുകൾ കിട്ടുന്നില്ല. "പ്രതിഭാതിശയം," "പത്തൊൻപതാം ശതാബ്ദത്തിലെ മഹാനായ സഭാപിതാവ്," "പ്രസിദ്ധ മല്ലാന്മാരിൽ ഒട്ടവിലത്തേയാൾ," "സമർത്ഥനായ താക്കീകൻ," "നിസ്തുലനായ ചാമ്പിയൻ" എന്നൊക്കെയാണ് അദ്ദേഹത്തെ ഓരോരുത്തർ വിളിച്ചിരിക്കുന്നത്. സാധാരണമായി അതിശയോക്തി കഥനത്തെ വർജ്ജിക്കുന്ന ഫാദർ ഡെസ് കോട്ടെസ്സ്, ഹിപ്പൊളൈറ്റ് തായിൻ തുടങ്ങിയവരാണ് ഇങ്ങനെ പ്രശംസിച്ചിട്ടുള്ളത്. "ഡമയിസ്സൂരെ സൂതിക്കുന്നതു പ്രതിഭയുടെ ഒരു ലക്ഷണമാണെന്ന"ക്രൂടി ലെസീഞ്ഞ് എഴുതിയിട്ടുണ്ട്. യുക്തിവാദത്തെ എതിർക്കുന്നതിനു ഡമയിസ്സൂരെ വിമർശിക്കുമ്പോൾ വുള്ളിയാഡ് ക്രൂടി "അദ്ദേഹത്തിന്റെ സത്യസന്ധത, ധൈര്യം, തീക്ഷ്ണത, വശ്യശക്തി, ഉപചാരബോധം, മൃദുലത, സൗമ്യത, ലോകത്തെയും മനുഷ്യസ്വഭാവത്തെയുംപറ്റിയുള്ള അഗാധജ്ഞാനം, വ്യക്തിമാഹാത്മ്യം, തുളച്ചുകയറുന്ന ഹാസ്യരസം, അബദ്ധത്തിന്റെ തൊണ്ടപൊളിക്കുവാനും അതിനെ സകലശക്തികളോടുംകൂടെ ശത്രുവിന്റെ നേർക്കു തൊടുത്തുവി

ടാനുമുള്ള സാമർത്ഥ്യം" മുതലായ ഗുണങ്ങൾ സമ്മതിച്ചു കൊടുക്കുന്നുണ്ട്.

ഡമയിസ്സുരെപ്പററി പഠനം നടത്തിയിട്ടുള്ളവരെല്ലാംതന്നെ, ഈ സ്തുതികൾ ആവർത്തിച്ചിരിക്കുന്നു. ശരിയായി അദ്ദേഹത്തെ മനസ്സിലാക്കുമ്പോൾ അവ അതിശയോക്തി കഥനമല്ലെന്നു ബോദ്ധ്യമാകും. കാരണം അദ്ദേഹത്തിന്റെ സത്യസന്ധത അത്യുന്നതവും കഴിവുകൾ അഗാധവുമായിരുന്നു. ഈ സദ്ഗുണങ്ങളോടുകൂടെ സത്യത്തിനുവേണ്ടി സമരംചെയ്യുവാനുള്ള ധീരതയും, ശരിയാണെന്നു തോന്നുന്നവ പ്രായോഗികമാക്കുന്നതിനു സ്വാർത്ഥരഹിതം പരിശ്രമിക്കുവാനുള്ള മനസ്സും, സംയോജിച്ചിരുന്നു. ശത്രുക്കളും സഹപ്രവർത്തകരും അദ്ദേഹത്തിന്റെ സത്യസന്ധതയും ധൈര്യവും പ്രശംസിച്ചിട്ടുണ്ട്.

പണ്ഡിതോചിതമായ ഗവേഷണവും പ്രായോഗികപ്രവർത്തനങ്ങളും ഒന്നു മറെറാന്നിനു ക്ഷയംവരുത്താതെ പിഞ്ചെന്നിട്ടുള്ള സെയിൻറ് തോമസ് മൂറിന്റെ ജാതിയാണു ഡമയിസ്സർ. ഒരേസമയത്തു പ്രവർത്തനവും പഠനവും നടത്തിയിട്ടുള്ള ചുരുക്കം ചിലരിൽ പെട്ടവനാണ് അദ്ദേഹം. വോൾട്ടയറിന്റെ ആംഗ്ലേയ ജീവചരിത്രകാരനും, പതിനെട്ടാം ശതാബ്ദത്തിലെ ഫ്റാൻസിനെപ്പററി അധികാരപൂർവ്വം സംസാരിക്കുവാൻ യോഗ്യനുമായ ജോൺ മോർലി ഡമയിസ്സർ എത്തിട്ടുള്ള സമസ്യവും അനുക്രമിച്ചിട്ടുള്ള ഒരു തുലികാകാരനാണ്. അദ്ദേഹം ഇപ്രകാരം എഴുതിയിരിക്കുന്നു: "പുരുഷത്വം നഷ്ടപ്പെടുത്താതെ, ഹൃദയത്തെ സ്പർശിക്കുവാനും ഉജ്ജ്വലമായ സൂര്യപ്രകാശത്തെ വിസ്മരിക്കാതെ മനുഷ്യജീവിതത്തിന്റെ ഇരുൾനിറഞ്ഞ ഗുഹകളിൽ ഇറങ്ങിപ്പോകുവാനും, തത്വചിന്തയിൽ മുഴുകിക്കൊണ്ടിരിക്കവേ തനിയാഥാർത്ഥ്യത്തെ മുറുകെപ്പിടിക്കു

വാനും, ഡമയിസ്സുരേക്കാൾ ക്രൂട്തൽ വശമുള്ള അധികംപേരില്ല." ഡമയിസ്സർ ഭൂമിയിൽത്തന്നെ നിന്നുകൊണ്ട് ചിന്തിക്കുകയും പഠിക്കുകയും ചെയ്തിരുന്നതിനാൽ പഠനത്തിനും തത്വചിന്തയ്ക്കും ഒരു പ്രത്യേക ജീവനും ശക്തിയും യാഥാർത്ഥ്യവും നൽകുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഡമയിസ്സരുടെ കൃതികൾ വായിക്കുന്നവർ ജോൺ മോർലിയുടെ ഈ റിമാർക്ക് ഓർത്തിരിക്കുന്നതു നന്നായിരിക്കും. തത്വചിന്തയും ഓരോ പ്രസ്താവനയുടെ അടിസ്ഥാനമായി നിലകൊള്ളുന്ന അനുഭവവും തമ്മിലുള്ള പൊരുത്തത്തെ അദ്ദേഹത്തിന്റെ ഉജ്ജ്വലമായ ഭാഷാശൈലി സമാവരണം ചെയ്യുന്നുണ്ട്.

ഡമയിസ്സർ എന്നും ഒരു വിദ്യാർത്ഥിയായിരുന്നു. "ജനനംമുതൽ എന്റെ മനസ്സു പഠനത്തിൽ മുഴുകി" യാണിരുന്നിട്ടുള്ളതെന്ന് അദ്ദേഹംതന്നെ ഒരിക്കൽ പ്രസ്താവിച്ചിട്ടുണ്ട്. ഒരു സ്നേഹിതന് അദ്ദേഹം ഇപ്രകാരമെഴുതിയിരിക്കുന്നു: "എന്റെ തലച്ചോറു ധാരാളം കള്ളികളുള്ള ഒരു അറയാണ്. അവയിലെല്ലാം ഓരോതരം അറിവു ശേഖരിച്ചുവച്ചിട്ടുണ്ട്. ഓരോന്നും ഇഷ്ടംപോലെ എടുക്കാവുന്നതാണ്." ജീവിതം മുഴുവനും ഉണ്ടായിരുന്ന പഠനശീലത്തെ സൂചിപ്പിച്ചുകൊണ്ടാണ് അദ്ദേഹം ഇപ്രകാരമെഴുതിയതു്. ഷാമ്പെറിയിൽനിന്നു പലായനം ചെയ്യുന്നതിനുമുമ്പുതന്നെ അദ്ദേഹത്തിനു സ്വന്തമായി 2354 പുസ്തകങ്ങളുള്ള വലിയ ഒരു വായനശാലയുണ്ടായിരുന്നു. വായിക്കുമ്പോൾത്തന്നെ ധാരാളം നോട്ടുകളെടുത്തു ക്രമപ്പെടുത്തിയതിനുശേഷമാണു ഓരോ പുസ്തകവും തിരികെ വച്ചിരുന്നതു്. വിപ്രവാസിയായിരുന്ന കാലത്തു് ഈ നോട്ടുബുക്കുകളെല്ലാം ഒരു പെട്ടിയിലെടുത്തു കൂടെകൊണ്ടുപോകുവാൻ സാധിച്ചു. ഒരു റഫറൻസിനും സൗകര്യമില്ലാതിരുന്ന റഷ്യയിൽ ഇരുന്നു് എഴുതിയ പുസ്തകങ്ങൾ വായിക്കു

മ്പോൾ തോന്നുന്നതു്, അവ ബ്രിട്ടീഷ് മ്യൂസിയത്തിലെ റഫറൻസ് മുറിയിൽ ഇരുന്നു് എഴുതിയവപോലെയാണു്.

ഡമയിസ്സർ വിവേചനാശീലനായ ഒരുജ്ജ്വല ചിന്തകനാണു്. അനുമാനങ്ങളെല്ലാം അദ്ദേഹം വളരെ ഓജസ്സോടെ ഊർജ്ജസ്വലമായ ഭാഷയിലാണു വിവരിച്ചിരുന്നതു്. അതിനാൽ നവമായ സമസ്യവും അങ്ങേയറ്റം എതിർക്കുന്നവനും, തിരുസ്സഭയേയും രാഷ്ട്രത്തേയും ഒന്നുപോലെ അന്ധമായി പിന്താങ്ങുന്ന ഒരു തീവ്രവാദിയുമായി ഡമയിസ്സറിനെ ചിലർ കരുതുന്നു. ഉജ്ജ്വലമായ അദ്ദേഹത്തിന്റെ ഭാഷാശൈലികണ്ടു കണ്ണു മഞ്ഞളിച്ചിട്ടു് ഒരാൾ എഴുതിയിരിക്കയാണു്: "വിപ്ലവമാകുന്ന ദുഷ്ടമൃഗത്തിക്കെതിരായി, നിർഭയം നിലകൊണ്ട ഏകയോദ്ധാവാണു്" ഡമയിസ്സർ. പോപ്പിട്ടയറിന്റെപോലുള്ള അദ്ദേഹത്തിന്റെ ശൈലികണ്ടു് അദ്ദേഹത്തിന്റെ വിവേചനാശക്തിയേയും വിശേഷബുദ്ധിയേയും നാം നിഷേധിക്കരുതു്; കാരണം, പഴയ ഭരണക്രമത്തിന്റെ തെറ്റുകളോ, സേച്ഛാധിപത്യത്തിന്റെ വിപത്തുകളോ, അദ്ദേഹം കാണാതിരുന്നിട്ടില്ലെന്ന വഴിയേ നാം കാണും.

ഡമയിസ്സരും ബക്കും ചരിത്രം വീക്ഷിക്കുന്നതു്

പത്തൊമ്പതാം ശതാബ്ദത്തിൽ ഏതാണ്ടമ്പതു കൊല്ലത്തേക്കു് ഒരഭിപ്രായമുണ്ടായിരുന്നു, ഡമയിസ്തർ പഴയ ഭരണക്രമത്തിന്റെ വിവേചനാരഹിതനായ പക്ഷവാദിയായിരുന്നെന്നു്. പത്തൊമ്പതാം ശതാബ്ദത്തിലെ നവവ്യവസ്ഥിതിയെ എതിർത്തിരുന്നവരെല്ലാം ഡമയിസ്സരുടെ അഭിപ്രായം ഉദ്ധരിച്ചിരുന്നതുംകൊണ്ടും, ലിബറൽവാദികൾ തങ്ങളുടെ പ്രധാന പ്രതിയോഗിയായി ഡമയിസ്തരെ പരിഗണിച്ചതിനാലുമാണു് ഇങ്ങ

നെയൊരാക്ഷേപമുണ്ടായത്. കാലങ്ങൾ കടന്നുപോകുകയും ഡമയിസ് തരുടെ കൃതികൾ പൂർണ്ണമായി പ്രസിദ്ധീകൃതമാകുകയും ചെയ്തപ്പോൾ വ്യക്തമായി, ചരിത്രത്തെയും രാഷ്ട്രീയകാര്യങ്ങളേയും സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ അഭിപ്രായം എഡ്മണ്ട് ബർക്കിന്റെ തുപോലെതന്നെയാണെന്ന്. ബർക്കിനെപ്പോലെ അദ്ദേഹവും പാരമ്പര്യവാദിയായിരുന്നു; എന്തുകൊണ്ടെന്നാൽ നവവും വിപ്ലവകരവുമായ സമസ്തവും വളരെ സൂക്ഷിച്ചു വീക്ഷിക്കേണ്ടതാണെന്ന അനുഭവം അദ്ദേഹത്തെ പഠിപ്പിക്കുകയുണ്ടായി. ഈലോകത്തിൽ യഥാർത്ഥത്തിൽ പ്രത്യക്ഷപ്പെട്ടുന്ന മനുഷ്യസ്വഭാവത്തെപ്പറ്റി അദ്ദേഹത്തിനു താഴ്ന്ന ഒരഭിപ്രായമാണുണ്ടായിരുന്നത്. ചിന്താസന്താനങ്ങളായ സ്ഥാപനങ്ങളെപ്പറ്റി അദ്ദേഹത്തിനു വലിയ സംശയമുണ്ടായിരുന്നു. നല്ല സ്ഥാപനങ്ങളും ഘടനകളുമെല്ലാം നല്ല വിത്തെന്നപോലെ കാലാന്തരത്തിൽ സ്വാഭാവികമായി പുളിച്ചുണ്ടാകുന്നതാണെന്ന അദ്ദേഹത്തിനു ബോദ്ധ്യമുണ്ടായിരുന്നു. ദൈവപരിപാലനയിൽ സംഭവിക്കുന്ന പല കാര്യങ്ങളുടെ അന്ത്യമാണു നല്ല ഭരണഘടന. കുത്തിപ്പൊളിച്ച് അന്ത്യത്തിലെത്തുവാൻ യത്നിക്കുന്ന വിപ്ലവകാരി വിഷമങ്ങളുണ്ടാക്കാതിരിക്കയില്ല.

ബർക്കിനെപ്പോലെ ഡമയിസ് തരും മാറ്റങ്ങളെ എതിർത്തിരുന്നില്ല. അവ സാവധാനത്തിൽ, ഭൂതകാലത്തിലെ അനുഭവങ്ങളെ അടിസ്ഥാനപ്പെടുത്തിയായിരിക്കണം. ഇതാണു ഡമയിസ് തരുടെ രാഷ്ട്രീയതത്വങ്ങളുടെ അടിസ്ഥാനം. പരിഷ്കരണത്തിനുള്ള നിയമങ്ങളെല്ലാം ചരിത്രത്തിന്റേയും അനുഭവത്തിന്റേയും വെളിച്ചത്തിൽ പരിശോധിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ നിഷ്ഠ. അദ്ദേഹത്തിന്റെ രാഷ്ട്രീയപ്രവർത്തനങ്ങളും നയതന്ത്രജോലികളുംവഴി ലോകവസ്തുക്കളുടേ

യും മനുഷ്യരുടേയും സ്വഭാവം അദ്ദേഹത്തിനു ശരിയായി മനസ്സിലായിരുന്നു. അതിനാൽ വിവേചനാശക്തി അദ്ദേഹത്തിനു സ്വായത്തമായി. വെറും യുക്തിവാദം കൊണ്ടു കണ്ടുപിടിച്ചിരുന്ന മാറ്റങ്ങളെ അദ്ദേഹം സംശയത്തോടെമാത്രം വീക്ഷിച്ചിരുന്നു. അങ്ങനെയുള്ള വയാണു ഫ്രഞ്ചു വിപ്ലവത്തിലെ മനുഷ്യാവകാശവാദങ്ങളും, റൂസ്സോയുടേയും പെയിനിന്റേയും "സോഷൽ കോൺട്രാക്ട്" സിദ്ധാന്തവും. റൂസ്സോയുടെ സോഷൽ കോൺട്രാക്ട് സിദ്ധാന്തവും, യഥാർത്ഥ രാഷ്ട്രീയ ജീവിതവും തമ്മിൽ വലിയൊരന്തരമുണ്ട്. സമുദായത്തിലെയും രാഷ്ട്രമീമാംസയിലെയും മനുഷ്യനെപ്പറ്റിയുള്ള ഡമയിസ്സുരുടെ ചിന്തകളിലെല്ലാം അനുഭവത്തോടുള്ള ആഹ്വാനം കാണാം. എല്ലാ രാഷ്ട്രീയ പ്രശ്നങ്ങളേയും വിവേചനാപൂർവ്വം സമീപിക്കണമെന്നുള്ള അടിസ്ഥാനതത്വം ആ ചിന്തകളിലെല്ലാം അന്തർലീനമായി കിടക്കുന്നുണ്ട്.

ഇക്കാര്യത്തിൽ ആംഗ്ലേയഗ്രന്ഥകാരനായ ബക്കിനെപ്പോലെയാണു ഡമയിസ്സുർ എന്നു പറഞ്ഞുവെങ്കിലും, രണ്ടുപേരും തമ്മിൽ വലിയ ഒരന്തരമുണ്ട്. ചരിത്രസംഭവങ്ങൾ ദൈവപരിപാലനാവൈഭവത്തിനു സാക്ഷ്യംവഹിക്കുന്നുവെന്ന ദൈവശാസ്ത്രതത്വം ഡമയിസ്സുരുടെ ചരിത്രപഠനത്തിന്റെ പ്രത്യേക വിശേഷമാണ്. മനുഷ്യൻ പരിശ്രമിച്ചിട്ടോ പരിശ്രമിക്കാതെയോ കാലാന്തരത്തിൽ ഭേദപ്പെടുന്നുവെന്നുള്ള "പുരോഗമനസിദ്ധാന്തങ്ങൾ"ക്കെല്ലാം അദ്ദേഹം എതിരായിരുന്നു. ഓരോ യുഗം കഴിയുന്തോറും മനുഷ്യൻ മുന്നോട്ടു കുതിച്ചു പരിപൂർണ്ണതയിൽ ഉയരുന്നുവെന്നൊരു സിദ്ധാന്തം കണ്ടാർച്ചെറു പുറപ്പെടുവിച്ചപ്പോൾ, ഡമയിസ്സുരുടെ അഭിപ്രായം മനുഷ്യൻ എല്ലാ കാലത്തും ഏറക്കുറെ ഒരുപോലെ ആയിരുന്നുവെന്നാണ്. ചരിത്രത്തിൽ ദൈവ

പരിപാലനയുടെ സ്ഥാനം ഡമയിസ്സർ ഊന്നിപ്പറയുകയും, വ്യക്തികളുടെ ചരിത്രപ്രാധാന്യത്തെ ലഘൂകരിക്കുകയുമാണു ചെയ്തത്. മനുഷ്യനു സ്വാതന്ത്ര്യമുണ്ടെങ്കിലും മനുഷ്യന്റെ സ്വതന്ത്രപ്രവൃത്തികൾകൊണ്ടു ദൈവത്തിന്റെ നിശ്ചയത്തിനു വ്യത്യാസം ചരികയില്ല. "അത്യുന്നതന്റെ സിംഹാസനത്തിലേക്ക് വലിച്ചാൽ നീളാവുന്ന ഒരു ശൃംഖലകൊണ്ടു നാം ബന്ധിതരാണ്; അതു നമ്മെ ഉറപ്പിച്ചു ബന്ധിച്ചിട്ടുണ്ടെങ്കിലും നമ്മെ അടിമപ്പെടുത്തുന്നില്ല" എന്നാണ് അദ്ദേഹം പ്രസ്താവിച്ചിട്ടുള്ളത്.

ചരിത്രത്തെപ്പറ്റിയുള്ള ഈ അഭിപ്രായം അദ്ദേഹത്തിന്റെ ജീവിതകാലത്തിലേക്കു പ്രയോഗിച്ചുകൊണ്ട് അനുമാനിച്ചതു ഫ്റഞ്ച് വിപ്ലവം അനുസ്യൂതമായ ഭീകരസംഭവങ്ങളാണെന്നു പറഞ്ഞാൽ അതു നിവ്വചനം പൂർണ്ണമല്ലെന്നത്രേ. "അതു ഒരു യുഗമാണ്" എന്നത്രേ 1796-ൽ അദ്ദേഹം എഴുതിയത്. അതിന്റെ ഫലങ്ങൾ എല്ലാ സ്ഥലത്തും എല്ലാ ചിന്താവീഥികളിലും പ്രവർത്തനങ്ങളിലും നിഴലിച്ചു കാണാവുന്നതാണ്. ഫ്റഞ്ച് വിപ്ലവത്തെ ഡമയിസ്സർ ചരിത്രത്തിലെ ഒരു പരിവർത്തനഘട്ടമായി കരുതുന്നു. ആധുനിക ചരിത്രകാരന്മാർ അങ്ങനെ കരുതുന്നില്ലെങ്കിലും, അതു യൂറോപ്യൻ സമുദായത്തിന്റെ മുഖവും ഘടനയും മാറിയെന്നവരെ സമ്മതിക്കുന്നുണ്ട്. ഡമയിസ്സർ ഫ്റഞ്ച് വിപ്ലവത്തെ ദൈവശാസ്ത്രദൃഷ്ട്യാ വ്യാഖ്യാനിക്കുന്നു: "ഭൂതകാലത്തു സംഭവിച്ചിട്ടുള്ളതിൽനിന്നും, ഭാവിയിൽ സംഭവിച്ചേക്കാവുന്നതിൽനിന്നും, വ്യത്യസ്തമായ ഒരു പൈശാചികവശം ഫ്റഞ്ച് വിപ്ലവത്തിനുണ്ട്. . . . . മതപരമായ ഒരു വിപ്ലവമാണതു. ഇതരവശങ്ങൾ വലുതായി തോന്നുമെങ്കിലും അവയെല്ലാം അപ്പെൻറിക്സ് പോലെ കൂട്ടി

ച്ചേത്തിട്ടുള്ളതാണ്.” സോദോവും ഗോമൊറയും തീ കൊണ്ടു നശിപ്പിച്ചതുപോലെയും, നോവയുടെ കാലത്തുണ്ടായ ജലപ്രളയംപോലെയും, പാപികളെ ശിക്ഷിക്കുവാൻ ദൈവം അനുവദിച്ചതാണു ഫ്റഞ്ചു വിപ്ലവമെന്നാണ് ഡമയിസ്സരുടെ വിശ്വാസം. വിപ്ലവംപോലെതന്നെ ദൈവകരങ്ങളിൽ സ്ഥിതിചെയ്യുന്ന ഭയങ്കരമായ ഒരായുധമാണു നെപ്പോളിയൻ. ഫ്റഞ്ചു വിപ്ലവത്തിന്റെ സാരം അദ്ദേഹം ഇപ്രകാരം സംക്ഷേപിച്ചിരിക്കുന്നു: “ദൈവം മനുഷ്യരോടു ചെയ്ത ഒരു പ്രസംഗമാണു വിപ്ലവം. അതിനു രണ്ടു ഭാഗങ്ങളുണ്ട്: വിപ്ലവങ്ങൾ അഴിമതികളുടെ ഫലമാണ്, അക്കാര്യം ഭരണാധികാരികൾ ഓർക്കണം. അഴിമതികൾ വിപ്ലവത്തേക്കാൾ ഭേദമാണ്; ഇക്കാര്യം ജനങ്ങൾ അനുസ്മരിക്കണം.”

ഡമയിസ്സർ ഒരു ശുഭാപ്തവിശ്വാസിയായിരുന്നു. മനുഷ്യനു സ്വപരിശ്രമത്താൽ പുരോഗമനമുണ്ടായിട്ടുണ്ടെന്ന് അദ്ദേഹം സമ്മതിക്കുന്നില്ല. എങ്കിലും അടുത്ത ഭാവി ഐശ്വര്യപ്രദമായിരിക്കുമെന്ന് അദ്ദേഹം വിശ്വസിച്ചു. ദൈവപരിപാലനയിലുള്ള വിശ്വാസമാണ് ഈ പ്രതീക്ഷയ്ക്കുള്ള അടിസ്ഥാനം. ഒരു ദൈവശിക്ഷയായ വിപ്ലവം മനുഷ്യസമുദായത്തിനു ഒരു പാഠമാകുമെന്നും, അങ്ങനെ സമുദായം നന്നാകുമെന്നുള്ള അദ്ദേഹത്തിന്റെ ബോദ്ധ്യമാണ് ആ ശുഭപ്രതീക്ഷയുടെ അടിസ്ഥാനം. ഈ പരിഷ്കൃത സമുദായത്തെ കഴിഞ്ഞ കാലങ്ങളിലെന്നപോലെ കുലീനവംശജർ നിയന്ത്രിക്കുമെന്നായിരുന്നു ഡമയിസ്സരുടെ വിശ്വാസം. അവർ താൽകാലികമായി രംഗത്തുനിന്നു മാറിയിട്ടേയുള്ളുവെന്നും, വിപ്ലവകാർമേഘങ്ങൾ നീങ്ങുമ്പോൾ അവർ വീണ്ടും രംഗത്തു പ്രത്യക്ഷപ്പെടുമെന്നും, അദ്ദേഹം കരുതി. യൂറോപ്പു മുഴുവനും മതപരമായ ഒരു പുനരു

സ്ഥാനം ഉണ്ടാകാവുന്നതുകൊണ്ടു ഭാവി മെച്ചമായിരിക്കും. നൂറാണ്ടുകൾക്കുമുമ്പു്, ഏകതൊഴത്തിൽനിന്നു പിരിഞ്ഞുപോയ പ്രോട്ടസ്റ്റൻറുകാർ സത്യതിരുസ്സഭയിലേക്കു പിന്തിരിയുമെന്നതു് ആ പുനരുത്ഥാനത്തിൻറെ ലക്ഷണമായിരിക്കും. റോമൻ കത്തോലിക്കാസഭയിൽ ഒരു പെരുവിരൽ കുത്തി പടിവാതുക്കൽ നിന്നു ശീലിച്ചിരിക്കുന്നവർ തിരുസ്സഭയിലേക്കു പ്രവേശിക്കും. റോമാസഭയിലേക്കുള്ള പ്രോട്ടസ്റ്റൻറു പ്രത്യാഗമനത്തിന് ആംഗ്ലിക്കന്മാർ നാന്ദിയാകുമെന്നു ഡമയിസ്സർ പ്രതീക്ഷിച്ചു. ഫ്റഞ്ചു മെത്രാന്മാരുടെ ഗള്ളിക്കൻ ചിന്താഗതി മാററി അവരെ ഈശോസഭക്കോക്കുള്ള പേപ്പൽപക്ഷവാദത്തിലേക്കു പിന്തിരിക്കുവാൻ തനിക്കു സാധിക്കുമെന്ന് അദ്ദേഹത്തിനു തോന്നി.

താദൃശമായ മാനസാന്തരംകൂടാതെ ഭാവിയിൽ ഒരു നല്ല സമുദായം ഉണ്ടാകാൻപോകുന്നില്ല. യൂറോപ്പിൽ ഐക്യമുണ്ടാകുമ്പോഴേ സമാധാനവും ക്രമവും ഉണ്ടാകുകയുള്ളുവെന്നു ഡമയിസ്സർക്കു ബോദ്ധ്യമുണ്ടായിരുന്നു. ഉറച്ച സമാധാനത്തിൻറെ പ്രധാനാടിസ്ഥാനം എല്ലാ യൂറോപ്യൻ ക്രിസ്ത്യാനികളും ഒരു മതത്തിൽ ഐക്യപ്പെടുന്നതാണെന്നായിരുന്നു അദ്ദേഹത്തിൻറെ വിശ്വാസം. ഇതു മാർപ്പാപ്പായുടെ കീഴിലേ സാദ്ധ്യമാകയുള്ളൂ. ഭൂതകാലത്തിൻറെ സംരക്ഷകൻ മാർപ്പാപ്പായായിരുന്നതുപോലെ, ഭാവിയുടെ രക്ഷാകർത്താവും മാർപ്പാപ്പായായിരിക്കുമെന്ന് അദ്ദേഹം വിശ്വസിച്ചു. സത്യവിശ്വാസം സംരക്ഷിക്കുന്നതിലും പ്രചരിപ്പിക്കുന്നതിലും ലോകരാജ്യങ്ങളുടെ ഇടയിൽ ഫ്റാൻസിന് ഈശ്വരകല്പിതമായ ഒരു കടപ്പാടുണ്ടെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഭൂതകാലങ്ങളിൽ ഫ്റാൻസ് ഈ ചുമതല ചെയ്യാഞ്ഞതിനും, ലിബറലിസമെന്ന പാഷണ്ഡത യൂറോപ്പിൽ അവം പ്രചരിപ്പിച്ചതിനും, ദൈവം

അയച്ച ശിക്ഷയാണ വിപ്ലവം. ദൈവം തന്നെ പഠിപ്പിച്ചുകൊണ്ടിരിക്കുന്ന പാഠം ഈ മഹാരാജ്യം ഹൃദിസ്ഥമാക്കുമെന്നും പത്തൊൻപതാം ശതാബ്ദത്തിൽ അവരം തന്റെ യഥാർത്ഥഭാഗം വഹിക്കുമെന്നും ഡമയിസ്സർ വിചാരിച്ചു.

രാജാധിപത്യം

മേൽപ്രസ്താവിച്ചതുപോലെ ഡമയിസ്സർ പഴയ ഭരണക്രമത്തെ അന്ധമായി പിന്താങ്ങുകയോ, സ്വേച്ഛാധിപത്യത്തെ താലോലിക്കുകയോ ചെയ്തില്ല. വിവേകമതിയായിരുന്ന ഡമയിസ്സർ സ്വേച്ഛാധിപത്യത്തിനും അരാജകത്വത്തിനും മദ്ധ്യേ ഒരു നിലപാട സ്വീകരിക്കയാണ ചെയ്തത്. എഴുത്തുകളിലും ലേഖനങ്ങളിലും സ്വാതന്ത്ര്യത്തേയും അധികാരപ്രമത്തതയേയും പൊരുത്തപ്പെടുത്തുവാൻ അദ്ദേഹം പരിശ്രമിച്ചു. "അധികാരത്തിന്റെ നല്ലവശങ്ങളെപ്പറ്റി ജനങ്ങളോടും, സ്വാതന്ത്ര്യത്തിന്റെ മേന്മയെപ്പറ്റി രാജാക്കന്മാരോടും, പ്രസംഗിക്കേണ്ടതാണ്" എന്നാത്രേ ഡമയിസ്സർ എഴുതിയത്.

ഏതുതരത്തിലുള്ള അധികാരത്തേയും നിഷേധിച്ചിരുന്ന ഒരുകാലത്തു ജീവിക്കുകയും എഴുതുകയും ചെയ്തുകൊണ്ട ഡമയിസ്സർ അധികാരത്തിന്റെ ആവശ്യകതയെപ്പറ്റി ഊന്നിപ്പറയുകയുണ്ടായി. രാജാധികാരത്തെ മനുഷ്യർ എത്രമാത്രം എതിർക്കുന്നുണ്ടെങ്കിലും ശരി, എല്ലാ സമുദായത്തിലും ഒരു പരമാധികാരി ഉണ്ടായേ മതിയാവൂ. നിയമപ്രകാരവും, ഗവർമ്മെണ്ടിന്റെ പരമാധികാരത്തിനു പരിധിയില്ലെന്നുള്ളതു് അംഗീകരിച്ചേ മതിയാവൂ എന്ന് അദ്ദേഹം വാദിച്ചു. അധികാരത്തിന്റെ പരിധി ഭരണകർത്താവിന്റെ സന്മാർഗ്ഗബോധത്തിൽനിന്നും വിവേചനാശക്തിയിൽനിന്നുമാണ് ഉ

ത്തവിക്കുന്നതു്. അധികാരദുരുപയോഗത്തിൽ കുറവു വരുന്നതും, വ്യക്തികളുടെ സ്വാതന്ത്ര്യം നിഹനിക്കാതിരിക്കുന്നതും വ്യക്തികൾ രാജാവാകുമ്പോഴാണു്; അല്ലാതെ മറ്റുതരം ഗവമ്മെൻറുകളിലല്ല എന്നു വിശ്വസിച്ചിരുന്ന ഒരാളായിരുന്നു ഡമയിസ്സർ.

അതിനാൽ രാജാധിപത്യമാണു് ഏറ്റവും നല്ല ഗവർമ്മെൻറെന്നായിരുന്നു ഡമയിസ്സരുടെ വിശ്വാസം. "അതാണു് എത്രയും നല്ലതും സ്വാഭാവികവും ശാശ്വതവുമായ ഭരണരീതി!! എന്നാൽ പഴയ ഭരണത്തിലുണ്ടായിരുന്ന രാജാധിപത്യത്തേയോ, അതിനുണ്ടായിരുന്ന സകല കുറ്റങ്ങളേയോ അദ്ദേഹം നീതീകരിച്ചില്ല. ട്യൂറിനിലുള്ളതു് ഉൾപ്പെടെ സകല രാജാധിപത്യങ്ങളേയും ശക്തിമത്തായി അദ്ദേഹം വിമർശിച്ചിരിക്കുന്നു. ട്യൂറിൻ രാജാധിപത്യം യാഥാസ്ഥിതികവും മാറ്റങ്ങൾക്കെല്ലാം വിരുദ്ധവുമായിരുന്നതുകൊണ്ടാണു് അന്നത്തെ വിപ്ലവങ്ങളെല്ലാം ഉണ്ടായതു്. സിംഹാസനം നഷ്ടപ്പെട്ട രാജാക്കന്മാരോടു് അദ്ദേഹത്തിനു് അനുകമ്പയൊന്നുമുണ്ടായിരുന്നില്ല; അവരുടെ സിംഹാസനം നഷ്ടപ്പെടുത്തിയ വിപ്ലവങ്ങളോടു് അത്രയുംതന്നെ അനുകമ്പയുണ്ടായിരുന്നില്ല. പരിഷ്കാരങ്ങളും മാറ്റങ്ങളും വേണമെന്നു ഡമയിസ്സർ ആവർത്തിച്ചു പറയുന്നുണ്ടു്; എന്നാൽ താഴ്ന്നപരിഷ്കാരങ്ങൾ രാജാവിൽനിന്നു വരണം!

രാജാധിപത്യമാണു് ആദർശഗവർമ്മെൻറെന്നും, ഉറച്ച അധികാരമാണു നല്ല ഗവർമ്മെൻറിൻറെ അടയാളമെന്നും, പ്രസ്താവിച്ചതുകൊണ്ടു സിദ്ധാന്തപരമായി റൂസോയും പ്രായോഗികമായി ഫ്രഞ്ചു വിപ്ലവവും ചെയ്തതുപോലെ ഡമയിസ്സർ വ്യക്തിയെ ഗവർമ്മെൻറിനു ബലിചെയ്തില്ല. വ്യക്തിയെ സ്വതന്ത്രനായി

സംരക്ഷിക്കുവാൻ ഡമയിസ്സർ നന്നായി ശ്രമിക്കുന്നുണ്ടായിരുന്നു. സ്വാതന്ത്ര്യം ദുരുപയോഗിക്കുന്നതിനു സാന്മാർഗ്ഗികശിക്ഷകളും, തെറ്റുചെയ്യുന്നതിനു നൈയ്യാമികമായ പരിഹാരങ്ങളും നിലവിലിരിക്കുന്ന ക്രിസ്തീയ സമുദായത്തിലെ മനുഷ്യസ്വാതന്ത്ര്യം സാദ്ധ്യമാകയുള്ളുവെന്നു ഡമയിസ്സർ കരുതി. സ്വതന്ത്രരായ ക്രിസ്ത്യാനികളുടെമേലും അടിമകളായിരുന്ന അക്രൈസ്തവരുടെമേലുമാണു ഗവണ്മെൻറുകൾ ഭരണം നടത്തിയിരുന്നതെന്നു ചരിത്രത്തിൽനിന്ന് അദ്ദേഹം തെളിയിച്ചു. ക്രിസ്തീയ സന്മാർഗ്ഗസംഹിത നിശ്ചയിച്ചിരുന്ന ശിക്ഷകൾ കുറക്കാക്കില്ലായെങ്കിൽ, പൊതുസമാധാനത്തെ ഉദ്ദേശിച്ചു മനുഷ്യൻെറ സ്വാതന്ത്ര്യം നിഷേധിക്കുതന്നെ വേണ്ടിയിരിക്കുന്നു. ഈ യുക്തിയാണു പിന്നീടു പതിനാൻപതാം ശതാബ്ദത്തിൽ ഉണ്ടായിട്ടുള്ള കത്തോലിക്കാ വ്യാപദേശികളെല്ലാം പ്രയോഗിച്ചതു്. ഡൊണോസോ കോർട്ടെസ്സു് അടുത്ത തലമുറയിൽ ലിബറലിസത്തിനെതിരായി പ്രയോഗിച്ച യുക്തിയും ഇതുതന്നെയാണു്.

സെൻറ് പീറേഴ്സ്ബർഗ്ഗിലെ സായാഹ്നം

ഈശ്വരസൃഷ്ടമായ ലോകത്തിൽ വേദനയും തിന്മയുമുണ്ടാകുന്നതെങ്ങനെയെന്ന പ്രശ്നം എല്ലാകാലത്തും മനുഷ്യനു വളരെ പ്രയാസമായിരുന്ന ഗ്രഹിക്കുവാൻ. സൂക്ഷ്മബുദ്ധികൾക്കും മൂഢലമാനസർക്കും ഇതു പ്രത്യേകിച്ചും ദുർഗ്രഹമായിരുന്നു. ഡമയിസ്സർക്കു മുമ്പു ജീവിച്ചിരുന്ന വോൾട്ടയറിനേയും അദ്ദേഹത്തിൻെറ അടുത്ത തലമുറയിൽ ജീവിച്ചിരുന്ന ജോൺ സ്റ്റുവാർട്ട് മില്ലിനേയും അലട്ടിയതാണു് ഈ പ്രശ്നം. "സെൻറ് പീറേഴ്സ്ബർഗ്ഗിലെ സായാഹ്നം" എന്ന പുസ്തകത്തിൽ ഈ പ്രശ്നം ഡമയിസ്സർ കൈകാര്യംചെയ്തിട്ടുണ്ടു്. ഈ

വിഷയത്തെപ്പറ്റിയുള്ള ഡമയിസ്സുടെ ചിന്തകളും അപ്രതിരോധമായ തെളിവുകളല്ലെങ്കിലും, വിഷയം ഗ്രഹിക്കുവാൻമാത്രം പ്രകാശം അദ്ദേഹം വീശിയിട്ടുണ്ട്. മാത്രമല്ല, 18-ാം ശതാബ്ദത്തിലെ യുക്തിവാദികളും പുറപ്പെടുവിച്ചിരുന്ന ആക്ഷേപങ്ങൾക്കെല്ലാം ഉത്തരം അദ്ദേഹം നൽകി. റഷ്യയിലെ അർദ്ധ ഏകാന്തത്തിലിരുന്ന അദ്ദേഹം സോക്രറീസിനെപ്പോലെ വിഷയത്തെപ്പറ്റി ചിന്തിക്കുകയും, തൽസംബന്ധമായ തന്റെ അനുമാനങ്ങൾ ഭംഗിയായി ചിത്രിക്കുകയും ചെയ്തിട്ടുണ്ട്. ദൈവപരിപാലനയെപ്പറ്റി ഭംഗിയായും കാവ്യമായും ചില വിവരങ്ങൾ അദ്ദേഹം നൽകിയിരിക്കുന്നു.

ഗൗരവക്കാരനായ ഒരു റഷ്യൻ സെനറരും ചുണയുള്ള ഒരു ഫ്രഞ്ചുയോദ്ധാവും ഒരു പ്രഭുവും തമ്മിലുള്ള സംഭാഷണമാണു മേല്പറഞ്ഞ പുസ്തകം. പ്രഭുവിന്റെ ഭാഗം ഡമയിസ്സർതന്നെയാണ് അഭിനയിക്കുന്നത്. ദുഷ്ടന്മാരുടെ ഐശ്വര്യത്തേയും, നീതിമാന്മാരുടെ കഷ്ടപ്പാടിനേയും സെനറർ ചോദ്യംചെയ്യുന്നു. അങ്ങനെ വാദപ്രതിവാദം ആരംഭിക്കുന്നു. സൃഷ്ടികളോട് ദൈവത്തിനുള്ള ബന്ധം മുഴുവനും ചർച്ചയ്ക്കു വിധേയമാകുന്നുണ്ട്. സഹനംകൊണ്ടുള്ള പ്രയോജനം, നിർദ്ദോഷികൾക്കു നൽകപ്പെടുന്ന ശിക്ഷയുടെ നീതി, സർവ്വശക്തനായ സർവ്വേശ്വരന്റെ അനന്തനന്മ, ഇവയെല്ലാം പരിചിന്തനം ചെയ്യപ്പെട്ടിരിക്കുന്നു. കത്തോലിക്കാ ദൈവശാസ്ത്രഗ്രന്ഥങ്ങളിൽനിന്നാണു പ്രഭുവിന്റെ മറുപടികൾ; എന്നാൽ ശാസ്ത്രീയമായ ചട്ടക്കൂടൊന്നും കൂടാതെയാണു സംഗതികൾ വിവരിച്ചിരിക്കുന്നത്. വോൾട്ടയർ, റൂസ്സോ മുതലായ പതിനെട്ടാം ശതാബ്ദത്തിലെ ചില ചിന്തകരെ ചിലയിടങ്ങളിൽ തൊലിപൊളിച്ചു വച്ചിട്ടുണ്ട്. ഫാദർ റെയ്മണ്ട് കോറിഗൻ പറയുന്നു, "ഡമയിസ്സുടെ സൂക്ഷ്മമായ വിമർശനത്തി

ന്റെ മുമ്പിൽ തത്വശാസ്ത്രജ്ഞന്മാർ ചുങ്ങിപ്പോകുന്നു" എന്നാണ്.

തിന്മയുടെ പ്രശ്നത്തിനു പൂർണ്ണസമാധാനമായി ലോകത്തിന്റെ മുമ്പിൽ തനി കത്തോലിക്കാ ആദർശങ്ങളും ചിലതു ഡമയിസ്റ്റർ നിരത്തിവച്ചിരിക്കുന്നു. നീതിമാൻ സഹിക്കേണ്ടിവരുന്നതു്, നീതിമാനായതുകൊണ്ടല്ല മനുഷ്യനായതുകൊണ്ടാണ്. പാപത്തിന്റെ ഫലമായി തിന്മ ലോകത്തിൽ പ്രവേശിച്ചു; സഹനംവഴി സ്വന്തം പാപങ്ങൾക്കും മനുഷ്യവർഗ്ഗത്തിന്റെ പാപങ്ങൾക്കും നാം പരിഹാരം ചെയ്യുന്നു. ഒരു നല്ല പിതാവു് തന്റെ ഭൃത്യൻ ചീത്ത വാക്കുകൾ പറയുമ്പോൾ ശിക്ഷിച്ചില്ലെന്നുവരാം; എന്നാൽ മകൻ ചീത്തവാക്കു പറയുകയാണെങ്കിൽ ശിക്ഷിക്കാതിരിക്കയില്ല. മകനോട്ട സ്നേഹമുള്ളതുകൊണ്ടും അവനെ നന്നായി വളർത്തുവാൻ താല്പര്യമുള്ളതുകൊണ്ടുമാണു മകനെ ശിക്ഷിക്കുന്നതു്. അങ്ങനെതന്നെയാണു ദൈവം തന്റെ മക്കളെ ശിക്ഷിക്കുന്നതു്. ദൈവപരിപാലനയുടെ രഹസ്യപ്രവർത്തനക്രമമനുസരിച്ചു പല ശിക്ഷകളും നീതിയുക്തംമാത്രമാണ്. ഫ്റഞ്ചുവിപ്ലവം അത്തരം ശിക്ഷതന്നെ. അനന്തരം സമകാലികന്മാർക്കു ദൈവം അയച്ചിട്ടുള്ള ശിക്ഷകളോരോന്നെടുത്തു ഡമയിസ്റ്റർ നീതീകരിക്കുന്നു. രണ്ടു വാല്യമാണ് ഇതിനു ചെലവാക്കിയിട്ടുള്ളതു്. വേദനയുടെ പ്രശ്നത്തിനു സാധാരണക്കാർക്കു മനസ്സിലാക്കാവുന്ന ഒരു ഉത്തരം നൽകിയിരുന്നതുകൊണ്ടും ഭംഗിയായി എഴുതിയിരുന്നതുകൊണ്ടും ഡമയിസ്റ്ററുടെ ഈ പുസ്തകം പലരും വായിച്ചിരുന്നു.

ഡമയിസ്റ്റർക്കു് അത്യധികം ഇഷ്ടപ്പെട്ട ഒരു പ്രശ്നമാണിതു്; കാരണം അതിന്റെ പുറകിൽ ഒരു രഹസ്യം അന്തർലീനമാണെന്നുള്ളതുതന്നെ. മിണ്ടാവാദക്കാരോടു പരിചയപ്പെട്ട നാൾമുതൽ 68-ാമത്തെ വയസ്സിൽ ദി

വംഗതനായ കാലംവരെ ജീവിതം മുഴുവനും ഡമയിസ്സുക്കു രഹസ്യവും നിഗ്രഥവുമായ കാര്യങ്ങളും വളരെ താൽപര്യമായിരുന്നു. യുക്തിപരമായ വിജ്ഞാനത്തേക്കാളും അഗാധമായ ഒരു പാണ്ഡിത്യം നേടുന്നതിനു അദ്ദേഹത്തിനു വളരെ താല്പര്യമുണ്ടായിരുന്നു. ബാല്യകാലത്തു സ്വഗ്ഗീയരഹസ്യങ്ങളും ഗ്രഹിക്കുവാൻ അദ്ദേഹത്തിനു് ആരോ പറഞ്ഞുകൊടുത്ത മാർഗ്ഗങ്ങളും എത്രയും അവിഹിതമായിരുന്നു. യുവാവായിരിക്കുമ്പോളും അജ്ഞാനതത്വശാസ്ത്രജ്ഞനായിരുന്ന ഏതൊ ഒരു "സെയിൻറ് മാർട്ടി"ന്റെ "ഉദ്ദീപനം" എന്ന ഗ്രന്ഥം ഡമയിസ്സുരെ ആകർഷിച്ചു. ആ പുസ്തകത്തെപ്പറ്റി അദ്ദേഹത്തിന്റെ സഹോദരി തെരേസ് പറഞ്ഞതു്, ആ ഗ്രന്ഥം പ്രൗഢമാണെങ്കിലും അനുപപന്നവും പാഷണ്ഡികവുമാണെന്നത്രേ. മിണ്ടാവാദത്തിലെ പ്രതീകങ്ങളുടെ രഹസ്യാത്മകതത്വമായിരുന്നിരിക്കണം, ഷാമ്പെറിയിലെ മജിസ്ട്രേട്ട്, 21 വയസ്സു പ്രായമുള്ള, ഡമയിസ്സുരെ ആകർഷിച്ചതെന്നു തോന്നുന്നു.

പ്രായമായപ്പോൾ ഡമയിസ്സുക്കു കൂടുതൽ വിവേകമുണ്ടായി. അതിപ്രാചീന രഹസ്യങ്ങൾക്കു സുഗമമായ സമാധാനം തേടിപ്പിടിക്കുന്ന കാര്യത്തിൽ കൂടുതൽ സൂക്ഷ്മംവച്ചു തുടങ്ങി. വെറും യുക്തിവാദത്തിന്റെ അപ്പുറത്തുകിടക്കുന്ന സത്യം തേടിപ്പിടിക്കുന്നതിനു ജീവിതം മുഴുവനും ഡമയിസ്സുക്കു് ഒരു നിഗ്രഥവാസനയുണ്ടായിരുന്നു; പ്രായമായപ്പോൾ അദ്ദേഹംതന്നെ സമ്മതിച്ചു, അജ്ഞാതങ്ങളും അറിയുവാനുള്ള ആഗ്രഹത്താൽ അദ്ദേഹം മിണ്ടാവാദത്തിലേക്കും ഉദ്ദീപനത്തിലേക്കും ആനയിക്കപ്പെട്ടുവാൻ ഇടയായെന്നു്. സെൻറ് പീറേഴ്സ് ബർഗ്ഗിൽ എത്തുന്നതിനുമുമ്പുതന്നെ ജർമ്മനിയിലെ "ഉദ്ദീപ്തരു"മായിട്ടുള്ള സകലബന്ധവും അദ്ദേഹം വിച്ഛേദിച്ചിരുന്നു. രാജാധികാരവും ക്രിസ്തുമതവും യൂറോ

പ്പിൽ ഇല്ലാതാക്കാൻ സ്ഥാപിതമായതാണ് ഉട്ടീപ്യ രുടെ സംഘം. തുല്യകാരണങ്ങളാൽ മിണ്ടാവാദവും അദ്ദേഹം ഉപേക്ഷിച്ചു.

മൗതികമായ ഉന്നതസത്യങ്ങളും കണ്ടുപിടിക്കുവാൻ ഡമയിസ്സർ വെമ്പൽകൊണ്ടതു ലോക്ക്, വോൾട്ടയർ, ഡിഡെറോട്ട് എന്നിവരുടെ യുക്തിവാദത്തിനു പ്രത്യാഖ്യാനമായിട്ടാണ്. ലോകത്തേയും സർവ്വചരാചരങ്ങളേയും ദൈവത്തിൽനിന്നു വേർപെടുത്തി യുക്തിവാദികളുടെ ചെറിയ മനസ്സിൽ ഒതുക്കിനിറുത്തുന്ന ഒരു സങ്കുചിതവാദമായിരുന്നു അവരുടേതു്. യുക്തിവാദത്തിനെതിരായ വാദഗതിയിൽ ഡമയിസ്സർ പക്ഷേ കുറച്ചു കൂടുതൽ മുമ്പോട്ടു പോയിട്ടുണ്ടായിരിക്കണം; എന്നാൽ ദൈവത്തെ ഒരജ്ഞാതവസ്തുവായി സങ്കല്പിച്ചതിലും സകല ദൈവശാസ്ത്രതത്ത്വങ്ങളും അന്തിമപരിശോധനയിൽ രഹസ്യങ്ങളാണെന്നു പ്രസ്താവിച്ചതിലും തെറ്റൊന്നുമില്ല. ഓരോ രഹസ്യവും ദൈവത്തെ സംബന്ധിക്കുന്നതാണല്ലൊ. ദൈവസ്വഭാവം മനുഷ്യനു പൂർണ്ണമായി ഗ്രഹിക്കുവാൻ സാദ്ധ്യവുമല്ല. "മതം സകലശാസ്ത്രങ്ങളുടേയും അമ്മയാണെന്നതേ" ഡമയിസ്സർ പറഞ്ഞതു്. മനുഷ്യബുദ്ധിക്കു് ഓരോ ശാസ്ത്രത്തിന്റേയും പ്രാരംഭവേശങ്ങൾ കണ്ടുപിടിക്കുവാൻ കഴിയുമെങ്കിലും മുന്നോട്ടുപോകുമ്പോൾ അവ ഓരോന്നും രഹസ്യമായി സമാപിക്കുകയാണ്. "അദൃശ്യവസ്തുക്കളെ ദൃശ്യമായി പ്രകടിപ്പിക്കുന്നതാണു ലോകം" എന്നുള്ള പൗലോസ്ശ്ലീഹായുടെ വാക്കുകൾ പലപ്പോഴും അദ്ദേഹം ഉദ്ധരിച്ചിട്ടുണ്ട്. ദൃശ്യമായ ഈ വസ്തുക്കളെ മനുഷ്യമനസ്സിനു പരിശോധിക്കുവാൻ കഴിയുമെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു; എന്നാൽ അടുത്ത ജീവിതത്തിൽമാത്രം പൂർണ്ണമായി അറിയപ്പെടുന്ന "അദൃശ്യവസ്തുക്കൾ" എന്താ

ണെന്നു മനസ്സിലാക്കുവാൻ അദ്ദേഹം അതീവതല്പരനായിരുന്നു.

യുക്തിവാദികൾ

ദൃശ്യലോകത്തിനുപരിയായ നിഗൂഢസ്ഥാനങ്ങൾ കണ്ടുപിടിക്കുവാൻ ഡമയിന്റെ മനസ്സു പാറിപ്പറന്നിരുന്നുവെങ്കിലും, തന്റെ ചുറ്റുപാടുമുള്ള യുക്തിവാദികളോടു പടവെട്ടുന്നതിനു് അദ്ദേഹം വിമുഖനായിരുന്നില്ല. പത്തൊൻപതാം ശതാബ്ദത്തിലെ ഇതരകത്തോലിക്കാ ചിന്തകന്മാരേക്കാൾ കൂട്ടുതൽ വിജയപ്രദമായി യുക്തിവാദികളെ അഭിമുഖീകരിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. യുക്തിവാദികൾ നിന്നിരുന്ന സ്ഥലത്തുതന്നെ ചെന്നു് അദ്ദേഹം അവരെ നേരിട്ടു; അവർ ഉപയോഗിച്ചിരുന്ന തരത്തിലുള്ള ആയുധങ്ങൾതന്നെയാണു് ഉപയോഗിച്ചതും. വോൾട്ടയറിനെപ്പറ്റി അദ്ദേഹം എഴുതിയ ഖണ്ഡികകൾ, വോൾട്ടയർ, ബോസുവെപ്പറ്റി എഴുതിയ ഖണ്ഡികകൾപോലെ തോന്നും. നിശിതവും, ഫലിതസമ്പൂർണ്ണവും, സൂക്ഷ്മവും, അത്ഥസമ്പുഷ്ടവുമായിരുന്നു അവ. പതിനെട്ടാം ശതാബ്ദത്തിലെ ചിന്തകരെ പലരേയും, വാടിത്തളർത്തുന്ന ഒരു ചൂട്ട മറുപടികൊണ്ടു്, അദ്ദേഹം താഴെ വീഴിച്ചിരുന്നു; അല്ലാതെ നീണ്ട യുക്തിവാദമൊന്നും ചെയ്തിരുന്നില്ല. അതായിരുന്നു അന്നത്തെ സമ്പ്രദായം. യുക്തിവാദികളുടെ ആയുധമതായിരുന്നു. അഗാധമായ യുക്തിവാദങ്ങളേക്കാൾ കാര്യക്ഷമമായിരുന്നു ഈ വാദരീതി. വോൾട്ടയറിനേയും ഹ്യൂമിനേയും ഒരു വാക്യംകൊണ്ടു വീഴ്ത്തുന്നപോലെ തോന്നുന്നു. പത്തൊൻപതാംശതാബ്ദത്തിലെന്നപോലെ ഇന്നും ഗ്രന്ഥകാരന്മാർ അദ്ദേഹത്തിന്റെ ചൂട്ട മറുപടികൾ ഓർത്തു് ഉദ്ധരിക്കുന്നുണ്ടു്.

മനുഷ്യമനസ്സിന്റെ ചരിത്രത്തിൽ പതിനെട്ടാം ശതാബ്ദം മുഴുവനും ഒരു ലജ്ജാവഹമായ യുഗമായി

പരിഗണിക്കപ്പെട്ടുമെന്നാണു ഡമയിസ്റ്റർ തന്റെ ഗ്രന്ഥങ്ങളിലെല്ലാം ഊന്നിപ്പറയുന്നതു്. "പിതാക്കന്മാരുടെ വിശ്വാസത്തിൽനിന്നു മക്കളെ അകറ്റിയതും, പ്രധാനചിന്തകന്മാരെല്ലാം തങ്ങളെ അപ്രമാദരായി കരുതിയിരുന്നതുമായ ഒരു യുഗമാണതു്". "അഹംബുദ്ധിയാണു സകലകുറ്റങ്ങളുടേയും ആരംഭ"മെന്നു അന്നത്തെ മനുഷ്യരുടെ ജീവിതവും നിദ്ധാന്തങ്ങളും വിശദമാക്കിക്കൊണ്ടിരുന്നു. "ഗവർമ്മെൻറുകൾക്കുള്ള രഹസ്യമായ ആകർഷണത്തെ ധ്വംസിച്ചതും, അങ്ങനെ പ്രഞ്ചു വിപ്ലവത്തിനു മാർഗ്ഗം തെളിച്ചതും ആ യുഗമാണു്". വിപ്ലവത്തിന്റെ ഭയങ്കരതയിൽനിന്നു വിശദമായി, വെറും മാനസികസങ്കല്പങ്ങളിൽനിന്നു യുക്തിവാദികൾ അനുമാനങ്ങളെടുത്തതു്, എത്ര അബദ്ധമായിപ്പോയെന്നു്. യുക്തിവാദികൾക്കെതിരായി ഡമയിസ്റ്റർ ആരോപിക്കുന്ന ഏറ്റവും വലിയ ചാർജ്ജു് ഇതാണു്: "അനുഭവം മാറിനിറുത്തി, സമസ്യയും കേവലതത്വചിന്തകൾകൊണ്ടു വിധിച്ചിരുന്നതാണു കഴിഞ്ഞ ശതാബ്ദത്തിലെ വലിയ അബദ്ധം."

യുക്തിവാദത്തിനെതിരായും, അപണ്ഡിതരുടെ ആരാധനാപാത്രങ്ങളായ യുക്തിവാദികളുടെ നേർക്കും ഡമയിസ്റ്റർ തൊടുത്തുവിടുന്ന വാദശരങ്ങൾകൊണ്ടു പല പുറങ്ങൾ നിറയ്ക്കുവാനുണ്ടു്. യുക്തിവാദികളുടെ തത്വചിന്തകളെ ഒരിക്കൽ അദ്ദേഹം കള്ളനാണയങ്ങളോടാണുപമിച്ചതു്. "കള്ളനാണയം ആദ്യം കട്ടകുറവാളികൾ അടിച്ചുണ്ടാക്കുന്നു. പിന്നീടു്, എന്താണു ചെയ്യുന്നതെന്നറിയാതെ, സത്യസന്ധർ അവ കൈമാറുന്നു." ബേക്കൺ, ലോക്കു മുതലായ ചിലരിൽ ചില നല്ലവശങ്ങളുണ്ടെന്നു ഡമയിസ്റ്റർ വേണമെങ്കിൽ സമ്മതിക്കുമെങ്കിലും, അദ്ദേഹത്തിന്റെ അവസാനതീരുമാനം ഇപ്രകാരമാണു്: "ഇവരിലൊരുത്തനും സത്യ

സന്ധൻ എന്നുള്ള സ്ഥാനം യോജിച്ചുപോകയില്ല.” നിലയും അധികാരവുമുള്ള സകലരോടും അവക്ക് അസൂയയാണ്. തങ്ങളുടെ ഗുരുവായ ഈശ്വരനോടും കൂടി അവക്ക് അസൂയയുണ്ട്. അതുകൊണ്ടാണ് തിരുസ്സഭയുടേയും, രാഷ്ട്രത്തിന്റേയും, സത്യത്തിന്റേയും കൂടെ അധികാരത്തെ അവർ പ്രതിഷേധിക്കുന്നതെന്നാണ് ഡമയിസ്സരുടെ വിശ്വാസം.

പതിനെട്ടാം ശതാബ്ദത്തിലെ യുക്തിവാദികളെപ്പറ്റിയുള്ള ഈ പൊതു ആക്ഷേപത്തിനുശേഷം, ഓരോ പ്രത്യേക ചിന്തകന്റെയും ബലഹീനതകൾ ഡമയിസ്സർ ചൂണ്ടിക്കാണിക്കുന്നുണ്ട്. തത്വശാസ്ത്രജ്ഞന്മാരെന്നനിലയിൽ ലോക്കും ബെക്കണും ഇടത്തരക്കാരുടെ ഗണത്തിലേ ചേരുകയുള്ളൂ. അവരുടെ ഗ്രന്ഥങ്ങളിൽ വളരെയധികം അബദ്ധങ്ങളും കുറേ സത്യങ്ങളുംകൂടി കുഴഞ്ഞുമറിഞ്ഞു കിടക്കയാണ്. ഡമയിസ്സരുടെ അഭിപ്രായത്തിൽ ഹ്യൂമാണ് യുക്തിവാദികളിൽ കേമൻ. അദ്ദേഹമാണ് ഏറ്റവും കൂടുതൽ ദ്രോഹം ചെയ്തിട്ടുള്ളതും. റൂസോയാണ് ഏറ്റവും വലിയ അപകടകാരി. അദ്ദേഹത്തെ ഗൗരവമായെടുത്തു ചർച്ചചെയ്യുകയും വാക്യങ്ങളോരോന്നായി പരിശോധിക്കുകയും ചെയ്യണം. തന്മൂലം റൂസോയുടെ “കോൺട്രാക്ട് സോഷൽ” എന്ന ഗ്രന്ഥത്തിനു പ്രത്യുത്പാദനമെഴുതുവാൻ “പരമാധികാരചർച്ച” എന്ന പുസ്തകത്തിന്റെ വലിയൊരു ഭാഗം ഡമയിസ്സർ വിനിയോഗിച്ചിരിക്കുന്നു. വോൾട്ടയറിനോടു അദ്ദേഹത്തിനു പുച്ഛംമാത്രമേയുള്ളൂ. “സെൻറ് പീറേഴ്സ് ബസ്സിലെ സായാഹ്നം” എന്ന ഗ്രന്ഥത്തിൽ ഇപ്രകാരമെഴുതിയിരിക്കുന്നു: “വോൾട്ടയറിന്റെ മഹാപാതകം അദ്ദേഹം തന്റെ പ്രതിഭയെ ദുരുപയോഗിച്ചതും, ദൈവത്തെ ആരാധിക്കുവാൻ ലഭിച്ച പാണ്ഡിത്യം മ

നുപൂർവ്വം വ്യഭിചരിച്ചതുമാണ്. . . . അദ്ദേഹത്തിന്റെ കുറവു മോചിക്കുവാൻ മാർഗ്ഗമൊന്നും കാണുന്നില്ല. അദ്ദേഹത്തിനേറ്റതുപോലെയുള്ള വഷളത്തരം വേറെയാരിലും കാണുന്നില്ല. അതു ഹൃദയത്തിൽനിന്നു മുളച്ചു്, മനസ്സിന്റെ സകല ശക്തികളിലും വ്യാപിച്ചിരിക്കയാണു്. . . . . പാരീസ് അദ്ദേഹത്തിനു മകുടം ചാർത്തി, സോദോം അദ്ദേഹത്തെ ബഹിഷ്കരിക്കുമായിരുന്നു. . . . അത്തരം മനുഷ്യനോടു വിശ്വസ്തമായ ഒരു കോപമല്ലാതെ, വേറെ യാതൊന്നും എനിക്കു തോന്നുന്നില്ല."

ഡമയിസ്സുടെ കാലശേഷം യുക്തിവാദത്തിനു ദേഭപ്പെട്ട പ്രത്യാഖ്യാനം കത്തോലിക്കാവ്യപദേശികം നൽകിയിട്ടുണ്ടു്; എന്നാൽ പതിനെട്ടാം ശതാബ്ദത്തിലെ ചിന്തകക്കെതിരായി അദ്ദേഹം തൊടുത്തുവിട്ട ആരോപണശരങ്ങളും, അവരെ അവരുടെ ഉന്നത പീഠങ്ങളിൽനിന്നു താഴെയിറക്കി അവരുടെ യഥാർത്ഥ യോഗ്യതയനുസരിച്ചുള്ള സ്ഥാനത്തിരുത്തി. അദ്ദേഹത്തിന്റെ ആക്രമണം യഥാർത്ഥത്തിൽ ധീരമായിരുന്നു; കാരണം അന്നു പ്രചാരത്തിലിരുന്ന ചിന്താഗതിയെയാണു് അദ്ദേഹം എതിർത്തതു്. വൈദികമേലദ്ധ്യക്ഷന്മാരിൽ പലരും യുക്തിവാദികളുടെ ചിന്താഗതിയോടു പൊരുത്തപ്പെടുവാൻ ശ്രമിച്ചപ്പോഴും, ഡമയിസ്സർ പ്രസ്താവിച്ചതു് അത്തരം ചിന്താഗതി സ്വാർത്ഥപരവും, അബദ്ധവും, ഉപരിപ്ലവവുമാണെന്നത്രേ. അദ്ദേഹത്തിന്റെ അനുമാനങ്ങളും ശരിയാണെന്നു സമയം വ്യക്തമാക്കി; എന്നാൽ സമയം അദ്ദേഹത്തിന്റെ യുക്തികളേയും വാദരീതിയേയും പരിഷ്കരിച്ചിട്ടുണ്ടു്. എങ്കിലും, അക്കാലത്തേക്കു് അനുയോജ്യമായവിധമാണു രണ്ടും അദ്ദേഹം പ്രയോഗിച്ചതു്.

പേപ്പൽ അപ്രമാദിത്വം

വത്തിക്കാൻ സൂനഹദോസ് പേപ്പൽ അപ്രമാദിത്വം നിശ്ചയംചെയ്യുന്നതിനു മുമ്പ് അതിനുവേണ്ടി ശക്തിമത്തായി വാദിച്ചതിലാണു കത്തോലിക്കർ സാധാരണമായി ഡമയിസ്സറെ അനുസ്മരിക്കുന്നത്. ഇതും ഒരു ധീരകൃത്യമാണ്. ഗള്ളിക്കൻ ചിന്താഗതി പ്രബലപ്പെട്ടിരുന്ന കാലത്താണ് അദ്ദേഹം എഴുതിയത്; തന്മൂലം മാപ്പാപ്പായ്ക്കു പരമാധികാരമുണ്ടെന്നും അപ്രമാദിത്വമുണ്ടെന്നും അംഗീകരിക്കുന്നവരെ മാത്രം ബോദ്ധ്യപ്പെടുത്തിയാൽ പോരായിരുന്നു; നല്ല കത്തോലിക്കർക്കുകൂടി തെളിയിച്ചുകൊടുക്കേണ്ടിവന്നു. പേപ്പൽ അപ്രമാദിത്വത്തേപ്പറ്റിയുള്ള ഡമയിസ്സറുടെ നിലപാടിൽ ഒരു വിരോധാഭാസം കാണുന്നുണ്ട്. അദ്ദേഹത്തിന്റെ യുക്തികം പ്രത്യേകതരമായിരുന്നു; വത്തിക്കാൻ സൂനഹദോസ് ആ യുക്തികളെല്ലാം തിരസ്കരിക്കുകയാണു ചെയ്തത്. എന്നുവരികിലും അവ പേപ്പൽ അപ്രമാദിത്വത്തിനുള്ള വഴി തെളിച്ചിരുന്നു. ഡമയിസ്സർ പത്തൊൻപതാം ശതാബ്ദത്തിന്റെ പ്രവേശനദ്വാരത്തിങ്കൽനിന്ന്, എല്ലാവരേയും റോമാസിംഹാസനത്തിലേക്കു തിരിച്ചുവിട്ടത്, വലിയ ഒരു കാര്യമാണ്. പത്തൊൻപതാം ശതാബ്ദത്തിൽ പരിപുഷ്ടിപ്പെട്ടവന്നിരുന്ന സഭയ്ക്ക് അതു വലിയ സഹായമായി.

പേപ്പൽ അപ്രമാദിത്വത്തെ ഡമയിസ്സർ സമീപിക്കുന്നതു് അസാധാരണ രീതിയിലാണ്. അതു് ഒരു വിശ്വാസസത്യമാണോ എന്നുള്ള കാര്യം അദ്ദേഹം ചർച്ചചെയ്യുന്നില്ല. മാർപ്പാപ്പായെ സത്യവിശ്വാസസംരക്ഷകനായിട്ടല്ല അദ്ദേഹം പരിഗണിക്കുന്നത്; പ്രത്യുത യൂറോപ്പിലെ സന്മാർഗ്ഗബോധത്തിന്റേയും സാമുദായിക

സ്ഥാപനങ്ങളുടേയും ആണിക്കല്ലായിട്ടാണ്. അതിനാൽ അപ്രമാദിത്വപ്രശ്നം ദൈവശാസ്ത്രപരമായിട്ടല്ല, രാഷ്ട്രപരമായിട്ടാണു ഡമയിസ്സർ വീക്ഷിച്ചതു്. മാർപ്പാപ്പാ തിരുമേനി, ഡമയിസ്സറുടെ ദൃഷ്ടിയിൽ, സാവ്രീകസഭയുടെ ഭരണാധികാരിയാണ്, ഡോക്ടറല്ല. തിരുസ്സഭ ഒരു രാജാധിപത്യമാണെന്നും രാജാധിപത്യത്തിന്റെ അടിസ്ഥാനം അപ്രമാദിത്വമാണെന്നും അദ്ദേഹം അവകാശപ്പെട്ടുന്നു. ഇതു സ്വാഭാവികസത്യമാണ്; അതുകൊണ്ടു ദൈവശാസ്ത്രയുക്തികളൊന്നും ആവശ്യമില്ല. അപ്രമാദിത്വത്തിനു സാധാരണമായി കത്തോലിക്കർ ഉന്നയിക്കുന്നതും, വത്തിക്കാൻ സൂനഹദോസ് സ്വീകരിച്ചിരിക്കുന്നതുമായ ഒരു യുക്തിയല്ല ഇതു്; എന്നാൽ ഡമയിസ്സറുടെ കാലത്തിനു പറ്റിയ യുക്തിയായിരുന്നു. ഫ്രഞ്ചു വിപ്ലവത്തിനും നെപ്പോളിയനുമായുള്ള യുദ്ധങ്ങൾക്കും ശേഷം, രാഷ്ട്രീയസ്ഥിരതയിലും സാമുദായിക ഐക്യത്തിലുമായിരുന്ന ജനങ്ങളുടെ താല്പര്യം മുഴുവനും. കാലത്തിനടുത്ത വ്യാപദേശരീതിയാണു ഡമയിസ്സർ സ്വീകരിച്ചതു്.

ഡമയിസ്സർ തന്റെ യുക്തി ഇപ്രകാരം സമാഹരിച്ചിരിക്കുന്നു: "യാതൊരു സമുദായവും ഗവമ്മെൻറു കൂടാതെ നിലനില്ക്കുകയില്ല. യാതൊരു ഗവമ്മെൻറും പരമാധികാരം കൂടാതെ ശാശ്വതമാകയില്ല. പരമാധികാരം അപ്രമാദിത്വംകൂടാതെ സാധ്യവുമല്ല. അപ്രമാദിത്വം അത്യന്താപേക്ഷിതംതന്നെയാണ്; അതിനാൽ ലൗകികരാജാധികാരംതന്നെ ശാശ്വതമായിരിക്കണമെങ്കിൽ അപ്രമാദിത്വം ഉണ്ടായിരിക്കണം; അല്ലെങ്കിൽ സമുദായം തകർന്നുപോകുകതന്നെ ചെയ്യും. മറ്റു രാജാധിപത്യങ്ങൾക്കുള്ളതിൽ കൂടുതൽ തിരുസ്സഭയ്ക്കു് ആവശ്യമില്ല; എന്നാൽ അവയേക്കാളെല്ലാം ശ്രേഷ്ഠമാണു തിരുസ്സഭ; കാരണം അപ്രമാദിത്വം അ

വർക്കുണ്ടെന്നു മനുഷ്യർ വിചാരിക്കുന്നുണ്ട്; ദൈവത്തിന്റെ വാശ്വാനം സ്ഥിരപ്പെടുത്തുന്നുമുണ്ട്." മാനുഷികയുക്തിയെ അടിസ്ഥാനപ്പെടുത്തി ഡമയിസ്സർ അനുമാനിക്കുന്നതു് അപ്രമാദിത്വം പരമാധികാരത്തിന്റെ അവശ്യഘടകമാണെന്നാണു്. "പരമാധികാരത്തിന്റെ അവശ്യഫലമാണു് അപ്രമാദിത്വം; അഥവാ അപ്രമാദിത്വം പരമാധികാരംതന്നെയാണു്; വേറൊരു നാമത്തിൽ അറിയപ്പെടുന്നുവെന്നുമാത്രം."

ഇതുകൊണ്ടു ഡമയിസ്സർ മനസ്സിലാക്കുന്നതു ഭ്രപതിയാണു സകല പ്രശ്നങ്ങളുടെയും അവസാനത്തെ അപ്പീൽ കോടതിയെന്നും, വേറൊരാൾക്കും അദ്ദേഹത്തിന്റെ തീരുമാനത്തിനു് എതിരു നില്ക്കുവാൻ പാടില്ലെന്നും, അല്ലെങ്കിൽ രാജാധികാരം പോയി അരാജകത്വവും കലാപവും വിപ്ലവവും സമൂലഭ്രതമാകുമെന്നുമാണു്. അതുപോലെതന്നെ മാനുഷികമായി സംസാരിക്കുന്നപക്ഷം മാർപ്പാപ്പാ തിരുമേനിയാണു തിരുസ്സഭയിലേ അവസാനത്തെ അപ്പീൽകോടതി. ചരിത്രസാക്ഷ്യങ്ങൾവഴിയും പൊതു സൂനഹദോസുകളുടെ പ്രസ്താവനകൾവഴിയും തിരുസ്സഭാചരിത്രത്തിൽ ഈ വിഷയത്തെപ്പറ്റിയുള്ള അഭിപ്രായൈക്യംവഴിയും പേപ്പൽ അപ്രമാദിത്വത്തിനുള്ള തന്റെ തെളിവു് അദ്ദേഹം ശക്തിപ്പെടുത്തുന്നുണ്ടു്. മാത്രമല്ല മാർപ്പാപ്പാ തിരുമേനിമാർക്കു് ഒരിക്കലും തെറ്റു വന്നിട്ടില്ലെന്നുള്ള യുക്തിയും കൂടി അദ്ദേഹം സമാനയിച്ചിട്ടുണ്ടു്. "പതിനെട്ടു ശതാബ്ദങ്ങളോളം നിരവധി പ്രശ്നങ്ങളെപ്പറ്റി വിവേകത്തോടും അപ്രമാദമായും അവർ സംസാരിച്ചിരിക്കുന്നു. അതു വാസ്തവത്തിൽ അത്ഭുതാവഹമാണു്."

സാർവ്വത്രികസഭയുടെമേൽ മാർപ്പാപ്പായ്ക്കുള്ള പരമാധികാരത്തേയും പേപ്പൽ അപ്രമാദിത്വത്തേയും

ഡമയിസ്സർ താങ്ങി നിറുത്തുന്നതു്, യൂറോപ്യൻ സമുദായം പാപ്പാസ്ഥാനമാകുന്ന മൂലക്കല്ലിന്മേൽ സ്ഥാപിതമാണെന്നും, മാർപ്പാപ്പാ തിരുമേനിമാരുടെ അധികാരലോപം പ്രോട്ടസ്റ്റൻറു രാജ്യങ്ങളിലും കത്തോലിക്കാ രാജ്യങ്ങളിലും ഒന്നുപോലെ ക്രിസ്തീയസമുദായത്തെ തകിടം മറിക്കുവാൻ ഇടവരുത്തുമെന്നുമുള്ള സത്യത്തിന്മേലാണ്. പരിഷ്കൃതയൂറോപ്യൻ സമുദായങ്ങൾ കാട്ടുജാതിക്കാരെ കണ്ടു പലായനം ചെയ്തപ്പോൾ, മാർപ്പാപ്പാമാർ അവരെ ധീരമായി അഭിമുഖീകരിച്ചതും, പൗരോഹിത്യത്തെ സംരക്ഷിച്ചും വിദ്യാഭ്യാസം പ്രോത്സാഹിപ്പിച്ചും സ്വഭാവേന കഠിനഹൃദയരായ യൂറോപ്യൻ രാജാക്കന്മാരെ മയപ്പെടുത്തി മധുരമാക്കിയും, യൂറോപ്യൻ സംസ്കാരത്തെ മാർപ്പാപ്പാമാർ സാധിതമാക്കിയതും, "മാർപ്പാപ്പാ" എന്ന ഗ്രന്ഥത്തിൽ ഡമയിസ്സർ വിവരിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ വാക്കുകളും ശ്രവിച്ചാലും: "ഭീഷണിയോ, നിയമമോ, സമരമോ, അക്രമമോ, എതിർപ്പോ കൂടാതെ അദൃശ്യമായി യൂറോപ്പിന്റെ അവകാശപത്രം എഴുതപ്പെട്ടു; നശ്വരമായ കടലാസിലല്ല; മൃതന്മാർ തെരുവീഥിയിൽ വിളിച്ചു പറയുകയുമല്ല ഉണ്ടായതു്; പ്രത്യുത അന്നു കാതോലികമായിരുന്ന സകല യൂറോപ്യൻ ഹൃദയങ്ങളിൽത്തന്നെ." ഇതു മാർപ്പാപ്പാമാരുടെ നേട്ടമാണു്.

അതുകയാൽ യൂറോപ്യൻ സമുദായത്തിന്റെ "സ്ഥാപകരും ഉപദേശികളും രക്ഷകരും മാർപ്പാപ്പാമാരാണെ"ന്നു് അദ്ദേഹം സയുക്തികം അനുമാനിക്കുന്നു. അവർ അടിമത്തം നീക്കി; സ്ത്രീകൾക്കു ക്രിസ്തീയമായ മഹത്വത്തെ നൽകിക്കൊണ്ടു് അവരെ സാമുദായികമായി ഉയർത്തി. സർവ്വോപരി ക്രിസ്തീയരാജാക്കന്മാരുടെമേലുണ്ടായിരുന്ന പ്രേരണാശക്തിവഴി, അവരെ കാട്ടുവീരന്മാരെന്ന നിലയിൽനിന്നു പരിഷ്കൃതക്രിസ്ത്യാനികളാ

യിപ്പകത്തി. അങ്ങനെ സമുദായത്തെ മനുഷ്യസമുദായമാക്കിത്തീർത്തു; വിപുലമായ സ്വാതന്ത്ര്യവും അവക്കു നേടിക്കൊടുത്തു. ''ക്രിസ്തുമതം ക്രൂടാതെ പൊതുസ്വാതന്ത്ര്യം സാദ്ധ്യമല്ല'' എന്നാണു ഡമയിസ്സർ അഭിപ്രായപ്പെട്ടതു്. ക്രിസ്തുമതവും സ്വാതന്ത്ര്യവും വേണമോ, അതോ ലൗകായതികതവും അടിമത്തവും വേണമോ, എന്നുള്ളതായിരുന്നു സമകാലീനപ്രശ്നമെന്നു് അദ്ദേഹം ഊന്നിപ്പറയുന്നു. വേറൊരു സാദ്ധ്യത അദ്ദേഹം കണ്ടില്ല.

യാഥാർത്ഥ്യത്തിൽ ക്രൂടുതൽ തെളിയിക്കുവാൻ തുടങ്ങിയതുകൊണ്ടു ഡമയിസ്സർ തന്റെ വാദമുഖത്തിനു ദോഷം വരുത്തുകയാണു ചെയ്തതു്. ഏഴാം പീയൂസു മാർപ്പാപ്പായ്ക്കുപോലും ഡമയിസ്സരുടെ അവകാശവാദങ്ങളം ക്രൂടുതലായി തോന്നി. അന്നത്തെ സാഹചര്യങ്ങളിൽ അതു നല്ല ഒരു വ്യപദേശപദ്ധതിയായിരുന്നുവെന്നതന്നെ പറയണം. നെപ്പോളിയൻ മാർപ്പാപ്പാതിരുമേനിയെ ഫൊണ്ടെയിൻബ്ളോ എന്നു സ്ഥലത്തുള്ള കാരാഗൃഹത്തിൽ അടച്ചുവെന്നും, മീൻപിടുത്തക്കാരന്റെ മോതിരവും പേനയും കടലാസും തിരുമേനിയിൽനിന്നു് എടുത്തുമാറ്റിയെന്നും, മെത്രാന്മാർക്രൂടി തങ്ങളെ അതാതു സ്ഥലത്തെ രാജാക്കന്മാരെപ്പോലെ പരിഗണിച്ചു റോമാസിംഹാസനത്തെ വിസ്മരിച്ചിരുന്നുവെന്നും, ഡമയിസ്സരുടെ ''മാർപ്പാപ്പാ'' എന്ന പുസ്തകം വായിക്കുന്നവർക്കു് അറിയാമായിരുന്നു. പാപ്പാസ്ഥാനം നശിപ്പിച്ചാൽ യൂറോപ്യൻ പരിഷ്കാരം പിന്നെ ഉണ്ടാകയില്ലെന്നുള്ളതു ഡമയിസ്സരുടെ തൂലികയിൽനിന്നു ജനങ്ങൾ പഠിച്ചു. അതിനാൽ മാർപ്പാപ്പായെന്ന പുസ്തകം അവർക്കു് ഇഷ്ടപ്പെട്ടു. അതിനോടു വിയോജിച്ചിരുന്ന പ്രോട്ടസ്റ്റൻറുകാരും ഗള്ളിക്കൻ ക

ത്തോലിക്കരുംകൂടി ഒന്നു ഞെട്ടി. അതിനു പ്രത്യാഖ്യാനമെഴുതുവാൻ അവരങ്ങനെ നിർബന്ധിതരുമായി.

ഉപസംഹാരം

1819-ൽ ഡമയിസ്സർ പേപ്പൽ അപ്രമാദിത്വത്തിനുവേണ്ടി വാദിച്ചുവെന്നു കാരണംകൊണ്ടു മാത്രം, അദ്ദേഹത്തിന്റെ അനുഭാവികർ പലപ്പോഴും പ്രസ്താവിച്ചിട്ടുള്ളതുപോലെ, അദ്ദേഹത്തെ "വത്തിക്കൻ സൂനഹദോസിന്റെ ഉപോദ്ഘാതം" എന്നു സംബോധന ചെയ്യാവുന്നതല്ല; കാരണം പേപ്പൽ അപ്രമാദിത്വത്തെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ ആശയവും യുക്തിയും സൂനഹദോസിലെ പിതാക്കന്മാരുടേതിൽനിന്നു തീരെ വ്യത്യസ്തങ്ങളായിരുന്നു. എങ്കിലും പതിനെട്ടാം ശതാബ്ദത്തിലെ പേപ്പൽപക്ഷവാദം എന്ന മഹനീയ കത്തോലിക്കാ പ്രസ്ഥാനത്തിന്റെ ഉൽഘാടകൻ എന്നു തീർച്ചയായും പറയാം. പത്തു പതിനഞ്ചു കൊല്ലങ്ങൾക്കുമുമ്പു ഫാദർ കൊറിഗൻ ഡമയിസ്സറുടെ മാർപ്പാപ്പാ എന്ന ഗ്രന്ഥത്തെപ്പറ്റി എഴുതിയ അഭിപ്രായത്തിൽനിന്ന് അദ്ദേഹത്തിനു ചരിത്രത്തിലുള്ള പ്രാധാന്യം ഗ്രഹിക്കാം: "ചാവാറായ ഗള്ളിക്കനിസത്തിന്റെ നാസികകളിൽ ആ ഗ്രന്ഥം ധൂമമായിരുന്നു. പൊന്തിവന്നിരുന്ന പേപ്പൽപക്ഷവാദത്തിന് അതു് ഓജസ്സു നൽകി."

ഡമയിസ്സർക്കു തെറ്റുകൾ പറ്റിയിരുന്നു; ചിലതു വളരെ ഗുരുതരങ്ങളുമായിരുന്നു. ശരിയായ അനുമാനങ്ങൾകൂടി, നീതീകരിക്കുവാൻ വഹിയാത്ത യുക്തികൾകൊണ്ടാണ്, തെളിയിച്ചിരുന്നതു്. തിരുസ്സഭയുടെ അവകാശങ്ങളെപ്പറ്റി വാദപ്രതിവാദം നടത്തുവാൻ ഔദ്യോഗികചുമതലകൾ നിമിത്തം വൈദികർക്കു സമയമില്ലാതിരുന്ന കാലത്തു്, പതിനെട്ടാം ശതാബ്ദ

ത്തിന്റെ ആരംഭത്തിൽ, അതു് ഒരു അൽമേനി ഏറെറടുത്തതു് അതിപ്രധാനമായ ഒരു കാര്യമാണു്. സവ്വ്ഥാ അപ്രമാദമായ സത്യങ്ങളെ ഊന്നിപ്പറഞ്ഞുകൊണ്ടാണു കത്തോലിക്കാചൈതന്യം നവീകരണത്തിനായി പരിശ്രമിച്ചതു്. അങ്ങനെ ആ നവീകരണത്തെ നേർവഴിയിൽക്കൂടെ തിരിച്ചുവിട്ടു. സമകാലികരായ ചിന്തകർ ഭക്തിപൂവ്വം വണങ്ങിയിരുന്ന പതിനെട്ടാം ശതാബ്ദത്തിലെ യുക്തിവാദികളുടെ പ്ലാസ്റ്റർ പ്രതിമകൾ അദ്ദേഹം തച്ചുടയ്ക്കുകയും, അവരുടെ ആക്രമണങ്ങളിൽ നിന്നു തിരുസ്സഭയെ രക്ഷിക്കുകയും ചെയ്തു. യുക്തിവാദികളുടെ യുക്തികൾ എത്ര ഉപരിപ്ലവമാണെന്നു് അദ്ദേഹം വിശദമാക്കി. ഒരു ശതാബ്ദമായിട്ടു തിരുസ്സഭയിൽ ഒരു വികേന്ദ്രീകരണം പ്രത്യക്ഷമായിരുന്നു; ഡമയിസ്സർ കത്തോലിക്കരെ റോമാസിംഹാസനത്തിലേക്കു് അടുപ്പിച്ചു.

സമയവും സാഹചര്യങ്ങളും ദൈവപരിപാലനയുംകൂടി അദ്ദേഹത്തിനു നിശ്ചയിച്ചുകൊടുത്ത സ്ഥാനവും അദ്ദേഹത്തിന്റെ പ്രാധാന്യത്തിനു നിദാനമായിട്ടുണ്ടു്. പ്രസ്തുതസ്ഥാനം അദ്ദേഹത്തിന്റെ പുരോഗമനത്തിനു് ഉതകിയതായിരുന്നില്ല; എന്നാൽ തിരുസ്സഭയ്ക്കു് അതു് ഉപകരിച്ചു. ഫ്രഞ്ചു വിപ്ലവകാലത്താണു് ഡമയിസ്സർ ജീവിച്ചതു്. അതു ചരിത്രത്തിൽ ഒരു പരിവർത്തനഘട്ടമായിരുന്നുവെന്നു മനസ്സിലാക്കുവാൻമാത്രം സാമത്ഥ്യം ഡമയിസ്സറിനുണ്ടായിരുന്നുവെങ്കിലും അതിന്റെ ഗുണദോഷങ്ങളെപ്പററി വിധിക്കുവാൻ കത്തോലിക്കാ അൽമേനികളായ ഡൊണോസോ കോർട്ടെസ്സിനും ല്യൂയി വേയിലോയ്ക്കും അനന്തരകാലങ്ങളിൽ ഉണ്ടായിരുന്നിടത്തോളം സൗകര്യം, വിപ്ലവത്തോടുള്ള സാമീപ്യം നിമിത്തം, അദ്ദേഹത്തിനുണ്ടായിരുന്നില്ല. പത്തൊൻപതാം ശതാബ്ദത്തിന്റെ പ്രവേശനദ്വാര

ത്തിൽനിന്നു ചെയ്ത കാര്യങ്ങൾവഴിയും, അദ്ദേഹത്തെ അനുധാവനംചെയ്ത കത്തോലിക്കാനേതാക്കന്മാർക്കു സിദ്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളാലും തിരുസ്സഭയ്ക്ക് അദ്ദേഹത്തിൽനിന്നു വലിയ ഉപകാരമുണ്ടായിട്ടുണ്ട്. മോണ്ടലമ്പെർ, ഡൊണോസോ കോർട്ടെസ്സ്, ഡെമൂൺ, വോയിലോ മുതലായവരെല്ലാം അദ്ദേഹത്തിന്റെ പാദങ്ങളിലിരുന്നു വളർന്നവരെന്നു പറയാം. അവരെല്ലാവരും ഡമയിസ്തരുടെ ഗ്രന്ഥങ്ങൾ വായിക്കുവാനിടയായി. അദ്ദേഹത്തിന്റെ ആദർശങ്ങൾ അടുത്ത തലമുറകളിൽ മൊട്ടിട്ടു വികസിച്ച കത്തോലിക്കാനേതാക്കന്മാരുടെ ജീവിതത്തിന് രൂപംകൊടുത്തിട്ടുണ്ടെന്നു നിസ്സംശയം.



DHARMARAM LIBRARY

BANGALORE-560 029

Due Date	Due Date	Due Date

DC Library
00003923
LR M92

ആധുനികനേതാക്കന്മാർ - 1

1. ഒക്കോണൽ
2. പൌളിൻ ഷെരിക്കോ
3. ജോസഫ് ഡമയിസ്സർ.

അടുത്തലക്കം.

1. ഫ്രഡറിക്ക് ഓസ്സാനം
2. ഡൊണോസോ കോർട്ടെസ്സ്
3. ചാർലസ്സ് മൊണ്ടാലബർ.

I. S. PRESS, ERNAKULAM-1